# തവസ്സുൽ, ഇസ്തിഗാസ
# പ്രമാണം

**അ**ല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ അവൻ ഇഷ്ടപെടുന്ന മഹാത്മാക്കൾ, മഹത്വസ്തുക്കൾ, മഹൽകാര്യങ്ങൾ എന്നിവയെ മധ്യവർത്തികളാക്കി ചോദിക്കുന്നതിനാണ് തവസ്സുൽ എന്നു പറയുന്നത്. അല്ലാഹു നൽകുന്ന കഴിവുകൾകൊണ്ട് മഹാത്മാക്കൾ സഹായിക്കുമെന്ന വിശ്വാസത്തോടെ അവരോട് ചോദിക്കുന്നതിനാണ് ഇസ്തിഗാസ എന്ന് പറയുന്നത് .ഉദ്ദേശ്യങ്ങൾ സാധിച്ചു കിട്ടാനായി അല്ലാഹുവിലേക്ക് അവന്റെ ഇഷ്ട ദാസൻമാരെ ശിപാർശകരാക്കുന്നതിന് തശഫ്ഫുഅ്, ഇസ്തിശ്ഫാഅ് എന്നു പറയുന്നു.

ഇവയൊക്കെ പേരുകളിലും നിർവചനങ്ങളിലും വ്യത്യസ്തമാണങ്കിലും താത്വികമായി എല്ലാം ഒന്നുതന്നെയാണ്. കാരണം ഇവയെല്ലാം അല്ലാഹുവിൽനിന്നു തന്നെയാണ് ലഭ്യമാവുന്നത്. എല്ലാം സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്യുന്നത് അല്ലാഹു തന്നെയാണ്. മഹാത്മാക്കൾ ഇതിനുള്ള കാരണക്കാരാണ്; ഇവ നടത്തുന്നവരുടെ വിശ്വാസമാണിത്. മുസ്ലിം ലോകത്ത് അനുസ്യൂതം നിലനിന്ന ഈ കർമ്മങ്ങൾ അനുവദനീയവും പുണ്യകരവുമാണ്. ഒരിക്കലും ഇവ കുഫ്റും ശിർക്കുമല്ല.

എന്നാൽ ഇസ്ലാമിക പ്രമാണങ്ങളെയും പൂർവിക മതപാരമ്പര്യത്തെയും കുറിച്ച് വിവരമില്ലാത്ത ചിലർ രംഗത്തുവന്നു മതവിരുദ്ധ ആശയങ്ങൾ ജനങ്ങളുടെ മനസ്സിലേക്ക് സന്നിവേശിപ്പിക്കാൻ ശ്രമിച്ചതിന്റെ ഭാഗ

മാണ് തവസ്സുലും ഇസ്തിഗാസയും ശഫാഅത്ത് തേട്ടവുമൊക്കെ ശിർക്കും കുഫ്റുമാണെന്ന വാദം ഉടലെടുത്തത്. പതിനാലു നൂറ്റാണ്ടുകാലം മുസ്ലിം ലോകത്ത് സജീവമായി നിലനിന്ന ഈ പുണ്യകർമ്മങ്ങളെ തിരസ്ക്കരിക്കാനും കുഴിച്ചു മൂടാനും അവ ചെയ്യുന്നവരെ മുശ്രിക്കും കാഫിറുമാക്കി മുദ്രകുത്താനും കൊണ്ടുപിടിച്ച ശ്രമമാണ് ഇന്ന് ബിദഇകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ശ്രമം വിശുദ്ധഖുർആനിനും സുന്നത്തിനും മറ്റു പ്രമാണങ്ങൾക്കും വിരുദ്ധവും ഇസ്ലാമിക പാരമ്പര്യത്തിനെ തള്ളിക്കളയലുമാണ്.

എട്ടാം നൂറ്റാണ്ടിലന്തരിച്ച ഇബ്നുതൈമിയ്യ രംഗത്തുവരുന്നതുവരെ ഒരു പണ്ഡിതനും ഇവ തെറ്റാണെന്ന് പറഞ്ഞിട്ടില്ല. ഈ വസ്തുത ഇമാം സുബ്കി(റ) രേഖപ്പെടുത്തിയതിങ്ങനെയാണ് :

ولم ينكر أحد ذلك من اهل الأديان ولا سمع به فى زمن من الأزمان حتى جاء ابن تيمية فتكلم بكلام يلبس فيه على الضعفاء الأغمار وابتدع مالم يسبق إليه في سائرالأعصار. (شفاء السقام : ص - ٢٩٣ للسبكي)

ഇബ്നുതൈമിയ്യ രംഗപ്രവേശം ചെയ്യുന്നതു വരെ ഇസ്ലാമിനെക്കുറിച്ച് അറിവുള്ളവരാരും തവസ്സുൽ, ഇസ്തിഗാസയെ ഏതിർക്കുകയോ, അതിനു മുമ്പ് അങ്ങനെയൊരു വാദം കേൾക്കുകയോ ചെയ്തിട്ടില്ല. ലോകത്ത് അതുവരെ ആരും കേൾക്കാത്ത ഒരു വാദവുമായി രംഗത്ത് വന്നു വിവരം കുറഞ്ഞ ആളുകളെ ആശയക്കുഴപ്പത്തിലാക്കുകയാണദ്ദേഹം ചെയ്തത്. (ശിഫാഉസ്സഖാം.293)

ശാഫിഈ മദ്ഹബിലെ പ്രമുഖപണ്ഡിതൻ 'ഖാതിമത്തുൽ മുഹഖിഖീൻ' എന്ന അപരനാമത്തിൽ പ്രസിദ്ധനായ ഇബ്നുഹജറിൽ ഹൈതമി(റ) പറയുന്നതും മറിച്ചല്ല:

من خرافات ابن تيمية التي لم يقلها عالم قبله وصار بها بين أهل الاسلام مثلة، أنه أنكر الإستغاثة والتوسل به ﷺ وليس ذلك كما أفتى، بل التوسل به ﷺ حسن في كل حال، قبل خلقه وبعد خلقه، فى الدنيا والآخرة. (الجوهر المنظم : ص - ١٧٤)

നബി(സ)യെ കൊണ്ട് ഇസ്തിഗാസയും ഇടതേട്ടവും പാടില്ലെന്ന ഇബ്നുതൈമിയ്യയുടെ പുതിയവാദം ലോകത്ത് ഒരു പണ്ഡിതനും പറയാത്തതാണ്. അതുകൊണ്ടു തന്നെ ഇബ്നുതൈമിയ്യ മുസ്ലിംകൾക്കിടയിൽ ഒരു കളിപ്പാവയായിമാറി. അദ്ദേഹം പറഞ്ഞതു പോലെയല്ല വസ്തുത. നബി(സ)യെ കൊണ്ട് ഇസ്തിഗാസയും തവസ്സുലും, നബി(സ)യെ സൃഷ്ടിക്കുന്നതിന്റെ മുമ്പും ശേഷവും, വഫാത്തിനു ശേഷവും അനുവദനീയവും പുണ്യവുമാണ്. (അൽ ജൗഹറുൽ മുനള്ളം: 174)

ഹാഫിള് ഇബ്നുഹജരിൽ അസ്ഖലാനി(റ) പറയുന്നു:

ومنهم من ينتسبه إلى الزندقة لقوله إنّ النبي ﷺ لا يستغاث به
(الدرر الكامنة في أعيان المائة الثامنة : ١/١٥٥) للحافظ العسقلاني)

നബി(സ)യോട് സഹായം ചോദിക്കാൻ പാടില്ലെന്ന് പറഞ്ഞ കാരണത്താൽ ചില പണ്ഡിതന്മാർ ഇബ്നുതൈമിയ്യ മതവിരോധിയാണെന്ന് വരെ പറഞ്ഞിട്ടുണ്ട്. (അദ്ദുററുൽ കാമിന : 1/155) മതവിരുദ്ധനെന്നും അവിശ്വാസിയെന്നും വരെ സമകാലിക പണ്ഡിതന്മാർ പരിചയപ്പെടുത്തിയ ഒരാൾ (ശർഹുൽ ഈളാഹ് കാണുക) അതുവരെയും നിരാക്ഷേപം തുടർന്നുവന്ന മതസംസ്കാരത്തിനെതിരെ പ്രതികരിക്കുമ്പോൾ വിശ്വാസികൾ എന്തു വേണം? അസ്ഖലാനി(റ) ന്റെ പ്രയുക്തവാക്കുകളിൽ നിന്ന് സമൂഹത്തിന്റെ സമീപനം വ്യക്തമാകുന്നു. അത് മതവിരുദ്ധമായ യുക്തിവാദമാണെന്ന് തീരുമാനിക്കുക തന്നെ. യഥാവിധിയുള്ള ഈ വിലയിരുത്തലിനപ്പുറം ചില കുബുദ്ധികൾ ഇബ്നു തൈമിയ്യയെ ന്യായീകരിക്കാനും അയാളുടെ പിഴച്ച വാദങ്ങൾ വിശ്വസിക്കാനും തയാറായതോടെയാണ് മതാന്തരീക്ഷം തർക്ക വിതർക്കങ്ങളുടെതായത്.

ഇസ്തിഗാസയെയും തവസ്സുലിനെയും കുറിച്ച് മതപ്രമാണങ്ങൾ എന്താണ് പറയുന്നതെന്ന് ശ്രദ്ധിക്കുക.

**قال تعالى : ولو انهم اذظلموا انفسهم جاؤوك فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما (النساء -٦٤)**

നിശ്ചയം അവർ അവരുടെ ശരീരങ്ങളെ (പാപങ്ങൾ കൊണ്ട്) അക്രമിക്കുകയും അങ്ങയുടെ അരികിൽ അവർ വരികയും അല്ലാഹുവിനോട് പാപമോചനം തേടുകയും പ്രവാചകൻ അവർക്കുവേണ്ടി പൊറുക്കലിനെ തേടുകയും ചെയ്താൽ തീർച്ചയായും അല്ലാഹുവിനെ അധികമായി പാപം പൊറുക്കുന്നവനായി അവർ എത്തിക്കുന്നതാണ്.(സൂറത്തു നിസാഅ്: 64) ഈ സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് അദ്ദേഹം ആധികാരിക പണ്ഡിതനാണെന്നും അദ്ദേഹത്തിന്റെ 'തഫ്സീറുൽഖുർആനിൽ അളീം' ആധികാരിക ഖുർആൻ വ്യാഖ്യാനമാണെന്നും മുജാഹിദുകൾ തന്നെ വിശ്വസിക്കുന്ന (അൽമനാർ 2000 ജൂലൈ, ഖുർആന്റെ വെളിച്ചം യുവത പ്രസിദ്ധീകരണം) ഹാഫിള് ഇബ്നുകസീർ പറയുന്നു :

(ولو أنّهم إذظلموا أنفسهم جاؤوك) الآية...

يرشد تعالى العصاة والمذنبين إذا وقع منهم الخطأ والعصيان أن يأتوا إلى الرسول ﷺ فيستغفروا الله عنده ويسألوه أن يستغفر لهم فإنّهم إذا فعلوا ذلك تاب الله عليهم ورحمهم وغفر لهم ولهذا قال: (لوجدوا الله توابا رحيما). (تفسير القرآن العظيم لابن كثير ١/ ٦٤٠)

തെറ്റുകൾ ചെയ്ത പാപികൾ നബി(സ)യെ സമീപിച്ച് നബി(സ)യുടെ അടുത്തു വച്ച് അല്ലാഹുവിനോട് പൊറുക്കലിനെ തേടണമെന്നും നബി(സ)യോട് പാപമോചനത്തിന് വേണ്ടി പ്രാർഥിക്കാൻ ആവശ്യപ്പെടണമെന്നുമാണ് ഈ ആയത്തിലൂടെ അല്ലാഹു നിർദ്ദേശിക്കുന്നത്. അങ്ങനെ അവർ ചെയ്താൽ തീർച്ചയായും അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുന്നതാണ്. (തഫ്സീറു ഇബ്നു കസീർ 1/640) ഈ പറഞ്ഞത് നബി(സ)യുടെ

വഫാത്തിനു ശേഷവും ചെയ്യണമെന്ന് പഠിപ്പിക്കാൻ വേണ്ടി നബി(സ)യുടെ ഖബ്റിന്നടുത്ത് ചെന്ന് മഴക്കു ചോദിച്ച സംഭവം ഹാഫിള് തന്നെ ഉദ്ധരിക്കുന്നുണ്ട് (തഫ്സീറുൽ ഖുർആനിൽ അളീം 1/640 കാണുക) ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് പൂർവികരായ മുഴുവൻ പണ്ഡിതന്മാരും നബി(സ)യുടെ ഖബറിന് സമീപത്ത് പോയി സഹായതേട്ടം നടത്താമെന്നുമാണ് മുസ്ലിം ലോകത്തെ പഠിപ്പിച്ചിട്ടുള്ളത്.

## മഹാത്മാക്കൾ സഹായികൾ

നബി(സ)യും മറ്റു മഹാന്മാരും നമ്മെ സഹായിക്കാൻ പര്യാപ്തരായ നമ്മുടെ സഹായികളാണെന്ന് വിശുദ്ധഖുർആൻ തന്നെ നമ്മെ പഠിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു.

إنّما وليكم الله ورسوله والذين آمنوا... الخ (المائدة: ٥٥)

നിശ്ചയം നിങ്ങളുടെ വലിയ്യ് അല്ലാഹുവും അവന്റെ പ്രവാചകനും സത്യവിശ്വാസികളുമാണ്...(അൽ മാഇദ: 55) ഈ സൂക്തത്തിലെ വലിയ്യ് എന്നതിന്റെ അർഥം സഹായി എന്നാണെന്ന് ഇമാം റാസി(റ) (തഫ്സീറുൽ കബീർ 12/30), ഹാഫിളുസ്സുയൂതി(റ) (അർരിയാളുൽ അനീഖ.271)ഇമാം മുഹമ്മദ്ബ്നുഖാസിമുർറസ്സാഅ്(റ) (തദ്കിറതുൽ മുഹിബ്ബീൻ.715) തുടങ്ങി നിരവധി പണ്ഡിതന്മാർ രേഖപ്പെടുത്തുന്നുണ്ട്.

ഈ വചനത്തിൽ അല്ലാഹു പറഞ്ഞത് നിങ്ങളുടെ സഹായി എന്നാണ്. ഇതിലെ നിങ്ങൾ എന്ന പദം വ്യാപകാർത്ഥമുള്ളതാണെന്ന് തഫ്സീർ റാസി(12/26)ൽ കാണാം. ഈ വചനം ഇറങ്ങുന്ന കാലത്തുള്ളവരും പിന്നീട് വന്നവരും ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നാമും അതിൽ ഉൾപ്പെടുന്നു. എല്ലാവരേയും സംബോധന ചെയ്തു കൊണ്ട് അല്ലാഹു പറഞ്ഞു. നിങ്ങളുടെ സഹായി അല്ലാഹുവും അവന്റെ റസൂലുമാകുന്നു . തിരുനബി(സ്വ) വഫാത്തായിട്ടുണ്ടെന്നത് സത്യം. ആ നബി (സ്വ) ഇന്നും റസൂൽ തന്നെയാണ്. അപ്പോൾ ഖബറിലുള്ള റസൂൽ (സ്വ) നമ്മെ സഹായിക്കുമെന്നാണ് ഈ സൂക്തത്തിലൂടെ അല്ലാഹു അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നത്. മരണപ്പെട്ടവർക്ക് നമ്മെ സഹായിക്കാൻ കഴിയുമെന്ന് ഖുർആനിലുണ്ടോ എന്നു ചോദിക്കുന്നവർക്കുള്ള മറുപടിയാണ് ഈ സൂക്തം. ഇതിൽ പരാമർശിച്ച വിശ്വാസികളായ മഹത്തുക്കളിൽ മുമ്പ് മരണപ്പെട്ടവരും ഇന്നു ജീവിച്ചിരിക്കുന്നവരും ഉൾപ്പെടുമെന്ന് മുഫസ്സിറുകൾ വിശദീകരിക്കുന്നു. താബിഈ പ്രമുഖൻ ഹസനുൽ ബസ്വരി (റ)യിൽ നിന്ന് ഇമാം അബൂഹയ്യാൻ(റ) ഉദ്ധരിക്കുന്നു.

وظاهر قوله والذين آمنوا : عموم من آمن من مضى منهم ومن بقي قاله الحسن

(البحرالمحيط : ٣٠٠/٤) و (زاد المسير لابن الجوزي : ٣٨٣/٢)

സത്യവിശ്വാസികൾ നിങ്ങളുടെ സഹായിയാണെന്ന് പറഞ്ഞതിന്റെ ബാഹ്യാർത്ഥം മുൻകഴിഞ്ഞവരും ഇന്ന് ജീവിച്ചിരിക്കുന്നവരുമായ മുഴുവൻ

സത്യവിശ്വാസികളെയും ഉൾക്കൊള്ളിക്കുന്നുണ്ട്. (അൽബഹ്റുൽ മുഹീത്വ 4/300, ഹാഫിള്ഇബ്നുൽ ജൗസിയുടെ സാദുൽമസീർ : 2/383)

അല്ലാഹുവും റസൂലും സത്യവിശ്വാസികളും നിങ്ങളുടെ സഹായിക ളാണെന്ന് പറഞ്ഞതിൽ നിന്ന് അവരോട് നമുക്ക് സഹായം ചോദിക്കാം എന്ന് വ്യക്തമായി. തുടർന്നുള്ള സൂക്തത്തിൽ ഇക്കാര്യം അല്ലാഹു വ്യക്ത മാക്കുന്നത് കാണുക.

ومن يتول الله ورسوله والذين آمنوا فإن حزب الله هم الغالبون (المائدة :٥٦)

ആരെങ്കിലും അല്ലാഹുവിനെയും റസൂലിനെയും സത്യവിശ്വാസിക ളെയും സഹായിയും സംരക്ഷകനുമാക്കിയോ (അവർ അല്ലാഹുവിന്റെ കക്ഷികളാണ്) നിശ്ചയം അല്ലാഹുവിന്റെ കക്ഷികളാണ് വിജയികൾ. (അൽ മാഇദ: 56) അപ്പോൾ റസൂൽ (സ്വ) ഉൾപ്പടെയുള്ള മഹാത്മാക്കളെ സഹായികളാക്കിയവർ വിജയികളാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഇത് ശിർക്കാണെന്ന് ഖുർആനിൽ സൂചന പോലുമില്ലെന്നത് പ്രസ്താവ്യമാണ്.

മഹാത്മാക്കൾക്ക് മരണശേഷവും സഹായിക്കാൻ കഴിയുമെന്നും കഴി ഞ്ഞിട്ടുണ്ടെന്നും ബിദഇകളുടെ ആചാര്യൻ ഇബ്നു തൈമിയ്യ: തന്നെ തുറ ന്നെഴുതുന്നത് കാണുക.

وكذلك سؤال بعضهم للنبي ﷺ أو لغيره من أمته حاجته فتقضي له فإن هذا قد وقع كثيرا (اقتضاء الصراط المستقيم. ٤٠٧)

ഇപ്രകാരം ചിലർ നബി(സ്വ)യോടും തന്റെ സമുദായത്തിലെ മറ്റുള്ളവ രോടും തന്റെ ആവശ്യം തേടുകയും അതു നിറവേറ്റപ്പെടുകയും ചെയ്ത സംഭവങ്ങൾ യഥേഷ്ടമുണ്ട്. (ഇഖ്തിളാഉസ്സിറാത്തിൽ മുസ്തഖീം. പേ:407)

ഇക്കാര്യം ഒന്നുകൂടി ഉറപ്പിക്കാനും സമുദായത്തെ പഠിപ്പിക്കാനും വേണ്ടി നബി(സ) പ്രഖ്യാപിച്ചു. ഞാൻ ആദം സന്തതികളുടെ സയ്യിദാണ് (സ്വ ഹീഹ് മുസ്ലിം: 5940) ഈ ഹദീസ് വിശദീകരിച്ചു കൊണ്ട് ഇമാം ഖാളി ഇയാള്(റ) പറയുന്നു:

أنا سيد ولد آدم : لأن السيد هو الذي يفزع إليه القوم في النوائب والشدائد فيقوم بأمرهم ويتحمل عنهم مكارههم ويدفعها عنهم

(إكمال المعلم بفوائد مسلم للقاضي عياض: ٧/ ٢٣٧، وشرح مسلم للنووي ٤١/١٥)

സയ്യിദ് എന്ന് പറഞ്ഞാൽ സമുദായം അവരിലേക്ക് പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും സമയത്ത് ഓടിച്ചെല്ലുകയും അപ്പോൾ സമുദായ ത്തിന്റെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പ്രയാസങ്ങൾ നീക്കിക്കൊടുക്കുകയും ചെയ്യുന്നവർ എന്നാണ്. (ഇക്മാലുൽ മുഅല്ലിം ബിഫവാഇദി മുസ്ലിം: 7/ 237-1/582) ഇതേ കാര്യം ഇമാം നവവി(റ) (ശറഹുമുസ്ലിം 15/41)ൽ വിശ ദീകരിച്ചിട്ടുണ്ട്.

ഒരാൾ മരണപ്പെട്ടു എന്നതു കൊണ്ട് അയാൾക്ക് ജീവിച്ചിരിക്കുന്നവരു മായി ബന്ധം ഇല്ലാതാവുന്നില്ല എന്ന് നബി(സ) പഠിപ്പിക്കുന്നുണ്ട്. ഇമാം ബുഖാരി(റ)യും ഇമാം മുസ്‌ലി(റ)മും അവരുടെ സ്വഹീഹുകളിൽ ആയി ശ(റ)യിൽ നിന്നും ഉദ്ധരിക്കുന്നു:

عن عائشة رضي الله عنها قالت : سمعت النبي ﷺ يقول الأرواح جنود مجندة

فما تعارف منها إئتلف وما تناكر منها اختلف (صحيح البخارى: ٣٣٣٦ ، مسلم : ٢٦٣٨)

ആത്മാവുകൾ സംഘടിതരായ സൈന്യങ്ങളാണ്, അവകളിൽ തമ്മിൽ തിരിച്ചറിയുന്നവർ അന്യോന്യം ബന്ധപ്പെടുകയും ബന്ധമില്ലാത്തവർ വഴി പിരിഞ്ഞുപോവുകയും ചെയ്യും. (സ്വഹീഹുൽ ബുഖാറി, ഹദീസ് നമ്പർ 3336) മരണപ്പെട്ടവരുടെ ആത്മാവുകളുമായി നമുക്ക് ബന്ധപ്പെടാൻ സാധി ക്കുമെന്നാണ് ഇസ്‌ലാമികാധ്യാപനം. ആകാശ ലോകത്തുള്ള ഈസാന ബി(അ) അവസാന നാളിൽ ഭൂമിയിലേക്ക് ഇറങ്ങിവന്ന് നബി(സ)യുടെ ഖബറിങ്കലെത്തി ഇസ്തിഗാസ നടത്തുമ്പോൾ ഖബറിലുള്ള നബി(സ) ഉത്തരം ചെയ്യുമെന്ന് ഹദീസുകൾ പഠിപ്പിക്കുന്നു.

والذي نفس أبي القاسم بيده لينزلنّ عيسى بن مريم امامًا مقسطاً وحكما عدلا فليكسرنّ الصليب وليقتلنّ الخنزير وليصلحنّ ذات البين وليذهبنّ الشحناء وليعرضن عليه المال فلا يقبله، ثمّ لئن قام على قبري فقال: يا محمّد لأجبته .وفي رواية لأجيبنّه، أخرجه أبو يعلى في مسنده ٤/١٥٥٤ والحديث قال الهيثمي : ٢١١/٨) رواه أبويعلى ورجاله رجال الصحيح.(سلسلة الأحاديث الصحيحة ٦/ ٥٢٤)

"എന്റെ ആത്മാവ് ആരുടെ അധീശത്വത്തിലാണോ അവൻ സാക്ഷി, മർയമിന്റെ പുത്രൻ ഈസാ നീതിമാനായ നേതാവും ഭരണകർത്താവു മായി ഇറങ്ങിവരും. കുരിശ് തകർക്കും. പന്നിയെ കൊല്ലും. പരസ്പരം സഹകരണമുണ്ടാക്കും; വിദ്വേഷം ഇല്ലാതാക്കും. പണം അദ്ദേഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെടും. പക്ഷെ, അത് അവിടുന്ന് സ്വീകരിക്കില്ല. പിന്നീട് എന്റെ ഖബറിനടുത്ത് നിന്ന് എന്നെ 'യാ മുഹമ്മദ്, എന്ന് വിളി ച്ചാൽ ഞാൻ ഉത്തരം ചെയ്യും." മറ്റൊരു റിപ്പോർട്ടിൽ തീർച്ചയായും ഞാൻ അദ്ദേഹത്തിന് ഉത്തരം ചെയ്യുക തന്നെ ചെയ്യും."

ഇമാം അബൂയഅ്‌ലാ(റ) തന്റെ മുസ്നദ്4/1554ൽ ഈ ഹദീസ് ഉദ്ധരി ച്ചിട്ടുണ്ട്. ഈ ഹദീസിന്റെ റിപ്പോർട്ടർമാർ യോഗ്യരാണ്. (മജ്മഉസ്സവാഇദ് 8/211) ഇത് സ്വഹീഹാണെന്ന് വഹാബികളുടെ ആഗോള നേതാവ് നാസി റുദ്ദീൻ അൽബാനി തന്റെ സിൽസിലത്തുൽ അഹാദീസിസ്സ്വഹീഹ : 6/524) രേഖപ്പെടുത്തിയിട്ടുണ്ട്.

ഇങ്ങനെ ആത്മാവുകളുമായി വല്ല ബന്ധവും നബി(സ) നടത്തി യിട്ടുണ്ടോയെന്ന് കൂടി പരിശോധിക്കാം. ഇമാം ബുഖാരി(റ) റിപ്പോർട്ട് ചെയ്യുന്നു.

قال رسول اللهﷺ : أعوذ بكلمات الله التامات من شرما خلق (بخاري ٤/٤١٠)

അല്ലാഹുവിന്റെ സമ്പൂർണ്ണ കലിമത്തുകളോട് അവൻ സൃഷ്ടിച്ച വസ്തുക്കളുടെ എല്ലാ നാശങ്ങളിൽ നിന്നും ഞാൻ കാവൽ ചോദിക്കുന്നു. (ബുഖാരി 4/410) ഈ ഹദീസ് വിശദീകരിച്ചുകൊണ്ട് ഇമാം റാസി(റ) പറയുന്നത് ശ്രദ്ധിക്കുക :

فقوله :أعوذ بكلمات الله التامات) استعاذة من الأرواح البشرية بالأرواح العالية المقدسة الطاهرة الطيبة في دفع شرور الأرواح الخبيثة الظلمانية الكدرة فالمراد بكلمات الله التامات تلك الأرواح العالية الطاهرة. اهـ (تفسير الكبير للرازي ٧٩/١)

അല്ലാഹുവിന്റെ കലിമത്തുകളോട് ഞാൻ കാവൽ ചോദിക്കുന്നു എന്നത് കൊണ്ടുദ്ദേശ്യം വിശുദ്ധരും ഉന്നതരുമായ മഹാത്മാക്കളുടെ ആത്മാവുകളോട് ചീത്തയായ മനുഷ്യരുടെ ആത്മാവുകളിൽ നിന്നുള്ള നാശത്തെ തടുക്കാൻ കാവൽ ചോദിക്കുന്നു എന്നാണ് (തഫ്സീറുൽകബീർ:1/79)

ഇനി നബി(സ)യോട് അഭൗതികവും മനുഷ്യകഴിവിനതീതവുമായ സഹായം സ്വഹാബികൾ ചോദിച്ചത് പറയാം. ഇമാം മുസ്ലിം തന്റെ സ്വഹീഹിൽ റിപ്പോർട്ട് ചെയ്യുന്നു:

حدثنى ربيعة بن كعب الأسلمي قال كنت ابيت مع رسول اللهﷺ فأتيته بوضوئه وحاجته فقال لي: سل فقلت: أسئلك مرافقتك فى الجنة قال: أوغير ذلك، قلت: هو ذاك قال: فأعني على نفسك بكثرة السجود (صحيح مسلم : ٤٨٩)

റബീഅത്ത്(റ) പറയുന്നു. ഞാൻ നബി(സ)യോടൊന്നിച്ച് രാത്രി താമസിക്കുന്ന സമയത്ത് നബി(സ്വ) തങ്ങൾക്ക് വുളു ചെയ്യാനുള്ള വെള്ളവുമായി ചെന്നപ്പോൾ നബി(സ) എന്നോട് പറഞ്ഞു. റബീഅ! ചോദിച്ചോളൂ. സ്വർഗത്തിൽ അങ്ങയുടെ സൗഹൃദവുമാണെനിക്കാവശ്യമെന്ന് ഞാൻ പറഞ്ഞു. അതല്ലാത്ത മറ്റെന്തെങ്കിലും ചോദിക്കൂ എന്നായി നബി(സ). അതു തന്നെ മതിയെന്ന് ഞാനും. എങ്കിൽ സുജൂദ് വർധിപ്പിച്ച് എന്നെ സഹായിക്കുക എന്ന് നബി(സ) ഉണർത്തി.(സ്വഹീഹ് മുസ്ലിം: 489)

മനുഷ്യകഴിവിനതീതവും, അഭൗതികവുമായ സഹായമാണ് റബീഅത്ത്(റ) നബി(സ)യോട് ചോദിച്ചത്. ആ സമയത്ത് നീ അത് ചോദിക്കരുത് അത് അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ടതാണ് എന്നല്ല; മറിച്ച് ഞാൻ നിന്നെ സ്വർഗത്തിൽ എന്നോടൊന്നിച്ച് നിർത്താം. എന്ന ആശയം ഉറപ്പിച്ചു സുജൂദ് വർദ്ധിപ്പിച്ചുകൊണ്ട് എന്നെ നീ സഹായിക്കണം എന്ന നിർദ്ദേശമാണ് നബി(സ) പറഞ്ഞത്.

മുഴുവൻ അമ്പിയാക്കളുടെയും നേതാവായ നബി(സ)യുടെ സ്ഥാനത്ത് സ്വർഗത്തിൽ ഇരിക്കണമെങ്കിൽ സാമാന്യ മര്യാദയനുസരിച്ച് അൽപമൊന്നും സൽകർമങ്ങൾ ചെയ്താൽ പോരാ, അത്കൊണ്ടാണ് സുജൂദ് അധികരിപ്പിക്കണമെന്ന് നബി(സ) കൽപിക്കാൻ കാരണം. അഭൗതിക

കാര്യം ചോദിച്ചിട്ട് നബി(സ) അത് തിരുത്തിയില്ല എന്നതാണ് പ്രധാന സംഗതി. അത് നൽകലും നൽകാതിരിക്കലുമൊക്കെ ഇതിന്റെ അപ്രസക്തമായ അനുബന്ധം മാത്രം.

ഈ ചോദിച്ചത് പാരത്രികലോകത്തെ സഹായമാണെങ്കിൽ, ഭൗതിക ലോകത്ത് നിന്നു തന്നെ ലഭിക്കേണ്ട സഹായങ്ങളും സ്വഹാബത്ത് നബി(സ)യോട് ചോദിച്ചിട്ടുണ്ട്. ഉദാഹരണത്തിന്. മഹാനായ ഖതാദ(റ)വിന്റെ കണ്ണ് അമ്പ്കൊണ്ടത് കാരണം പറിഞ്ഞുപോന്ന സമയത്ത് ആ കണ്ണ് കൈയിൽ പിടിച്ച് നബി(സ)യുടെ അരികിൽ വന്ന് കണ്ണിന്റ കാര്യത്തിൽ ആവലാതിപ്പെട്ടപ്പോൾ നബി(സ) തന്റെ ഉമിനീര് ആ കണ്ണിൽ പുരട്ടി തൽസ്ഥാനത്ത് തന്നെ വച്ചുകൊടുത്ത സംഭവം വളരെ പ്രസിദ്ധമാണ്. ഹാഫിള് ഇബ്നുൽജൗസി (സ്വിഫതുസ്സ്വഫ്വ:1/198)ലും, ശൗകാനി (ദുർറുസ്സഹാബ: 409)ലും ഇത് ഉദ്ധരിച്ചിട്ടുണ്ട്.

ഇതുപോലെ മഹാനായ മുഅവ്വിദ്ബ്നു അഫ്റാഅ്(റ) വിന്റെ കൈ ബദ്റ് യുദ്ധത്തിൽ ദുഷ്ടനായ അബൂജഹ്ലിന്റെ വെട്ടുകൊണ്ട് മുറിഞ്ഞപ്പോൾ മുറിക്കപ്പെട്ട കൈയുമായി നബി(സ)യെ സമീപിക്കുകയും ആ കയ്യിന്മേൽ നബി(സ) തന്റെ ഉമിനീര് പുരട്ടുകയും തൽസ്ഥാനത്ത് തന്നെ വച്ചുപിടിപ്പിക്കുകയും ചെയ്തു. ഈ സംഭവം ഇമാം മാറാകിശി (മിസ്ബാഹുള്ളലാം:146)ലും, ഇമാം സ്വാലിഹുശ്ശാമി (സുബുലുൽഹുദാ വർറശാദ് 10/23)ലും രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ സഹായതേട്ടം നടത്തിയ നിരവധി സംഭവങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിലും ചരിത്രഗ്രന്ഥങ്ങളിലും നമുക്ക് കാണാൻ കഴിയും.

അത്പോലെ വിദൂരസ്ഥലത്തുള്ള ഒരു സ്വഹാബി ശത്രുവിന്റെ അക്രമത്തിൽ നിന്നും രക്ഷതേടിക്കൊണ്ട് നബി(സ)യോട് സഹായം തേടിയപ്പോൾ 'ഞാൻ നിന്നെ സഹായിച്ചിരിക്കുന്നു' എന്ന് നബി(സ) മറുപടി നൽകിയ സംഭവം റിപ്പോർട്ടർമാരിൽ ചില അയോഗ്യരുണ്ടെങ്കിലും മൈമൂനബീവി(റ)യിൽനിന്ന് ഇമാം ത്വബ്റാനി (അൽ മുഅ്ജബുൽകബീർ:23/433)ഹാഫിള് ഇബ്നു അസ്ഖലാനി(റ) (ഫത്ഹുൽബാരി:7/520) ഹാഫിള് നൂറുദ്ദീനുൽ ഹൈസമി(റ) (മജ്മഉസ്സവാഇദ്:6/163-164) എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

وعن ميمونة بنت الحرث زوج النبي ﷺ أن رسول اللهﷺ بات عندها في ليلة فقام يتوضأ للصلاة قالت: فسمعته يقول في متوضئه لبَيك لبَيك ثلاثا نصرت نصرت ثلاثا فلما خرج قلت يا رسول الله سمعتك تقول في متوضئك لبيك لبيك ثلاثا نصرت نصرت ثلاثا كأنك تكلم انسانا وهل كان معك أحد قال هذا راجز بني كعب يستصرخني ويزعم أن قريشا أعانت عليهم بكر بن وائل... (المعجم الكبير : ٢٣/٤٣٣)

ചുരുക്കത്തിൽ നബി(സ്വ)യുടെ ജീവിത കാലത്തും വിയോഗാനന്തരവും വിവിധ ആവശ്യങ്ങൾക്കായി തവസ്സുലും ഇസ്തിഗാസയും നടന്നിട്ടുണ്ടെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുമ്പോൾ അവ നടത്താമെന്ന് പ്രമാണങ്ങൾ ഉറക്കെ വിളിച്ചു പറയുന്നു.

# തവസ്സുൽ; നവീനവാദങ്ങളിലെ വൈരുധ്യം

അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ അവന്റെ ഇഷ്ടദാസന്മാരെ ഇടയാളൻമാരാക്കാറുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചു. അവർക്ക് അല്ലാഹുവിന്റെ അരികിലുള്ള മഹത്വം, സ്ഥാനം, അടുപ്പം എന്നിവയെ അടിസ്ഥാനപ്പെടുത്തിയും തവസ്സുൽ ചെയ്യാറുണ്ട്. ഹഖ്, ജാഹ്, ബറകത്ത് എന്നിങ്ങനെയുള്ള പദങ്ങൾ ഉപയോഗിച്ചു പ്രാർത്ഥിക്കുന്നു. ഇപ്രകാരമുള്ള തവസ്സുൽ (ഇടതേട്ടം) എന്നാൽ ഇടയാളന്മാരോട് ചോദിക്കലല്ല. അവരെ മധ്യവർത്തികളാക്കി അല്ലാഹുവിനോട് ചോദിക്കലാണ്. ഇത് അനുവദനീയമാണെന്ന കാര്യത്തിൽ മുസ്ലിം ലോകത്ത് തർക്കമില്ലെന്നത് അനിഷേധ്യമാണ്. മാത്രമല്ല, പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ ഏറ്റവും സഹായകമാണ് ഈ ഇടതേട്ടം എന്നു തന്നെ നിരവധി പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്

കേരള ബിദഇകൾ പഴയകാലത്ത് ഇതിനെക്കുറിച്ച് പറഞ്ഞിരുന്നത് കാണുക. 1974 ജൂൺ ഒന്നാം തിയ്യതി മലപ്പുറം ജില്ലയിലെ കുണ്ടുതോട് നടന്ന സുന്നി-മുജാഹിദ് വാദപ്രതിവാദ വ്യവസ്ഥയിൽ മുജാഹിദുകൾ എഴുതിയത് ഇങ്ങനെ: 'മുഹ്‌യിദ്ധീൻ ശൈഖിന്റെ ബറകത്ത് കൊണ്ട് അല്ലെങ്കിൽ ഹഖ് കൊണ്ട്, എന്റെ കുട്ടിയുടെ രോഗം മാറ്റിത്തരണേ പോലെയുള്ള മരിച്ചു പോയ മഹാത്മാക്കളെ ഇടയാളൻമാരാക്കി അല്ലാഹുവിനോട് പ്രർത്ഥിക്കൽ, അതുവഴി പ്രാർത്ഥന നിറവേറ്റാൻ അല്ലാഹു നിർബന്ധിതനാകും എന്ന വിശ്വാസത്തോടെ ചെയ്താൽ ശിർക്കും അല്ലാത്ത പക്ഷം കറാഹത്തുമാണെന്ന് മുജാഹിദുകൾ' (പേജ്.1)

ഈ വ്യവസ്ഥയിൽ സുന്നി പക്ഷത്തു നിന്ന് മർഹൂം ഇ.കെ ഹസ്സൻ മുസ്‌ലിയാരും ശൈഖുനാ കാന്തപുരം ഉസ്താദും സംബന്ധിച്ചപ്പോൾ മുജാഹിദ് വിഭാഗത്തിൽ നിന്ന് അന്തരിച്ച അലി അബ്ദുറസാഖ് മദനിയും, എ.പി അബ്ദുൽ ഖാദർമൗലവിയും, എം കെ അലി അക്ബർ മൗലവിയുമാണ് ഒപ്പുവച്ചിട്ടുള്ളത്. ഇവിടെ മുജാഹിദ് നേതാക്കൾ സുന്നി പണ്ഡിതർക്കു മുമ്പിൽ സമ്മതിച്ചത് മഹാത്മാക്കളുടെ ബറകത്ത്/ഹഖ് കൊണ്ട് എന്നു പറയുമ്പോൾ അല്ലാഹു ആകാര്യം നിറവേറ്റി തരാൻ നിർബന്ധിതനാവും എന്ന് വിശ്വസിച്ചു കൊണ്ടാണെങ്കിൽ മാത്രമേ ശിർക്കാവൂ എന്നാണ്. ഇല്ലെങ്കിൽ അതുകറാഹത്തു മാത്രമാണ്. തവസ്സുൽ ചെയ്താൽ അല്ലാഹു ആ കാര്യം ചെയ്തു തരാൻ നിർബന്ധിതനാവുമെന്ന വിശ്വാസമില്ലാതെയാണ് സുന്നികൾ തവസ്സുൽ നടത്തുന്നത്. ഈ തവസ്സുൽ മുജാഹിദുകളുടെ ഭാഷയിൽ കേവലം കറാഹത്തു മാത്രമേ ആവുന്നുള്ളുവെന്നാണ് 1974ൽ കുണ്ടുതോട് സംവാദ വ്യവസ്ഥയിൽ മുജാഹിദുനേതാക്കൾ എഴുതി ഒപ്പിട്ടിട്ടുള്ളത്.

മാത്രമല്ല ഈവാദം തന്നെയാണ് 11-06-2000ൽ ആലുവക്കടുത്ത് കുന്നത്തേരിയിൽ നടന്ന സുന്നി - മുജാഹിദ് സംവാദത്തിന് വ്യവസ്ഥ നിശ്ചയിക്കാൻ വേണ്ടി ഒരുമിച്ചു കൂടിയപ്പോൾ തവസ്സുൽ എന്ന വിഷയത്തിൽ മുജാഹിദ് വാദമായി അവതരിപ്പിച്ചതും? മുജാഹിദ് ഭാഗത്തിന് വേണ്ടി ജില്ലാ സംസ്ഥാന നേതാക്കൾ സംബന്ധിച്ച സംവാദ വ്യവസ്ഥയിൽ സുന്നി പക്ഷത്തിന് വേണ്ടി മാളിയേക്കൽ സുലൈമാൻ സഖാഫിക്കൊപ്പം ഈവിനീതനും സംബന്ധിച്ചിരുന്നു.

എന്നാൽ ഈവാദം മുജാഹിദുകൾ തിരുത്തിയെഴുതി. തൗഹീദ്, ശിർക്കിൽ പുതിയൊരു ഗവേഷണം നടത്തി. തവസ്സുലിനെയും ശിർക്കിന്റെ പട്ടികയിൽ എഴുതിച്ചേർത്തിരിക്കുന്നു. വഹാബി സഭയുടെ നേതാവ് അബ്ദുൽഹഖ് സുല്ലമി എഴുതി കേരള നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ പറയുന്നു. "ആയതിനാൽ മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളേ രക്ഷിക്കണേ, എന്നിങ്ങനേയുള്ള തേട്ടവും ബദ്‌രീങ്ങളുടെ ബറകത്ത് കൊണ്ട് രോഗം ശിഫയാക്കണേ, ഞങ്ങൾക്ക് അവർ മുഖേന തുണയാകണേ എന്നൊക്കെ പ്രാർത്ഥിക്കൽ മതവിരുദ്ധവും മാതൃകയില്ലാത്തവയുമാണ്. ഇപ്രകാരം തവസ്സുൽ ചെയ്തു പ്രാർത്ഥിക്കുന്നത് കടുത്ത ശിർക്കാണ്." (വിശ്വാസ കാര്യങ്ങൾ - അല്ലാഹു. പേജ്: 329)

കേരളത്തിലെ ഈ ശിർക്ക് ഫാക്ടറിയിൽനിന്ന് പുതിയ ഗവേഷണങ്ങൾ കേൾക്കുന്ന കൂട്ടത്തിലാണ് ഇതിനുകൂടി നാം സാക്ഷിയാവുന്നത്. സ്വഹാബത്ത് ഉൾപ്പെടെയുള്ള പൂർവ്വകാല മുസ്‌ലിംകളുടെ നിലപാടിനു വിരുദ്ധമാണ് ഈ ശിർക്കു സിദ്ധാന്തമെന്ന് വിവരമുള്ളവർക്കറിയാം. കാരണം നബി (സ) യുടെ വിയോഗാനന്തരം സ്വഹാബികൾ വ്യാപകമായി തവസ്സുൽ ചെയ്തത് ചരിത്രത്തിൽ കാണാം.

സ്വഹാബിയായ ഉസ്മാനുബ്നു ഹുനൈഫി (റ)ൽ നിന്ന് ഉദ്ധരിക്കപ്പെടുന്നു: അദ്ധേഹം പറഞ്ഞു. ഖലീഫയായ ഉസ്മാനുബ്നു അഫ്ഫാൻ

(റ) ന്റെ അരികിൽ ഒരാൾ തന്റെ ആവശ്യങ്ങൾക്കായി പോവാറുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തെ ശ്രദ്ധിക്കാൻ ഉസ്മാൻ (റ) ന് സമയം ലഭിക്കാറില്ല. ഈ വ്യക്തി ഉസ്മാനുബ്നു ഹുനൈഫി (റ)നെ നേരിൽ കണ്ടു തന്റെ പ്രശ്നം അവതരിപ്പിച്ചു. പ്രതിവിധിയായി ഉസ്മാനുബ്നു ഹുനൈഫ് (റ) അദ്ദേഹത്തോട് പറഞ്ഞു: നിങ്ങൾ വുളു എടുത്ത് പള്ളിയിൽ ചെന്ന് രണ്ട് റക്അത്ത് നിസ്കരിക്കുക. എന്നിട്ട് ഇപ്രകാരം പ്രാർത്ഥിക്കുക.

أللهم إني أسألك وأتوجه إليك بنبينا محمدﷺ نبي الرحمة يا محمد إني أتوجه بك إلي ربي فتقضى لي حاجتي

അല്ലാഹുവേ കാരുണ്യത്തിന്റെ പ്രവാചകരായ മുഹമ്മദ് നബി (സ:)യെക്കൊണ്ട് ഞാൻ നിന്നോട് ചോദിക്കുകയും നിന്നിലേക്ക് മുന്നിടുകയും ചെയ്യുന്നു. ഓ മുഹമ്മദ് നബിയേ, എന്റെ ആവശ്യം നിറവേറ്റുന്നതിനുവേണ്ടി ഞാനിതാ തങ്ങളെക്കൊണ്ട് എന്റെ റബ്ബിലേക്ക് മുന്നിടുന്നു. ഇതിനു ശേഷം നിങ്ങളുടെ ആവശ്യം പറയുക, ശേഷം നിങ്ങൾ ഉസ്മാൻ (റ) ന്റെ അരികിലേക്ക് പോവുക.

ഈ വ്യക്തി ഉസ്മാനുബ്നു ഹുനൈഫ്(റ) പറഞ്ഞതു പ്രകാരം ചെയ്തു. ശേഷം ഖലീഫ ഉസ്മാൻ(റ)ന്റ വീടിന്റ കവാടത്തിലെത്തി. അപ്പോൾ ഗൈറ്റ് മാൻ വന്നു. അദ്ദേഹത്തിന്റ കൈപിടിച്ച് കൂട്ടി കൊണ്ടു പോകുകയും ഉസ്മാൻ(റ) തന്റെ അരികിൽ ഇരുത്തുകയും ചെയ്തു. എന്നിട്ട് ചോദിച്ചു. എന്താണ് നിങ്ങളുടെ ആവശ്യം.? ഈ വ്യക്തി തന്റെ ആവശ്യങ്ങൾ പറഞ്ഞപ്പോൾ ഉസ്മാൻ(റ) അത് പരിഹരിച്ചു കൊടുത്തു. എന്നിട്ട് പറഞ്ഞു: ഇനി നിങ്ങൾക്ക് എന്ത് ആവശ്യമുണ്ടായാലും വരണം.

ഉദ്ദേശ്യം നിറവേറ്റി തിരിച്ചു പോന്ന അദ്ദേഹം ഉസ്മാനുബ്നു ഹുനൈഫ് (റ)നെ കണ്ടു. സന്തോഷം കൊണ്ട് അദ്ദേഹം പറഞ്ഞു, നിങ്ങൾക്ക് അല്ലാഹു പ്രത്യുപകാരം നൽകട്ടെ. നിങ്ങൾ ഖലീഫയോട് എന്റ കാര്യം സംസാരിക്കുന്നതിന്റ മുമ്പ് ഖലീഫ എന്നെ ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോൾ എല്ലാം പരിഹരിച്ചു. ഉടനെ ഉസ്മാനുബ്നു ഹുനൈഫ് (റ)പറഞ്ഞു: അല്ലാഹുവാണ് സത്യം ഞാൻ ഖലീഫയോട് നിങ്ങളുടെ കാര്യം സംസാരിച്ചിട്ടേയില്ല. പക്ഷേ ഞാൻ ഒരിക്കൽ റസൂൽ(സ)യുടെ കൂടെ ആയപ്പോൾ ഒരു സ്വഹാബി റസൂൽ(സ)യുടെ അരികിലെത്തി കണ്ണിന് കാഴ്ചയില്ലാത്ത വിവരം ആവലാതിപ്പെട്ടു. അപ്പോൾ നബി(സ)പഠിപ്പിച്ചു കൊടുത്ത നിസ്കാരവും പ്രാർത്ഥനയുമാണ് ഞാൻ നിങ്ങൾക്ക് പറഞ്ഞു തന്നത്. ആ സ്വഹാബി നബി(സ) പഠിപ്പിച്ച ഈ പ്രാർത്ഥന നിർവ്വഹിച്ച ശേഷം നബി (സ)യുടെ സദസ്സിലേക്ക് വന്നപ്പോഴും ഞങ്ങൾ നബി(സ)യുടെ സദസ്സിൽ ഉണ്ടായിരുന്നു. അല്ലാഹുവാണ് സത്യം ആ കണ്ണിന് ഒരു പ്രയാസവും ഇല്ലാത്തതു പോലെ അദ്ദേഹത്തിന്റ കണ്ണിൽ കാഴ്ച തിരിച്ച് കിട്ടിയിരുന്നു. (അൽ മുഅ്ജമുൽ കബീർ 9/31 -ഇമാം ത്വബ്റാനി(റ)മഅ്രിഫത്തുസ്സ്വഹാബഃ 14/81 ഹാഫിള് അബൂ നുഐം(റ)).

നബി(സ്വ)യുടെ വിയോഗാനന്തരം നബി(സ്വ)യെ തവസ്സുലാക്കി

പ്രാർത്ഥിച്ചിരുന്നതായി ഈ ഹദീസിൽ നിന്ന് സ്പഷ്ടമാണ്. ഇത്തരം തവസ്സുൽ ചെയ്യുന്നത് ശിർക്കാണെന്ന വാദമനുസരിച്ച് ഈ തവസ്സുലടങ്ങിയ പ്രാർത്ഥനകൾ നിർവ്വഹിച്ചവരും ഇത് ചെയ്യാൻ നിർദ്ദേശിച്ചവരുമൊക്കെ വഹാബി വാദമനുസരിച്ച് ആരാവും.?

മഹാത്മാക്കളുടെ ഹഖ് കൊണ്ട് സഹായം തേടിയതിന്നും പ്രമാണങ്ങൾ ഒട്ടേറെയുണ്ട്. നബി(സ) തന്റെ ഹഖ് കൊണ്ടും കഴിഞ്ഞുപോയ അമ്പിയാക്കളുടെ ഹഖ്കൊണ്ടും പ്രാർഥിച്ചിരുന്നതായി ഇമാം ത്വബ്റാനി (റ) നിവേദനം ചെയ്ത ഹദീസിൽ കാണാം.

وروى الطبراني بسند جيّد أنه صلّى الله عليه وسلم ذكر في دعائه بحقّ نبيّك والأنبياء الّذين من قبلي (الجوهر المنظم لابن حجر الهيتمى ١٥٠)

ഇമാം ത്വബ്റാനി (റ) സംഭവം ഇങ്ങനെ ഉദ്ധരിക്കുന്നു: നബി(സ്വ)യുടെ പോറ്റുമ്മയായ ഫാതിമത്തു ബിൻത്തു അസദ്(റ) മരണപ്പെട്ടപ്പോൾ നബി(സ്വ) ജനാസക്കരികിലേക്ക് വന്നു. അവിടുന്ന് വേപഥു പൂണ്ട മനസ്സോടെ പറഞ്ഞു. 'എന്റെ ഉമ്മാ! അങ്ങേക്ക് അല്ലാഹു കാരുണ്യം ചൊരിയട്ടെ, എന്റെ മാതാവിന്റെ വിയോഗത്തിനുശേഷം നിങ്ങളായിരുന്നു എന്റെ ഉമ്മ. നിങ്ങളെനിക്ക് വയറ് നിറയെ ഭക്ഷണം നൽകിയിരുന്നു. നിങ്ങൾക്ക് ഇല്ലാത്തപ്പോഴും എനിക്ക് പുതു വസ്ത്രം അണിയിച്ചിരുന്നു. മുന്തിയ വിഭവങ്ങൾ നിങ്ങളെടുക്കാതെ എനിക്ക് നൽകിയിരുന്നു. ഉമ്മാ! ഇതൊക്കെ നിങ്ങൾ ചെയ്തിരുന്നത് അല്ലാഹുവിനേയും പരലോക വിജയത്തേയും ഉദ്ദേശിച്ചായിരുന്നു'.

ശേഷം മൂന്ന് പ്രാവശ്യം കുളിപ്പിക്കാൻ കൽപ്പിക്കുകയും സുഗന്ധം ഉപയോഗിക്കുകയും ചെയ്തു. പിന്നീട് നബി(സ്വ) തന്റെ ഖമീസ് അഴിച്ച് മയ്യിത്തിനു ധരിപ്പിച്ചു. അതിനുമീതെ മൂടുന്ന വസ്ത്രം കൊണ്ട് കഫൻ ചെയ്തു. ശേഷം നബി(സ്വ) അവരുടെ ഖബറിലേക്ക് ഇറങ്ങി ഇപ്രകാരം പ്രാർത്ഥിച്ചു.

الله الذي يحيي ويميت وهو حي لا يموت إغفر لأمي فاطمة بنت أسد ولقنها حجتها ووسع مدخلها بحق نبيك والأنبياء الذين من قبلي فإنك أرحم الراحمين

അല്ലാഹുവേ!! എന്റെ ഉമ്മയായ ഫാത്തിമ ബിൻതു അസദ്(റ)ന് നീ പൊറുത്തുകൊടുക്കണമേ, അവരുടെ പ്രവേശന സ്ഥലം നീ വിശാലമാക്കണേ, നിന്റെ പ്രവാചകന്റെ (എന്റെ)യും എനിക്ക് മുമ്പുള്ള പ്രവാചകന്മാരുടേയും ഹഖ് കൊണ്ട് ഞാൻ ചോദിക്കുന്നു, നിശ്ചയം നീ കാരുണ്യവാന്മാരിൽ വെച്ചു അത്യുദാരനാണല്ലോ!(അൽ മുഅ്ജമുൽ കബീർ : 20324, അൽ മുഅ്ജമുൽ ഔസഥ്1/167 – ഇമാം ത്വബറാനി. ജാമിഉൽ അഹാദീസ്: 18/83, അൽ ജാമിഉൽ കബീർ 12875- ഹാഫിള് സുയൂഥി(റ), കൻസുൽ ഉമ്മാൽ: 12/148)

ഈ വിഷയം പ്രതിപാദിച്ചുകൊണ്ട് വഹാബികളുടെ അംഗീകൃത പണ്ഡിതൻ ശൗക്കാനി രേഖപ്പെടുത്തുന്നു :

أخرج الطبراني في الكبير والأوسط ورجال إسناده ثقات ... (درالسحابة في مناقب القرابة والصحابة : ٥٣٩ الشوكاني)

"ഇമാം ത്വബ്റാനി തന്റെ മുഅ്ജമുൽകബീറിലും മുഅ്ജമുൽഔസ്വതിലും സ്വീകാര്യയോഗ്യമായ പരമ്പരയിലൂടെ ഈ ഹദീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്." (ദുർറുസ്സഹാബ ഫീ മനാഖിബിൽഖറാബത്തി വസ്സ്വഹാബ 539) നിരവധി പ്രമാണങ്ങൾ വിഷയസംബന്ധിയായി വെറെയും ഉദ്ധരിക്കാനുണ്ട്.

വിശുദ്ധ മതത്തിന്റെ ഋജുവായ ദർശനത്തിൽ ഇസ്തിഗാസയും തവസ്സുലും തിരുനബി(സ്വ)യിൽ നിന്ന് ശിപാർശ തേടലുമൊക്കെ അഭംഗുരം നടന്നുവരുന്നതാണ്. അതിനെതിരെ ചില ഒറ്റപ്പെട്ട അപശബ്ദങ്ങളുണ്ടായപ്പോഴെല്ലാം മഹാപണ്ഡിതന്മാർ ശക്തമായി പ്രതിരോധിക്കുകയും മതപ്രമാണങ്ങൾ കൊണ്ട് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു തലത്തിലൂടെ പ്രയുക്ത സദ്വൃത്തികളെ വീക്ഷിക്കുകയാണ് ഈ രചനയുടെ താൽപര്യം. തെളിയിച്ചു പറഞ്ഞാൽ റസൂൽ(സ) വിശുദ്ധമെന്ന് പുകഴ്ത്തിയ മൂന്നു നൂറ്റാണ്ടുകളിലടക്കം ഇസ്‌ലാമിക പൊതുസമൂഹത്തിന്റെയും പണ്ഡിതനേതാക്കളുടെയും ഇവ്വിഷയകമായ നിലപാടുകളും പ്രവർത്തനശൈലിയും എന്തായിരുന്നുവെന്ന അന്വേഷണമാണിത്. വ്യത്യസ്ത നൂറ്റാണ്ടുകളിലെ ചില പ്രമുഖരെ മാത്രമാണ് ഇവിടെ ഉദ്ധരിക്കുന്നത്. ഇസ്തിഗാസയും തവസ്സുലുമൊക്കെ ശിർക്കാണെന്ന് വരുത്തിത്തീർക്കുന്നതോടെ മതത്തിൽ ബഹുദൈവവിശ്വാസികൾ അല്ലാത്തവരുണ്ടാവാത്ത ദുരവസ്ഥയാണുണ്ടായിത്തീരുക. അത്രക്ക് വ്യാപകമായിരുന്നു ഉത്തമ നൂറ്റാണ്ടുകളിലെ മഹത്തുക്കളുടെ ജീവിതത്തിൽ ഇവയുടെ സ്വാധീനം. എങ്കിൽ ഇസ്‌ലാം മാറിവന്ന കൈകൾ മുഴുക്കെ അശുദ്ധങ്ങളായിരുന്നുവെന്ന് സമ്മതിക്കേണ്ടിവരും. ഇത് മതത്തിന്റെ ആത്മാവുതകർക്കുന്നതാണെന്ന് പറയേണ്ടതുണ്ടോ.

# ഒന്നാം നൂറ്റാണ്ട്

## 1. സയ്യിദുനാ അബൂബക്കർ സ്വിദ്ദീഖ് (റ)

ഇസ്‌ലാമിൽ മുഹമ്മദ് നബി(സ)ക്ക് ശേഷം ഏറ്റവും ശ്രേഷ്ഠവാൻ. റസൂൽ(സ)ന്റെ ഇഷ്ടതോഴൻ. തൗഹീദും ഈമാനും മറ്റാരേക്കാളും ശക്തമായി മനസ്സിലുറപ്പിച്ചിട്ടുള്ള മഹാൻ. തന്റെ പ്രയാസങ്ങൾ ഇറക്കിവെക്കുന്നതു നബി(സ)ക്കു മുമ്പിലാണ്. ഒരു സംഭവം കാണുക.

وعن مجاهد عن ابن عباس قال: كان أبوبكر رضي الله عنه مع رسول اللهﷺ في الغار فعطش ابو بكر عطشا شديدا فشكى إلى رسول اللهﷺ ذلك فقال له رسول اللهﷺاذهب إلى صدر الغار فاشرب " قال أبوبكر فانطلقت إلى صدرالغار فشربت ماء أحلى من العسل وأبيض من اللبن وأزكى رائحة من المسك ثم عدت إلى رسول اللهﷺ فقال: شربت فقلت شربت يا رسول الله فقال ألا أبشرك فقلت بلى فداك أبى وأمى يا رسول الله قال ﷺ : إن الله أمر الملك الموكل بأنهار الجنان أن أخرق نهرا من جنة الفردوس إلى صدر الغار ليشرب أبو بكر الخ .....

(دلائل النبوة للبيهقي ٢٣١/٥) و(تاريخ مكة المشرفة والمسجدالحرام والمدينة الشريفة والقبر الشريف : ٢٠١، للإمام أبى البقاء محمد بن الضياء المكى المتوفى سنة ٨٥٤)
مجمع الزوائد للهيثمي ١٩٥/٦ مصباح الظلام للمراكشى- ٧٠)

മദീനായാത്ര മധ്യേ തിരുനബി(സ)യും സ്വിദ്ദീഖ്(റ)വും ഗാർ സൗർ ഗുഹയിൽ താമസിക്കുന്ന വേളയിൽ സ്വിദ്ദീഖ്(റ)വിന്ന് കലശലായ ദാഹം വന്നു. കാര്യം നബി(സ)യോടവതരിപ്പിച്ചപ്പോൾ തിരുനബി(സ) 'ഗുഹയുടെ മുൻഭാഗത്തുപോയി കുടിച്ചോളൂ' എന്നു പറഞ്ഞു. സ്വിദ്ദീഖ്(റ) ചെന്നു നോക്കുമ്പോൾ പാലിനേക്കാൾ വെൺമയുള്ള, തേനിനേക്കാൾ മധുരമുള്ള, കസ്തൂരിയേക്കാൾ പരിമളമുള്ള വെള്ളം ഗുഹാമുഖത്തുകൂടി ഒഴുകുന്നു! മതിവരുവോളം കുടിച്ചു തിരിച്ചു ചെന്നപ്പോൾ തിരുനബി(സ്വ) ചോദിച്ചു : "കുടിച്ചോ?" "അതെ കുടിച്ചു." അന്നേരം തിരുനബി സിദ്ദീഖ് (റ)നോട് ചോദിച്ചു : ഞാനൊരു സന്തോഷം പറയട്ടെ." "അതെ, തിരുദൂതരേ, പറഞ്ഞോളൂ". ഇതേതാ വെള്ളം എന്നറിയുമോ, സ്വർഗത്തിലെ നദികളുടെ ചുമതലയുള്ള മലക്കിനോട് സിദ്ദീഖി(റ)ന് കുടിക്കാൻ ഗുഹാമുഖത്തു കൂടെ നദിയൊഴുക്കണമെന്ന് അല്ലാഹു കൽപിക്കുകയായിരുന്നു." ബൈഹഖിയുടെ ദലാലഇലുന്നബുവ്വ (5/231) ഇമാം മറാകിശിയുടെ മിസ്ബാഹുള്ളലാം (70) ഇബ്നുളിയാഇൽ മക്കിയുടെ താരീഖുൽ മക്കത്തിൽ മുശർറഫ(201) മജ്മഉസ്സവാഇദ്(6/195) അൽ ഫജ്റുൽ മുനീർ (പേ. 281) എന്നീ ഗ്രന്ഥങ്ങളിൽ ഇക്കാര്യം പരാമർശിച്ചു കാണാം.

ദാഹം മാറ്റാനുള്ള യാതൊന്നും നബിയുടെ അടുത്തില്ലെന്ന് സിദ്ദീഖി(റ)നറിയാം. ശത്രുക്കളുടെ സൂക്ഷ്മനിരീക്ഷണം കാരണം ഇരുവർക്കും പുറത്തിറങ്ങി ദാഹം തീർക്കാൻ കഴിയില്ലെന്നും അറിയാം. എന്നിട്ടും സിദ്ദീഖ് (റ) ദാഹക്കാര്യം റസൂലിനോടവതരിപ്പിക്കുന്നു. എന്തായിരിക്കും കാരണം? അഭൗതിക പരിഹാരം ഉണ്ടാവുമെന്ന ദൃഢപ്രതീക്ഷ തന്നെ. അല്ലാതെന്ത്? ആ പ്രതീക്ഷപോലെത്തന്നെ കാര്യം നടന്നു. മനുഷ്യ കഴിവിൽ പെടാത്ത കാര്യങ്ങൾ ജീവിച്ചിരിക്കുന്നവരിൽ നിന്ന് ചോദിച്ചാൽ തന്നെ ബഹുദൈവവിശ്വാസമായി എന്നു പറയുന്ന വഹാബി വാദപ്രകാരം (അല്ലാഹുവിന്റെ ഔലിയാക്കൾ എന്ന വഹാബി പുസ്തകം പേ, 102, 64 കുഞ്ഞീതു മദനി) അബൂബക്കർ സിദ്ദീഖ്(റ) ആരായി? അതംഗീകരിച്ച തിരുനബിയെ അവരെങ്ങനെ വിലയിരുത്തും? ഇത്തരം ഘട്ടങ്ങളിൽ വഹാബികൾ കടുത്ത ആശയപ്രതിസന്ധി അനുഭവിക്കും.

## പ്രവാചക വിയോഗത്തിനു ശേഷം

തിരുദൂതരുടെ വിയോഗശേഷമുള്ള ഒരു രംഗംകൂടി കാണുക :

പ്രവാചക പത്നി ആയിശ(റ)യിൽ നിന്ന് ഇമാം ബുഖാരി(റ) ഉദ്ധരിക്കുന്നു. മഹതി പറഞ്ഞു: (നബി(സ) വഫാത്തായി കിടക്കുന്ന സന്ദർഭത്തിൽ) അബൂബക്കർ (റ) സുൻഹിലുള്ള തന്റെ വീട്ടിൽ നിന്ന് തന്റെ കുതിരപ്പുറത്ത് വന്നു. പള്ളിക്കരികിൽ ഇറങ്ങി പള്ളിയിൽ പ്രവേശിച്ചു. ജനങ്ങളോടൊന്നും മിണ്ടിയില്ല. അങ്ങനെ ആയിശ(റ)യുടെ അരികിലെത്തി ഹിബ്റ പുതപ്പിട്ട് മൂടപ്പെട്ടിരുന്ന നബി(സ)യുടെ അരികിലെത്തി. നബി(സ)യുടെ മുഖം മൂടിയിരുന്ന തുണി നീക്കി എന്നിട്ട് നബി(സ)യുടെ മുഖത്തേക്ക് തന്റെ മുഖം അമർത്തിവച്ചു ചുംബിച്ചു ദുഃഖത്താൽ കരഞ്ഞു. എന്നിട്ട് പറഞ്ഞു :

'ഓ അല്ലാഹുവിന്റെ പ്രവാചകരേ, എന്റെ പിതാവിനെ ഞാൻ അങ്ങേക്ക് സമർപ്പിക്കുന്നു. തങ്ങൾക്ക് അല്ലാഹു രണ്ട് മരണം ഒരുമിച്ചു കൂട്ടുകയില്ല ല്ലോ. അങ്ങയുടെ മേലിൽ അല്ലാഹു നിശ്ചയിച്ച മരണം ഇതാ തങ്ങൾക്ക് എത്തിച്ചിരിക്കുന്നു. (സ്വഹീഹുൽ ബുഖാരി /1241)

നബി(സ)യെ വിളിച്ചു സമർപ്പണം നടത്തുന്ന ഈ ഹദീസിന്റെ വിശദ മായ മറ്റൊരു റിപ്പോർട്ട് ഇമാം ഗസ്സാലി(റ) ഇപ്രകാരം ഉദ്ധരിക്കുന്നു :

أنّ ابابكر رضي الله عنه لما بلغه الخبر دخل بيت رسول اللهﷺ وعيناه تهملان وغصصه ترتفع كقصع الجرَة ،........... فأكب عليه فكشف عن وجهه و قبل جبينه ومسح وجهه وجعل يبكي و يقول: بأبي أنت وأمّي ونفسي و أهلي طبت حيا وميتا......

اللهم فأبلغه عنّا أذكرنا يا محمد صلى الله عليك عند ربّك، ولنكن ببالك الخ

( إحياءعلوم الدين ٤٠٢/٤ (تذكرة المحبين فى اسماء سيد المرسلين ٣٩٤)

തിരുദൂതരുടെ ഭൗതികശരീരം കിടത്തിയ റൂമിലേക്ക് ഇരുനയനങ്ങളും സജലമായി, കണ്ഠമിടറികൊണ്ട് കടന്നുചെന്ന് അബൂബക്കർ സിദ്ദീഖ്(റ) അവിടുത്തെ മുഖത്തിട്ട തുണിമാറ്റി. എന്നിട്ട് ആ പൂമുഖത്ത് ഉറ്റസുഹൃ ത്തിന്റെ ഒരു ചുംബനം. അതുകഴിഞ്ഞ് സിദ്ദീഖ്(റ) ഇങ്ങനെ പറഞ്ഞു: "തിരുദൂതരേ, അല്ലാഹുവിന്റെയടുക്കൽ വച്ച് ഞങ്ങളുടെ കാര്യം പറയണം. ഞങ്ങൾ അങ്ങയുടെ മനസ്സിലുണ്ടാവണേ...' ഇമാം ഗസ്സാലി(റ) ഇഹ്യാഉ ലൂമുദ്ദീനിൽ (4/402) ഇക്കാര്യം വിശദീകരിക്കുന്നു. ഇമാം ഗസ്സാലി മാത്രമ ല്ല, ഇമാം മുഹമ്മദ് ഖാസിമുറസ്സ്വാഉ(റ) അദ്ദേഹത്തിന്റെ തദ്കിറതുൽ മുഹിബ്ബീൻ ഫീ അസ്മാഇ സയ്യിദിൽ മുർസലീൻ (394) എന്ന ഗ്രന്ഥത്തിലും ഇതുദ്ധരിക്കുന്നു. തിരുദൂതരിൽ നിന്ന് സ്വഹാബികൾ പഠിച്ച ഇസ്‌ലാമിൽ ഇസ്തിഗാസ നിഷിദ്ധമല്ലെങ്കിൽ പിന്നെ ഇതിനെന്താണു കുഴപ്പം?

മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിൽ വഫാത്തായ നബി(സ)യെ വിളിച്ചു ആവലാതി പറഞ്ഞവരിൽ ഒന്നാമത്തെയാൾ പ്രവാചകർക്കു ശേഷം ഈ സമുദായത്തിലെ ഏറ്റവും ശ്രേഷ്ഠവാൻ, അബൂബക്കർ സിദ്ദീഖ്(റ) തന്നെ യാണെന്ന് ഇതിലൂടെ വ്യക്തമായി. ഇതൊരിക്കലും ശിർക്കും കുഫ്റുമ ല്ലെന്ന അധ്യാപനവും സ്പഷ്ടമായി.

## മരണാനന്തരം സമ്മതം ചോദിക്കുന്നു

തന്റെ മരണശേഷം ജനാസയുമായി നബി(സ്വ)യുടെ ഖബറിന്നരികിൽ ചെന്ന് അവിടെ മറവുചെയ്യാൻ വേണ്ടി ഖബറിലുള്ള നബി(സ്വ)യോട് സമ്മതം ചോദിക്കാൻ നിർദ്ദേശിക്കുന്ന സിദ്ദീഖുൽ അക്ബറി(റ)ന്റെ തൗഹീദും ഈമാനും ബിദഇകൾ തള്ളികളയുമോ? ഹിജ്റ 360ൽ വഫാ ത്തായ ഇമാം ആജുരീ(റ)യും വിശ്രുത ഖുർആൻ വ്യാഖ്യാതാവ് ഇമാം റാസിയും(റ) ഉദ്ധരിക്കുന്നത് കാണുക.

وقد روي عن أبي بكر الصديق رضي الله عنه أنه لما حضرته الوفاة، قال لهم: إذا مت وفرغتم من جهازي فاحملوني حتي تقفوا بباب البيت الذي فيه قبر النبيﷺ ، فقفوا بالباب وقولوا:السلام عليك يا رسول الله ، هذا أبو بكر يستأذن فأن أذن لكم ففتح الباب، وكان الباب مغلقا ، فأدخلوني فادفنوني ، وإن لم يأذن لكم فأخرجوني إلي البقيع وادفنوني. ففعلوا فلما وقفوا وقالوا هذا: سقط القفل وانفتح الباب وسمع هاتف من داخل البيت :أدخلوا الحبيب إلي الحبيب فإن الحبيب إلي الحبيب مشتاق اه

(كتاب الشريعة للآجري: ٥-٧٠، وتفسير الرازي٢١-٧٤)

തന്റെ മരണം ആസന്നമായപ്പോൾ ഖലീഫ സിദ്ധീഖുൽ അക്ബർ (റ)കൂടെയുള്ളവരോട് ഇപ്രകാരം പറഞ്ഞു. ഞാൻ മരിച്ചാൽ സംസ്കരണ പ്രക്രിയകൾ പൂർത്തിയാക്കി എന്റെ ജനാസയെ ചുമന്ന് നിങ്ങൾ നബി (സ)യുടെ തിരുഖബറുള്ള വീടിന്റെ വാതിലിനരികിൽ ചെന്ന് ഇപ്രകാരം പറയണം. അസ്സലാമു അലൈക്ക യാ റസൂലള്ളാ ഇത് അബൂബക്കർ (തങ്ങളോട് കൂടെ മറവു ചെയ്യാൻ ) സമ്മതം ചോദിക്കുന്നു. അതിനു ശേഷം നിങ്ങൾക്ക് അനുമതി ലഭിക്കുകയും വാതിൽ തുറക്കപ്പെടുകയും ചെയ്താൽ എന്നെ നിങ്ങൾ ആ റൂമിലേക്ക് പ്രവേശിപ്പിക്കുകയും അവിടെ മറവു ചെയ്യുകയും വേണം. അനുമതി ലഭിച്ചിട്ടില്ലെങ്കിൽ എന്നെ പൊതു ശ്മശാനമായ ബഖീഇൽ കൊണ്ടുപോയി മറവ് ചെയ്യണം. സിദ്ധീഖ് (റ) വഫാത്തായപ്പോൾ അനുയായികൾ അപ്രകാരം നബി (സ)യുടെ ഖബർ ശരീഫുള്ള റൂമിന്റെ വാതിലിനടുത്തുവെച്ചു നിർദേശിക്കപ്പെട്ട വാക്യങ്ങൾ പറഞ്ഞു. അപ്പോൾ വാതിൽ തുറക്കുകയും ഉൾഭാഗത്ത് നിന്ന് ഒരശരീരി കേൾക്കുകയും ചെയ്തു 'സ്നേഹിതനെ ഇഷ്ടതോഴനിലേക്ക് പ്രവേശിപ്പിക്കുവീൻ, ആ സ്നേഹിതനെ ലഭിക്കാൻ ആഗ്രഹമുണ്ട്'

ഈ ചരിത്രം ഹിജ്റ 360ൽ വഫാത്തായ ആജുരി തന്റെ കിത്താബുശ്ശരീഅഃ(5/7)ലും ഇമാം റാസി(റ) തന്റെ തഫ്സീറുൽ കബീർ(21/74)ലും അല്ലാമാ മുഹമ്മദ് ശർബീനി (റ)തന്റെ തഫ്സീർ സിറാജുൽ മുനീറി (2/288)ലും ഇമാം നിളാമുദ്ധീൻ അന്നൈസാബൂരി (റ)തന്റെ ഗറാഇബുൽ ഖുർആൻ(4/416)ലും രേഖപ്പെടുത്തിയിട്ടുണ്ട്.

വഫാത്തായ നബി(സ്വ)യുടെ ഖബറിനരികിൽ ചെന്ന് സമ്മതം ചോദിക്കുകയും അതിനുള്ള മറുപടി ഖബറിങ്കൽ നിന്ന് കേൾക്കുകയും ചെയ്ത ഈ സംഭവം മേൽ പറഞ്ഞ പണ്ഡിത പ്രതിഭകൾ അവരുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തി വെച്ചത് ശിർക്ക് പ്രചരിപ്പിക്കാൻ വേണ്ടിയല്ലല്ലോ? ശിർക്കിനെതിരെ പടപൊരുതുന്ന ഈമഹാ പണ്ഡിതർ ഇതൊന്നും തൗഹീദിനു വിരുദ്ധമല്ലെന്ന് തുറന്നു സമ്മതിക്കുകയും വ്യക്തമാക്കുകയുമാണിവിടെ.

## 2. ഉമറുബ്നുൽ ഖത്താബ്(റ)

ഇസ്‌ലാം ആശ്ലേഷിക്കാനായി ഒരു പ്രഭിയെ ഉമർ(റ) റസൂലിന്റെ ഖബർ ശരീഫിലേക്ക് പറഞ്ഞയക്കുന്നതും അവിടെവച്ച് ഇസ്‌ലാം ആശ്ലേഷിച്ച ആ പ്രഭിയെ ഉമർ (റ) വാഴ്ത്തുന്നതും അവർക്ക് മയ്യിത്ത് നിസ്കരിക്കുന്നതും ചരിത്രത്തിൽ രേഖപ്പെടുത്തിയത് കാണുക.

....قال لها عمربن الخطاب: بل هنا من هو أكبر من أهل الأرض كلها، وهو أكبرمن ملإ الأرض من عمر ومن هوا على من عمر هنا محمد رسول الله وهذا قبره قالت لا أسلم إلاّ على يديه فأتت قبر المصطفى ﷺ وجلست عنده فقالت : أشهد أن لا اله إلا الله وأنك محمد رسول الله ثم بكت فقالت رضي الله عنها :خرجت يا رسول الله من ديار الكفر وانا أخشى إذا أسلمت أن أقع في المعاصي. وقد أسلمت وانا أشهد أن لا إله إلا الله وأنك محمد رسول الله فاسئل ربك يا محمد الذى ارسلك بالحق أن تقبض روحى قبل أن أعصيه فوضعت خدها على حائط القبر وخرجت روحها فقال عمر بن الخطاب رضي الله عنه : ما رأيت إمرأة من العجم أعقل منها وصلى عليها ثم قال طوبى لمن مات، وأحشاؤه من المعاصى مستريحات

(تذكرة المحبين فى اسماء سيدا المرسلين ٤٨١-٤٨٢ للامام محمد بن قاسم الرصاع)

തനിക്ക് ഇസ്‌ലാം സ്വീകരിക്കാൻ ആഗ്രഹമുണ്ടെന്നറിയിച്ചു കൊണ്ടാണ് പ്രഭിയുടെ വരവ്. പക്ഷേ, അതവർക്ക് വലിയൊരു സന്നിധിയിൽ വച്ചാവണം എന്നൊരു വലിയ ആഗ്രഹവും ഉണ്ട്. ഉമർ(റ) അവർക്ക് റസൂലിന്റെ ഖബറിലേക്ക് വഴികാണിച്ചു. അവരവിടെ ചെന്നു. ഇസ്‌ലാം സ്വീകരിച്ചു. എന്നിട്ടു പറഞ്ഞു: "ഇനി എന്റെ ജീവിതത്തിൽ പാപങ്ങൾ വരരുത്. എനിക്കിവിടെ വച്ച് മരിക്കണം." ആ അപേക്ഷ സ്വീകരിക്കപ്പെട്ടു. തിരു ഖബറിനരികിൽ തലവച്ചു കൊണ്ട് ആ സ്ത്രീ മരിച്ചു. ഈ രംഗത്തിന് സാക്ഷിയായ ഉമർ(റ) ആ സ്ത്രീയെ വല്ലാതെ വാഴ്ത്തി. അവർക്ക് വേണ്ടി സ്വഹാബികളെക്കൂട്ടി മയ്യിത്ത് നിസ്കരിച്ചു. 'സന്തോഷത്തോടെ ഈ ലോകത്തോട് വിടപറഞ്ഞ പെണ്ണിന് സ്വാഗതം' എന്നു പറഞ്ഞു ആശീർവദിച്ചു. മുഹമ്മദ്ബ്നു ഖാസിമു റസ്സാഉ് ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. (തദ്കിറത്തുൽ മുഹിബ്ബീൻ പേജ് 480-481-482).

നബി(സ)യുടെ ഖബറിലേക്ക് ഒരാളെ പറഞ്ഞു വിടുന്നു. എല്ലാറ്റിനും സാക്ഷിയാവുന്നു. ആ സ്ത്രീയെ ആശീർവദിക്കുന്നു. തൗഹീദിന്റെ ശക്തനായ വാക്താവാണ് ഉമർ(റ) എന്നോർക്കുക. ഈ ചരിത്രത്തിലെവിടെയാണ് കളങ്കം? ഇതൊക്കെ തെറ്റും കുറ്റവുമായി വക്രീകരിക്കുന്നവരുടെ മനസ്സിലല്ലേ കളങ്കം?

## ഇസ്തിഗാസക്ക് അംഗീകാരം

ഉമർ(റ)ന്റെ ഭരണകാലത്ത് നടന്നതും ഉമർ(റ) അറിഞ്ഞു അംഗീകാരം നൽകുകയും ചെയ്ത പ്രസിദ്ധമായ മറ്റൊരു സംഭവം കാണുക:

وقال الحافظ أبو بكر البيهقى: أخبرنا أبو نصر بن قتادة وابوبكر الفارسي قالا: حدثنا أبو عمر بن مطر حدثنا إبراهيم بن على الذهلي حدثنا يحيى بن يحيى حدثنا أبومعاوية عن الأعمش عن أبي صالح عن مالك قال: أصاب الناس قحط فى زمن عمربن الخطاب فجاء رجل إلى قبر النبي ﷺ فقال : يا رسول الله استسق لأمتك فإنهم قد هلكوا. فأتاه رسول الله ﷺ فى المنام فقال: (إيت عمر فأقرئه مني السلام وأخبرهم أنهم مسقون، وقل له عليك بالكيس الكيس) فأتى الرجل فأخبر عمر فقال : يا ربّ ما آلوا الا ما عجزت عنه. وهذا إسناد صحيح (مصنف ابن أبى شيبة ٤٨٢/٧، ودلائل النبوة للبيهقي ٧٤/٧٠، كتاب الإرشاد في معرفة علماءالحديث للحافظ ابويعلى القزويني ٣١٣/١-٣١٤، ،تاريخ الكبير للبخاري ٣٠٤/٧ ، البداية والنهاية للحافظ ابن كثير : ٧٤/٧)

ഉമർ(റ)വിന്റെ ഭരണകാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെട്ടു. അന്ന് ഒരാൾ (സ്വഹാബിയായ ബിലാലുബ്നു ഹാരിസ്(റ)) തിരുനബിയുടെ ഖബ്റിനരികിൽ ചെന്നു. എന്നിട്ട് പറഞ്ഞു. നബിയേ അങ്ങയുടെ സമുദായത്തിന് വേണ്ടി അങ്ങ് അല്ലാഹുവിനോട് മഴ ചോദിക്കണേ. അവർ വിഷമിച്ചിരിക്കുകയാണ്. ബിലാലുബ്നു ഹാരിസി(റ)ന് മറുപടി കിട്ടി; സ്വപ്നത്തിൽ. തിരുനബി (സ)പറഞ്ഞു: ഉമറിനെ കാണുക. എന്നിട്ടെന്റെ സലാം പറയുക. മഴ കിട്ടുമെന്ന് പറഞ്ഞേക്കുക. കൂട്ടത്തിൽ ഭരണം ഒന്നുകൂടി മൃദുവാക്കാൻ പറയണം. ഇതനുസരിച്ച് ആ സ്വഹാബി ഉമർ(റ) വിനെ കണ്ട് കാര്യം ഉണർത്തിയപ്പോൾ സത്യത്തിന്റെ പ്രകടരൂപമായ ഖലീഫയെ ഒരു എതിർപ്പും പറഞ്ഞില്ല. താൻ ഒരു മുശ്രിക്കാണ് എന്നൊന്നും വിവർശിച്ചില്ല...! തന്റെ അനുയായികളിൽപ്പെട്ട ഒരാൾ തെറ്റുചെയ്താൽ ശിക്ഷിക്കാതിരിക്കുന്നത് പോകട്ടെ, ഒന്ന് വിമർശിക്കാനോ സത്യാവസ്ഥ ബോധ്യപ്പടുത്താനോ പോലും ഉമറുൽ ഫാറൂഖ് (റ) തയ്യാറായില്ലെന്ന് വിശ്വസിക്കണോ നാം? അതോ ഇസ്തിഗാസ കുറ്റകരമല്ലന്നോ?

ഈ സംഭവം സ്വഹീഹായ പരമ്പരയിലൂടെ ഹാഫിള് ഇബ്നു കസീർ അൽബിദായത്തുവന്നിഹായ(7/74)യിലും ഇമാം അബൂയഅ്ലാ-കിതാബുൽ ഇർശാദ്(1/313)ലും ഇമാം ബുഖാരി(റ) താരീഖുൽ കബീർ (7/304)ലും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പരമ്പര സ്വഹീഹാണെന്ന് ഹാഫിള് ഇബ്നു ഹജർ(റ) ഫത്ഹുൽബാരി 2/575ലും ഹാഫിള് ഇബ്നുകസീർ തന്റെ ഗ്രന്ഥങ്ങളായ അൽബിദായ വന്നിഹായ 7/91ലും മുസ്നദുൽ ഫാറൂഖ് 1/331ലും രേഖപ്പെടുത്തിയിട്ടുണ്ട്.

## അഭൗതിക മാർഗത്തിൽ തേടുന്നു:

സ്വഹാബി പ്രമുഖൻ സാരിയത്ത്(റ)വിന്റെ നേതൃത്വത്തിൽ മുസ്ലിം സൈന്യം നഹാവന്ദിൽ വച്ച് ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ പർവത

ത്തിന്റെ പിൻഭാഗത്തിലൂടെ ശത്രുക്കൾ മുസ്ലിംകളെ വകവരുത്താൻ ഒളിഞ്ഞ് വരുന്നത് കറാമത്ത് കൊണ്ട് കണ്ട് മദീനത്തെ മിമ്പറിൽ നിന്ന് എത്രയോ മൈലുകൾ അകലെയുള്ള സാരിയത്ത്(റ)നോട് " യാ സാരിയ അൽജബൽ അൽജബൽ" എന്നു വിളിച്ചു മുന്നറിയിപ്പ് കൊടുത്ത സംഭവവും ഇതോട് ചേർത്തു വായിക്കാം. ഇത് ഉമർ(റ) ഇസ്തിഗാസ നടത്തിയതാണെന്ന് ഇമാം താജുദ്ദീനുസ്സുബ്കി(റ) രേഖപ്പെടുത്തിയിട്ടുമുണ്ട്. (മുഈദുന്നിഅം വമുബീദുന്നിഖം-98)

وأما قصة سارية فإنّ عمر رضي الله تعالى عنه كان أمّره على جيش، وجهزّه إلى بلاد فارس، فاشتد الحال على عسكره بباب نهاوند، وكاد المسلمون ينهزمون، وعمر رضيالله تعالى عنه بالمدينة، فصعد المنبر، ثم استغاث في اثناء خطبته بأعلى صوته: يا سارية الجبل، يا سارية الجبل، الحكاية، فأسمع الله تعالى سارية وجنوده أجمعين - وهم بنهاوند - صوت عمر رضي الله عنه وعرفوه، وقالوا : هذا صوت أمير المؤمنين، يأمرنا بالإلتجاء على الجبل. فلجأوا إليه ونجوا

(معيدالنعم ومبيدالنقم. ص/٩٨ للامام تاج الدين السبكي)

ഇവിടെ ആരും ഉമറിനോ സാരിയക്കോ അല്ലാഹുവിനെപ്പോലെ കഴിവുണ്ടെന്ന് വിശ്വസിച്ചിട്ടില്ല; ഇക്കാലം വരെ. അല്ലാഹുവിന് ഇത്തരത്തിൽ മനുഷ്യനെ ആത്മീയമായി പ്രബലനാക്കാൻ കഴിയും എന്നതാണിവിടെ അരക്കിട്ടുറപ്പിക്കപ്പെടുന്ന യാഥാർത്ഥ്യം. അല്ലാഹുവിലേക്കടുത്തവർക്കേ ഈ കഴിവുണ്ടാവൂ. ഇതു സംഭവലോകത്ത് പച്ചയായി ആവിഷ്കരിക്കപ്പെട്ടതാണ്. ഈ സംഭവം പ്രബലമായ പരമ്പരയോടെ സ്ഥിരപ്പെട്ടതാണെന്ന് കേരള വഹാബികളുടെ പണ്ഡിത സംഘടന പുറത്തിറക്കിയ 'അൽവിലായത്തു വൽ കറാമ : പേ. 32ൽ പ്രാചീന നേതാവ് കെ എം മൗലവി എഴുതിയിട്ടുണ്ട്. പ്രമുഖ ഹദീസ് പണ്ഡിതന്മാരെല്ലാം ഈ സംഭവം രേഖപ്പെടുത്തി ശരിവെച്ചിട്ടുണ്ട്. ഇമാം അഹ്മദുബ്നു ഹമ്പൽ(റ) (ഫളാഇലുസ്സ്വാഹബ :84) ഹാഫിള് ഇബ്നു അസാകിർ(റ)താരീഖുദിമശ്ഖ്:20/23) ഹാഫിളുദ്ദഹബി(താരീഖുൽ ഇസ്ലാം:1/384) ഹാഫിള് അസ്ഖലാനി(റ) (അൽഇസ്വാബ:3/6) ഹാഫിള് ഇബ്നുൽ അസീർ(റ) ഉസുദുൽ ഗാബ:1/408) ഇബ്നു ഖുതൈബ(റ) (ഗരീബുൽ ഹദീസ്: 1/313) അലിയ്യുൽ ഹിന്ദി (കൻസുൽ ഉമ്മാൽ : 12/571) ഹാഫിള് സുയൂഥി(റ) (ജാമിഉൽ അഹാദീസ്: 27/49) ഇബ്നു തൈമിയ്യ:(അൽ ഫുർഖാൻ :1/54) അവരിൽപെട്ട ചിലരാണ്

ഇനി അബ്ബാസ് (റ)നെ ഇടയാളനാക്കി ഉമർ(റ) തവസ്സുൽ ചെയ്ത ഒരു സംഭവം കൂടി കൂട്ടത്തിൽ വായിക്കാം :

عن انس رضي الله عنه : أنّ عمربن الخطاب رضي الله عنه كان إذا قحطوا استسقى بالعباس بن عبد المطلب، فقال: اللهم إنّا نتوسل إليك بنبيّنا،فتسقينا وانّا كنّا نتوسل إليك بعمّ نبينا فاسقنا قال: فيسقونَ (بخاري ٣٧١٠، تحفة الباري ٢١٢/٤)

അല്ലാഹുവേ ഞങ്ങളുടെ നബി(സ്വ)യെ ഇടയാളനാക്കി നിന്നോട് ഞങ്ങൾ മഴ ചോദിക്കാറുണ്ട്. എന്നാൽ ഇപ്പോൾ അവിടുത്തെ പിതൃവ്യൻ അബ്ബാസ്(റ)വിനെ ഇടയാളനാക്കി ഞങ്ങൾ മഴ ചോദിക്കുന്നു. ഞങ്ങൾക്ക് മഴ നൽകണേ. സ്വഹീഹുൽബുഖാരി (3710), തുഹ്ഫത്തുൽബാരി ബിശറഹി സ്വഹീഹുൽബുഖാരി (4/212), ഹാഫിള് മുഹിബ്ബുത്ത്വബ്‌രിയുടെ ദഖാഇറുൽ ഉഖ്ബാ ഫീ മനാഖിബി ദവിൽഖുർബാ (199-200 എന്നീ ഗ്രന്ഥങ്ങളിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇവിടെ ഉമർ(റ) അബ്ബാസ്(റ)വിനോട് പ്രാർഥിക്കാനാവശ്യപ്പെടുക മാത്രമല്ല മറിച്ച് അബ്ബാസ്(റ)നെ മധ്യവർത്തിയാക്കി ഉമർ(റ) തന്നെ പ്രാർഥിക്കുകയാണ്. ഇക്കാര്യം ഹാഫിളുദ്ദഹബിയുടെ താഴെ വരുന്ന ഉദ്ധരണിയിൽ നിന്ന് സ്പഷ്ടമാകും. ഹാഫിളുദ്ദഹബി പറയുന്നു:

ومنها: (من آداب الدعاء) أن يسأل الله تعالى بأسمائه وصفاته ويتوسّل إليه بأنبيائه والصالحين من عباده : وعن أنس رضي الله عنه أن عمربن الخطاب رضي الله عنه كان إذا قحطوا إستسقى بالعباس بن عبد المطلب فقال:اللهمّ إنّا كنّا نتوسل إليك بنبيّنا ﷺ فتسقينا، وإنّا نتوسل إليك بعمّ نبينا ﷺ فاسقنا قال:فيسقون

(مختصر سلاح المؤمن : ٧٢، للحافظ الذهبى)

പ്രവാചകന്മാരെ ഇടയാളന്മാരാക്കി പ്രാർത്ഥിക്കുന്നത് പ്രാർത്ഥനാ മര്യാദകളിൽ പെട്ടതാണെന്ന് രേഖപ്പെടുത്തിയ ശേഷം അതിനു തെളിവായിട്ടാണ് ഹാഫിളുദ്ദഹബി ഈ സംഭവം ഉദ്ധരിക്കുന്നത്. (മുഖ്തസ്വറു സിലാഹിൽ മുഅ്മിനീൻ: 72) ഉമർ(റ) അബ്ബാസ്(റ)നോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടതല്ല, ഇടയാളനാക്കി പ്രാർത്ഥിച്ചതാണ് മേൽ സംഭവമെന്ന് ഇതിൽ നിന്ന് വ്യക്തം.

## 3. ഉസ്മാനുബ്നു അഫ്ഫാൻ(റ)

മൂന്നാം ഖലീഫ ഉസ്മാൻ(റ)നെ രാഷ്ട്രീയ കലാപകാരികൾ ബന്ദിയാക്കിയ കഥ മറക്കാനാവില്ല. ചില തെറ്റിദ്ധാരണകളുടെ പേരിലായിരുന്നു സംഭവം. ഖലീഫക്കവർ കുടിവെള്ളം പോലും തടഞ്ഞു. നോമ്പുണ്ടായിരുന്നു ഖലീഫക്ക്. സന്ദിഗ്ധഘട്ടമായിരുന്നു അത്. പ്രകൃതിപോലും വിറങ്ങലിച്ചു നിന്ന സന്ദർഭം. ഖലീഫയുടെ പ്രിയതമ വെള്ളത്തിന് യാചിച്ചുകൊണ്ട് നാലുപാടും ഓടി; തന്റെ പ്രിയതമന്റെ ജീവൻ രക്ഷിക്കാൻ. അവസാനം അലിവു തോന്നിയവരാരോ അവർക്ക് അൽപം വെള്ളം കൊടുത്തു. അതുമായവർ ഖലീഫക്കടുത്ത് ഓടിയെത്തിയപ്പോഴേക്കും നേരം പുലർന്നിരുന്നു.

ഒരു രാത്രി മുഴുവൻ നീണ്ട വെള്ളത്തിനായുള്ള യാചനക്കൊടുവിൽ നേരത്തിന് വെള്ളമെത്തിക്കാൻ കഴിയാത്തതിനെ ചൊല്ലി അവർ വിഷാദചിത്തയായി കണ്ണീർ വാർത്തപ്പോൾ ഉസ്മാൻ (റ) പറഞ്ഞു: “നാഇലാ,

ഞാൻ നോമ്പുനോറ്റുകൊണ്ടാണ് നേരം വെളുപ്പിച്ചിട്ടുള്ളത്. നീ വിഷമിക്കേണ്ട, ആശ്വസിച്ചോളൂ. എനിക്ക് റസൂൽ(സ) ഈ മച്ചിൻപുറത്തുകൂടെ വെള്ളം കൊണ്ടുവന്നു തന്നു. അതു കുടിച്ചു ഞാൻ നോമ്പു തുറന്നു. അതിനൊന്നും എനിക്കൊരു പ്രയാസവും നേരിട്ടിട്ടില്ല." അന്നുരാത്രി തന്നെ ഉസ്മാൻ(റ) കലാപകാരികളുടെ വാളിന്നിരയായി. ഇന്നാലില്ലാഹി....

നാഇല(റ)യാണ് കണ്ണീരിറ്റുന്ന ഈ ചരിത്രാത്ഭുതം ലോകത്തോട് പറയുന്നത്. വിശ്വസനീയരായ പണ്ഡിതന്മാർ അത് രേഖപ്പെടുത്തി. ഇതൊക്കെ നിഷേധിക്കുന്നവർക്ക് തുപ്പിക്കളയാനാവാത്ത പണ്ഡിതന്മാരും അക്കൂട്ടത്തിലുണ്ട്. മറ്റാരുമല്ല, ഇബ്നുകസീറും ശൗകാനിയും തന്നെ. 'അൽ ബിദായതു വന്നിഹായ'യിൽ (148/7) ഇബ്നുകസീറും 'ദുർറുസ്വഹാബ...'യിൽ (പുറം 186) ശൗകാനിയും ഈ ചരിത്രം ചേതോഹരമായി കോർത്തുവെച്ചിട്ടുണ്ട്.

...... قالت : فلم يفطر فرأيت جارا على أحاجيز متواصلة وذلك فى السحر فسألتهم الماء العذب فاعطوني كوزا من ماء فأتيته فقلت : هذا ماء عذب اتيتك به، قالت فنظر فإذا الفجر قد طلع فقال: إني أصبحت صائما، قالت: فقلت ومن أين أكلت؟ ولم أر أحدا أتاك بطعام ولاشراب؟ فقال: إنى رأيت رسول الله ﷺ طلع عليٍّ من هذا السقف و معه دلو من ماء فقال: (اشرب يا عثمان) فشربت حتى رويت، ثم قال:(ازدد) فشربت حتى نهلت، ثم قال: (أما إنَّ القوم سينكرون عليك، فإن قاتلتهم ظفرت، وإن تركتهم أفطرت عندنا) قالت: فدخلو عليه من يومه فقتلوه.

(البداية والنهاية لابن كثير : ١٤٨/٧) و(درالسحابة للشوكاني ١٨٦)

അല്ലാഹുവിനാൽ കഴിവു നൽകപ്പെട്ട തിരുനബി(സ)ക്ക് മരണശേഷവും മറ്റുള്ളവർക്ക് നേരെ സഹായഹസ്തം നീട്ടാൻ കഴിയുമെന്ന കാര്യം വീണ്ടും വീണ്ടും ഊട്ടിയുറപ്പിക്കപ്പെടുകയാണിവിടെ.

കേരള മുജാഹിദുകൾ പിളരുന്നതിന് മുമ്പ് ഈ സംഭവം പരിഷ്കൃതമുജാഹിദുകളുടെ *ശബാബ്* വാരിക(1999 സെപ്തംബർ 17, പേജ് : 4)യിൽനിന്ന് തന്നെ എല്ലാ മുജാഹിദുകൾക്കും പലയാവർത്തി വായിക്കാൻ സാധിച്ചതാണ്. മുജാഹിദ് എഴുത്തുകാരൻ മുഹമ്മദ് കുട്ടശ്ശേരിയാണ് ഈ ചരിത്രം അതിന്റെ നനവ് വറ്റാതെ മുജാഹിദുകൾക്ക് തന്നെ വായിക്കാൻ നൽകിയത്. നിഷേധികളുടെ തൂലികത്തുമ്പിലൂടെ തന്നെ ആ നിസ്തുല ചരിത്രം വളച്ചുകെട്ടില്ലാതെ വെളിച്ചം കാണിച്ച അല്ലാഹുവിന് സ്തുതി. പ്രസിദ്ധീകരിച്ചു വന്നപ്പോൾ പുകിലായി. മുസ്ലിം പണ്ഡിതർ വേദികളിൽ ഇതുദ്ധരിച്ച് നടന്നപ്പോൾ പ്രസ്ഥാനത്തിന്റെ അടിത്തറയിളകി. പരിഷ്കൃത മുജാഹിദുകൾക്ക് പോലും മുട്ടുവിറച്ചു. രണ്ടു കൊല്ലത്തിനു ശേഷം ആ ചരിത്രത്തിന്റെ അന്ത്യം പോലെത്തന്നെ അതിദാരുണമായി ശബാബിലെ ചരിത്രലേഖനത്തെയും അതിന്റെ അണിയറയിലുള്ളവർ ദയനീയമായി കൊന്നു.

ആപ്രസ്ഥാനത്തിന്റെ ഭൗതിക നിലനിൽപ്പ് പ്രതിസന്ധിയിലാക്കുന്ന ഏത് തിക്തസത്യത്തിന്റെയും വിധി ഇതുതന്നെയായിരുന്നല്ലോ. ജനമനസ്സുകളിൽ പച്ചപിടിച്ചിരിക്കുന്ന ഒരു ചരിത്രത്തെ ഒരു നിഷേധക്കുറിപ്പിന്റെ വാൾത്തല കൊണ്ട് അരിഞ്ഞുവീഴ്ത്താനാവില്ലെന്ന് പരിഷ്കൃത മുജാഹിദുകൾക്ക് പോലും തിരിച്ചറിയാനായില്ല.

ഏറെ ദയനീയമായിപ്പോയി ഇത് പിൻവലിക്കുന്നുവെന്ന് പറഞ്ഞപ്പോൾ നിരത്തിയ ന്യായങ്ങൾ; ഒന്ന്, ഇബ്നുകസീർ മാത്രമേ ഇത് റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ഇത് ശുദ്ധ നുണ. ഇമാം അഹ്മദുബ്നു ഹമ്പൽ(റ) തന്റെ കിതാബു ഫളാഇലുസ്സ്വഹാബ : 1/585ലും ഇമാം ഇബ്നുശബ്ബ അൽ ബസ്വരീ(റ) (വഫാത്ത് 262) തന്റെ താരീഖുൽ മദീനത്തിൽ മുനവ്വറ പേ.255ലും ഹാഫിള് സുയുഥി(റ) അൽഹാവീലിൽ ഫതാവാ 2/262ലും ഇമാം മുഹമ്മദുബ്നിൻ യൂസുഫ് അശ്ശാമി(റ) തന്റെ സുബുലുൽ ഹുദാവർറശാദ് 10/148ലും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട്, നബി (സ) പ്രത്യക്ഷപ്പെട്ടത് സ്വപ്നത്തിലായിരുന്നു! കള്ളം. സ്വപ്നത്തിൽ കുടിച്ച വെള്ളം കൊണ്ട് നോമ്പുതുറക്കാമോ? ദാഹം മാറ്റാമോ? ആ വെള്ളം അത്താഴ സമയത്തേക്ക് കരുതിവയ്ക്കാമോ? സ്വത്വ പ്രതിസന്ധികളിൽ നിന്ന് ദാരുണ ദുരന്തങ്ങളിലേക്ക് വീണു പോകുന്നവരിൽ പ്രധാനികൾ മുജാഹിദുകൾ തന്നെ.

## 4. അലിയ്യുബ്നു അബീത്വാലിബ് (റ)

നാലാം ഖലീഫയായ അലി(റ) പറഞ്ഞതായി അബൂസ്വാദിഖ്(റ) റിപ്പോർട്ട് ചെയ്യുന്നു : ഇമാം ഖുർത്തുബി(റ) തന്റെ തഫ്സീറിൽ ഇപ്രകാരം അതുദ്ധരിക്കുന്നു:

روى ابو صادق عن علي قال قدم علينا أعرابي بعدما دفنا رسول اللهﷺ بثلاثة ايام فرمى بنفسه على قبر رسول اللهﷺ وحثا على رأسه من ترابه فقال قلت يا رسول الله فسمعنا قولك ووعيت عن الله فوعينا عنك وكان فيما أنزل الله عليك ولوأنهم إذ ظلموا أنفسهم الاية وقد ظلمت نفسى وجئتك تستغفرلى فنودى من القبر أنه قد غفر لك (الجامع لأحكام القران. للقرطبى ٥/ ٢٦٥)

റസൂലുല്ലാഹി(റ)യുടെ തിരുശരീരം ഞങ്ങൾ മറവു ചെയ്തു. മൂന്നു ദിവസം കഴിഞ്ഞ ശേഷം ഒരു ഗ്രാമീണൻ വന്നു. അദ്ദേഹം റസൂലുല്ലാഹി(റ)യുടെ ഖബറിനു മുകളിൽ നിന്നു അൽപം മണ്ണ് എടുത്ത് തലയിൽ വിതറി. എന്നിട്ടദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്... അങ്ങ് പറഞ്ഞതെല്ലാം ഞങ്ങൾ കേട്ടിട്ടുണ്ട്. അങ്ങേക്ക് അല്ലാഹു ഇറക്കിയ ഖുർആനിലുണ്ടല്ലോ; 'അവർ സ്വശരീരങ്ങളോട് അക്രമം കാണിച്ചു അങ്ങയുടെ അടുക്കൽ വന്ന് അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും റസൂൽ അവർക്ക് വേണ്ടി പാപമോചന പ്രാർത്ഥന നടത്തുകയും ചെയ്താൽ അല്ലാഹുവിനെ അവർ അങ്ങേയറ്റം ദോശം പൊറുക്കുന്നവനായും കാരുണ്യവാനായും എത്തിക്കു

ന്നതാണ്." ഞാൻ തീർച്ചയായും എന്റെ ശരീരത്തോട് അക്രമം കാണിച്ചിരിക്കുന്നു. അങ്ങ് എനിക്ക് വേണ്ടി പൊറുക്കലിനെ ചോദിക്കാനാണ് ഞാൻ അങ്ങയുടെ അരികിലെത്തിയിട്ടുള്ളത്.

അപ്പോൾ റസൂൽ(സ)ന്റെ ഖബറിൽ നിന്നു വിളിച്ചു പറയപ്പെട്ടു: 'നിനക്ക് പൊറുക്കപ്പെട്ടിരിക്കുന്നു' എന്ന്.

(അൽ ജാമിഉലി അഹ്കാമിൽ ഖുർആൻ 5/265, ഇമാം ഖുർത്തുബി)

ഇതിനു സാക്ഷിയായ അലി(റ) ശിർക്കും തൗഹീദും അറിയാത്തവരല്ലല്ലോ! ഇതുദ്ധരിച്ച ഇമാം ഖുർത്തുബി(റ) ശിർക്ക് പ്രചരിപ്പിച്ചവരാണോ? ഒരിക്കലുമല്ല; എന്നിട്ടും അവർ ഇതുഉദ്ധരിക്കുന്നു. അപ്പോൾ ഇവ തൗഹീദിന് വിരുദ്ധമല്ലെന്ന് ചുരുക്കം.

ദീവാനു അലിയ്യുബ്നു അബീത്വാലിബ്-അലി(റ)ന്റെ കവിതകൾ - പ്രസിദ്ധമാണ്. മനസ്സിന്റെ അടിത്തട്ടിലേക്ക് വേരാഴ്ത്തിയ വിശ്വാസവും സ്നേഹവും കവിതയായി പെയ്യുമ്പോൾ പ്രവാചകന്റെ ഭൗതിക വിയോഗ ശേഷമുള്ള നൊമ്പരങ്ങൾ പങ്കുവയ്ക്കുകയാണ് അലി(റ). നബി(സ)യെ വിളിച്ചു ആവലാതിപ്പെടുന്നു. 'അങ്ങയുടെ വഫാത്തിനു ശേഷം ജനങ്ങളുടെ പ്രശ്നങ്ങൾ വലിയ പ്രതിസന്ധിയിലാണ്. സമുദ്രത്തിലെ ചീറ്റിയടുക്കുന്ന തിരമാലകൾക്കിടയിൽ പെട്ടുപോയ കപ്പൽ സമാനമായിട്ടുണ്ട്.

فيا خير من ضمَّ الجوانح والحشا ❖ ويا خير ميت ضمّة الترب والثري

كأنّ أمور النّاس بعدك ضمّنت ❖ سفينة موج البحر والبحر قد طمى

(ديوان علي بن ابى طالب ٤٢)

ഇപ്രകാരം നബി(സ)യെ വിളിച്ചു സങ്കടപ്പെട്ട് നബിക്ക് ശേഷമുള്ള പ്രതിസന്ധികൾ വാക്കുകളിൽ കോറിയിട്ട ശേഷം അലി(റ) പരിഹാരമായി കാണുന്നത് തിരുനബി(സ)യെ ഇടതേടുന്നതാണ്.

توسَل بالنبي فكلّ خطب ❖ يهون إذا توسَل بالنبيَ

(ديوان على بن أبى طالب: ص /٤٢-١٤٠)

'ഏത് പ്രതിസന്ധികളിലും നബി(സ)യെ തവസ്സുൽ ചെയ്തു ചോദിച്ചാൽ പ്രയാസരഹിതമാവുന്നതാണ്. അതിനാൽ നീ നബി(സ)യെ കൊണ്ട് ഇടതേടുക. (ദീവാൻ അലിയ്യുബ്നു അബീത്വാലിബ് പേ. 140)

മരണപ്പെട്ടവരെക്കൊണ്ട് ഇടതേടുന്ന തവസ്സുൽ ശിർക്കാണെന്നാണ് മുജാഹിദുകൾ പഠിപ്പിക്കുന്നത്. അപ്പോൾ നബി(സ)യെ കൊണ്ട് തവസ്സുൽ ചെയ്യാൻ നിർദ്ദേശിക്കുന്ന അലി(റ) ഇവരുടെ ഭാഷയിൽ ആരായിരിക്കും?

## 5. സയ്യിദതു ഫാത്വിമതുസ്സഹ്റാഅ് (റ)

അലി(റ)യുടെ പത്നി, തിരുനബിയാൽ കരളിന്റെ കഷ്ണം എന്ന് വിളിക്കപ്പെട്ട അവിടുത്തെ മകൾ ഫാത്വിമാബീവി(റ)യും കവിതയായി തിരുനബി(സ്വ)യോട് ആവലാതി ബോധിപ്പിച്ചിട്ടുണ്ട്. ഇമാം ഫാകിഹാനിയുടെ

അൽ ഫജ്റുൽ മുനീറിന് ബസ്സാം മുഹമ്മദ് ബാറൂദി രചിച്ച തഅ്ലീഖിൽ (പുറം 343) ഈ കവിത കാണാം.

وأشكو إليه الوجد والسقم والجوى ❖ ليرثي لحالي في الهوى وصبابتي

وأنشده يا خير من وطئ الثرى ❖ ويا خير مرسول إلى خير أمتي

بحقك كن فى معادي شافعا ❖ فأنت غياثي في أماني وشدتي

عليك صلاة الله ثم سلامه ❖ مدى الدهر ما غني الحمام بروضة

(تعليق الفجر المنير، بسام محمد بارود : ص ٣٤٣)

ഉത്തമദൂതരെ, എന്റെ എല്ലാ പ്രയാസങ്ങളെയും രോഗങ്ങളെയും ദുഃഖങ്ങളെയും കുറിച്ച് ഞാൻ ആവലാതിപ്പെടുന്നു. അങ്ങയുടെ പദവികളെ കൊണ്ട്, അങ്ങ് പാരത്രിക ജീവിതത്തിൽ എനിക്ക് ശുപാർശകനാവണേ, പ്രയാസങ്ങളിലും വിഷമങ്ങളിലും അങ്ങാണെന്റെ സഹായവും അഭയവും. അല്ലാഹുവിന്റെ കൃപാകടാക്ഷം എന്നും അങ്ങേക്കുണ്ടായിരിക്കട്ടെ.... എന്നിങ്ങനെയാണ് ആ കവിതയുടെ ആശയം.

## 6. അബ്ദുല്ലാഹിബ്നു ഉമർ(റ)

മുത്തബിഉസ്സുന്ന എന്ന പേരിൽ വിഖ്യാതനാണ് ഇബ്നു ഉമർ(റ). അദ്ദേഹത്തിന്റെ കാലിന് കലശലായ വേദന വന്നപ്പോൾ തിരുനബിയുടെ പിതൃവ്യൻ അബ്ബാസ്(റ) വിനോട് ആവലാതി പറഞ്ഞു. തനിക്കിഷ്ടപ്പെട്ടയാളുടെ പേര് പറയൂ എന്നായിരുന്നു അബ്ബാസ്(റ) പ്രതിവിധിയായി പറഞ്ഞത്. ഇഷ്ട വ്യക്തിയെ തിരഞ്ഞുപിടിച്ച് ഓർത്തെടുക്കേണ്ടിവന്നില്ല അദ്ദേഹത്തിന്. 'യാ മുഹമ്മദ്' എന്നദ്ദേഹം വികാരവിവശനായി വിളിച്ചു. ഉടൻ ഇഫക്ടുണ്ടായി; വേദന ഏതിലെ പോയി എന്ന് കണ്ടില്ല. അൽ അദബുൽ മുഫ്റദ് (പുറം 262), അൽ അദ്കാർ (പുറം 249), ത്വബഖാത്ത് ഇബ്നു സഅ്ദ് (4/115) അമലുൽ യൗമിവല്ലൈല പേ. 49 ഹാഫിള് ഇബ്രാഹീമുൽ ഹർബി (വഫാത്ത് 285) യുടെ ഗരീബുൽ ഹദീസ് 2/673 എന്നീ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട് ഈ ചരിത്ര സത്യം. ഇതൊക്കെ കെട്ടുകഥകളാക്കി തള്ളിയവരുടെ താത്വികരും ഈ സത്യം അടയാളപ്പെടുത്താൻ വിട്ടുപോയില്ല. ഇബ്നു തൈമിയ്യ അൽ കലിമതു ത്വയ്യിബിലും (പുറം 120), ശൗകാനി തുഹ്ഫത്തുദ്ദാകീരിനിലും (പുറം 267) ഇത് എഴുതിയിട്ടുണ്ട്.

روينا فى كتاب ابن السني عن الهيثم بن حنش قال: كنّا عند عبد الله بن عمر رضي الله عنهما فخذرت رجله، فقال له رجل : أذكر أحبّ النّاس إليك، فقال: يامحمد ﷺ، فكأنما نشط من عقال (الأذكار للنووي ٢٤٩) و الأدب المفرد للبخاري ٢٦٢) و(طبقات ابن سعد ١١٥/٤) و (الكلم الطيب لابن تميمة : ١٢٠) و تحفة الذاكرين للشوكانى : ص/٢٦٧)

സംഭവം എടുത്തുവച്ചു കൊണ്ട് ഹദീസ് പണ്ഡിതൻ മുല്ലാ അലിയ്യുൽ ഖാരി(റ) പറയുന്നത്, ഇബ്നു ഉമർ(റ) നബി(സ്വ)യെ വിളിച്ചത് സഹാ യാർത്ഥന ഉൾപ്പെട്ട സ്നേഹപ്രകടനമായിട്ടാണ് എന്നാണ്. ശറഹുശ്ശിഫാ (3/558) യിൽ ഇതുവായിക്കാം.

وكأنه رضي الله عنه قصد به إظهار المحبة فى ضمن الإستغاثة (فانتشرت) أي رجله فى الفور (شرح الشفا . لملا علي القاري ٣/٥٥٨)

തന്റെ അരികിൽ ജീവിച്ചിരിക്കുന്നില്ലാത്ത നബി(സ)യെ വിളിച്ചു സഹായം തേടുകയാണ് ഇബ്നു ഉമർ(റ). അതിനാൽ ഇത് ശിർക്കല്ലെന്ന് വ്യക്തമാണ്. ഇമാം ബുഖാരി ഉൾപ്പെടെയുള്ള ഹദീസ് പണ്ഡിതന്മാരെല്ലാം ഈ സംഭവം ഉദ്ധരിക്കുമ്പോൾ ശിർക്കാണെന്ന സൂചനപോലും നൽകു ന്നില്ല. മാത്രമല്ല, ഇപ്രകാരം വിഷമം നേരിടുമ്പോൾ ഇപ്രകാരം ഉരുവിടണ മെന്നാണ് പഠിപ്പിക്കുന്നത്. ഈ സംഭവം ഉദ്ധരിക്കുന്ന അധ്യായത്തിന്റെ തലവാചകം 'ഒരാൾക്കു കാല് കോച്ചിവലിഞ്ഞ് വേദനിച്ചാൽ ചൊല്ലേണ്ട തെന്താണെന്ന് വിശദീകരിക്കുന്ന അധ്യായം" എന്നാണ്. അപ്പോൾ ഇങ്ങനെ ഒരു പ്രയാസം നേരിട്ടാൽ എല്ലാവർക്കും ഈ ഇസ്തിഗാസ ചെയ്യാം, ചെയ്യണം എന്നെല്ലാമാണ് ഹദീസ് പണ്ഡിതന്മാർ പഠിപ്പിക്കുന്നത്.

## 7. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)

വാണിജ്യാവശ്യങ്ങൾക്ക് എന്നതിലുപരി സാധാരണ കാര്യങ്ങൾക്കു പോലും ഒട്ടകയാത്രയെ അവലംബിക്കുന്ന കാലമായിരുന്നു പ്രവാചകന്റെ ത്. അറ്റം കാണാത്ത മരുഭൂമിയിൽ കാതങ്ങൾ ഒട്ടകപ്പുറത്ത് സഞ്ചരിച്ചാണ് ആളുകൾ ആവശ്യങ്ങൾ നിർവഹിച്ചിരുന്നത്. പലപ്പോഴും ദിവസങ്ങൾ നീണ്ട യാത്ര. ക്ഷീണിക്കുമ്പോൾ, അല്ലെങ്കിൽ സന്ധ്യയാവുമ്പോൾ വിശാലമായ മരുഭൂമിയിലെവിടെയെങ്കിലും ഒട്ടകത്തെ നിറുത്തി യാത്രികർ ഇറങ്ങി വിശ്ര മിക്കും, നിസ്കരിക്കും, ഭക്ഷണം കഴിക്കും. പലപ്പോഴും ഉറങ്ങിപ്പോയിട്ടു ണ്ടാവാം യാത്രികൻ. അപൂർവം സന്ദർഭങ്ങളിൽ ഉറങ്ങിയുണരുമ്പോൾ ഒട്ടകം അടുത്തുണ്ടായിക്കൊള്ളണമെന്നില്ല. പലർക്കും ഇത്തരം അനുഭവ ങ്ങളുണ്ട്. ബന്ധിക്കാൻ ഒന്നും കിട്ടാതാവുമ്പോൾ പ്രത്യേകിച്ചും ഒട്ടകം അല യും. അലഞ്ഞുതിരിഞ്ഞ് അതെവിടെയോ എത്തിപ്പോയിട്ടുണ്ടാവും.

പലപ്പോഴും വിലപ്പെട്ട പലതും ആ ഒട്ടകപ്പുറത്തായിരിക്കാം. വല്ലാത്തൊ രവസ്ഥയാണിത്. ആരും നിസ്സഹായരായിപ്പോവുന്ന സന്ദർഭം. അത്തരം വിഷമസന്ധികളിൽ ചെന്നുപെട്ടാൽ 'യാ ഇബാദല്ലാഹ് ഇഹ്ബിസൂ... യാ ഇബാദല്ലാഹ് ഇഹ്ബിസൂ.. (അല്ലാഹുവിന്റെ അടിയാറുകളേ എന്റെ വാഹനത്തെ ബന്ധിക്കൂ.) എന്നു വിളിച്ചു പറയാനാണ് റസൂലി(സ്വ)ന്റെ നിർദ്ദേശം. 'അല്ലാഹുവിന്ന് നിങ്ങൾ കാണാത്ത ചില അടിമകളുണ്ട്. അവർ നിങ്ങളുടെ വാഹനത്തെ ബന്ധിക്കും' എന്നാണ് റസൂൽ(സ്വ) തുടർന്ന് പറ ഞ്ഞത്. നബി(സ്വ)ശിഷ്യരിലെ കർമശാസ്ത്രവിശാരദന്മാരിലൊരാളായ

ഇബ്നുമസ്ഊദ്(റ) ആണ് ഈ വിവരം പറയുന്നത്.

عن عبد الله مسعود رضي الله عنه عن رسول اللهﷺ قال: (إذا انفلتت دابة أحدكم بأرض فلاة فليناد: يا عباد الله احبسوا يا عباد الله احبسوا فإن لله عز وجل فى الأرض حاضرا سيحبسه) (الأذكار للنووي: ١٨٤)

അദൃശ്യരായ അടിമകളോടാണീ സഹായതേട്ടം. ഇതിലൊരു കുഴപ്പവുമില്ല. അല്ലാഹുവാണ് ആ അടിമകളെ മഹോന്നത സ്ഥാനത്തേക്കുയർത്തിയത്. അല്ലാഹുവാണ് അവർക്ക് മറ്റുള്ളവരെ സഹായിക്കാനുള്ള കഴിവു നൽകുന്നത്. അല്ലാഹുവിനിഷ്ടപ്പെട്ട ജീവിതം നയിച്ചതു കാരണമാണ് അവർക്കീ ഉയർച്ച സാധ്യമായത്. അല്ലാഹുവിന്റെ സഹായമില്ലെങ്കിൽ അവരില്ല. അവരും നമ്മളും നിസ്സഹായർ. ഇവിടെ നേരിട്ട് അല്ലാഹുവിനോട് ചോദിച്ചോളൂ എന്ന മതയുക്തിവാദമല്ല റസൂൽ(സ) ശിഷ്യന്മാർക്ക് പറഞ്ഞുകൊടുക്കുന്നത്. അല്ലാഹുവിന്റെ മഹാന്മാരായ അടിയാറുകളോട് വിളിച്ചു തേടിക്കോ എന്നാണ്. ഇത് അല്ലാഹു കൊടുക്കുന്ന വലിയൊരു അംഗീകാരമാണ്. അല്ലാഹുവിനുള്ള വണക്കത്തിന്റെ ഭാഗമാണിത്. സൃഷ്ടികളോടുള്ള വണക്കത്തിന്റെ ഭാഗമല്ല. അല്ലാഹുവാണ് അവരെയും അവരുടെ കർമങ്ങളെയും സൃഷ്ടിച്ചവൻ. എത്രയോ തവണ വിശദീകരിക്കപ്പെട്ട കാര്യങ്ങളാണിതൊക്കെ. റസൂലി(സ)ന്റെ കാലത്തുതന്നെ ഇത്തരം നൂറുകണക്കിനനുഭവങ്ങൾ. പക്ഷേ, കണ്ണടച്ചിരുട്ടാക്കുന്നവർക്ക് ഇതും ഇതിലപ്പുറവും ഗുണം ചെയ്തെന്നു വരില്ല. ഇമാം നവവി(റ)യുടെ അൽഅദ്കാർ (പുറം 184), ഇബ്നുതൈമിയ്യയുടെ അൽകലിമുത്ത്വയ്യിബ് (പുറം 98), ഇബ്നുൽ ഖയ്യിമിന്റെ അൽ വാബിലുസ്സ്വയ്യിബ് (പുറം 185) എന്നീ ഗ്രന്ഥങ്ങളിൽ മേൽസംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

## 8. അബ്ദുല്ലാഹിബ്നു അബ്ബാസ് (റ)

അല്ലാഹുവിന്റെ കാവൽമാലാഖമാരുണ്ട് ഭൂമിയിൽ. അവർക്കു പുറമെ വേറെ ചിലരുണ്ട്; മരത്തിൽനിന്ന് വീഴുന്ന ഇലകളുടെ എണ്ണം പോലും എഴുതിയെടുക്കുന്നവർ. അതിനാൽ വിജനസ്ഥലത്ത് എന്തെങ്കിലും വിഷമങ്ങളിൽ പെട്ടാൽ യാ ഇബാദല്ലാഹ് അഈനൂനീ.. (അല്ലാഹുവിന്റെ അടിയാറുകളേ, സഹായിക്കുവീൻ) എന്ന് വിളിച്ചോളൂവെന്ന് റസൂൽ(സ്വ) ഇബ്നു അബ്ബാസ് (റ)നോടും പറഞ്ഞിട്ടുണ്ട്. ശരിയായ പരമ്പരയിലൂടെ ഇമാം ത്വബ്റാനി ഈ ഹദീസ് രേഖപ്പെടുത്തിയിട്ടുണ്ട്. മജ്മഉസ്സവാഇദ് (10/132)ൽ ഇത് കാണാനാവും. കൂടാതെ ഇമാം ഹൈസമി(റ) കശ്ഫുൽ അസ്താർ (4/34), ഇമാം ബൈഹഖി (റ) ശുഅബുൽ ഈമാൻ(1/445), ശൗകാനിയുടെ തുഹ്ഫതുദ്ദാകിരീൻ (പുറം 202) എന്നീ ഗ്രന്ഥങ്ങളിൽ നിന്ന് ഈ ഹദീസ് വായിക്കാം.

وعن ابن عباس رضي الله عنه أنّ رسول اﷺقال إنّ لله ملائكة فى الأرض سوى الحفظة يكتبون ما يسقط من ورق الشجر فإذا اصاب أحدكم عرجة بارض فلاة فليناد أعينوني يا عباد الله رواه الطبرانى ورجاله ثقات (مجمع الزوائد ١٣٢/١٠)

ഈ ഹദീസ് രേഖപ്പെടുത്തിയ ശേഷം മനുഷ്യർക്ക് കാണാനാവാത്ത മലാഖമാർ, സജ്ജനങ്ങളായ ജിന്നുകൾ തുടങ്ങി അല്ലാഹുവിന്റെ അടിയാറുകളോട് മനുഷ്യർക്ക് സഹായം ചോദിക്കാമെന്നതിന് ഇത് പ്രമാണമാണെന്ന് മതനവീകരണവാദികൾക്ക് സുസമ്മതനായ ശൗകാനി എഴുതിയിട്ടുണ്ട് തന്റെ ഗ്രന്ഥത്തിൽ, ഇരുനൂറ്റിരണ്ടാം പുറത്ത്.

وفى الحديث دليل على جواز الإستعانة بمن لايراهم الانسان من عباد الله من الملائكة وصالحي الجنّ (تحفة الذاكرين: ٢٠٢)

അവർക്കിടയിൽ കുഴപ്പങ്ങൾക്കും വഴക്കുകൾക്കും ഹേതുവായ ഒരു ഹദീസ് അല്ല ഇതെന്ന് ശൗകാനിയുടെ വിവരണത്തിൽ നിന്ന് സ്പഷ്ടം.

## 9. ബിലാലുബ്നുൽ ഹാരിസ് (റ)

ഉമർ(റ)വിന്റെ ഭരണകാലത്തെ ജലക്ഷാമം പ്രസിദ്ധമാണ്. അന്ന് സ്വഹാബിയായ ബിലാലുബ്നു ഹാരിസ്(റ) തിരുനബിയുടെ ഖബ്റിനരികിൽ ചെന്നു. എന്നിട്ട് പറഞ്ഞു. നബിയേ അങ്ങയുടെ സമുദായത്തിന് വേണ്ടി അങ്ങ് അല്ലാഹുവിനോട് മഴ ചോദിക്കണേ. അവർ വിഷമിച്ചിരിക്കുകയാണ്. ബിലാലുബ്നു ഹാരിസി(റ)ന് മറുപടി കിട്ടി; സ്വപ്നത്തിൽ. തിരുനബി (സ)പറഞ്ഞു: ഉമറിനെ കാണുക. എന്നിട്ടെന്റെ സലാം പറയുക. മഴ കിട്ടുമെന്ന് പറഞ്ഞേക്കുക. കൂട്ടത്തിൽ ഭരണം ഒന്നുകൂടി മൃദുവാക്കാൻ പറയണം. ഇതനുസരിച്ച് ആ സ്വഹാബി ഉമർ(റ) വിനെ കണ്ട് കാര്യം ഉണർത്തിയപ്പോൾ സത്യത്തിന്റെ പ്രകടരൂപമായ ഖലീഫയെ ഒരു എതിർപ്പും പറഞ്ഞില്ല. താൻ ഒരു മുശ്രിക്കാണ് എന്നൊന്നും വിവർശിച്ചില്ല...! തന്റെ അനുയായികളിൽപ്പെട്ട ഒരാൾ തെറ്റുചെയ്താൽ ശിക്ഷിക്കാതിരിക്കുന്നത് പോകട്ടെ ഒന്ന് വിമർശിക്കാനോ സത്യാവസ്ഥ ബോധ്യപ്പടുത്താനോ പോലും ഉമറുൽ ഫാറൂഖ് (റ) തയ്യാറായില്ലെന്ന് വിശ്വസിക്കണോ നാം? അതോ ഇസ്തിഗാസ കുറ്റകരമല്ലന്നോ?

എത്ര ലളിതമായ കാര്യങ്ങൾ. മഴയില്ലാതായപ്പോൾ എന്തുചെയ്യണമെന്ന് ആരും പറഞ്ഞു കൊടുത്തില്ല. എന്തുപറയണമെന്നതും സംശയമായില്ല. ആരോട് പറയണമെന്നതും ആശയക്കുഴപ്പമായില്ല. ഉമർ(റ)വിനോട് കാര്യം പറഞ്ഞപ്പോഴും കുഴപ്പമില്ല. വല്ല കുഴപ്പവും ഉണ്ടായിരുന്നെങ്കിൽ ഉമർ(റ) ഉടൻ നടപടി എടുക്കുമായിരുന്നു. ചരിത്രം മറ്റൊന്നായി വായിക്കണമായിരുന്നു നാം.

ദലാഇലുന്നുബുവ്വ 7/47ലും മുസന്നഫു ഇബ്നി അബീ ശൈബ: 7/482ലും ഹാഫിസ് ഇബ്നു കസീർ അൽ ബിദായത്തു വന്നിഹായയി

ലും(7/74), അബു യഹ്‌ലാ കിതാബുൽ ഇർഷാദിലും (1/113, 14), ഇമാം ബുഖാരി താരീഖുൽ കബീറിലും (7/304) ഇക്കാര്യം ഉദ്ധരിക്കുമ്പോൾ അവിടെയെവിടെയും നേരിയ ഒരഭിപ്രയാന്തരം പോലും എഴുതിവെച്ചിട്ടില്ല.

وقال الحافظ ابوبكر البيهقى : أخبرنا أبونصربن قتادة وابوبكر الفارسى قال:حدثنا ابو عمربن مطر حدثنا إبراهيم بن على الذهلي حدثنا يحيى بن يحيى حدثنا ابومعاوية عن الأعمش عن أبى صالح عن مالك قال: أصاب الناس قحط فى زمن عمربن الخطاب فجاء رجل إلى قبر النبي ﷺ فقال: يارسول الله استسق اللهلأمتك قد فإنهمهلكوا. فأتاه رسول الله ﷺ فى المنام فقال: (إيت عمر فأقره مني السلام وأخبرهم أنهممسقون، وقل له عليك باالكيس الكيس) فأتى الرجل فأخبر عمر فقال: يا ربِّ ما آلوا إلاّما عجزت عنه وهذا إسناد صحيح (البداية والنهاية: ٧٤/٧) مصنفابن ابي شيبة ٤٨٢/٧، دلائل النبوة ٤٧/٧، تاريخ الكبير ٣٠٤/٧، كتاب الإرشاد ٣١٣/١

ബിലാലുബ്നു ഹാരിസാണ് തിരുനബിയുടെ ഖബ്റിനരികിൽ ചെന്ന് ഈ ആവലാതി പറഞ്ഞതെന്ന് ഹാഫിള് ഇബ്നു ഹജറിൽ അസ്ഖലാനി ഫത്ഹുൽ ബാരി(5/180) യിലും തഖ്‌രീബുത്തഅ്ദീബിലും(1/109) രേഖപ്പെടുത്തിയിട്ടുണ്ട്. അൽ ബിദായ വന്നിഹായ 7/91ൽ നിന്നും ഇത് ഗ്രഹിക്കാം.

وقد روي سيف في الفتوح أن الذي رأى المنام المذكور هو بلال بن الحارث المزنى أحد الصحابة (فتح البارى ١٨٠/٥) و نقريب التهذيب للعسقلاني١٠٩/١)

പ്രവാചകരുടെ പൂമുഖത്തു നിന്ന് ഇസ്‌ലാം പഠിച്ചവർക്കില്ലാത്ത 'ഭക്തി' എടുത്തണിയുന്നവർ ഏതായാലും മതത്തിന്റെ മതിലുപൊളിക്കാൻ വന്നവർ തന്നെയാണ്.

## 10. ഖാലിദുബ്നുൽ വലീദ്(റ)

തൗഹീദിന് വേണ്ടി ധീരമായി നിലകൊണ്ട് നിരവധി യുദ്ധങ്ങളിൽ ഇസ്‌ലാമിക വിജയത്തിന്റെ വെന്നിക്കൊടി പറപ്പിച്ച മഹാനായ ഖാലിദുബ്നുൽ വലീദ് (റ). യുദ്ധങ്ങളിൽ തന്റെ വിജയത്തിനുള്ള പ്രധാന കാരണം നബി (സ്വ)യുടെ തിരുകേശം താൻ ധരിക്കുന്ന തൊപ്പിയുടെ ഉള്ളിൽ തുന്നിച്ചേർത്ത് അതിലൂടെ അഭൗതികമായ ഒരു ഇടതേട്ട മായിരുന്നു പ്രസിദ്ധമായ ഒരു സംഭവം കാണുക.

وأخرج الطبراني في الكبير وأبو يعلى ورجالهما رجال الصحيح عن جعفر بن عبد الله بن الحكم ان خالد بن الوليد فقد قلنسوة له (يوم اليرموك)فقال: اطلبوها فلم يجدوها فقال أطلبوها فوجدوها فأذا قلنسوة خلقة فقال خالد اعتمر رسول الله صلى عليه وسلم فحلق رئسه فابتدر الناس جوانب شعره فسبقتهم إلى ناصيته فجعلتها فى

هذه القلنسوة فلم أشهد قتالا-وهي معي-إلارزقت النصر اه
(المعجم الكبير للطبراني:٣-٨٠٤، المستدرك للحاكم:٣-٣٣٩، مجمع الزوائد للهيثمي
:٩-٣٤٩،در السحابة فى مناقب القرابة والصحابة للشوكاني: ص٤٣٥، صفة الصفوة
لابن الجوزي:١-٢٤٧، الخصائص الكبري للسيوطي: ١-٦٨، المطالب العالية لابن حجر
العسقلاني:٣-١٧٦وغيرهم)

ജഅ്ഫർ ബ്നു അബ്ദുല്ലാഹിൽ ഹകം(റ) പറയുന്നു: യർമൂക് യുദ്ധം നടന്ന് കൊണ്ടിരിക്കുമ്പോൾ സേനാനായകനായ ഖാലിദുബ്നുൽവലീദ്(റ)ന്റെ തൊപ്പി നഷ്ടപ്പെട്ടു. ഉടനെ അദ്ദേഹം പറഞ്ഞു.ആതൊപ്പി തിരഞ്ഞു കണ്ടുപിടിക്കുവീൻ. സൈന്യം പലഭാഗത്തും തിരഞ്ഞെങ്കിലും തൊപ്പി ലഭ ച്ചില്ല. വീണ്ടും വീണ്ടും ഖാലിദ്(റ) ഈ കൽപ്പന ആവർത്തിച്ചു. തെരച്ചിൽ ശക്തമായി. അവസാനം തൊപ്പി ലഭിച്ചു. അപ്പോൾ ആതൊരു പഴകിയ തൊപ്പി ആയിരുന്നു .ഈ തൊപ്പിക്കുവേണ്ടിയാണോ ഇത്രയും സമയം വിനി യോഗിച്ചത് എന്ന സ്വഹാബികളുടെ സംശയത്തിന് മറുപടിയായി ഖാലിദ്(റ) ഇപ്രകാരം പറഞ്ഞു. നബി(സ) ഒരിക്കൽ ഉംറ നിർവഹിച്ച് മുടികളഞ്ഞ പ്പോൾ തിരു കേശം ലഭിക്കാനായി ജനങ്ങൾ നബി(സ)യുടെ ചുറ്റും കൂടി. സ്വഹാബികളുടെ സംഘത്തിൽ ഞാൻ മുൻപന്തിയിൽതന്നെയുണ്ടായിരുന്നു. നബി(സ)യുടെ തല മൂർദ്ധാവിലുള്ള തിരു കേശമാണ് ഞാൻ കൈക്കലാ ക്കിയത്. എന്റെ ഈതൊപ്പിയിൽ ഞാനത് തുന്നിച്ചേർത്തിട്ടുണ്ട്. ഞാനേ തൊരു യുദ്ധത്തിൽ സംബന്ധിക്കുമ്പോഴും ഈതിരുകേശമുള്ള തൊപ്പി ധരിച്ചിട്ടല്ലാതെ പോവാറില്ല. അതുകൊണ്ട്തന്നെ ഏത് യുദ്ധത്തിലും എനിക്ക് വിജയം ലഭിക്കാറുമുണ്ട്. (അൽ മത്വാലിബുൽആലിയ.3-176 ഹാഫിള് ഇബ്നു ഹജർ(റ), സ്വിഫതുസ്സ്വഫ്‌വ 1-247 ഹാഫിള് ഇബ്നുൽജൗസി(റ), മജ്മഉസ്സ വാഇദ് 9-349 ഹാഫിള് ഹൈസമി(റ), ദുർറുസ്സ്വഹാബ 435 ശൗക്കാനി ,അൽഖ സ്വാഇസുൽ കുബ്റ 1-68ഹാഫിള് സുയൂഥി, അൽമുഅ്ജമുൽകബീർ.3-804 ഇമാം ത്വബ്റാനി(റ),അൽമുസ്തദ്റക് 3-339 ഇമാംഹാകിം(റ),

നബി(സ)യുടെ തിരുകേശം തലയിൽവെച്ച് അതിലൂടെ അഭൗതിക രൂപത്തിൽ ഇടതേട്ടം നടത്തുകയും മറഞ്ഞ വഴിയിലൂടെ സഹായം പ്രതീ ക്ഷിക്കുകയും ചെയ്ത ഖാലിദുബ്നുൽവലീദ്(റ) നബി(സ)യിൽനിന്ന് തൗഹീദ് പഠിച്ചവരാണ്. അഭൗതിക രൂപത്തിൽ അല്ലാഹു അല്ലാത്തവ രിൽനിന്ന് മനസ്സ് കൊണ്ട് സഹായം തേടിയാൽപോലും അത് ശിർക്കാ ണെന്ന മുജാഹിദ് വാദം (എ.പി.അബ്ദുൽഖാദർമൗലവിയുടെ ദൈവ വിശ്വാസം ഖുർആനിൽ പേ........കാണുക.) സ്വഹാബത്തിന് പരിചയമില്ല മുജാഹിദ് തൗഹീദ് ഇവരുടെ സ്വയം സൃഷ്ടിയാണെന്ന് സ്പഷ്ടം.

## 11. ഉഖ്ബത്തുബ്നു ആമിർ(റ)

നബി(സ)യിൽ നിന്ന് നിരവധി ഹദീസുകൾ റിപ്പോർട്ടു ചെയ്ത പ്രമുഖ സ്വഹാബിവര്യൻ. നിരവധി സമരങ്ങളിൽ സംബന്ധിച്ചിട്ടുള്ള ഉഖ്ബ(റ) ശാം

യുദ്ധങ്ങളിൽ മുൻപന്തിയിൽ നിന്ന് പോരാടി. ശാം മുസ്‌ലിംകൾക്ക് അധീന പ്പെട്ടപ്പോൾ മദീനയിലുള്ള ഉമർ(റ)വിന് ഡമസ്കസിന്റെ ഈ വിജയം അറി യിക്കാനായി നിയുക്തനാക്കപ്പെട്ടത് ഉഖ്ബ(റ) ആയിരുന്നു. ശാമിൽ നിന്നും ഏഴ് ദിവസം യാത്ര ചെയ്ത് കൊണ്ടദ്ദേഹം മദീനയിലേക്ക് എത്തി. ഉമർ(റ)വിനെ കണ്ട് ശാം വിജയവും വിശേഷങ്ങളും കൈമാറി. തിരിച്ച് പോവാൻ തീരുമാനിച്ച ഉഖ്ബ(റ) യാത്ര ദൈർഘ്യം ചുരുങ്ങി കിട്ടാൻ ആഗ്രഹിക്കുന്നു. പരിഹാരത്തിന് പോകുന്നത് നബി(സ)യുടെ ഖബർ ശരീഫിലേക്കായിരുന്നു. അവിടെ വെച്ച് ദുആ നടത്തുകയും യാത്രാദൈർഘ്യം ചുരുങ്ങി കിട്ടാൻ നബി(സ)യോട് ശുപാർശ തേടുകയും ചെയ്തു. അക്കാരണത്താൽ ഏഴ് ദിവസമുള്ള യാത്ര ചുരുങ്ങി രണ്ടര ദിവസം കൊണ്ട് ഉഖ്ബ(റ) ശാമിലേക്ക് തിരിച്ചെത്തി. ഈ സംഭവം ഇമാം നവവി(റ) തന്റെ തഹ്ദീബുൽ അസ്മാഇ വല്ലുഗാത്തിൽ ഇപ്രകാരം എഴുതുന്നു.1/309

(عقبة بن عامر).... و شهد فتوح الشام وهو كان البريد الى عمر بن الخطاب (ر) بفتح دمشق ووصل المدينة فىسبعةايام. ورجع منها الى الشام فى يومين ونصف بدعائه ، عند قبر رسول الله ﷺ وتشفعه به فى تقريب طريقه اه

تهذيب الأسماء واللغات.١-٣٠٩

ഈ സംഭവം ഹാഫിള് യൂസുഫു സ്സ്വാലിഹിശ്ശാമി (റ) തന്റെ സുബുലുൽ ഹുദാ വർറശാദ് 12/407ലും രേഖപ്പെടുത്തിയിട്ടുണ്ട്.

ആഗ്രഹ സഫലീകരണത്തിന് മഖ്ബറകളിലേക്ക് പോകുന്നത് ഇസ്‌ലാമിക ശൈലിയല്ലെന്നും അത് മക്കാ മുശ്‌രിക്കുകളുടെയും ജൂത ക്രൈസ്തവരുടെയും സ്വഭാവമാണെന്നും മലയാളത്തിൽ എഴുതിയ മുജാഹിദുക(ഇസ്‌ലാഹ് മാസിക)ളുടെ ഭാഷയിൽ റസൂൽ(സ)ൽ നിന്ന് തൗഹീദ് പഠിച്ച ഈ സ്വഹാബി ആരായിരിക്കും? അതുദ്ധരിച്ച് അംഗീകരിച്ച ഇമാം നവവി(റ)യോ? ഇവർക്കൊന്നുമില്ലാത്ത തൗഹീദല്ലേ ബിദഇകൾ വാരിപ്പുണരുന്നത്? മുസ്‌ലിംകൾക്ക് ഈ ദുർവ്യാഖ്യാന ഭണ്ഡാരം ആവശ്യമില്ല.

## 12. സവാദ്ബ്നുൽ ഖാരിബ്(റ)

ജീവിതകാലത്തും വിയോഗശേഷവും നബി(സ്വ)യോട് 'ശിപാർശ ചെയ്യണേ' എന്നു യാചിച്ചവർ നിരവധി. അക്കൂട്ടത്തിൽ പ്രഗത്ഭന്മാർ അവിടുത്തെ ശിഷ്യന്മാർ തന്നെ. നക്ഷത്ര സമാനരെന്നും അവരിൽ ആരെ തുടർന്നാലും നിങ്ങൾ സന്മാർഗത്തിലായി എന്ന് തിരുനബിയാൽ അംഗീകാരം കിട്ടിയവർ. അവരിലൊരാളാണ് സവാദുബ്നു ഖാരിബ് (റ). അറിയപ്പെട്ട കവിയാണദ്ദേഹം. തിരുനബിയുടെ ശിപാർശ യാചിച്ചുകൊണ്ട് അദ്ദേഹം പാടിയ കവിതകളിലൊന്നിലെ ഇങ്ങനെയൊരു വരിമാത്രം ഇവിടെ കുറിക്കാം.

وكن لي شفيعا يوم لا ذو شفاعة × سواك بمغن عن سواد بن قارب

(أعلام النبوة للماوردي : ٢٥٢ و فتح الباري : ١٨٠/٧، الاصابة فى تمييز الصحابة الحافظ العسقلانى ٢٩٤/٤)

ഒരാൾക്കും ശഫാഅത്തിനർഹതയില്ലാത്ത നാളിൽ എനിക്കത് നൽകണേയെന്നാണ് സവാദ്(റ)ന്റെ താല്പര്യം. ഫത്ഹുൽബാരി (7/180)യിലും ഇമാം മാവർദി(റ)യുടെ അഅ്ലാമുന്നുബുവ്വ: (പുറം : 252)യിലും ഇതു കാണാം.

## 13. മദീനക്കാരുടെ ഇസ്തിഗാസ

സഹാബി പ്രമുഖൻ മുആവിയ(റ)യുടെ ഖിലാഫത്തു കാലത്ത് ഇറാഖ് പ്രവിശ്യ ഭരണപരമായും അഭ്യന്തര പ്രശ്നങ്ങളാലും തിളച്ചു മറിയുകയായിരുന്നു. ഒരാളെയും അംഗീകരിക്കാതെ ഏത് ഗവർണറെ നിശ്ചയിച്ചാലും അദ്ദേഹത്തോട് കയർക്കാനും കയ്യേറ്റം ചെയ്യാനും ശ്രമിക്കുന്ന പതിവായിരുന്നു അവർക്ക്. അപ്പോഴാണ് സിയാദ് ബ്നു അബീഹിയെ മുആവിയ(റ) ഇറാഖിലേക്ക് ഗവർണറായി നിയമിച്ചത്. അധികാര സ്വാധീനം കൊണ്ട് അദ്ദേഹം ഇറാഖികളെ തന്റെ കരവലയത്തിൽ ഒതുക്കി ഭരണരംഗം ശാന്തമാക്കി. രാജ്യത്ത് സമാധാനം ഉണ്ടാക്കാൻ ശ്രമിച്ചു. അതിന് ശേഷം അദ്ദേഹം ഖലീഫയായ മുആവിയ(റ)വിന് കത്തെഴുതി. പ്രധാനമായും കുറിച്ചത് ഇതായിരുന്നു. "നിശ്ചയം ഇറാഖിനെ ഞാൻ എന്റെ വലതു കയ്യിൽ ഒതുക്കിയിരിക്കുന്നു. എന്റെ ഇടതുകൈ ഒഴിഞ്ഞ് കിടക്കുന്നു. അതിനാൽ ഹിജാസ് പ്രവിശ്യയുടെ ചുമതലകൂടി നൽകി എന്റെ ഇടതു കൈയ്യിന് ജോലി നൽകുക." ഈ എഴുത്ത് ലഭിച്ചപ്പോൾ ഹിജാസി(മക്കയും മദീനയും ഉൾപ്പടെയുള്ള പ്രദേശം) ന്റെ ഗവർണർ പദവി സിയാദിന് നൽകിക്കൊണ്ട് ഖലീഫ ഉത്തരവിട്ടു. അതോടെ ഹിജാസിലുള്ളവരെല്ലാം ഭയവിഹ്വലരായി.

അല്ലാമ മസ്ഊദി(റ) എഴുതുന്നു:

وفي سنة ثلاث وخمسين هلك زياد بن أبيه بالكوفة في شهر رمضان وكان يكنى ابا المقبرة، وقدكان كتب الى المعاوية أنه قدضبط العراق بيمينه وشماله فارغة فجمع له الحجاز مع العراقين اتصلت ولا يته بأهل المدينة فاجتمع الصغير والكبير بمسجد رسول الله ﷺ و ضجوا الى الله ولاذوابقبر النبيى ﷺ ثلاثة أيام، لعلم بماهو عليه من الظلم والعسق وخرجت في كفه بثرة ثم حكها ثم مرت واسودت فصارت آ كله سوداء فهلك بذلك وهو ابن خمس وخسين سنة

(مروح الذهب للعلامة مسعودي ٣٥/٣)

قال العصامي في سمط النجوم :لما سمع بولايته أهل المدينة اجتمع الكبير والصغير بمسجد رسول الله ﷺ، وقدموا ابن عمر فاستقبل القبلة ودعا معهم، وكان من دعائه أن قال اللهم، اكفنا يمين زياد وضجوا إلي الله تعالي، ولا ذوا بقبر النبي ﷺ ثلاثة أيام إلخ. (سمط النجوم العوالي في أنباء الأوائل لعبد الملك العصامي:٢-٥٢)

മദീനയുടെ ഭരണപദവി സിയാദിന് ലഭിച്ചെന്ന വിവരമറിഞ്ഞപ്പോൾ മദീനക്കാരായ മുഴുവനാളുകളും ചെറിയവരും വലിയരുമുൾപ്പെട്ടെ എല്ലാവരും മദീനയിലെ റസൂലുല്ലാഹി(റ)യുടെ പള്ളിയിൽ ഒരുമിച്ചു കൂടി സ്വഹാബി പ്രമുഖർ അബ്ദുല്ലാഹിബ്നു ഉമർ(റ)വിന്റെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. ഇബ്നു ഉമർ(റ)വിന്റെ പ്രാർത്ഥനയിൽ ഇപ്രകാരം ഉണ്ടായിരുന്നു : "അല്ലാഹുവേ, സിയാദിന്റെ കയ്യിനെ ഞങ്ങളെ തൊട്ട് തടയണേ, അവർ അല്ലാഹുവിലേക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും മൂന്നു ദിവസം നബി(സ)യുടെ ഖബറിങ്കൽ അഭയം പ്രാപിക്കുകയും ചെയ്തു. സിയാദിന്റെ അക്രമവും അധാർമിതയും നരവേട്ടയും അത്രയും ഭയങ്കരമാണെന്ന് അറിയുന്നത് കൊണ്ടാണവർ ഇപ്രകാരം ചെയ്തത്.

ഇബ്നു ഉമർ(റ) നബി(സ)യുടെ ഖബർ ശരീഫിനെ അഭയകേന്ദ്രമാക്കി പ്രാർത്ഥിച്ചതിനാൽ സിയാദിന്റെ കയ്യിൽ വലിയ 'മുഴ' പൊന്തുകയും അത് മാന്തിയപ്പോൾ പൊട്ടി ഒലിക്കുകയും ചെയ്തു. പിന്നീടത് മാറാവ്യാധിയായി, അക്കാരണത്താൽ വളരെ മോശമായി മരിക്കുകയും ചെയ്തു.

ഈ അനുഭവം വിശ്രുത ചരിത്രകാരൻ ഹി. 346ൽ മരണപ്പെട്ട അല്ലാമാ മസ്ഊദി(റ)തന്റെ മുറൂജുദ്ദഹബ് 3/35ലും അല്ലാമാ അബ്ദുൽ മലിക് അൽ ഉസ്സാമി(റ) തന്റെ സിമത്തുന്നുജൂമിൽ അവാലീ 2/52ലും രേഖപ്പെടുത്തിയിട്ടുണ്ട്.

സഹാബികളും താബിഉകളും ഒന്നിച്ച് മദീനയിലെ നബി(സ)യുടെ ഖബറിനരികിൽ അഭയം പ്രാപിച്ച ഈ സംഭവം നടക്കുന്നത് ഹിജ്റ 53ലായിരുന്നു എന്ന് മുറൂജുദ്ദഹബിൽ കാണാവുന്നതാണ്. ഉത്തമ നൂറ്റാണ്ടിൽ ഉത്തമന്മാരായ മഹദ് വ്യക്തിത്വങ്ങൾ ചെയ്ത ഈ സുകൃതം എങ്ങനെ ശിർക്കാവും? ഇവരൊക്കെ തൗഹീദും ശിർക്കും അറിയാത്തവരോ?

നബി(സ)യുടെ ഖബറിനെ അഭയകേന്ദ്രമായി പ്രഖ്യാപിച്ച ഇവരെല്ലാവരും മുശ്രിക്കുകളാണെന്ന് പ്രഖ്യാപിക്കാൻ മുജാഹിദുകൾ ധൈര്യം കാണിക്കുമോ?

## 15. അലിയ്യുബ്നുൽ ഹുസൈൻ(റ)

നബി(സ)യുടെ പൗത്രനും അലി(റ)വിന്റെ മകനുമായ ഹുസൈൻ (റ)ന്റെ പുത്രൻ അലി(റ) നബി(സ)യുടെ ഖബർ ശരീഫിനരികിൽ ചെന്നു പ്രാർത്ഥിക്കുകയും ആ ഖബർ ശരീഫിനെ അഭയകേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തവരാണെന്ന് സത്യ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഇസ്‌ലാമിക ചരിത്രത്തിൽ കുപ്രസിദ്ധനായ യസീദുബ്നു മുആവിയ യുടെ ഭരണകാലത്ത് കർബലയിൽ വച്ച് പ്രവാചക പൗത്രൻ ഹുസൈൻ(റ)വിനെ വധിക്കുകയും നബി(സ) കുടുംബത്തെ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തത് പ്രസിദ്ധമാണല്ലോ. അവരിൽ നിന്ന് അവ ശേഷിച്ചവർ സയ്യിദ് അലി സൈനുൽ ആബിദീൻ(റ) ആയിരുന്നു.

യസീദിന്റെ ഭരണം മക്കയിലേക്കും മദീനയിലേക്കും കൂടി വ്യാപിച്ചപ്പോൾ ജനങ്ങൾ പ്രയാസപ്പെട്ടു. യസീദിന്റെ അക്രമവും അധാർമിതകയും നിറഞ്ഞ ഭരണത്തിനെതിരെ ജനങ്ങൾ സംഘടിച്ചു. ഇതറിഞ്ഞ യസീദ് തന്റെ ഭരണ തലസ്ഥാനമായിരുന്ന ശാമിൽ നിന്ന് മുസ്‌ലിമുബ്നു ഉഖ്ബത്തൽ മുർരീ എന്നയാളുടെ നേതൃത്വത്തിൽ സർവ്വ സജ്ജരായ ഒരു സൈന്യത്തെ മദീന യിലേക്ക് നിയോഗിച്ചു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസ്തുത സൈന്യം മദീനയിൽ കളവും കവർച്ചയും കൊലയും നടത്തി അഴിഞ്ഞാടി 'അൽ ഹർറത്ത് എന്ന സ്ഥലത്ത് വച്ച് മദീനക്കാരും യസീദിന്റെ സൈന്യവും തമ്മിൽ ഏറ്റുമുട്ടി. അൻസ്വാറുകളും മുഹാജിറുകളുമായ സ്വഹാബികളുടെ കുടുംബങ്ങളിലെ ഇരുന്നൂറോളം മഹാത്മാക്കളും നാലായിരത്തിലധികം മറ്റു ള്ളവരും കൊല്ലപ്പെട്ടു. അന്നുണ്ടായിരുന്ന പ്രമുഖരായിരുന്നു കൊല്ലപ്പെട്ടവർ. യസീദിന്റെ അടിമകളാണെന്ന് പറഞ്ഞാൽ അവർക്ക് രക്ഷയും സംരക്ഷ ണവുമുണ്ടായിരുന്നു. യസീദിന്റെ നെറികേടും കിരാത ഭരണവും അംഗീക രിക്കില്ലെന്ന് പറയുന്നവരെ ഉടനടി ഖഡ്ഗത്തിനിരയാക്കുന്ന അവസ്ഥയായി രുന്നു ഉണ്ടായിരുന്നത്. അതിൽനിന്നും മുക്തരായത രണ്ടു മഹാന്മാരുണ്ടാ യിരുന്നു. ഒന്ന് അലിയ്യുബ്നു ഹുസൈനിബ്നു അലിയ്യുബ്നു അബീത്വാല ബ്(റ). മറ്റൊന്ന് അലിയ്യുബ്നു അബ്ദില്ലാഹിബ്നു അബ്ബാസ് ഇബ്നു അബ്ദിൽ മുത്തലിബ്(റ). ഇവരെ അക്രമിക്കാനും പീഡിപ്പിക്കാനും കഴിഞ്ഞി ല്ല. ഇമാം മസ്ഊദി(റ) എഴുതുന്നു; "ജനങ്ങളെല്ലാം അല്ലിയ്യുബ്നു ഹുസൈൻ(റ)ലേക്ക് നോക്കി അപ്പോൾ മഹാനവർകൾ റസൂലി(സ്വ)ന്റെ ഖബ റിങ്കൽ ചെന്ന് അഭയം തേടുകയും രക്ഷപ്രാപിക്കുകയും ചെയ്തു കൊണ്ട് ദുആ ചെയ്യുകയായിരുന്നു. (മുറൂജുദ്ദഹബ് 3/80)

ونظر الناس إلى علي بن الحسين السجاد وقد لاذ بالقبر وهو يدعو . اه

(مروج الذهب ٨٠-٣)

പ്രതിസന്ധി ഘട്ടത്തിലും നബി(സ)യുടെ ഖബ്റിന്നരികിൽ ചെന്ന് രക്ഷ തേടുന്ന ഈ മഹാത്മാവിന്, ഹുസൈൻ(റ)വിന്റെ പുന്നാര മകന് തൗഹീദും ശിർക്കും മനസ്സിലായില്ലെന്ന് ബുദ്ധിയുള്ളവർ സമ്മതിക്കുമോ? ഇത് നട ന്നത് ഹിജ്റ അറുപതികളിലായിരുന്നു.

## 15. ബീവി സൈനബ(റ)

കർബലയിൽ തിരുദൂതരുടെ പേരമകൻ ഹുസൈൻ(റ)നെ ശത്രുക്കൾ വെട്ടി നുറുക്കുന്നനേരം. പേരമകൾ സൈനബ(റ)ക്ക് ഹൃദയം പൊട്ടി. അവൾ തന്നെ ത്തന്നെ മറന്ന് ആർത്തുവിളിച്ചു: "യാ, മുഹമ്മദാഹ്, യാ മുഹമ്മദാഹ്.. അവി ടുത്തെ പേരമകനെ ഇതാ ശത്രുക്കൾ ഇഞ്ചിഞ്ചായി നുറുക്കുന്നു തിരുദൂതരേ,"

فلمّا مرّوا بالقتلي صاحت زينب بنت علي بن الحسين رضي الله عنهم مستغيثة بالنبيّ ﷺ : يا محمّداه، يا محمّداه، هذا حسين بالعراء مزمل بالدماء مقطع الأعضاء، يا محمّداه (مصباح الظلام: ٧٣ للمراكشي)

ഹുസൈൻ(റ)ന്റെ മകന്റെ മകളാണ് സൈനബ(റ). ആപത്തു വരുമ്പോൾ അല്ലാഹുവിനെ മാത്രമേ വിളിക്കാവൂ; മറ്റാരെയും വിളിക്കരുത് എന്ന 'അച്ചടക്കം' അവർക്കാരും പറഞ്ഞുകൊടുത്തില്ലെന്ന് വരുമോ? ഹൃദയം നുറുങ്ങുമ്പോൾ മനസ്സിന്റെ ആഴങ്ങളിൽ നിന്നുയരുന്ന ഈ വിളിയുടെ പേരിൽ അവിടെ കൂടിയ സ്വഹാബികളാരും അവരെ ശാസിച്ചില്ല. അവരുടെ നിലവിളി ഇന്നും ചരിത്രത്തിന്റെ കാതിലലക്കുന്നുണ്ട്. വിശ്വാസത്തിൽ നിന്ന് പുറത്തുപോവുന്ന കാര്യമോ ശിർക്ക്-ബഹുദിവ്യത്വം വന്നുചേരുന്ന കാര്യമോ അല്ല ഇതൊന്നും എന്നാണ് ഓരോ സംഭവവും തെളിയിച്ചു കാട്ടുന്നത്. ഇമാം മറാകിശി(റ)യുടെ മിസ്ബാഹുള്ളലാം എഴുപത്തിമൂന്നാം പുറത്തിൽ ഈ വസ്തുത കാണാം

## 16. സൽമാനുബ്നു റബീഅ(റ)യുടെ മഖ്ബറയിൽ

തുർക്കിയിലെ ജനങ്ങൾ സൽമാനു റബിഅ(റ)യുടെ ഖബ്റിന്നരികെ ചെന്ന് മഴ ചോദിക്കാറുണ്ടായിരുന്നുവെന്ന് പറയുന്നത് വഹാബികൾക്ക് സ്വീകാര്യനായ ഹാഫിളുദ്ദഹബി തന്നെയാണ്. അദ്ദേഹത്തിന്റെ ദുവലുൽ ഇസ്ലാം എന്ന ഗ്രന്ഥം (1/20) ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു.

إنّ الترك يستسقون بقبره وقد جعلوه في تابوت . (دول الإسلام للذهبى : ١/ ٢٠)

## 17. അബൂഅയ്യൂബിൽ അൻസാരി(റ)യുടെ മഖ്ബറയിൽ

. സൽമാനുബ്നു റബീഅ (റ)യുടെ ഖബറിന്നരികിൽ ചെന്ന് തുർക്കിക്കാർ മഴചോദിക്കുന്നത് നാം കണ്ടു. ഇനി ഈജിപ്തുകാരുടെ കാര്യം. അവർ ജലക്ഷാമം നേരിടുമ്പോൾ അബൂ അയ്യൂബിൽ അൻസാരി(റ)യുടെ ഖബറിന്നരികിൽ ചെല്ലാറുണ്ട്. അവിടെ സിയാറത്ത് ചെയ്യുകയും മഴയെ തേടുകയും ചെയ്തിരുന്നു. ഇമാം ഹാകിമിന്റെ മുസ്തദ്റക് (3/518 - നമ്പർ 5929, 1527) ഇമാം സുയൂഥിയുടെ ദുർറുസ്സഹാബ ഫീമൻ ദഖല മിസ്റ മിനസ്സ്വഹാബ(പുറം: 115), ഇമാം സ്വഫൂരിയുടെ നുസ്ഹത്തുൽ മജാലിസ് (2/191) ഇബ്നുൽ ജൗസിയുടെ സ്വിഫതുസ്വഫ്വ (1/470) എന്നീ ഗ്രന്ഥങ്ങളിൽ ഇക്കാര്യം വിശദീകരിക്കുന്നുണ്ട്.

قال الحاكم: يتعاهدون قبره ويزورونه ويستسقون به إذا قحطوا

(المستدرك للحاكم: ٥١٨/٣، رقم ١٥٢٧/٥٩٢٩)

ഒന്നാം നൂറ്റാണ്ടിലെ ഇസ്തിഗാസയുടെ ചെറിയ ചരിത്രത്തുണ്ടുകൾ മാത്രമാണിവിടെ അടുക്കിവച്ചത്. ഈ ചരിത്രമഹത്തുക്കളിൽ നിന്നാണ് ലോകത്തിന് ഇസ്ലാമിന്റെ പ്രകാശം കിട്ടുന്നത്. ഇവരൊക്കെ ഇസ്ലാമിന്ന് പുറത്താണെങ്കിൽ ആ വെളിച്ചം എങ്ങനെ പരിപൂർണമാവും. ഇസ്ലാമിന്റെ തായ്വേരിലേ കളങ്കമുണ്ടെന്ന് വരുത്താനുള്ള ഗൂഢാലോചകരുടെ കയ്യിലെ കളിപ്പാവകളായിപ്പോയവരോടെന്തു പറയാൻ.

# രണ്ടാം നൂറ്റാണ്ട്

## 1. മുഹമ്മദുബ്നുൽ മുൻകദിർ(റ) (വഫാത്ത് 130)

ഹദീസു പണ്ഡിതർക്കിടയിലെ വെള്ളിനക്ഷത്രമാണ് പ്രമുഖ താബിഈ പണ്ഡിതൻ ഇബ്നുൻ മുൻകദിർ എന്ന മുഹമ്മദ് ഇബ്നുൽ മുൻകദിർ അത്താബിഇയ്യ്(റ).ആയിരക്കണക്കായ ഹദീസുകൾ മനഃപാഠം.

ഹിജ്റ മുപ്പതുകളിൽ ജനിച്ച മഹാനവർകൾ സ്വഹാബി പ്രമുഖരായ ബീവി ആയിശ(റ), അബൂ ഹുറൈറ(റ), ഇബ്നു ഉമർ(റ), ഇബ്നു അബ്ബാസ്(റ), ജാബിർ(റ) തുടങ്ങിയ പരശ്ശതം സ്വഹാബികളിൽ നിന്ന് നേരിട്ട് പഠിക്കുകയും അവ തന്റെ കാലത്തിനും പിൻകാലത്തിനും വേണ്ടി പകർത്തിയിട്ടുള്ള പണ്ഡിതനുമാണ്. ഇമാം അബൂഹനീഫ(റ), ഇമാം മാലിക്(റ) ഇബ്നു ജുറൈജ്(റ), സുഫ്യാനുബ്നു ഉയയ്ന(റ), സുഫ്യാനുസ്സൗരി(റ) ഉൾപ്പെടെ താബിഉകളും താബിഉ ത്താബിഉകളുമായ വലിയൊരുകൂട്ടം പണ്ഡിതന്മാരുടെ ഗുരുകൂടിയാണദ്ദേഹം. ഇമാം മാലിക്(റ) പറയുന്നു: ഇമാം ഇബ്നുൽ മുൻകദിർ(റ) ഖുർആൻ പണ്ഡിതന്മാരുടെ നേതാവായിരുന്നു. (സിയറു അഅ്ലാമിന്നുബലാഅ് വാള്യം 3 പേജ് 3722)

ഇബ്നുൽ മുൻകദിർ(റ)ൽനിന്ന് ഇമാം ബുഖാരി(റ) സ്വഹീഹിൽ പതിനെട്ടും ഇമാം മുസ്ലിം(റ) സ്വഹീഹിൽ മുപ്പത്തിരണ്ട് തവണയും ഹദീസുദ്ധരിച്ചിട്ടുണ്ട്. ഇത്രക്ക് പ്രധാനിയായ ഇബ്നുൽ മുൻകദിർ(റ) നബി(സ്വ)യുടെ ഖബറിന്നരികിൽ ചെന്നു സഹായം ചോദിക്കുന്നത് ഹാഫിളുദ്ദഹബി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

كان ابن المنكدر (التابعي) يجلس مع اصحابه فكان يصيبه صمات فكان يقوم كماهو حتى يضع خده على قبر النبي ﷺ ثم يرجع فعوتب فى ذلك فقال:إنه ليصيبني خطر فإذا وجدت ذلك إستعنت بقبر النبيﷺ (سير أعلام النبلاء للذهبي : ٣/٣٧٢٤، إشتشفيت بقبر النبيﷺ (وفاء الوفا للحافظ السمهودي: ٢/٤٤٤)

കൂട്ടുകാരോടൊപ്പം ഇരിക്കുമ്പോൾ മനസ്സിലെന്തെങ്കിലും പ്രയാസം കടന്നുവന്നാൽ. അദ്ദേഹം മൗനിയാവും. അതൊക്കെ ഇറക്കിവയ്ക്കാൻ ഇബ്നുൽ മുൻകദിർ(റ) കാണുന്ന അത്താണി തിരുറസൂലി(സ)ന്റെ ഖബ്റാണ്. അതിന്മേൽ കവിൾത്തടം വച്ച് അല്പസമയം അവിടെ ചിലവഴിച്ച് തിരിച്ചുപോരും. കൂട്ടുകാർ ഒരിക്കൽ ഇതേകുറിച്ച് ആക്ഷേപം പറഞ്ഞു. അപ്പോൾ ഇബ്നുൽ മുൻകദിർ(റ) വളച്ചുകെട്ടില്ലാതെ കാര്യം പറഞ്ഞു: എനിക്കങ്ങനെയാണ്. വിഷമം വരുമ്പോൾ ഞാൻ റസൂൽ(സ്വ) ഖബറിൽ നിന്ന് ശമനവും, സഹായവും തേടുന്നു. അതിലെന്താണിത്ര അത്ഭുതം? എന്ന രീതിയിലാണ് അവിടുത്തെ മറുപടി. സയ്യിദുസ്സംഹൂദിയുടെ വഫാഉൽ വഫാ (2/444) അൽഗദീർ (5/151) എന്നീ ഗ്രന്ഥത്തിൽ ഇക്കാര്യം ചേർത്തിയിട്ടുണ്ട്. ഞാൻ സഹായം തേടുന്നു എന്നു തന്നെയാണ് ഇബ്നുൽ മുൻകദിറി(റ)ന്റെ ഉദ്ദേശ്യമെന്ന് വ്യക്തമാക്കുന്നത് ഹാഫിളുദ്ദഹബിയാണ്; സിയറു അഅ് ലാമിന്നുബലാഇൽ (3/213) താരീഖു ദിമശ്ഖ.)

ഇത്തരത്തിൽ ഒരാളിൽ നിന്നാണോ ബുഖാരിയും മുസ്ലിമും ഹദീസുകൾ ഉദ്ധരിച്ചിട്ടുള്ളത് എന്ന വഴിക്കെങ്കിലും ചെന്ന് നോക്കിയിരുന്നുവെങ്കിൽ സത്യമറിയാതുഴലുന്ന വഹാബികൾക്കെങ്കിലും സംശയ നിവൃത്തിവരുമായിരുന്നു. പക്ഷേ, ആ വഴിക്ക് ചിന്തിക്കാൻ അവരുടെ പുരോഹിതന്മാർ സമ്മതിക്കില്ല എന്നിടത്താണ് പ്രസ്ഥാനത്തിന്റെ വിജയം? അണികളുടെ ബുദ്ധിശൂന്യത. നവീനവാദികളുടെ കാര്യം എത്രമേൽ പ്രതിലോമപരം എന്നാലോചിക്കുക.

## 2. ഇമാം അബൂഹനീഫ(റ) (വഫാത്ത് ഹി:150)

തിരുനബിയുടെ ശിഷ്യന്മാരായ സ്വഹാബികളെ നേരിൽ കണ്ട താബിഅ് ആണ് ഇമാം അബൂഹനീഫ(റ). മദ്ഹബിന്റെ ഇമാമുകളിൽ പ്രഥമനായ ഇമാം അബൂഹനീഫ(റ)യുടെ പാണ്ഡിത്യത്തെക്കുറിച്ചും സൂക്ഷ്മതയാർന്ന ജീവിതത്തെക്കുറിച്ചും അറിയാത്തവരുണ്ടാവില്ല. 'എല്ലാ കർമശാസ്ത്ര പണ്ഡിതന്മാരും ഇമാം അബൂഹനീഫയുടെ ബന്ധുക്കളും അവിടുത്തോട് വിധേയത്വമുള്ളവരുമാണ്' എന്ന ഇമാം ശാഫിഈ(റ)യുടെ പ്രസ്താവനതന്നെ ഇമാം അബൂ ഹനീഫ(റ)യുടെ മഹത്വം കുറിക്കാൻ ഏറെ പര്യാപ്തമാണ്. ഇമാം തിരുനബി(സ്വ)യുടെ ഖബ്ർ ശരീഫ് സിയാറത്ത് ചെയ്തുകൊണ്ട് അവിടുന്ന് ചൊല്ലിയ കവിത തന്റെ വിശ്രുതമായ അൽ ഖസ്വീദത്തുന്നുഅ്മാനിയ്യയിൽ കാണാം:

يا سيد السادات جئتك قاصدا ❖ أرجو رضاك وأحتمى بحماك
تالله يا خير الخلائق إنّ لي ❖ قلبا مشوقا لا يروم سواك
يا اكرم الثقلين يا كنز الورى ❖ جدلي بجودك وارضني برضاك
أناطامع بالجود منك ولم يكن ❖ لأبي حنيفة في الأنام سواك
فعساك تشفع فيه عند شفاعة ❖ فلقد غدا متمسكا بعراك
فلأنت اكرم شافع ومشفع ❖ ومن التجي بحماك نال وفاك

(القصيدة النعمانية : ١٣) و مدح الفحول للآل والرسول : ص/٢١)

“നേതാക്കളുടെ നേതാവായ നബിയേ... അങ്ങയെ ഉദ്ദേശിച്ചാണ് ഞാൻ വന്നിട്ടുള്ളത്. അങ്ങയുടെ തൃപ്തിയാണ് ഞാൻ കാംക്ഷിക്കുന്നത്. അവിടുത്തെ സംരക്ഷണം കൊണ്ട് ഞാൻ രക്ഷ ആഗ്രഹിക്കുകയും ചെയ്യുന്നു നബിയേ...” എന്നിങ്ങനെയാണ് വരികൾ. ഈ വരികൾ തികഞ്ഞ സഹായാർത്ഥനയാണെന്നതിന് യാതൊരു വ്യാഖ്യാനങ്ങളുടെയും അകമ്പടി ആവശ്യമില്ല....

മനുഷ്യ, ജിന്ന് വിഭാഗങ്ങളിൽ ഏറ്റവും ഉത്തമരും ഐശ്വര്യത്തിന്റെ നിക്ഷേപവുമായ നബിയേ, അവിടുത്തെ ഔദാര്യം എനിക്ക് ചൊരിഞ്ഞ് തരികയും അവിടുത്തെ തൃപ്തികൊണ്ട് എന്നെ തൃപ്തിപ്പെടുകയും ചെയ്യണേ..

അവിടുത്തെ ഔദാര്യം പ്രതീക്ഷിക്കുന്നവനാണ് ഞാൻ. സൃഷ്ടികളിൽ ഈ അബൂഹനീഫക്ക് തങ്ങളല്ലാതെ മറ്റൊരാളും അഭയമായിട്ടില്ല നബിയേ..

വിചാരണാവേളയിൽ ഈ അബൂഹനീഫക്ക് അവിടുത്തെ ശഫാഅത്ത് ലഭിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അങ്ങയുടെ പാശം മുറുകെ പിടിക്കുന്നവനാണീ അബൂഹനീഫ...

അങ്ങ് ശിപാർശ ചെയ്യുന്നവരിലും അത് സ്വീകരിക്കുന്നവരിലും വച്ചു ഉൽകൃഷ്ടനാണല്ലോ. അങ്ങയുടെ സംരക്ഷണം കൊണ്ട് അഭയം പ്രാപിച്ചവർക്ക് അങ്ങയുടെ തൃപ്തി കിട്ടിയിരിക്കുമല്ലോ...

അതിനാൽ എനിക്കുള്ള സൽക്കാരം നാളെ അങ്ങ് ചെയ്യുന്ന ശഫാഅത്ത് ആക്കണേ. മഹ്ശറിൽ അങ്ങയുടെ കൊടിക്കീഴിൽ ഞാനുമുണ്ടാവണേ എന്നു ഞാൻ കൊതിക്കുന്നു.

നവീനവാദികളുടെ വീക്ഷണത്തിൽ ഇതിലും വലിയ ശിർക്കുണ്ടോ? പ്രാവചകരുടെ അനുഗ്രഹം തേടുന്നതാണ് ബിംബത്തിന് കുമ്പിടുന്നതിലേറെ കടുത്ത ബഹുദൈവാരാധനയെന്ന് പച്ച മലയാളത്തിൽ എഴുതിയവരാണ് കേരള വഹാബികൾ. സൽസബീൽ 1984 ഒക്ടോബർ ലക്കത്തിൽ ഉമർ മൗലവി എഴുതിയ വരികൾ കാണുക: “മാന്യവായനക്കാരേ, പ്രവാചകന്റെ അനുഗ്രഹം കാംക്ഷിക്കുക എന്ന് പറഞ്ഞല്ലോ. അതാണ് ശിർക്ക്. കഠിനമായ ശിർക്ക്. ബിംബാരാധനയെക്കാളും കടുത്ത ശിർക്ക്.” ഇതനുസരിച്ച് ഇമാം അബൂഹനീഫ(റ)യുടെ സ്ഥാനം എവിടെയായിരിക്കും?

ഇവർ ലക്ഷ്യം വയ്ക്കുന്നത് ഒരു അബൂഹനീഫ ഇമാമിനെയോ അബൂബക്കർ(റ)നെയോ അല്ല, അവരുടെ ജീവിതത്തിൽ കളങ്കമുണ്ടെന്ന് വരുത്തി ഇവർ കരിവാരിത്തേക്കുന്നത് ഇസ്‌ലാമിനെ തന്നെയാണ്.

### 3. ഇമാം മാലിക്(റ) (മരണം ഹിജ്റ 179)

മദ്ഹബിന്റെ ഇമാമുമാരിൽ പ്രധാനിയും ഇമാം ശാഫി(റ)യുടെ ഗുരുവുമാണ് ഇമാം മാലിക്(റ). തന്റെ കാലത്തെ ഭരണാധികാരിയോട് ഇമാം മാലിക്(റ) തവസ്സുൽ ചെയ്യാനും നബി(സ)യോട് ശഫാഅത്ത് തേടാനും നിർദ്ദേശിക്കുന്നത് ചരിത്രത്തിലൂടെ വായിക്കുക:

لما ناظر أمير المؤمنين ابو جعفر مالكا رضي الله عنه فى مسجد رسول الله ﷺ : فقال مالك رحمه الله تعالى : يا امير المؤمنين لا ترفع صوتك في هذا المسجد فإنّ الله عز وجل ادب قوما فقال :(لا ترفعوا أصواتكم فوق صوت النبي) الآية، ومدح قوما فقال: :(إن الذين يغضّون أصواتهم) الآية، وذمّ قوما فقال : (انّ الذين ينادونك) الآية.. وإن حرمته ميتا كحرمته حيا. فاستكان لها أبوجعفر وقال: يا عبد الله، استقبل القبلة وأدعو: أم أستقبل رسول اللهﷺ؟ فقال: ولم تصرف وجهك عنه؟ وهو وسيلتك ووسيلة ابيك آدم عليه السلام إلى الله يوم القيامة، بل استقبله و استشفع به، فيشفعك الله قال تعالى : (ولو أنهم إذظلموا أنفسهم جاءوك) الآية. الشفا للقاضى عياض ٤١/٢) و (اتحاف الزائر لابن عساكر: ١٥٣)و (هداية السالك لعزبن جماعة ١٣٨/٣) و(تذكرة المحبين ٤٥٣-٤٥٤) و (شفاء السقام للسبكي : ص/٢٨٣)(مصباح الظلام : ١٩-٢٠)

ഭരണാധികാരിയായ അബൂജഅ്ഫർ ഒരിക്കൽ മദീനത്തെ പള്ളിയിൽ വന്നു. സംസാരമദ്ധ്യേ ഇമാം മാലിക് ഖലീഫയോട് പറഞ്ഞു: അമീറുൽ മുഅ്മിനീൻ ! ഈ പള്ളിയിൽ വച്ചു നിങ്ങൾ ഉച്ചത്തിൽ സംസാരിക്കരുത്. ഖുർആൻ ഇപ്രകാരം നിർദേശിക്കുകയും ശബ്ദം താഴ്ത്തുന്നവരെ ശ്ലാഘിക്കുകയും ചെയ്തിട്ടുണ്ട്. തിരുനബി ജീവിച്ചിരുന്നപ്പോഴുള്ള അതേ ബഹുമതി അവരുടെ വിയോഗത്തിന് ശേഷവുമുണ്ട്.

ഇതുകേട്ട ഖലീഫ അബൂ ജഅ്ഫർ താഴ്മയോടെ ചോദിച്ചു: ഞാൻ ഖിബ്‌ലയിലേക്ക് തിരിഞ്ഞാണോ പ്രാർത്ഥിക്കേണ്ടത്, അതല്ല റൗളയിൽ കിടക്കുന്ന നബി(സ്വ)യിലേക്ക് തിരിഞ്ഞോ? ഇമാം മാലിക്(റ) പറഞ്ഞു: തിരുനബി(സ)യിൽനിന്ന് മുഖം തിരിക്കേണ്ട കാര്യമെന്ത്? നബി(സ) അവിടുന്ന് നിങ്ങളുടെ ഇടയാളനാണ്. പിതാവായ ആദംനബി(അ)യുടെയും ഇടയാളനാണ് ഖിയാമത്ത് നാളിൽ. അതിനാൽ തിരുനബി(സ്വ) യെക്കൊള്ളെ തിരിയുക, നബി(സ്വ) യോട് ശിപാർശ തേടുക. എന്നാൽ അല്ലാഹു സ്വീകരിക്കും. കാരണം ഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു: സ്വശരീരത്തെ ആക്രമിച്ചവർ താങ്ങളെ സമീപിക്കുകയും അല്ലാഹുവിനോട് പാപ

മോചനം തേടുകയും റസൂൽ(സ അവർക്കു വേണ്ടി മാപ്പ് ചോദിക്കുകയും ചെയ്താൽ അല്ലാഹുവിനെ അവർ തൗബ സ്വീകരിക്കുന്നവനായും കാരുണ്യം ചൊരിയുന്നവനായും എത്തിക്കും." അതിനാൽ തിരു നബി(സ)യിലേക്ക് തിരിഞ്ഞ് ശിപാർശ തേടുക.

ഇമാം മറാകിശി(റ) മിസ്ബാഹുള്ളലാമിലും (19-20), ഖാളിഇയാള്(റ) അശ്ശിഫാ(2/41)യിലും ഇബ്നു അസാകിർ (റ) ഇത്ഹാഫുസ്സാഇർ (പുറം 153)ലും ഇമാം ഇസ്സുദ്ദീനിബ്നു ജമാഅ(റ) തന്റെ ഹിദായത്തുസ്സാലിക് 3/138ലും ഇമാം സുബ്കി(റ) ശിഫാഉസ്സഖാം (പുറം 283)ലും ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇമാം മാലികി(റ)ന് ഖുർആനും സുന്നത്തും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നവീനവാദികൾക്കല്ലാതെ മറ്റാർക്കും പറയാനാവില്ല. വഹാബിമനസ്സുകൾ തപസ്സിരുന്ന് കണ്ടെടുത്ത ഖുർആൻ സൂക്തങ്ങൾ ഇമാം മാലിക് കാണാതിരിക്കുമോ? അജ്ഞത എവിടെയാണെന്ന് നമുക്കൊരിക്കൽ കൂടി ബോധ്യപ്പെടുകയാണിവിടെ.

## 4. ഇമാം മൂസൽ കാളിം(റ) (വിയോഗം 183)

فقال موسى الكاظم: اللهم بك استفتح وبك استنجع وبمحمد ﷺ اليك اتوجه اللهم أعطني من الخير فوق ما أرجو الخ (الذهب الإبريز لغزالى : ١٠٥)

മഹാനായ മൂസൽകാളിം(റ)ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു: "അല്ലാഹുവേ നിന്നോട് ഞാൻ വിജയം ചോദിക്കുകയും മഹാനായ മുഹമ്മദ് നബി(സ) മുഖേന നിന്നിലേക്ക് മുന്നിടുകയും ചെയ്യുന്നു. ഞാൻ ഉദ്ദേശിക്കുന്നതിലും ഗുണമേറിയത് എനിക്ക് നീ നൽകേണമേ" ഇമാം ഗസ്സാലി(റ)തന്റെ അദ്ദഹബുൽ ഇബ്രീസ് (105)ൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

## 5. ഇമാം ശാഫിഈ(റ) (വിയോഗം 204)

'ഖുറൈശികളിലെ ഒരു പണ്ഡിതൻ ലോകം മുഴുവൻ ജ്ഞാനം കൊണ്ട് നിറക്കു'മെന്ന തിരുവചനത്തിന്റെ സാക്ഷാത്കാരമാണ് ഇമാം ശാഫിഈ(റ)എന്ന് പണ്ഡിതലോകം സമ്മതിച്ചതാണ്. ഇമാം മാലിക്(റ)ന്റെ ശിഷ്യനും ഇമാം അഹ്മദ്ബ്നു ഹമ്പലിന്റെ ഗുരുനാഥനുമായ ഇമാം ശാഫിഈ(റ)യെ പോലുള്ള മറ്റൊരാൾ പിന്നീടുണ്ടായിട്ടില്ലെന്നത് യാഥാർഥ്യമാണ്. ഇമാം ശാഫിഈ(റ)യെയും അവിടുത്തെ കർമശാസ്ത്ര സരണിയെയും കൊച്ചാക്കാറുള്ള വഹാബികൾ പോലും ഇടക്കാലത്ത് ഈ സത്യം സമ്മതിക്കേണ്ടി വന്നിട്ടുണ്ട്. മുജാഹിദ് ഏഴാം സമ്മേള സുവനീർ ഇതിന്ന് സാക്ഷി.

മഹാന്മാരുടെ അന്ത്യവിശ്രമസ്ഥാനങ്ങളിൽ ചെന്ന് അനുഗ്രഹീതരാവുന്നത് ബഹുദൈവാരാധനയായി ദുർവ്യാഖ്യാനിച്ച് മുസ്ലിം ഭൂരിപക്ഷത്തെ കാഫിറാക്കുന്ന വഹാബികൾ ഇമാം ശാഫിഈയുടെ ജീവിതരീതികളിലേക്ക് കടന്നുനോക്കിയെങ്കിൽ എന്നാഗ്രഹിച്ചുപോവുകയാണ്.

ഇമാം ശാഫിഈ(റ) ജനിക്കുന്ന ഹിജ്റ നൂറ്റി അമ്പതിലാണ് അബൂ ഹനീഫ(റ)വിന്റെ വിയോഗം. തമ്മിൽ കണ്ടിട്ടില്ല. അബൂഹനീഫ(റ)ഇമാമിന്റെ അന്ത്യവിശ്രമസ്ഥാനം ബഗ്ദാദിലാണ്. ഇമാം ശാഫിഈ(റ) പറയുന്നു:

نبأنا علي بن ميمون قال: سمعت الشافعي يقول : إنى لأتبرك بأبى حنيفة وأجيئ إلى قبره في كل يوم - يعني زائرا- فإذا عرضت لي حاجة صليت ركعتين وجئت إلى قبره وسألت الله تعالى الحاجة عنده فما تبعد عنى حتى تقضى . (تاريخ بغداد : ١٢٣/١) و (مناقب ابى حنيفة لموفق المكي: ٤٥٣) و (أخبار أبى حنيفة للصيمري ٩٤) و (خيرات الحسان لابن حجر ٩٤)

“നിശ്ചയം, ഞാൻ ഇമാം അബൂഹനീഫ(റ)യെക്കൊണ്ട് അനുഗ്രഹം കരഗതമാക്കുന്നു. അവിടുത്തെ അന്ത്യവിശ്രമസ്ഥാനത്ത് എല്ലാ ദിവസവും ഞാൻ സന്ദർശകനായി പോവുകയും ചെയ്യുന്നു. എനിക്ക് എന്ത് ആവശ്യമുണ്ടായാലും ഞാൻ രണ്ടു റക്അത്ത് നിസ്കരിച്ചു അബൂഹനീഫ(റ) ഇമാമിന്റെ ഖബറിന്റെ അടുത്തെത്തുകയും അവിടെവച്ചു അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യും. എനിക്ക് ഉത്തരം കിട്ടാതിരിക്കാറില്ല. (താരീഖു ബഗ്ദാദ് - ഇമാം ഖത്വീബുൽ ബഗ്ദാദ് (പേജ്.1/123), മനാഖിബു അബീഹനീഫ - ഇമാം മുഫ്ഫഖുൽ മക്കീ (പേജ് 453) , അഖ്ബാറു അബീഹനീഫ - ഇമാം സ്വയ്മുരി(റ) (പേജ് 94), അൽഖൈറാത്തുൽ ഹിസാൻ - ഇമാം ഇബ്നു ഹജർ (പേജ് 94).

ശാഫിഈ(റ) ഇമാം അബൂഹനീഫ(റ)യുടെ അന്ത്യവിശ്രമസ്ഥാനത്ത് ചെന്ന് അഭൗതിക രൂപത്തിലുള്ള സഹായതേട്ടം - ബറകത്തെടുക്കൽ - നടത്തുന്നു. അതുതന്നെ മഖ്ബറയിൽ വച്ച് അപ്രകാരം ചെയ്താൽ പതിവായി ഉത്തരം ലഭിക്കാറുണ്ടെന്ന് ഇമാം ശാഫിഈ(റ) തുറന്ന് പറയുകയും ചെയ്യുന്നു.

ഇനി പറയൂ, ആരാണ് പ്രമാണങ്ങളിൽ ഒളിച്ചുകളി നടത്തുന്നത്?

മറ്റൊരിക്കൽ ഇമാം ശാഫിഈ(റ) പ്രവാചക കുടുംബത്തെ തവസ്സുൽ ചെയ്തു പറഞ്ഞതിങ്ങനെ:

وقال الإمام الشافعى رحمه الله:

آل النبي ذريعتى ❖ وهم إليه وسيلتى

أرجو بهم أعطى غدا ❖ بيدى اليمين صحيفتي

(الصواعق المحرقة لابن حجرالهيتمي ٢٢٣)

“നബി(സ)യുടെ കുടുംബക്കാർ എനിക്കുള്ള മാധ്യമമാണ്. അവരുടെ മഹത്വം കൊണ്ട് എന്റെ നന്മ-തിന്മകളുടെ ഏട് അന്ത്യനാളിൽ എന്റെ വലം കൈയിൽ കിട്ടുമെന്ന് ഞാൻ ആശിക്കുന്നു. (അസ്സ്വവാഇഖുൽ മുഹ്രിഖ:223) ചരിത്രം പരതിയാൽ ഒരു കച്ചിത്തുരുമ്പിൽ പോലും പിടിക്കാനാവാതെ വഹാബിസം മുങ്ങിച്ചാവുന്നതാണ് കാണുന്നത്. പ്രമാണങ്ങളുടെ പിൻബലത്തിൽ അതിലേറെ കഷ്ടം.

# മൂന്നാം നൂറ്റാണ്ട്

## 1. ഇമാം അൽ ഉതുബി(റ) (വിയോഗം: 228)

ബസ്വറിയിൽ വിശ്രുതനായ പണ്ഡിതനും സാഹിത്യകാരനും കവിയുമായ ഇമാം അബൂ അബ്ദുറഹ്മാൻ മുഹമ്മദ് അൽ ഉത്ബി(റ) സുഫ്യാനുബ്നു ഉയയ്ന(റ) ഉൾപ്പടെയുള്ള വിശ്വപ്രസിദ്ധ പണ്ഡിതരിൽ നിന്ന് ഹദീസുകൾ പഠിച്ചിട്ടുള്ളവരാണ്. ഹദീസ് പണ്ഡിതന്മാരായ അബൂഹാശിം അസ്സജസ്താനി(റ), അബുൽ ഫള്ൽ അർറിയാശീ(റ), ഇസ്ഹാഖുബ്നു മുഹമ്മദ് അന്നഖ്ഹി(റ) തുടങ്ങിയവരും ബഗ്ദാദിലെ ജനങ്ങളും അദ്ദേഹത്തിൽ നിന്ന് ഹദീസുകൾ പഠിപ്പിച്ചിട്ടുണ്ട്. (വഫയാത്തുൽ അഅ്യാൻ 4/398) ചുരുക്കത്തിൽ, ഇമാം ശാഫി(റ)യുടെ ശൈഖുമാരിൽ പെട്ടവരും സലഫുസ്സ്വാലിഹുകളെല്ലാം അംഗീകരിക്കുകയും ലക്ഷ്യം പിടിക്കുകയും ചെയ്ത മഹാപണ്ഡിതനുമാണ് ഇമാം ഉത്ബി(റ). അദ്ധേഹത്തിൽ നിന്ന് ഉദ്ധരിക്കുന്നത് കാണുക.

وقد ذكر جماعة منهم الشيخ ابو نصر بن الصباغ فى كتابه-الشامل- الحكاية المشهورة عن العتبي، قال: كنت جالساً عند قبر النبي ﷺ فجاء أعرابى فقال: السلام عليك يا رسول‌الله، سمعت الله يقول : (ولو أنهم إذظلموا انفسهم جاءوك فاستعفروا الله واستعفر لهم الرسول لوجدوا الله توابا رحيما)، وقد جئتك مستغفرا لذنبي مستشفعا بك إلى ربي. ثم أنشأ يقول:

يا خير من دفنت بالقاع أعظمه ❖ فطاب من طيبهن القاع والأكم

نفسى الفداء لقبر أنت ساكنه ❖ فيه العفاف وفيه الجود والكرم

ثم انصرف الأعرابي فغلبتني عيني، فرأيت النبي ﷺ فى النوم فقال: يا عتبي، ألحق الأعرابي فبشره أن الله قد غفر له.

(تفسير القرآن العظيم لابن كثير :٦٤٠/١، و شعب الايمان للبيهقي : ٤٩٥/٦،

ومثير الغرام الساكن لابن الجوزي : ٤٩٠، والإيضاح للنووي: ٢١٨،

اتحاف الزائر لابن عساكر: ٥٤-٥٥، و المواهب اللدنية للقسطلاني ٥٩٧/٣)

ഇബ്നുസ്സ്വബാഗ് (റ) തന്റെ അശ്ശാമിലിൽ ഉത്ബി(റ)യിൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു : 'ഞാൻ നബി(സ)യുടെ ഖബറിന്റെയരികിലായിരിക്കവെ അവിടേക്ക് ഒരു ഗ്രാമീണൻ കടന്നു വന്ന് ഇപ്രകാരം പറഞ്ഞു. "ഓ അല്ലാഹുവിന്റെ റസൂലേ, വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതായി എനിക്ക് ലഭിച്ചിട്ടുണ്ട്. അവർ സ്വശരീരങ്ങളോട് അക്രമം ചെയ്ത് അങ്ങയുടെ അടുക്കൽ വന്ന് അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും റസൂൽ(സ്വ) അവർക്കു വേണ്ടി പൊറുക്കലിനെ തേടുകയും ചെയ്താൽ അല്ലാഹുവിനെ കൂടുതൽ പശ്ചാത്താപം സ്വീകരിക്കുന്നവനും വളരെയധികം കാരുണ്യം കാണിക്കുന്നവനുമായി അവർ എത്തിക്കും. "അതിനാൽ ഞാൻ എന്റെ പാപത്തിൽ നിന്ന് മുക്തി തേടിക്കൊണ്ടും എന്റെ നാഥനിലേക്ക് അങ്ങയുടെ ശുപാർശ ആവശ്യപ്പെട്ടുക്കൊണ്ടുമാണ് അങ്ങയുടെ അരികിൽ വന്നിട്ടുള്ളത്. പിന്നീടദ്ദേഹം ഇപ്രകാരം പദ്യമാലപിച്ചു.

'ഈ പ്രദേശത്ത് മറവ് ചെയ്യപ്പെട്ടവരിൽ ഏറ്റവും ഉത്തമരേ...
ആ ശരീരം കാരണം ഈ പ്രദേശം പവിത്രമായിരിക്കുന്നു.
അങ്ങ് വിശ്രമിക്കുന്ന ഖബറിനു ഞാൻ എന്നെ സമർപ്പിക്കുന്നു,
ആ ഖബറിലാണ് മാന്യതയും ഔദാര്യവും ധർമ്മവും ചാരിത്രവുമുള്ളത്'

ഇമാം ഉത്ബി(റ) പറയുന്നു:

ഞാനൽപം മയങ്ങി. അപ്പോൾ ഞാൻ റസൂലുല്ലാഹി(സ)യെ കണ്ടു. അവിടുന്ന് എന്നോട് പറഞ്ഞു; ഉത്ബീ... നീ ആ ഗ്രാമീണന്റെയടുക്കൽ ചെന്ന് അദ്ദേഹത്തിനു അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നുവെന്നു പറയുക."

ഹാഫിള് ഇബ്നുകസീർ (തഫ്സീറുൽഖുർആനിൽ അളീം 1/640), ഇമാം ബൈഹഖി(റ) ശുഅബുൽഈമാൻ (6/495), ഇമാം നവവി(റ) ഈളാഹ്(218), ഹാഫിള് ഇബ്നു അസാകിർ ഇത്ഹാഫുസ്സാഇർ (54-55), ഹാഫിള് ഇബ്നുൽ ജൗസി മുസീറുൽഗറാമിസ്സാക്കിൻ(490), ഇമാം ഖസ്ത്വല്ലാനി അൽമവാഹിബുല്ലദുന്നിയ്യ (3/597), തുടങ്ങി നൂറോളം പണ്ഡിതന്മാർ ഈ സംഭവം വിവരിച്ചതായികാണാം.

## 2. ഇമാം ഇബ്നു അബീശൈബ(റ) (വിയോഗം: 235)

ഇമാം ബുഖാരിയുടെ ഉസ്താദുമാരുടെ സ്ഥാനത്തുള്ള പ്രമുഖ ഹദീസ് പണ്ഡിതനാണ് ഹാഫിള് അബൂബക്കർ അബ്ദുല്ലാഹിബ്നു മുഹമ്മദ്ബ്നി അബീ ശൈബ:(റ). തന്റെ അൽമുസന്നഫ് എന്ന ഗ്രന്ഥം വിശ്വ പ്രസിദ്ധമാണ്. നബി(സ്വ)യുടെ വഫാത്തിനു ശേഷം ഖബറിങ്കൽ ചെന്ന് മഴ തേടിയ സംഭവം റിപ്പോർട്ട് ചെയ്തു അംഗീകരിക്കുന്നു.

حدثنا أبو معاوية عن الأعمش عن ابى صالح عن مالك الدار وكان خازن عمر على الطعام قال أصاب الناس قحط في زمن عمر فجاء رجل إلى قبر النبي ﷺ فقال يا رسول الله استسق لامتك فإنهم قد هلكوا فأتى الرجل في المنام فقيل له ائت عمر فأقرئه السلام وأخبره أنكم مسقون وقل له عليك الكيس، عليك الكيس فأتى عمر فأخبره فبكى عمر، ثم قال: يا رب لا آلو إلا ما عجزت عنه.

(مصنف ابن أبى شيبة : ٤٨٢/٧)

ഉമർ(റ)വിന്റെ ഭരണകാലത്ത് നബി(സ)യുടെ ഖബ്റിങ്ങൽ വന്ന് അവിടുത്തെ സമുദായത്തിനുവേണ്ടി അങ്ങ് മഴക്കുവേണ്ടി തേടേണമേ എന്ന് ഇസ്തിഗാസ നടത്തിയ സംഭവം സ്വീകാര്യയോഗ്യമായ പരമ്പരയിലൂടെ ഇബ്നു അബീശൈബ(റ) ഉദ്ധരിച്ചുഅംഗീകരിക്കുന്നു. (മുസ്വന്നഫുബ്നു അബീശൈബ 7/482, ഫത്ഹുൽബാരി 2/495) ഇതൊക്കെ ശിർക്കാണെങ്കിൽ ഈ പണ്ഡിതന്മാർ മാർഗദർശികൾ സമുദായത്തെ പ്രചോദിപ്പിക്കുന്ന വിധത്തിൽ അവരുടെ ഗ്രന്ഥങ്ങളിൽ ഇതൊക്കെ രേഖപ്പെടുത്തുമോ?

## 3. ഇമാം ഇബ്നുൽ ഹബീബ് അബ്ദുൽമലിക് അസ്സുലമി(റ) (വിയോഗം: 238)

ഈ മഹാപണ്ഡിതന്റെ ഹൃദയം നിറയുന്ന ഇസ്തിഗാസ കേൾക്കുക.

يا خير مبعوث له طلعة ❖ نور الهدى منها اقر العيون
جئت إلى ناديك أرجو القرى ❖ من غيث كفيك المغيث الهتون
كن لي شفيعا فارتكاب الهوى ❖ أوقعنى بين الشحا و الشجون
صلى عليك الله سبحانه ❖ ما هزت الريح قدود الغصون

(نفح الطيب لشهاب الدين المقري ٤٦/١-٤٧)

സന്മാർഗ്ഗ പ്രകാശമായി ലോകത്ത് നിയുക്തരായവരിൽ അത്യുത്തമരായവരേ... കുത്തിയൊഴുകുന്ന മഴവെള്ളം പോലെ സഹായിക്കുന്ന അങ്ങയുടെ ഇരുകൈകളിൽ നിന്നുള്ള സഹായസൽക്കാരം പ്രതീക്ഷിച്ചു കൊണ്ട് ഞാനിതാ അവിടുത്തെയടുക്കൽ വന്നിരിക്കുന്നു. അരുതായ്മകളാൽ വിഷമങ്ങളിലും പ്രയാസങ്ങളിലുമെത്തിയ ഈ പാപിക്ക് അങ്ങ് ശിപാർശ ചെയ്യേണമേ" ഹൃദയം തുളക്കുന്ന കാവ്യഭാഷയിലാണ് തിരുനബിയോടുള്ള ഈ

യാചന. ഇത് നിഷിദ്ധമായിരുന്നെങ്കിൽ ഇതു രേഖപ്പെടുത്തിയ സന്മാർഗ ദർശികളായ പണ്ഡിതന്മാർ അക്കാര്യം കൂടി അനുവാചകരെ ബോധ്യപ്പെടുത്താതിരിക്കുമോ? ശിഹാബുദ്ദീൻ മുഖ്രിയുടെ നഫ്ഹുത്ത്വീബ് (1/46-47) കാണുക.

## 4. ഇമാം അഹ്മദുബ്നു ഹമ്പൽ(റ) (വിയോഗം: 241)

പത്തുലക്ഷം ഹദീസുകൾ ഹൃദിസ്ഥമാക്കിയ ഹമ്പലി മദ്ഹബിന്റെ ഇമാമായ അഹ്മദുബ്നു ഹമ്പൽ (റ) പണ്ഡിതലോകത്ത് പരിചയപ്പെടുത്തേണ്ടതില്ലാത്തവിധം പ്രശസ്തനാണ്. അദ്ദേഹം നടത്തിയ ഇസ്തിഗാസ കാണുക.

قال عبد الله بن احمد بن حنبل قال سمعت أبى يقول حججت خمس حجج منها اثنتين راكبا وثلاثة ماشيا أوثلاثا راكبا واثنتين ماشيا فضللت الطريق في حجة وكنت ماشيا فجعلت أقول يا عباد الله دلونى على الطريق قال: فلم أزل أقول ذلك حتى وقفت على الطريق أو كما قال أبى (تاريخ دمشق الكبير لابن عساكر : ٢٩٨/٥، شعب الايمان للبيهقي ١٢٨/٦، البداية والنهاية لإبن كثير ٢٧٨/١٠)

ഇമാം അഹ്മദ്(റ) പറയുന്നു. ഞാൻ അഞ്ച് ഹജ്ജ് ചെയ്തിട്ടുണ്ട്. മൂന്ന് തവണ കാൽനടയായിട്ടാണ് ഹജ്ജിനു പോയത്. ഒരു യാത്രയിൽ എനിക്ക് വഴിതെറ്റിയപ്പോൾ "അല്ലാഹുവിന്റെ അടിമകളെ എനിക്ക് വഴി കാണിച്ചു തരൂ," എന്ന് ഞാൻ വിളിച്ചു സഹായം തേടിക്കൊണ്ടേയിരുന്നു. അതിനാൽ എനിക്ക് വഴി അറിയാൻ കഴിഞ്ഞു. ഇബ്നുകസീറിന്റെ അൽബിദായത്തു വന്നിഹായ(10/278), ഹാഫിള് ഇബ്നു അസാകിർ(റ)വിന്റെ താരീഖുദ്ദിമശ്ഖിൽകബീർ(5/298) ഇമാം ബൈഹഖിയുടെ ശുഅബുൽ ഈമാൻ(6/128) എന്നീ ഗ്രന്ഥങ്ങൾ ഈ ചരിത്രം അടയാളപ്പെടുത്തിയിട്ടുണ്ട്. ഇമാമിന്റെ ജീവിതത്തിലെ മറ്റു ചില രീതികൾ കൂടി മകൻ അബ്ദുല്ല (റ) പറയുന്നുണ്ട്:

قال عبد الله بن احمد : رأيت أبى يأخذ شعرة من شعر رسو ل الله ﷺ فيضعها على فمه يقبلها، وأحسب أنى رأيته يضعها على عينه ويغمسها في الماء ويشربه يستشفي به.. الخ قاله الحافظ في تاريخ الاسلام (ترجمة الامام أحمد: ص/٦٣)

എന്റെ പിതാവ് തിരുനബി(സ)യുടെ തിരുകേശം എടുത്തു ചുംബിക്കുകയും അത് വെള്ളത്തിൽ മുക്കി രോഗശമനം തേടുകയും ചെയ്യാറുണ്ടായിരുന്നു. ഹാഫിളുദ്ദഹബിയുടെ താരീഖുൽ ഇസ്ലാമിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. (തർജമത്തുൽ ഇമാമി അഹ്മദ്) അനിഷേധ്യമായ ഈ ചരിത്ര വസ്തുതകൾക്ക് പ്രാമാണിക പിൻബലമില്ലെന്ന് ആർക്ക് പറയാനാവും? അഭൗതിക മാർഗത്തിൽ അല്ലാഹു അല്ലാത്തവരിൽ നിന്ന് ഗുണം പ്രതീക്ഷിക്കൽ ശിർക്കാണെന്ന് പറയുന്ന വഹാബികളുടെ ഭാഷയിൽ ഇമാമവർകൾ ആരായിരിക്കും?

## 5. ഇമാം ബുഖാരി(റ) (വിയോഗം: 256)

ഹദീസ് വിജ്ഞാനത്തിലെ കുലപതി, ഭൂമിലോകത്തെ ഏറ്റവും പ്രാമാണിക ഹദീസ് പണ്ഡിതൻ, മുസ്ലിം ലോകത്തിന് തൗഹീദും ശിർക്കും യഥാർത്ഥരൂപത്തിൽ പഠിപ്പിച്ച ലോക പ്രശസ്ത മുഹദ്ദിസ്, ഹദീസിൽ ഏറ്റവും പ്രബല ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരിയുടെ രചയിതാവ്, ഇമാം മുഹമ്മദുബ്നു ഇസ്മാഈലുൽ ബുഖാരി(റ) നബി(സ) യെ വിളിച്ചു ഇസ്തിഗാസ ചെയ്യാമെന്ന് പഠിപ്പിക്കുന്നു. തന്റെ സ്വന്തം ഗ്രന്ഥമായ അൽ അദബുൽ മുഫ്റദിൽ ഇതിനായി ഒരു അധ്യായം തന്നെ കാണാം. അതിന്റെ തല വാചകം ഇപ്രകാരമാണ്.

باب ما يقول الرّجل اذاخدرت رجله

അതായത് 'കാല് കോച്ചി വലിഞ്ഞു വേദനിച്ചാൽ ഒരാൾ പറയേണ്ട തെന്താ'ണെന്ന് വിശദീകരിക്കുന്ന അധ്യായം. ശേഷം പ്രയാസമനുഭവപ്പെട്ടാൽ പറയേണ്ടുന്നവചനം സ്വഹാബി പ്രമുഖൻ ഇബ്നു ഉമർ(റ)ൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കുന്നു:

حدثنا أبو نعيم قال حدثنا سفيان عن أبي اسحق عن عبدالرحمان بن سعد قال:

خدرت رجل ابي عمر رضي الله عنه فقال له رجل أذكر أحب الناس اليك فقال يا محمد

(الأدب المفرد-٢٦٢)

ഇബ്നു ഉമർ (റ)ന്റെ കാല് കോച്ചി വലിഞ്ഞു വേദനിച്ചു. അപ്പോൾ ഒരാൾ (അബ്ബാസ്(റ)) പറഞ്ഞു ജനങ്ങളിൽ നിന്ന് നിങ്ങൾക്ക് ഏറ്റവും ഇഷ്ട പെട്ടവരെ പറയുക ഉടനെ ഇബ്നു ഉമർ(റ) പറഞ്ഞു: 'യാ മുഹമ്മദ്' (ഓ മുഹമ്മദ് നബിയെ സഹായിച്ചാലും) (അൽ അദബുൽ മുഫ്റദ് പേ:262)

പ്രമുഖ ഹദീസ് പണ്ഡിതൻ മുല്ലാ അലിയ്യുൽ ഖാരീ(റ) ഇപ്രകാരം വിശദീകരിക്കുന്നു:

وكأنّه رضي الله عنه قصد به إظهار المحبة فى ضمن الإستغاثة

(شرح الشفا . ملا علي القاري ٥٥٨/٣)

ഇബ്നു ഉമർ (റ) ഈ വിളി കൊണ്ട് ഉദ്ധേശിച്ചത് നബി(സ)യോട് സഹായാർത്ഥന ഉൾപെട്ട സ്നഹ പ്രകടനമായിട്ടാണ്. (ശർഹു ശ്ശിഫാ 3/558)

ഇസ്തിഗാസ ഉൾപ്പെട്ട ഈ വിളി കാലിന് ശക്തമായി വേദനിച്ചവൻ പറയണമെന്നാണ് ഇമാം ബുഖരി പഠിപ്പിക്കുന്നത്. ഇതിനായി സ്വന്തം ഒരു അധ്യായം തന്നെ തന്റെ ഗ്രന്ഥത്തിൽ ചേർത്ത ഇമാം ബുഖാരി (റ) തൗഹീദിന്റെ കാവലാളാണ്.

## 6. ഇമാം ഇബ്നു മാജ: (വിയോഗം: 263)

പ്രസിദ്ധമായ സിഹാഹുസ്സിത്തയിലെ പ്രധാന ഗ്രന്ഥമായ സുനനുഇബ്നുമാജയുടെ രചയിതാവായ ഹാഫിള് അബൂ അബ്ദില്ലാഹി മുഹ

മ്മദ്ബ്നി യസീദ് ബ്നി അബ്ദുല്ലാഹി ഇബ്നുമാജ: തന്റെ സുനനിൽ റസൂൽ(സ)നെ വിളിച്ചു തവസ്സുലും ഇസ്തിഗാസയും നടത്തുന്ന ഹദീസ് ഉദ്ധരിക്കുന്നത് കാണുക

സ്വഹാബിയായ ഉസ്മാനുബ്നു ഹുനൈഫ്(റ) പറയുന്നു: നിശ്ചയം ഒരു അന്ധനായ വ്യക്തി നബി(സ) തങ്ങളുടെ അരികിലെത്തി ഇങ്ങനെ പറഞ്ഞു. എന്റെ കണ്ണിന്റെ സുഖത്തിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുക. അപ്പോൾ നബി(സ) പറഞ്ഞു. നീ ഉദ്ദേശിക്കുകയാണെങ്കിൽ അത് പിന്തിക്കാം അതാണ് നിനക്ക് ഉത്തമം, നീ ഉദ്ദേശിച്ചാൽ ഞാൻ ദുആ ചെയ്തു തരാം. അപ്പോൾ ആ സ്വഹാബി പറഞ്ഞു. എനിക്ക് വേണ്ടി ദുആ ചെയ്യണേ. അപ്പോൾ നബി(സ) അദ്ദേഹത്തോട് പൂർണ്ണ രൂപത്തിൽ വുളൂ എടുത്ത് വന്ന് രണ്ട് റക്അത്ത് നിസികരിച്ചു ഇപ്രകാരം പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. 'അല്ലാഹുവേ നിശ്ചയം കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ് നബി(സ)യെക്കൊണ്ട് ഞാനിതാ നിന്നിലേക്ക് മുന്നിടുകയും നിന്നോട് ചോദിക്കുകയും ചെയ്യുന്നു. ഓ മുഹമ്മദ് നബിയേ, എന്റെ ഈ ആവശ്യം സാധിച്ചു കിട്ടാനായി തങ്ങളെക്കൊണ്ട് ഞാൻ എന്റെ റബ്ബിലേക്ക് മുന്നിട്ടിരിക്കുന്നു. അല്ലാഹുവേ, എന്റെ കാര്യത്തിൽ മുഹമ്മദ് നബി(സ) യുടെ ശുപാർശ നീ സ്വീകരിക്കണേ'. സുനനു ഇബ്നുമാജ: 1/441(ഹദീസ് നമ്പർ -1385) ഈ ഹദീസ് സ്വഹീഹാണെന്ന് നാസ്വിറുദ്ദീൻ അൽബാനി പോലും പറഞ്ഞിട്ടുണ്ട്.

ഉദ്ദേശ്യം പൂർത്തിയാവാനുള്ള നിസ്കാരവും പ്രാർത്ഥനയും പഠിപ്പിക്കുന്ന അധ്യായത്തിലാണ് (باب ما جاء في صلاة الحاجة) ഇമാം ഇബ്നുമാജ(റ) ഇത് ഉദ്ധരിക്കുന്നത്. തന്റെ ആവശ്യങ്ങൾ പൂർത്തിയാവാൻ നബി(സ)യെ നേരിട്ട് വിളിച്ചുകൊണ്ടുള്ള ഇസ്തിഗാസയും, നബി(സ)യെകൊണ്ടുള്ള തവസ്സുലും അടങ്ങിയ മേൽപ്രാർത്ഥന നടത്തണമെന്നാണ് ഇമാം ഇബ്നുമാജ(റ) പഠിപ്പിക്കുന്നത്.

## 7. ഇമാം തിർമുദി (റ) (വിയോഗം: 279)

ഹദീസ് പണ്ഡിതരിൽ മുസ്‌ലിം ലോകത്ത് ശ്രദ്ധേയമായ ആറ് ഗ്രന്ഥങ്ങളിൽ (സിഹാഹുസിത്ത) പ്രധാനപ്പെട്ട സുനനുതുർമുദിയുടെ രചയിതാവ്, ഇമാം തിർമുദി എന്ന പേരിൽ അറിയപ്പെടുന്ന ഹദീസ് വിജ്ഞാനത്തിലെ വെള്ളിനക്ഷത്രം. നബി (സ)യോട് ആവലാതി പറയണമെന്നും നബി (സ), സിദ്ധീഖ് (റ), ഉമർ(റ) എന്നിവരെ ശിപാർശകരാക്കണമെന്നും വ്യക്തമായി പഠിപ്പിക്കുന്നു. ഇമാം തുർമുദി തന്റെ സ്വന്തം ഗ്രന്ഥമായ അൽഹജ്ജ് വഅ സ്റാറുഹു എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

ثم يتوجه إلى النبيﷺ ويسلم عليه وعلى ضجيعيه رضي الله عنهما ويحسن الظن بالله تعالى أنه ربما يبعثه في قبلتهم مغفورا له مكرما، ويعتذر إلى النبيﷺ واليهما فيما

كان منه من الخلاف في بعض السنن والمناسك ويقدمهم شفعاء إلي الله جل وعلا ليختم له على دين المصطفى ﷺ وطريقته

(الحج وأسراره :١٣٨ للإمام الترمذي رحمه الله)

.....പിന്നീട് നബി (സ)യിലേക്കും തന്റെ കൂട്ടുകാരിലേക്കും (സിദ്ധീഖ് (റ), ഉമർ (റ)) തിരിയണം. ഇവരുടെ സാനിധ്യത്തിൽവെച്ച് പാപ മോചിതനായും ആദരണീയനായും അല്ലാഹു എന്നെ ആക്കുമെന്ന സൽഭാവന വേണം, മാത്രമല്ല ഹജ്ജിന്റെ അമലുകളിലും മറ്റും ചില സുന്നത്തുകളോട് എതിരാവുന്ന പ്രവർത്തനങ്ങൾ സംഭവിച്ചതിൽ നബി (സ)യോടും സിദ്ധീഖ്(റ), ഉമർ (റ) നോടും തന്റെ ആവലാതി ബോധിപ്പിക്കണം. താൻ നബി (സ) യുടെ ദീനിലും മാർഗത്തിലുമായി ജീവിതാന്ത്യം വരെ നില നിൽക്കാനായി ഈ മൂന്ന് മഹാത്മാകളെ അല്ലാഹുവിലേകുള്ള ശിപാർശകരാക്കി ഉയർത്തികാണിക്കണം.(അൽ ഹജ്ജുവ അസ്റാറുഹൂ; പേജ്;138ഇമാം തുർമുദി(റ)

## 8. ഇമാം ഇബ്റാഹിം അൽ ഹർബി(റ) വിയോഗം : 285

പണ്ഡിത ലോകത്തെ പ്രശസ്തനാണ് ഹാഫിള് ഇബ്റാഹീമുൽ ഹർബി(റ). സമകാലിക പണ്ഡിതന്മാർ അദ്ദേഹത്തെ മദ്ഹബിന്റെ ഇമാമായ അഹ്മദുബ്നു ഹമ്പലി(റ)നോട് സാമ്യപ്പെടുത്താറുണ്ടായിരുന്നു. ഹദീസിലും ഫിഖ്ഹിലും മറ്റെല്ലാ വിജ്ഞാനീയങ്ങളിലും ഉന്നത സ്ഥാനം നേടിയ ഹർബിയുടെ ചരിത്രം ഹാഫിള് ദഹബി സിയർ 13/356ലും, ഖത്തീബുൽ ബഗ്ദാദി(റ) ത്വബഖാത്തുൽ ഹനാബില:1/382ലും മറ്റും രേഖപ്പെടുത്തിയിട്ടുണ്ട്. ഇമാം ഇബ്റാഹിം അൽഹർബി(റ) പ്രമുഖ സൂഫിയും ത്വരീഖത്തിന്റെ ശൈഖുമായ ഇമാം മഅ്റൂഫുൽ കർഖി(റ)യുടെ ഖബറിനെക്കുറിച്ച് പറയുന്നത് കാണുക.

ابراهيم الحربي من أكابر الأئمة وكانوا يقولون عليه شيخ الاسلام وكان يقاس بأحمد بن حنبل قال ابراهيم الحربي : قبر معروف الترياق المجرب

(تاريخ الاسلام ٣/٤٩٤للذهبي، طبقات الحنابلة ١/١٥٤)

ശൈഖ് മഅ്റൂഫുൽ കർഖി(റ)യുടെ ഖബറിടം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സിദ്ധൗഷധമാണ്. അത് പരിശോധിച്ചു തെളിയിക്കപ്പെട്ടതുമാണ്. (താരീഖുൽ ഇസ്ലാം 3/494, ഹാഫിള് ദഹബി, ത്വബഖാത്തുൽ ഹനാബില: 1/154)

ഉദ്ധേശ്യ പൂർത്തീകരത്തിന് മഖ്ബറകളിലേക്ക് തേടിപ്പോകുന്നത് മക്കാമുശ്രിക്കുകളുടെ സമ്പ്രദായമാണന്ന് പറയുന്ന മുജാഹിദുകൾക്ക് (ഇസ്ലാഹ് 09 ജനു:) ഈ ഇമാമുകളെ കുറിച്ച് എന്തുപറായുനുണ്ട്?

## 9. അൽ ഹാഫിള് ഇബ്നു അബീ ആസ്വിം(റ) (വിയോഗം: 287)

പ്രമുഖ ഹദീസ് പണ്ഡിതനായ ഹാഫിള് ഇബ്നു അബീ ആസ്വിം(റ) തന്റെ അൽ ആഹാദു വൽമസാനീ എന്ന ഗ്രന്ഥത്തിൽ എഴുതുന്നു :

(طلحة ابن عبيد الله) .... من ذلك الموضع فاشترى دارا بسبعين الف درهم وهى التي فيها قبره بحضرة الهجرتين وقد رأيت جماعة من اهل العلم واهل الفضل اذاهم أحدهم امر قصد الى قبره فسلم عليه ودعا بحضرته، وكان يعرف الأجابة، وأخبرنا مشايخنا قديما انهم رأوا من كان قبلهم يفعله (الأحاد والمثانى ١٦٣/١ لابن أبى عاصم)

നിശ്ചയം സ്വർഗ്ഗം കൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെട്ട പ്രമുഖ സ്വഹാബിവര്യൻ ത്വൽഹത്തുബ്നു ഉബൈദില്ലാഹി(റ)ന് 70000 ദിർഹം കൊടുത്തു വാങ്ങിയ വീട്ടിലാണ് അദ്ദേഹത്തിന്റെ ഖബറുള്ളത്. ഒരു സംഘം പണ്ഡിതന്മാരും ശ്രേഷ്ഠവാൻമാരുമായ ആളുകളും അവർക്ക് വല്ല പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടായാൽ ത്വൽഹത്ത് (റ)ന്റെ ഖബർ ലക്ഷ്യം വച്ച് പോവുകയും അവരുടെ മേൽ സലാം പറഞ്ഞ് ആ സന്നിധിയിൽ വെച്ച് ദുആ നിർവഹിക്കാറുമുണ്ടായിരുന്നു. അതിനാൽ ഉത്തരം ലഭ്യമാവുന്നത് അറിയുമായിരുന്നു. പഴയ കാലത്തെ നമ്മുടെ ശൈഖുമാർ അവരുടെ പൂർവ്വികരിൽ നിന്ന് ഇപ്രകാരം ചെയ്തിരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. (അൽ അഹാദുവൽ മസാനി(റ) 1/163) ഹാഫിള് അബൂ നുഐം (റ) തന്റെ മുഅ്ജമുസ്സ്വഹാബ: 1/334ൽ ഹാഫിള് ഇബ്നു അബീ ആസ്വിം(റ)വിൽ നിന്ന് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

## 1. ഇമാം നസാഈ(റ) (വിയോഗം: 303)

ഹദീസ് വിജ്ഞാനത്തിലെ പ്രശോഭിത താരമാണ് ഇമാം അഹ്മദ് ബ്നു ശുഐബിബിനി അന്നാസാഈ(റ). ആഗ്രഹസഫലീകരണത്തിന് രണ്ട് റക്അത്ത് നിസ്കരിച്ച ശേഷം നബി(സ്വ)യെ വിളിച്ചു ഇസ്തഗാസയും, തവസ്സുലും ഉൾപ്പെട്ട പ്രാർത്ഥനാ വചനങ്ങൾ ഉരുവിടണമെന്ന് ഇമാം പഠിപ്പിക്കുന്നത് കാണുക.

عن عثمان بن حنيف أن رجلا أعمى أتي النبيﷺ فقال يا رسول الله إني رجل أعمى فادع الله أن يشفيني قال بل أدعك قال ادع الله لي مرتين أو ثلاثا قال توضأ ثم صل ركعتين ثم قل اللهم إني أسألك وأتوجه إليك بنبيي **محمدﷺ نبي الرحمة يا محمد** إني أتوجه **بك** إلي الله أن يقضي حاجتي أو حاجتي إلى فلان أو حاجتي في كذاوكذا. اللهم شفع في نبيي وشفعني في نفسي(عمل اليوم والليلة-١-٤١٧)

ഉസ്മാനുബ്നു ഹുനൈഫ്(റ)വിൽ നിന്ന് നിവേദനം: കണ്ണിന് കാഴ്ചയില്ലാത്ത ഒരു സ്വഹാബി നബി(സ്വ)യുടെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: ഓ നബിയേ! ഞാൻ അന്ധനാണ് അതിനാൽ എന്റെ കണ്ണിന്റെ

ശമനത്തിനായി അങ്ങ് അല്ലാഹുവുനോട് ദുആ ചെയ്യണം. ഇപ്രകാരം അദ്ധേഹം രണ്ടോ മൂന്നോ തവണ പറഞ്ഞു. റസൂൽ(സ്വ) പറഞ്ഞു: നീ വുളൂഅ് എടുത്ത് രണ്ട് റക്അത്ത് നിസ്കരിക്കുക, ശേഷം ഇപ്രകാരം പറയുക, അല്ലാഹുവേ കാരുണ്യത്തിന്റെ പ്രവാചകനായ എന്റെ പ്രവാചകൻ മുഹമ്മദ്(സ്വ)യെ കൊണ്ട് ഞാൻ നിന്നിലേക്ക് മുന്നിട്ട് ചോദിക്കുന്നു: ഓ! മുഹമ്മദ് നബി(സ്വ)യേ നിശ്ചയം ഞാൻ തങ്ങൾ മുഖേന എന്റെ ആവശ്യം വീടാനായി അല്ലാഹുവിലേക്ക് മുന്നിടുന്നു, അല്ലാഹുവേ എന്റെ കാര്യത്തിൽ നബി(സ്വ)യുടെ ശിപാർശയും എന്റെ ശുപാർശയും നീ സ്വീകരിക്കണേ. (സുനനുന്നസാഈ 6/168. ഹദീസ് നമ്പർ 10419) മാത്രമല്ല നിത്യജീവത്തിലെ രാപകലുകളിലെ പ്രാർത്ഥനകൾ സമാഹരിച്ച അമലുൽ യൗമി വല്ലൈല: 1/417 ലും ഇമാം നസാഈ(റ) ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്.)

# നാലാം നൂറ്റാണ്ട്

## 1. ഇമാം ഇബ്നുഖുസൈമ(റ) (വിയോഗം: 311)

ഹദീസ് വിജ്ഞാനത്തിലെ തിളങ്ങുന്ന താരമാണ് മഹാനവർകൾ.

قال وسمعت ابا بكر محمد بن المؤمل بن الحسن بن عيسى يقول خرجنا مع إمام أهل الحديث أبي بكر بن خزيمة وعديله أبى علي الثقفي مع جماعة من مشائخنا وهم إذذاك متوافرون إلى زيارة قبر علي بن موسى الرضي بطوس قال فرأيت من تعظيمه يعني ابن خزيمة لتلك البقعة وتواضعه لها و تضرعه عندها ما تحيرنا

(تهذيب التهذيب للحافظ ابن حجر العسقلانى ٣٣٩/٦)

ഇമാം ഇബ്നു ഖുസൈമ(റ) അലിയ്യുർരിളാ(റ)വിന്റെ ഖബ്ർ വളരെ ആദരവോടെ സന്ദർശിക്കുകയും, ആ സ്ഥലത്തെ അങ്ങേയറ്റം ബഹുമാനിക്കുകയും അവിടെവെച്ച് താഴ്മ കാണിക്കുകയും വിനയാന്വിതനാവുകയും ചെയ്യുമായിരുന്നു. കാണികളെ അത്ഭുതപ്പെടുത്തുന്നവിധത്തിലായിരുന്നു അലിയ്യുർരിളാ(റ)യുടെ ഖബ്റിനോടുള്ള ഇബ്നുഖുസൈമയുടെ ബഹുമാനവും ആദരവും.(ത്ഹദീബുത്തഹ്ദീബ്: 6/339.ഹാഫിള് അസ്ഖലാനി)

മഖ്ബറകളെ ബഹുമാനിക്കലും, ആദരിക്കലും, ശിർക്കും കുഫ്റുമാണെന്ന് ഓരിയിടുന്ന വഹാബികൾ ഇമാം ഇബ്നു ഖുസൈമ(റ)യെ കുറിച്ച് എന്ത് പറയും?.

## 2. ഇമാം അബൂ അലിയ്യുൽ ഖല്ലാൽ(റ) (വിയോഗം 311)

قال سمعت الحسن إبراهيم ابا علي الخلال يقول ما همني أمر فقصدت قبر موسى بن جعفر فتوسلت به الا سهّل الله تعالى ما أحب (تاريخ بغداد :١/١٢٠)

ഹമ്പലി പണ്ഡിതരിൽ വിശ്രുതനായ ഇമാം അബൂ അലിയ്യിൽ ഖല്ലാൽ (റ) സ്വാനുഭവം രേഖപ്പെടുത്തുന്നു: എനിക്ക് എന്തെങ്കിലും ആവശ്യങ്ങൾ വീടാനുണ്ടായാൽ ഞാൻ മൂസബ്നുജഅ്ഫർ(റ)വിന്റെ ഖബ്റിങ്ങൽ ചെന്ന് അദ്ധേഹത്തെ കൊണ്ട് തവസ്സുൽ ചെയ്യും, അതോടെ എന്റെ എല്ലാ വിഷയങ്ങളും അല്ലാഹു എളുപ്പമാക്കിത്തരാറുണ്ട്. (താരീഖുബഗ്ദാദ്1/120)

ആഗ്രഹ സഫലീകരണത്തിന് ജാറങ്ങളിലേക്ക് പോകുന്നത് മക്കാ മുശ്രിക്കുകളുടെ സ്വഭാവമാണെന്ന് ജൽപ്പിക്കുന്ന ബിദഇകൾ ഇമാം ഖല്ലാൽ(റ)ന്റെ ഈ നിലാപാടിനെ കുറിച്ച് എന്തു പറയും?

## 3. ഹാഫിള് ഇമാം മഹാമിലി (റ) (വിയോഗം 330)

വിശ്രുത ഹദീസ് പണ്ഡിതനും കർമശാസ്ത്രത്തിൽ അഗ്രഗണ്യനുമാണ് ഇമാം അഹ്മദുബ്നു മുഹമ്മദ് അൽ മഹാമിലി(റ). ഇമാം ത്വബ്റാനി (റ), ദാറഖുത്തുനി(റ), ഇമാം ദഅ്ലജ്, ഹാഫിള് ഇമാം ശാഹീൻ(റ) എന്നിവരുടെ ഗുരുനാഥനുമായ ഹാഫിള് മഹാമിലി(റ) യുടെ വിജ്ഞാന സദസ്സിൽ പതിനായിരം ആളുകൾ സംബന്ധിച്ചിരുന്നുവെന്ന് ഹാഫിള് ദഹബി(റ) സിയറു അഅ്ലാം 15/258, 259ലും തദ്കിറത്തുൽ ഹുഫ്ഫാള് 3/825ലും വിവരിച്ചത് കാണാം.

ഇമാം മഹാമിലി(റ) പറയുന്നു:

كان ابو عبدالله بن المحاملي يقول اعرف قبر معروف الكرخي منذ سبعين سنة ما قصده مهموم إلا فرج الله همه ( تاريخ بغداد ١٢٣/١ لالخطيب البغدادى )

മാനസികമായി പ്രയാസമനുഭവിക്കുന്ന ഏതൊരാളും മഅ്റൂഫുൽ കർഖി(റ)യുടെ ഖബർ ഉദ്ദേശിച്ചു ആ സവിധത്തിലെത്തി പ്രാർത്ഥിച്ചാൽ അല്ലാഹു അദ്ദേഹത്തിന്റെ പ്രയാസങ്ങൾ തീർത്തു കൊടുക്കാതിരുന്നിട്ടില്ല. ഇത് എഴുപതു കൊല്ലമായി എനിക്ക് അറിയുന്ന കാര്യമാണ്. (താരീഖുബഗ്ദാദ് 1/123/-ഹാഫിള് ഖത്തീബുൽ ബഗ്ദാദി (റ).

## 4. ശൈഖ് അബുൽഖൈരിൽ അഖ്ത്വഅ് (റ) (വിയോഗം: 343)

ആധ്യാത്മിക രംഗത്ത് ഏറെ ഉന്നതിയിലെത്തിയ ഇമാമവർകൾക്ക് ഉന്നതമായ നിരവധി കറാമത്തുകൾ ഉണ്ടായിരുന്നതായി ചരിത്രം ഉദ്ഘോഷിക്കുന്നു. സിംഹം, കടുവ തുടങ്ങിയ ഹിംസ്ര ജീവികളും പാമ്പ്, തേൾ തുടങ്ങിയ ഇഴജന്തുക്കളും മഹാനവർകളുടെ സാമീപ്യത്ത് ഭവ്യതയോടെ വന്നിരിക്കുകയും ആശ്വാസം കൊള്ളുകയും ചെയ്തിരുന്നു. (ത്വബഖാത്തുസ്സൂഫിയ്യ: 1/380) മഹാൻ നടത്തുന്ന ഇസ്തിഗാസ കാണുക.

و قال ابو الخير الأقطع رحمه الله تعالى : دخلت مدينة رسول الله ﷺ وأنا بفاقة فأقمت خمسة أيام ماذقت ذواقا فتقدمت الى القبر الشريف وسلمت على النبي ﷺ وعلى ابي بكر وعمر رضي الله عنهما وقلت : انا ضيفك يا رسول الله. وتنحيت ونمت على خلف المنبر فرأيت في المنام النبي ﷺ وأبوبكر عن يمينه وعمر عن شماله وعلي بن ابي طالب بين يديه فحركني وقال: قم قد جاء النبي ﷺقال: فقمت اليه وقبلت بين عينيه فدفع الي رغيفا فأكلت نصفه وانتبهت فإذا في يدي النصف الآخر (طبقات الصوفية للإمام أبي عبد الرحمن السلمي : ص/٢٨١ ومثير الغرام الساكن لابن الجوزي :ص٤٩١ وصفة الصفوة لابن الجوزي: ٢٣٦/٤ و مصباح الظلام للمراكشي :ص٦٢) و بهجة النفوس والاسرار للمرجاني : ص/٤٦١ودفع شبه من شبه وتمرد للحصني : ص/١٢٥ والدار المنظم في زيارة الجبل المقطم : ٣٩٨/١ للامام موفق الدين بن عثمان رحمه الله)

മദീനയിൽ അഞ്ചുദിവസം ഭക്ഷണമൊന്നും ലഭിക്കാതെ ബുദ്ധിമുട്ടിയ മഹാത്മാവാണ് ശൈഖ് അബുൽഖൈർ(റ). ഗത്യന്തരമില്ലാതെ അദ്ദേഹം നബി(സ)യുടെ ഖബ്റുശ്ശരീഫിന്നടുത്ത് ചെന്നു പറഞ്ഞു: "യാ റസൂലല്ലാഹ് ഞാനിതാ അവിടുത്തെയരികിൽ വിരുന്നുകാരനായി വന്നിരിക്കുന്നു. എനിക്ക് ഭക്ഷണം വേണം". തുടർന്ന് അദ്ദേഹം പറയുന്നു: ഞാനൽപം മാറി മിമ്പറിന്റെ പിന്നിലായി കിടന്നുറങ്ങിപോയി. അപ്പോൾ സ്വപ്നത്തിൽ നബി(സ)യെ കണ്ടു. സിദ്ദീഖ് (റ) നബി(സ)യുടെ വലത്തും ഉമർ(റ) ഇടത്തും അലി(റ)മുന്നിലുമുണ്ട്. അലി (റ) എന്നെ ഉണർത്തിയ ശേഷം പറഞ്ഞു: വേഗം എഴുന്നേൽക്കുക. നബി(സ) വന്നിരിക്കുന്നു. അപ്പോൾ ഞാൻ നബി(സ)യുടെ അരികിലെത്തി. ഇരുനയനങ്ങൽക്കിടയിൽ ചുംബിച്ചു. ഉടനെ അവിടുന്ന് എനിക്ക് ഒരു റൊട്ടി നൽകി. വിശപ്പിനാൽ ഞാനതിന്റെ പകുതി കഴിച്ചു. ഉറക്കിൽ നിന്നുണർന്നപ്പോൾ അവശേഷിക്കുന്ന പകുതി എന്റെ കയ്യിലുണ്ടായിരുന്നു. ഈ സംഭവം ഇമാം അബൂഅബ്ദുർറഹ്മാനിസ്സുലമി(റ)യുടെ ത്വബഖാത്തുസ്സ്വൂഫിയ്യ: 281, ഹാഫിള് ഇബ്നുൽജൗസി(റ)യുടെ മുസീറുൽഗറാമിസ്സാക്കിൻ 491, സ്വിഫതുസ്സ്വഫ്വ 4/236, അൽ വഫാ ബി അഹ്വാലിൽ മുസ്ത്വഫാ 2/208, ഇമാം മറാകിശിയുടെ മിസ്ബാഹുള്ളലാം 62, ഇബ്നുഫള്ലുള്ളാഹിയുടെ മസാലിക്കുൽ അബ്സ്വാർ 8/346, ബഹ്ജത്തുന്നുഫൂസി വൽഅസ്റാർ 461, അദ്ദുർറുൽമുനള്ളം, 1/398, ഇമാം ഹിസ്നിയുടെ ദഫ്ഉ ശുബഹിമൻശബ്ബഹ വതമർറദ 125 തുടങ്ങി നിരവധി ഗ്രന്ഥങ്ങളിൽ കാണാം.

## 5. ഹാഫിള് ഇബ്നുഹിബ്ബാൻ(റ) (വിയോഗം 354)

തവസ്സുലിന്റെ ഗുണഫലങ്ങളെക്കുറിച്ച് പ്രമുഖ ഹദീസ് പണ്ഡിതനായ ഇബ്നുഹിബ്ബാൻ(റ) സ്വാനുഭവം പറയുന്നു.

قال ابن حبان : مات علي بن موسى الرضا بطوس من شربة سقاه إيّاها المأمون فمات من ساعته............ وقبره بسناباذ خارج النوقان مشهور يزار ....... قد زرته مرارا كثيرا، وماحلّت بي شدّة في وقت مقامي بطوس فزرت قبر علي بن موسى صلوات الله على جدّه وعليه ودعوت الله ازالتها عنّي الا استجيب لي وزالت عنّي تلك الشدّة، وهذا شيئ جرّبته مرارا فوجدته كذلك - أماتنا الله على محبة المصطفى وأهل بيته ﷺ أجمعين(كتابالثقات: ٤٠٢/٦، والأنساب للسمعاني : ٥١٧/١)

മഅ്മൂൻ കൊടുത്ത പാനീയം കുടിച്ച കാരണത്താൽ തത്സമയം മഹാനായ അലിയ്യുബ്നു മൂസർരിളാ(റ) മരണപ്പെട്ടു. സനാബാദ് എന്ന സ്ഥലത്താണ് അദ്ദേഹത്തെ മറവു ചെയ്തത്. അവരുടെ ഖബ്റ് പ്രസിദ്ധവും എല്ലാ വിഭാഗം ജനങ്ങളുടെയും സന്ദർശ സ്ഥാനവുമാണ്. നിരവധി പ്രാവശ്യം ഞാൻ സിയാറത്ത് ചെയ്തിട്ടുണ്ട്. എന്നല്ല, ഞാൻ ത്വൂസിൽ താമസിക്കുന്ന സമയത്ത് എനിക്കെന്തെങ്കിലും വിഷമങ്ങൾ നേരിട്ടാൽ ഞാൻ അലിയ്യുർരിളാ(റ)യുടെ ഖബ്റിന്നടുത്ത് ചെന്ന് അല്ലാഹുവിനോട് പ്രാർഥിച്ചാൽ എനിക്ക് ഉത്തരം കിട്ടാതിരുന്നിട്ടില്ല. നിരവധി തവണ എനിക്കിത്തരം അനുഭവങ്ങളുണ്ട്. ഇബ്നുഹിബ്ബാൻ(റ)ന്റെ കിതാബുസ്സിഖാത്ത്(6/402) സംആനിയുടെ അൽ അൻസാബ്(1/517) എന്നീ ഗ്രന്ഥങ്ങളിൽ ഇതു വായിക്കാം.

## 6. ഇമാം ഇബ്നുസ്സുന്നി(റ) (വിയോഗം: 364)

ഹദീസ് വിജ്ഞാന രംഗത്ത് ഏറെ പ്രശോഭിച്ച വ്യക്തിത്വമാണ് നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ ഇമാം ഹാഫിള് അബൂബക്കർ ഇബ്നുസ്സുന്നി(റ).

ഇബ്നുഉമർ(റ)വിന്റെ കാലിന്ന് വേദന അനുഭവപ്പെട്ട സമയത്ത് നബി(സ) യെ വിളിച്ച് സഹായം തേടിയ ഹദീസുദ്ധരിക്കുന്നു ഇബ്നുസ്സുന്നിയുടെ അമലുൽയൈമി വല്ലൈല(48,125).കേവലം ഒരു സംഭവം ഉദ്ധരിക്കുന്നതിലപ്പുറം "കാല് വലിഞ്ഞു വേദനിച്ചാൽ പറയേണ്ടത്" إذا خدرت رجله باب ما يقول എന്ന ഒരധ്യായം ചേർത്ത് കൊണ്ട് വിശ്വാസികളോട് ഇപ്രകാരം ചെയ്യാൻ നിർദ്ദേശിക്കുകയാണ് ഇമാം ഇബ്നുസ്സുന്നി(റ).

മാത്രമല്ല വാഹനം നഷ്ടപ്പെട്ടാൽ - ഓടിമറഞ്ഞാൽ - അല്ലാഹുവിന്റെ ഇഷ്ടദാസന്മാരെ വിളിച്ചു വാഹനം ലഭ്യമാക്കാനുള്ള സഹായാർത്ഥന നടത്തണമെന്ന് ഹദീസുദ്ധരിച്ച് സമർത്ഥിക്കുന്നു. (യാ ഇബാദല്ലാഹ്..... എന്നു തുടങ്ങുന്ന ഹദീസ് നേരത്തെ ഉദ്ധരിച്ചത് ഓർക്കുക)

ഇത് باب ما يقول إذا انفلتت دابته -വാഹനം നഷ്ടപ്പെട്ടാൽ ചൊല്ലേണ്ടതെന്താണെന്ന് വിശദീകരിക്കുന്ന അധ്യായം എന്ന പേരിൽ തന്റെ അമ

ലുൽ യൗമി വല്ലയ്ല : പേ : 129 രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസി ഒരു ദിവസത്തിൽ രാപകലുകളിൽ ചെയ്യേണ്ടതും, ചൊല്ലേണ്ടതുമായ കാര്യങ്ങൾ ഹദീസ് അടിസ്ഥാനത്തിൽ പഠിപ്പിക്കാനായി ഇമാം ഇബ്നുസ്സുന്നി രചിച്ചിട്ടുള്ളതാണ് അമലുൽ യൗമി വല്ലയ്ല: ഇതിലാണ് ഒരാളുടെ വാഹനം നഷ്ടപ്പെട്ടാൽ അല്ലാഹുവിന്റെ ഇഷ്ട ദാസന്മാരെ വിളിച്ച് തേടണമെന്ന് പഠിപ്പിക്കുന്നത്. ഹദീസ് പണ്ഡിതന്മാർ പഠിപ്പിക്കുന്ന തൗഹീദ് ബിദഇകൾക്ക് എതിരാണെന്ന് വ്യക്തം.

## 7. ഹാഫിള് അബുല്ലൈസിസ്സമർഖന്തി(റ) ( വിയോഗം 373)

وحكي ابو محمد المكي وأبو الليث السمرقدي وغيرهما أن آدم عليه السلام عند معصيته قال كما رواه البيهقي والطبراني اللهم بحق محمد إغفر لي خطيئتي الخ (الشفا مع شرح ملا علي القاري:٢/٣٤٨-٣٤٩ وبهجة النفوس والأسرار : ٤٤٩) توسل آدم بالله ٧٢/١ - تفسير السرقندي

ആദ്യ പ്രവാചകനായ ആദം (അ) മുഹമ്മദ് നബി(സ) മുഖേന അല്ലാഹുവിനോട് സഹായതേട്ടം നടത്തിയ ഹദീസ് ഉദ്ധരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.. (ശറഹുശ്ശിഫാ 2/348-34, ബഹ്ജത്തന്നുഫൂസി വൽഅസ്റാർ 449)

## 8. അബുൽ അബ്ബാസ് അഹ്മദുൽ മുഖ്രി(റ) (വിയോഗം:373)

وقال ابو العباس أحمد المقري الضرير التونسي جعت بالمدينة ثلاثة أيام فجئت الى القبر وقلت يا رسول الله جعت ثم نمت ضعيفا فلكزتني جارية برجلها فقمت اليها اعزم فقمت معها الى دارها فقدمت لي خبز بر وتمرا وسمنا وقالت كل ابالعباس فقد امرني بهذا جدي رسول الله ﷺ.الخ (دفع شبه من شبه وتمرد : ص: ١٣٤،للامام الحصني والوفا بأحوال المصطفى ٨١٨ لحافظ ابن الجوزي)

അബുൽ അബ്ബാസ് അഹ്മദുൽ മുഖ്രി(റ) പറയുന്നു. കൊടും വിശപ്പ് സഹിച്ച് ഞാൻ മൂന്നു ദിവസം മദീനയിൽ താമസിച്ചു. അങ്ങനെ ഞാൻ നബി(സ)യുടെ ഖബ്റിന്നടുത്ത് ചെന്നു കൊണ്ട് പറഞ്ഞു: 'യാ റസൂലല്ലാഹ് എനിക്ക് വല്ലാതെ വിശക്കുന്നുണ്ട്.' പിന്നീട് ഞാൻ ഉറങ്ങിപ്പോയതറിഞ്ഞില്ല. ഗാഢമായ ഉറക്കിനിടെ ഒരു പെൺകുട്ടി വന്ന് എന്റെ കാലിന്ന് തട്ടി ഉണർത്തിയപ്പോഴാണ് ഞാൻ ഉണരുന്നത്. അവളെന്നോട് കൂടെച്ചെല്ലാൻ ആവശ്യപ്പെട്ടു. വീട്ടിൽ വച്ച് പത്തിരിയും കാരക്കയും നെയ്യും നൽകിക്കൊണ്ട് എന്നോടു പറഞ്ഞു: അബുൽ അബ്ബാസ് താങ്കൾ ഭക്ഷിക്കുക. താങ്കൾക്ക് ഭക്ഷണം നൽകാൻ എന്റെ വലിയുപ്പ -നബി(സ)- എന്നോട് കൽപിച്ചതാണ്. ഇമാം ഹിസ്വനിയുടെ ദഫ്ഉശുബഹി മൻശബ്ബ

ഹ വതമർറദ (പുറം 134. ഹാഫിള് ഇബ്നുൽ ജൗസിയുടെ അൽവഫാ ബി അഹ്വാലിൽ മുസ്ത്വഫ 818 ഹാഫിളുസ്സുംഹൂദിയുടെ വഫാഉൽവഫാ 4/ 1380 തുടങ്ങിയ ഗ്രന്ഥങ്ങൾ കാണുക.

## 9. ഇമാം ത്വബ്റാനി(റ) (വിയോഗം:360)

ഹദീസ് വിജ്ഞാനത്തിലെ വെള്ളിനക്ഷത്രമാണ് ഇമാം ത്വബ്റാനി(റ). ഹിജ്റ 260ൽ ജനിച്ച് ഒരുനൂറ്റാണ്ട് ജീവിച്ച് 360ൽ ദിവംഗതനായ ഇമാം ത്വബ്റാനി(റ)യെ മതവിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തേണ്ടതില്ല. പതിനായരക്കണക്കിന് ഹദീസുകൾ സമാഹരിച്ച് ക്രോഡീകരിച്ച ഇമാം ത്വബ്റാനി(റ)യുടെ ഗ്രന്ഥങ്ങൾ വിശ്രുതമാണ്. മഹാനവർകൾ ഉൾപ്പെട്ട സംഘം മദീനയിൽ ചെന്ന് നബി(സ)യോട് ഇസ്തിഗാസ ചെയ്യുന്ന സംഭവം താഴെ വായിക്കാം

## 10. ഹാഫിള് അബുശ്ശൈഖ് അൽ ഇസ്ബഹാനി(റ) (വിയോഗം: 369)

നിരവധി ഗ്രന്ഥങ്ങൾ രചിച്ച പ്രമുഖ ഹദീസ് പണ്ഡിതനാണ് ഇമാം അബുശ്ശൈഖ്(റ). ത്വബഖാത്തൽ മുഹദ്ദിസീൻ, അഖ്ലാഖുന്നബിയ്യി വആദാബുഹു, ദിക്റുൽ അഖ്റാൻ തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രസിദ്ധമാണ്. ഹാഫിളായ ഇമാം അബുശ്ശൈഖ് ഇസ്ബഹാനി(റ) ഇമാം ത്വബ്റാനി(റ)യോടൊത്ത് റസൂൽ(സ)യുടെ ഖബറിങ്കൽ ചെന്ന് ഇസ്തിഗാസ നടത്തുന്നത് താഴെ വായിക്കാം

## 11. ഇമാം അബുബകറുബ്നുൽ മുഖ്രി(റ) (വിയോഗം: 381)

وروى عن ابى بكر بن ابي علي قال كان ابن المقرئ يقول كنت انا والطبراني وأبو الشيخ بالمدينة فضاق بنا الوقت فواصلنا ذلك اليوم فلما كان وقت العشاء حضرت القبر وقلت يا رسول الله الجوع فقال لي الطبراني اجلس فإما أن يكون الرزق اوالموت فقمت أنا وأبو الشيخ فحضر الباب علوي ففتحنا له فاذا معه غلامان بقفتين فيهما شيء كثير وقال شكوتموني إلى النبي ﷺ رأيته في النوم فأمرني بحمل شيء اليكم (سير أعلام النبلاء للذهبي ٤٠٠/١٦) و(مصباح الظلام ص/ ٦١)

و(طبقات الشافعية للسبكي:٢٥١/٢)و(بهجة النفوس والاسرار:ص/٤٦٢)

ഇമാം ത്വബ്റാനി(റ)യുടെ കൂടെ നബി(സ)യുടെ ഖബ്റിങ്ങൽ ചെന്ന് സഹായം ചോദിക്കുകയും അത് രേഖപ്പെടുത്തുകയും ചെയ്തയാളാണിദ്ദേഹം. ഈ മഹാനും ഇമാം ത്വബ്റാനിയും അബൂ ശൈഖും അടങ്ങുന്ന സംഘം മദീനയിലെത്തി. കഠിനമായ വിശപ്പുണ്ടായിരുന്ന അവർ ഗത്യന്തരമില്ലാതെ വന്നപ്പോൾ നബിയുടെ ഖബറിലെത്തി ആവലാതി പറഞ്ഞു :

അല്ലാഹുവിന്റെ റസൂലേ... ഞങ്ങൾക്ക് വിശക്കുന്നു... അധിക സമയമായില്ല. അഹ്ലുബൈത്തിൽ പെട്ട ഒരാൾ കടന്നുവരികയും കൂടെയുള്ള രണ്ടു പേരുടെ കൈവശമുള്ള രണ്ടു കുട്ടകളിൽ അവർക്ക് ഭക്ഷണവുമായി വന്നു. നബിയുടെ കല്പനയാണെന്നും പറഞ്ഞു. (മിസ്ബാഹുള്ളലാം 61, സിയറുഅഅ്ലാമിന്നുബലാഅ് 16/400, ത്വബഖാത്തുശ്ശാഫിഇയ്യ 2/251)

ലോക പ്രശസ്ത ഹദീസ് പണ്ഡിതന്മാരാണ് വിശപ്പിന് പരിഹാരമായി ഭക്ഷണം കിട്ടുന്നതിനായി നബി (സ)യോട് ഇസ്തിഗാസ ചെയ്യുന്നത്. ഇത് ശിർക്കാണെങ്കിൽ ഇമാം ത്വബ്റാനിയെ മുശ്രിക്കായി പ്രഖ്യാപിക്കാൻ നവീനവാദികൾ തയ്യാറാകുമോ ? ഈ ശിർക്ക് ചെയ്തവർ ഉദ്ധരിക്കുന്ന ഹദീസുകൾ തള്ളുമോ ?

# അഞ്ചാം നൂറ്റാണ്ട്

## 1. അബുൽ ഖാസിം സാബിത്ബ്നു അഹ്മദൽ ബഗ്ദാദി(റ) (ജനനം 401)

أن ابا القاسم ثابت بن احمد البغدادي رأي رجلا بمدينة رسول اللهﷺ أذن الصبح عند قبرالنبي ﷺ فقال فيه الصلاة خير من النوم فجاء خادم من خدم المسجد فلطمه حين سمع ذلك. فبكى الرجل وقال: يا رسول الله! في حضرتك يفعل بي هذا الفعل؟ ففلج الخادم في الحال وحمل إلى داره فمكث ثلاثة أيام ومات.

(تاريخ دمشق الكبير لحافظ ابن عساكر: ١١/١٠٤)

(ومصباح الظلام: ص/٩٩-١٠٠) للامام المراكشي.)

ശൈഖ് അഹ്മദുൽ ബഗ്ദാദി(റ) മസ്ജിദുന്നബവിയിൽ ഇരിക്കുന്ന സമയത്താണ് ഒരാൾ നബി(സ)യുടെ ഖബ്റിനടുത്ത് നിന്ന് സുബ്ഹി വാങ്ക് വിളിക്കുന്നത്. അയാൾ 'അസ്സ്വലാത്തു ഖൈറുൻ മിനന്നൗം' എന്നു പറഞ്ഞ സമയത്ത് പള്ളിയിലെ ജോലിക്കാരിൽ ഒരാൾ വന്ന് യാതൊരു പ്രകോപനവുമില്ലാതെ ഇദ്ദേഹത്തിന്റെ മുഖത്തടിച്ചു. അദ്ദേഹം കരഞ്ഞുകൊണ്ട് ഖബറിങ്കലത്തി നബി(സ)യോട് പറഞ്ഞു: 'റസൂലേ അങ്ങയുടെ സാന്നിധ്യത്തിലാണ് ഞാൻ മർദ്ദിക്കപ്പെട്ടിരിക്കുന്നത്.' തൽസമയം തന്നെ അടിച്ചയാൾ കുഴഞ്ഞു വീണു. ഉടനെ അദ്ദേഹത്തെ വീട്ടിലേക്ക് കൊണ്ടുപോയെങ്കിലും ജീവൻ രക്ഷിക്കാനായില്ല, മൂന്നു ദിവസത്തിനകം മരണപ്പെട്ടു. ഹാഫിള്

ഇബ്നു അസാക്കിർ (താരീഖുദ്ദിമശ്ഖിൽകബീർ 11/104) ഇമാം മറാകിശി (മിസ്ബാഹുള്ളലാം 99-100) എന്നിവർ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

## 2. ഇമാം അബൂബക്റുബ്നു ഫൂറക് (റ) (മരണം 406)

وقبره بالحيرة يستسقى به وقال القاضي ابن خلكان فيه ابو بكر الأصولي الأديب النحوي الواعظ درس بالعراق مدة ثم توجه إلى الري فسعت به المبتدعة يعني الكرامية فراسله أهل نيسابور فورد عليهم وبنوا له مدرسة ودارا وظهرت بركته على المتفقهة وبلغت مصنفاته قريبا من مائة مصنف ودعي الى مدينة غزنة وجرت له بها مناظرات وكان شديد الرد على ابن كرام ثم عاد الى نيسابور فسم في الطريق فمات بقرب بست وتقل الى نيسابور و مشهده بالحيرة يزار ويستجاب الدعاء عنده

(سير أعلام النبلاء للذهبى١٧/٢١٥ و وفيات الأعيان لابن خلكان ٤/٢٧٢)

മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഇസ്ലാമിക വിജ്ഞാനീയ കലകളിൽ ഉന്നത ശ്രേണിയിലെത്തിയ മഹാനാണ് ഇമാം ഇബ്നു ഫൂറക്(റ). ഇറാഖിൽ അധ്യാപനത്തിലായിരുന്ന അദ്ദേഹം 'റയ്യി'ലേക്കു വന്നു. അക്കാലത്തെ ബിദഈ പ്രസ്ഥാനമായ 'കർറാമിയ്യത്ത്' പ്രസ്ഥാനം അദ്ദേഹത്തെ മുടക്കി. അപ്പോൾ അദ്ദേഹത്തെ നൈസാബൂരിലേക്ക് ക്ഷണിച്ചതനുസരിച്ച് അങ്ങോട്ട് പോയി. അവിടെ ദർസ് നടത്താനുള്ള കേന്ദ്രവും വീടും അവർ നിർമ്മിച്ചു കൊടുത്തു. അദ്ദേഹത്തിന്റെ അനുഗ്രഹം അവിടെ പ്രകടമായി. നൂറോളം ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം 'ഗസനത്ത്' പട്ടണത്തിലേക്ക് ക്ഷണിക്കപ്പെട്ടു. കർറാമിയ്യ നേതാക്കളുമായി അവിടെ വച്ചു നിരവധി സംവാദങ്ങൾ നടത്തി. അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ ശക്തനായ പോരാളിയായ അദ്ദേഹം പിന്നീട് നൈസാബൂരിലേക്ക് പോരുമ്പോൾ വഴിയിൽ വച്ചു സൂത്രത്തിൽ വിഷം നൽകുകയും ആറുദിവസത്തിനകം മരണപ്പെടുകയും ജനാസ നൈസാബൂരിലേക്കു കൊണ്ടുവരികയും ചെയ്തു. ഇമാമവർകളുടെ ജാറം അൽഹിയറത്ത് എന്ന പ്രദേശത്താണ്. അവിടെ സിയാറത്ത് ചെയ്യപ്പെടുന്നുണ്ട്. ഖബ്റിങ്ങൽ ചെന്ന് അവിടുത്തെ ഇടയാളനാക്കി പ്രാർത്ഥിച്ചാൽ ഉത്തരം കിട്ടും. (സിയറുഅഅ്ലാമിന്നുബലാഅ് 17/215. ഇബ്നുഖല്ലികാന്റെ വഫയാത്തുൽ അഅ്യാൻ 4/272)

## 3. ഇമാം അബൂസഈദ് അബ്ദുൽമലിക് അന്നൈസാബൂരി(റ) (വിയോഗം 407)

إنّ بعض الفقراء من الصوفية جاور عند النبيﷺ فمضي عليه أيام لم يطعم فيها شيئ فجاع وضعف عن القيام فجاء إلى قبر النبي ﷺ فقال: يا رسول الله إني جائع قال: فمضى ساعة من النهار واذا جارية قد دخلت ومعها طيفورية عليها غضارة وعلى رأس

الغضارة خبز وشيئ من الحلوى فدخلت المسجد فقالت : من الذي شكا جوعه إلى النبيﷺ فخشيت أن أفتضح فقلت: أنا فدفعت إليّ الطيفوية فجلست وأكلت حتى شبعت الخ (تهذيب الأسرار فىأصول التصوف : ص/١٥٠ لعبد الملك النيسابوري)

ഇമാം നൈസാബൂരി(റ) വിവരിക്കുന്നു: ചില ദരിദ്രരായ സ്വൂഫി മഹത്തുക്കൾ കുറെ ദിവസമായി ഭക്ഷണമൊന്നും ലഭിക്കാതെ പ്രയാസപ്പെട്ടു അല്ലാഹുവിന്ന് ആരാധനകളർപിക്കാനുള്ള ശേഷി നഷ്ടപ്പെടുമോ എന്നു ശങ്കിച്ച് അവർ നബി(സ)യുടെ ഖബ്റുശ്ശരീഫിൽ ചെന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്, വിശക്കുന്നുണ്ട്.' കൂടുതൽ സമയം കഴിഞ്ഞില്ല. ഒരു പെൺകുട്ടി പത്തിരിയും മധുരപലഹാരവുമായി മസ്ജിദുന്നബിയിലേക്ക് കടന്നുവന്നുകൊണ്ട് ചോദിച്ചു: 'ആരാണ് നബി(സ)യോട് വിശക്കുന്നുവെന്ന് പരാതി പറഞ്ഞത്? കാര്യം വഷളാകുമോ എന്ന ഭയപ്പാടോടെ ഞാൻ പറഞ്ഞു: 'അത് ഞാനാണ്. അങ്ങനെ പെൺകുട്ടി ഭക്ഷണപാത്രം എനിക്ക് നൽകി. ഞാൻ വയറുനിറയെ ഭക്ഷിച്ചു. (തഹ്ദീബുൽ അസ്റാർ ഫീ ഉസ്വുലിത്തസ്വവ്വുഫ്: 150).

## 4. ശൈഖ് അബൂ അബ്ദിർറഹ്മാനിസ്സുലമി (റ) (വിയോഗം: 412)

തഫ്സീർ, ഹദീസ്, തസ്വവ്വുഫ് എന്നീ വിഷയങ്ങളിൽ നൂറോളം ഗ്രന്ഥങ്ങൾ എഴുതിയ ഇമാം സുലമി(റ)യുടെ ശിഷ്യഗണങ്ങളിൽ പ്രധാനികളാണ് ഇമാം ബൈഹഖി(റ), ഇമാം ജുവൈനി(റ), ഇമാം അലിയ്യുന്നൈസാബൂരി(റ) തുടങ്ങിയ പ്രശസ്തരായ നൂറുകണക്കിന് ഹദീസ് പണ്ഡിതന്മാർ. ഇമാം തന്റെ ഗ്രന്ഥങ്ങളിൽ ഇസ്തിഗാസയും തശഫ്ഫുളം തവസ്സുലും ചെയ്യാമെന്ന് രേഖപ്പെടുത്തുന്നു. അവ അംഗീകരിക്കുന്നു. ശിർക്കാണെന്നോ തെറ്റാണെന്നോ പറയുന്നില്ല. തന്റെ വിശ്രുതമായ ത്വബഖാത്തുസ്സൂഫിയ്യ (റ) എന്ന ഗ്രന്ഥത്തിലെ ഏതാനും സംഭവങ്ങൾ കാണുക.

و قبر معروف الكرخي ببغداد ظاهر يستشفي به ويتبرك بزيارته.

(طبقات الصوفية لأبي عبد الرحمن السلمي: ٨١)

قال أبو الخير الأقطع للرسول عند قبره أنا ضيفك يا رسول الله...فدفع إليه رعيفا الخ( طبقات الصوفية /٢٨١)

മഅ്റൂഫുൽകർഖി(റ)യുടെ ഖബർ ബഗ്ദാദിലാണ്. ജനങ്ങൾ അവിടം സന്ദർശിച്ച് ആ ഖബർ മുഖേന അനുഗ്രഹം സിദ്ധിക്കുകയും രോഗശമനത്തിന് തേടുകയും ചെയ്യാറുണ്ട്. (ത്വബഖാത്തുസ്സ്വൂഫിയ്യ 81) അബുൽഖൈർ(റ) ഭക്ഷണം ലഭിക്കാൻ വേണ്ടി നബി(സ)യുടെ ഖബ്റുശ്ശരീഫിൽ ചെന്ന് ഇസ്തിഗാസ നടത്തുകയും നബിതങ്ങൾ(സ) പത്തിരികൊടുത്ത് സഹായിക്കുകയും ചെയ്തു. (നേരത്തെ വിശദീകരിച്ച സംഭവമാണിത്). (ത്വബഖാത്തുസ്സൂഫിയ്യ 281)

### 5. ഹാഫിള് ഹിബതുല്ലാഹിത്ത്വബ്രി അല്ലാൽകാഇ(റ) (വിയോഗം 418)

عن ابن عباس قال: استسقى عمر بن الخطاب عام الرمادة فقال: إنّ هؤلاء عبادك وبنو إمائك أتوك راغبين إليكمتوسلين بعمّ بينك ﷺ فاسقنا سقيا نافعة تعم العبا وتحيي البلاد اللهم إنّا نستسقيك بعمّ نبيك ﷺ ونستشفع إليك بشيبته.فسقوا الخ

(شرح أصول اعتقاد أهل السنة والجماعة لأبي القاسم اللالكائي :ص/٧٣٠)

മഴയില്ലാതായ സമയത്ത് അല്ലാഹുവേ നിന്നിലേക്കുള്ള താൽപര്യത്തോടെ നിന്റെ അടിമകളായ ഞങ്ങൾ നിന്റെ നബിയുടെ പിതൃവ്യനെ തവസ്സുലാക്കി നിന്നോട് മഴ ചോദിക്കുന്നു. നീ ഞങ്ങൾക്ക് മഴ നേൽകേണമേ, അല്ലാഹുവേ നിന്റെ നബി (സ) യുടെ പിതൃവ്യനെകൊണ്ട് ഞങ്ങൾ നിന്നിലേക്ക് ശിപാർശ തേടുകയും മഴയെ ചോദിക്കുകയും ചെയ്യുന്നു' എന്ന ഇബ്നു അബ്ബാസ്(റ)ൽ നിന്നുദ്ധരിച്ച ഉമർ(റ)ന്റെ തവസ്സുൽ സമൂഹത്തെ പഠിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുകയാണ്. ഹാഫിള് അല്ലാൽക്കാഇ. ശറഹുഉസ്വൂലി ഇഅ്തിഖാദി അഹ്ലിസ്സുന്നത്തി വൽജമാഅ 730)

### 6. ഹാഫിള് അബൂയഅ്ലാ അൽഖസ്വീനി(റ) (വിയോഗം 446)

حديث: اصاب الناس قحط في زمان عمر رضي الله عنه فجاء رجل إلى قبرالنبيﷺ الخ

( كتاب الإرشاد في معرفة علماء الحديث ٣١٣/١، للحافظ أبي يعلى القزويني)

ഉമർ(റ)വിന്റെ കാലത്ത് നബി(സ)യുടെ ഖബ്റിങ്ങൽ വന്ന് മഴ ചോദിച്ച സംഭവം റിപ്പോർട്ട് ചെയ്യുന്ന ഇമാം ഖസ്വീനി(റ) അതിന്റെ പരമ്പര ഉറപ്പിക്കുകയും അത് സ്ഥിരപ്പെടുത്തുകയുമാണ് ചെയ്യുന്നത്. പരമ്പരയിലെ 'മാലികുദ്ദാർ' എന്നവരെ കുറിച്ച് പറയുന്നു.

(مالك الدّار)مولى عمربن الخطاب تابعيّ قديم متفق عليه أثنى عليه التابعون وليس بكثير الرّواية روىعن أبى بكر الصّديق وعمر رضي الله عنهما

(الإرشاد فى معرفة علماء الحديث ٣١٣/١ الحافظ القزوينى)

പൗരാണിക താബിഈയും പണ്ഡിതന്മാർക്കിടയിൽ തർക്കമില്ലാത്ത വ്യക്തിയും മറ്റു താബിഉകളൊക്കെ അദ്ദേഹത്തെ പ്രശംസിച്ചിട്ടുള്ളയാളുമാണ്. സിദ്ദീഖ്(റ), ഉമർ(റ) ഇവരിൽ നിന്ന് ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. (കിതാബുൽ ഇർശാദ് ഫീ മഅ്രിഫത്തി ഉലമാഇൽ ഹദീസ് 1/313). അതിലൂടെ ഇസ്തിഗാസ ചെയ്യാൻ പ്രേരിപ്പിക്കകയാണ് ഹദീസ് നിരൂപകരിൽ പ്രമുഖനായ ഇമാം ഖസ്വീനി(റ).

### 7. ഖാളി അബൂത്ത്വയ്യിബിത്ത്വബ്രി(റ) (വിയോഗം 450)

കർമശാസ്ത്രത്തിൽ ഉന്നതസ്ഥാനത്തെത്തിയ മഹാപണ്ഡിതനും അക്കാലത്തുള്ള പ്രമുഖരുടെ ഗുരുവുമാണ് ഖാളി അബുത്ത്വയ്യിബ്(റ). നബി(സ)

യുടെ ഖബറിന്നരികിൽ ചെന്ന് ഇസ്തിഗാസ നടത്തുമ്പോൾ പറയേണ്ടത് ഖാളീ അബൂത്ത്വയ്യിബ്(റ)ൽ നിന്ന് ഇമാം നവവി(റ) ഇങ്ങനെ വിവരിക്കുന്നത് കാണാം.

ثم يرجع إلى موقفه الأول قبالة وجه رسول الله ﷺ ويتوسل به في حق نفسه ويستشفع به إلى ربه سبحانه وتعالى ومن أحسن ما يقول ما حكاه الماوردي والقاضي أبوالطيب وسائر اصحابنا عن العتبى مستحسنين له قال "كنت جالسا عند قبر رسول الله ﷺ فجاء أعرابي فقال السلام عليك يا رسول الله سمعت الله يقول (ولو أنهم إذظلموا أنفسهم جاءوك فاستغفروا الله واستغفر لهم الرسول لو جدوا الله توابا رحيما) وقد جئتك مستغفرا من ذنبى مستشفعًا بك إلى ربى ثم أنشأ يقول :

يا خير من دفنت با القاع أعظمه　　فطاب من طيبهنّ القاع والأكم

نفسي الفداء لقبر أنت ساكنه　　فيه العفاف وفيه الجود والكرم

ثم انصرف فحملتنى عيناي فرأيت النبي ﷺ في النوم فقال : يا عتبي ألحق الأعرابي فبشره بأن الله تعالى قد غفرله( شرح المهذب ٣/ ٣٠٢/٨)

"റസൂൽ (സ)യുടെ ഖബർ സിയാറത്ത് ചെയ്യുമ്പോൾ പറയേണ്ടതിൽ വച്ച് ഏറ്റവും ഉത്തമമായതാണ് ഇമാം മാവർദി(റ)യും, ഖാളീ അബുത്ത്വയ്യിബ്(റ)ഉം നമ്മുടെ മറ്റു പണ്ഡിതന്മാരെല്ലാം ഉത്ബി(റ)യിൽ നിന്ന് ഉദ്ധരിക്കുന്ന സംഭവം. ഇത് പുണ്യകർമ്മമാണെന്ന് അവരെല്ലാവരും അഭിപ്രായപ്പെട്ടിട്ടുണ്ട്. സംഭവം ഇങ്ങനെ : ഉത്ബി(റ) പറയുന്നു : "ഞാൻ നബി(സ) യുടെ ഖബറിനരികിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ഗ്രാമീണനായ മനുഷ്യൻ വന്നു. എന്നിട്ടദ്ദേഹം പറഞ്ഞു. അസ്സലാമുഅലൈക യാ റസുലല്ലാഹ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. "അവർ സ്വശരീരങ്ങളോട് അക്രമം കാണിക്കുകയും അങ്ങയുടെ അടുക്കൽ വന്നു അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും അവർക്ക് വേണ്ടി റസൂൽ (സ്വ) പാപമോചന പ്രാർത്ഥന നിർവ്വഹിക്കുകയും ചെയ്താൽ അല്ലാഹുവിനെ അവർ അധികമമായി തൗബ സ്വീകരിക്കുന്നവനും വളരെയധികം കരുണ ചെയ്യുന്നവനുമായി എത്തിക്കുന്നതാണ്. അതിനാൽ ഞാനിതാ അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നത്, എന്റെ പാപങ്ങൾ പൊറുത്തുകിട്ടാൻ വേണ്ടി അങ്ങയെ കൊണ്ട് എന്റെ റബ്ബിലേക്ക് ശുപാർശ തേടിക്കൊണ്ടാണ്. പിന്നെ അദ്ദേഹം ഇപ്രകാരം ആലപിച്ചു.

"ഈ പ്രദേശത്ത് മറവ് ചെയ്യപ്പെട്ടവരിൽ ഏറ്റവും
ഉത്തമരായവരേ,
അങ്ങ് വിശ്രമിക്കുന്ന ഖബ്റിനു ഞാനെന്റെ ശരീരം സമർപ്പിക്കുന്നു.
ആ ഖബ്റിലാണ് ധർമ്മവും മാന്യതയും ചാരിത്രവുമുള്ളത്."

പിന്നീടദ്ദേഹം തിരിഞ്ഞുപോയി. എനിക്കുറക്കം വന്നു. ഞാൻ നബി(

സ)യെ സ്വപ്നത്തിൽ കണ്ടു. നബി(സ) എന്നോട് പറഞ്ഞു : "ഉത്ബീ, ആ ഗ്രാമീണന്റെയടുക്കൽ ചെന്നു അദ്ദേഹത്തിന് അല്ലാഹു പൊറുത്ത് കൊടുത്തിരിക്കുന്നുവെന്ന സന്തോഷ വാർത്ത അറിയിക്കുക. (ശർഹുൽ മുഹദ്ദബ് 8/202, 203)

## 8. ഇമാം മാവർദി(റ) (വിയോഗം: 450)

പ്രമുഖകർമ ശാസ്ത്ര വിശാരദനും അഞ്ചാം നൂറ്റാണ്ടിൽ നിരവധി കന പ്പെട്ട ഗ്രന്ഥങ്ങൾ രചിച്ച വിശ്രുത പണ്ഡിതനുമായ ഇമാം അബുൽ ഹസൻ അൽമാവർദി(റ) റസൂൽ (സ)യുടെ ഖബർ ശരീഫ് സന്ദർശിക്കുന്ന അധ്യാ യത്തിൽ വിവരിക്കുന്നത് ഇങ്ങനെ....

فصل : فأما زياة قبر النبي ﷺ فمأمور بها ومندوب إليها روى عبد الله عن نافع عن إبن عمر عن النبي ﷺ عليه وسلم انه قال: "من زار قبرى وجبت له شفاعتى وحكي عن العتبي انه قال كنت عند قبر النبي ﷺ فأتى اعرابي فقال يارسول الله وجدت الله تعالى يقول (ولو أنهم إذظلموا أنفسهم جاءوك فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما) وقد جئتك تائبا من ذنبى مستشفعا بك إلى ربي وانشأ يقول:

يا خير من دفنت بالقاع أعظمه فطاب من طيبهن القاع والأكم

نفسى الفداء لقبر أنت ساكنه فيه العفاف وفيه الجود والكرم

قال العتبى : فغفوت غفوة فرأيت رسول الله ﷺ يقول يا عتبى إلحق الأعرابي وأخبره بأن الله تعلى قدغفرله (الحاوى الكبير للإمام الماوردى ٥/٢٩٠)

"നബി(സ)യുടെ ഖബറിടം സിയാറത്ത് ചെയ്യൽ കൽപിക്കപ്പെട്ട കാര്യവും പുണ്യകർമവുമാണ്. ഇബ്നു ഉമർ(റ) നബി(സ)യിൽ നിന്ന് ഇപ്ര കാരം ഉദ്ധരിക്കുന്നു ; ആരെങ്കിലും തന്റെ ഖബർ സിയാറത്ത് ചെയ്താൽ അവന് എന്റെ ശഫാഅത്ത് അനിവാര്യമായി." ഉത്ബി(റ)യിൽ നിന്ന് ഇപ്ര കാരം ഉദ്ധരിക്കപ്പെടുന്നു: അദ്ദേഹം പറഞ്ഞു : 'ഞാൻ നബി(സ)യുടെ ഖബ റിന്റെയരികിലായിരിക്കവെ അവിടേക്ക് ഒരു ഗ്രാമീണൻ കടന്നു വന്ന് ഇപ്ര കാരം പറഞ്ഞു. "ഓ അല്ലാഹുവിന്റെ റസൂലേ, വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതായി എനിക്ക് ലഭിച്ചിട്ടുണ്ട്. അവർ സ്വശരീരങ്ങളോട് അക്രമം ചെയ്ത് അങ്ങയുടെ അടുക്കൽ വന്ന് അല്ലാഹുവിനോട് പൊറു ക്കലിനെ തേടുകയും റസൂൽ അവർക്കു വേണ്ടി പൊറുക്കലിനെ തേടു കയും ചെയ്താൽ അല്ലാഹുവിനെ കൂടുതൽ പശ്ചാത്താപം സ്വീകരിക്കു ന്നവനും വളരെയധികം കാരുണ്യം ചെയ്യുന്നവനുമായി അവർ എത്തിക്കും. "അതിനാൽ ഞാൻ എന്റെ പാപത്തിൽ നിന്ന് മുക്തി തേടിക്കൊണ്ടും എന്റെ നാഥനിലേക്ക് അങ്ങയുടെ ശുപാർശ തേടിക്കൊണ്ടുമാണ് അങ്ങയുടെ അരി കിൽ വന്നിട്ടുള്ളത്.

പിന്നീടദ്ദേഹം ഇപ്രകാരം പദ്യമാലപിച്ചു.
ഈ പ്രദേശത്ത് മറവ് ചെയ്യപ്പെട്ടവരിൽ ഏറ്റവും ഉത്തമരേ...
ആ ശരീരം കാരണം ഈ പ്രദേശം പവിത്രമായിരിക്കുന്നു.
അങ്ങ് വിശ്രമിക്കുന്ന ഖബറിനു ഞാനെന്റെ ശരീരം സമർപ്പിക്കുന്നു,
ആ ഖബറിലാണ് മാന്യതയും ഔദാര്യവും ധർമ്മവും ചരിത്രവുമുള്ളത്.
ഉത്ബി(റ) പറയുന്നു:

ഞാനൽപം മയങ്ങി. അപ്പോൾ ഞാൻ റസൂലുല്ലാഹി(സ)യെ കണ്ടു. അവിടുന്ന് എന്നോട് പറഞ്ഞു ; ഉത്ബീ... നീ ആ ഗ്രാമീണന്റെയടുക്കൽ ചെന്ന് അദ്ദേഹത്തിനു അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നുവെന്നു പറയുക.”

(അൽ ഹാവീൽ കബീർ 5/290/ ഇമാം മാവർദി(റ).)

## 9. ഇമാം ബൈഹഖി(റ) (വിയോഗം: 458)

ഹദീസ് വിജ്ഞാനത്തിൽ ഏറ്റവും മുൻപന്തിയിൽ നിന്നു ഗ്രന്ഥം നടത്തിയ മഹാത്മാവാണ് ശാഫിഈ മദ്ഹബുകാരനായ ഇമാം ബൈഹഖി(റ). പണ്ഡിതന്മാർ ഇമാം ബൈഹഖി(റ)യുടെ മഹത്വം വാനോളം പുകഴ്ത്തിയിട്ടുണ്ട്. ശാഫിഈ മദ്ഹബിലെ എല്ലാവർക്കും ശാഫിഈ(റ) ഇമാമിനോട് കടപ്പാടുണ്ട്. എന്നാൽ ഇമാം ബൈഹഖി(റ)യോട് ശാഫിഈ ഇമാം(റ) കടമപ്പെട്ടിരിക്കുന്നു എന്നാണ് ചില പണ്ഡിതർ പറഞ്ഞത്. ഹാഫിള് ഇബ്നു ഖല്ലിഖാന്റെ(റ) വഫയാത്തുൽ അഅ്യാൻ നോക്കുക : കാരണം ഇമാം ശാഫിഈ(റ) പറഞ്ഞ മസ്അലകളെല്ലാം ഹദീസ് ഉദ്ധരിച്ച് തെളിവ് പറഞ്ഞു സമർത്ഥിച്ച മഹാ വ്യക്തിത്വമാണ് ബൈഹഖി(റ). ആയിരം കിതാബുകൾ വ്യത്യസ്ത വിഷയങ്ങളിലായി എഴുതിയിട്ടുണ്ട്.

ഇമാവർകൾ നബി(സ) വഫാത്തായ ശേഷം ഖബറിങ്കലെത്തി സഹായം തേടിയ സംഭവം തന്റെ വിവിധ കിതാബുകളിൽ ഉദ്ധരിക്കുന്നു. അവയിൽ ചിലത് നേരത്തെ ഉദ്ധരിച്ചത് ഓർക്കുക: അതു മാത്രമല്ല, ദോശം പൊറുക്കാനായി നബി(സ്വ)യുടെ ഖബറിനരികിൽ വന്ന് നബി(സ്വ)യോട് ശഫാഅത്ത് തേടി ഇസ്തിഗാസ ചെയ്യുന്ന സംഭവം ഇമാം ബൈഹഖി(റ) ഉദ്ധരിക്കുന്നത് കാണുക.

أخبرنا ابو على الروذباري نا عمربن محمدبن عمر بن الحسين بن بقية إملاء نا سكر الهروى نا ابو زيد الرقاشي عن محمد بن روح بن يزيد البصري حدثني ابوحرب الهلالى قال: حج اعرابي فلما جاء الى باب مسجد رسول الله ﷺ اناخ راحلته فعلقها ثم دخل المسجد حتى اتى القبر ووقف بحذاء وجه رسول الله ﷺ فقال :(السلام عليك يا رسول الله ثم سلم على ابي بكر وعمرثم اقبل على رسول الله) فقال بأبي أنت وأمي يا رسول الله جئتك مثقلا بالذنوب والخطايا مستشفعا بك على ربك لأنه قال

فى محكم كتابه : (ولو انهم إذا ظلموا انفسهم جاءوك فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما) ( شعب الإيمان ٣/٤٩٥- ٤٩٦ للبيهقي)

നബി(സ)യുടെ ഖബ്റിങ്ങൽ വന്ന് "പ്രവാചകരേ പാപഭാരവും പേറി, അങ്ങയെക്കൊണ്ട് ശിപാർശതേടി ഞാനിതാ വന്നിരിക്കുന്നു; അല്ലാഹു ഖുർആനിലൂടെ 'സ്വശരീരങ്ങളെ പാപങ്ങളെക്കൊണ്ട് അക്രമിച്ചാൽ അങ്ങയുടെ അരികിൽ വന്ന് പാപമോചനത്തിന് പ്രാർത്ഥിക്കണമെന്നാണല്ലോ പഠിപ്പിച്ചിട്ടുള്ളത്.' ഇതും പറഞ്ഞ തിരുറൗളയിൽ ചെന്ന് ഒരു വിശ്വാസി തിരുനബി (സ)യോട് സഹായം ചോദിക്കുന്ന രംഗം ഇമാം രേഖപ്പെടുത്തുന്നു. ഇമാം ബൈഹഖി(റ)യുടെ ശുഅബുൽ ഈമാൻ (3/495-496)

മാത്രമല്ല, ഇസ്തിഗാസയുടെ മറ്റൊരു വചനം ഇമാം ബൈഹഖി(റ) പഠിപ്പിക്കുന്നത് കാണുക.

اخبرنا ابو زكريا ابى إسحق أنا ابو عبد الله بن يعقوب نا محمد بن عبد الوهاب جعفر بن عون انا اسامة بن زيد عن أبان بن صالح عن مجهد عن ابن عباس قال : ان لله عز وجل ملائكة في الأرض سوى الحفظة يكتون ما يسقط من ورق الشجر فإذا أصاب أحدكم عرجة في الأرض لا يقدر فيها على الاعوان فليصح فليقل عبادالله اغيثونا أو أعينونا رحمكم الله فإنه سيعان ( شعب الإيمان ١٢٨/٦ لبيهقي)

വിജനപ്രദേശത്ത് വച്ചു വല്ല പ്രയാസവും നേരിട്ടാൽ അല്ലെങ്കിൽ വല്ല സഹായവും ആവശ്യമായാൽ അവൻ ഇപ്രകാരം പറയണം. 'അല്ലാഹുവിന്റെ അടിമകളേ... ഇഷ്ടദാസന്മാരേ... സഹായിക്കണേ... അല്ലാഹു നിങ്ങൾക്ക് കാരുണ്യം ചൊരിയട്ടേ. എന്നാൽ അവന് സഹായം ലഭിക്കുന്നതാണ്. (ശുഅബുൽ ഈമാൻ 6/128) ഇമാം ബൈഹഖി(റ).

## 10. ഹാഫിള് ഖത്വീബുൽ ബാഗ്ദാദി(റ) (വിയോഗം 463)

ഇസ്‌ലാമിക വിജ്ഞാനകലകളിൽ ഉന്നത ശ്രേണിയിലെത്തിയ മഹാനായ ഹദീസ് പണ്ഡിതനാണ് ഇമാം ഹാഫിള് അബൂബക്ർ അൽഖത്തീബുൽ ബഗ്ദാദി(റ). ഹദീസുമായി ബന്ധപ്പെട്ട വിവിധ വിജ്ഞാന കലകളിൽ മാത്രം എഴുപത്തഞ്ചോളം ഗ്രന്ഥങ്ങൾ ഉൾപ്പെടെ നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ച ഹാഫിള് ഖത്തീബുൽ ബഗ്ദാദി(റ)യുടെ ശ്രദ്ധേയമായ ഗ്രന്ഥമാണ് താരീഖുബഗ്ദാദ്. ഇസ്തിഗാസയും തവസ്സുലും ശഫാഅത്ത് തേടലും പൂർവ്വ സൂരികൾ നടത്തിയ ആചാരമാണെന്ന് കുറിക്കുന്ന നിരവധി ഉദ്ധരണികൾ മേൽ ഗ്രന്ഥത്തിൽ കാണാം. അവയൊക്കെ ഉദ്ധരിച്ചു അംഗീകരിക്കുകയാണ് ഈ വിശ്വപണ്ഡിതൻ. അവ കുഫ്റാണെന്നോ തെറ്റാണെന്നോ പറയുന്നില്ല. ചിലത് മാത്രം കാണുക.

أنبأنا أحمد بن جعفر بن حمدان القطيعي قال سمعت الحسن بن إبراهم أبا علي الخلال يقول ما همنى أمر فقصدت قبر موسى بن جعفر فتوسلت به الا سهل الله تعالى لي ما

أحب (تاريخ بغداد :١٢٠/١ لابي بكرالخطيب البغدادي )

نبأنا أبو الفضل عبيد الله بن عبد الرحمن بن محمد الزهري قال سمعت ابي يقول قبر معروف الكرخي مجرب لقضاء الحوائج ويقال إنه من قرأ عنده مائة مرة قل هو الله أحد وسأل الله تعالى ما يريد قضى الله له حاجته (تاريخ بعداد : ١٢٢/١-١٢٣)

نبأنا علي بن ميمون قال سمعت الشافعي يقول اني لأتبرك بأبي حنيفة وأجيئ الى قبره في كل يوم يعني زائرا فإذا عرضت لي حاجة صليت ركعتين وجئت الى قبره وسألت الله تعالى الحاجة عنده فما تبعد عنى حتى تقضى (تاريخ بغداد ١٢٣/١)

ഖത്വീബുൽ ബഗ്ദാദി(റ) മൂസബ്നുജഅ്ഫർ(റ)ന്റെ ഖബറിനെക്കുറിച്ചെഴുതുന്നു : ആ ഖബറ് കരുതിച്ചെന്ന് ഇടതേടി പ്രാർഥിച്ചാൽ ഏതു പ്രതിസന്ധിക്കും പരിഹാരമാവുമെന്നതിന് നിരവധി അനുഭവങ്ങൾ സാക്ഷി. (താരീഖുൽ ബദ്ഗാദ് 1/120) മഅ്റൂഫുൽ കർഖി(റ)യുടെ ഖബറിങ്ങൽ ചെന്ന് അല്ലാഹുവിനോട് ആഗ്രഹം പറഞ്ഞാൽ അത് ഫലവത്താകുമെന്നതും അവന്റെ ആ ഉദ്ദേശ്യം അല്ലാഹു നിറവേറ്റുക തന്നെ ചെയ്യും. (താരീഖുബഗ്ദാദ് 1/122) അവിടെ ചെന്ന് നൂറ് ഇഖ്ലാസ് ഓതി പ്രാർത്ഥിച്ചാൽ ഗുണം ഉറപ്പ്. അബൂഹനീഫ (റ)യുടെ ഖബറിന്നരികിൽ ചെന്ന് പ്രാർതഥിച്ചാൽ ഫലം കിട്ടാറുണ്ട് എന്ന ഇമാം ശാഫിഈ(റ)യുടെ വാക്കുകളും ഖത്വീബ്(റ) ഉദ്ധരിച്ചിട്ടുണ്ട്. (താരീഖു ബഗ്ദാദ് 1/123)

## 11. ഇമാം ബുഖാരിയുടെ ഖബ്റിങ്ങൽ മഴയെതേടൽ

وقالو ابو على الغسانى أخبرنا أبو الفتح نصر بن الحسن السكتي السمرقندى قدم علينا بلنسية عام أربعين وستين وأربع مائة قال قحط المطر عندنا بسمرقند في بعض الأعوام فاستسقى الناس مرارا فلم يسقوا فأتى رجل صالح معروف بالصلاح إلى قاضي سمرقند فقال له اني رأيت رأيا أعرضه عليك قال وما هو؟ قال أرى أن تخرج ويخرج الناس معك الى قبر الإمام محمد بن إسماعيل البخاري وقبره بخرتنك ونستسقي عنده فعسى الله أن يسقينا قال فقال القاضى نعم ما رأيت فخرج القاضي والناس معه واستسقي القاضي بالناس وبكى الناس ثم القبر وتشفعوا بصاحبه فأرسل الله تعالى السماء بماء عظيم غزير أقام الناس من أجله بخرتنك سبعة أيام أو نحوها لايستطيع أحد الوصول إلى سمرقند من كثرة المطر وغزارته وبين خرتنك وسمرقند نحو ثلاثة أميال (سير أعلام النبلاء للذهبي ٤٦٩/١٢) و (طبقات الشافعية ٢٣٤/٢)

ഹിജ്റ464ൽ സമർഖന്ദിൽ കടുത്ത വെള്ളക്ഷാമമുണ്ടായി. ജനങ്ങൾ പല തവണ മഴക്കുവേണ്ടി പ്രാർഥിച്ചുവെങ്കിലും മഴ ലഭിച്ചില്ല. അങ്ങനെ ഒരു

നിഷ്ക്കളങ്കനായ മനുഷ്യൻ സമർഖന്ദിലെ ഖാളിയുടെ അടുത്തു ചെന്ന് പറഞ്ഞു: എനിക്ക് താങ്കളോടൊരഭിപ്രായം പറയാനുണ്ട്. ഖാളി ചോദിച്ചു: അതെന്താണ്? അദ്ദേഹം പറഞ്ഞു: താങ്കൾ ജനങ്ങളെ മുഴുവനും ഇമാം ബുഖാരി(റ)യുടെ ഖബ്റിന്നടുത്തേക്ക് കൊണ്ടുപോവുക. എന്നിട്ട് അവിടെ വച്ച് മഴ ചോദിക്കുക; നമ്മുക്ക് മഴലഭിക്കും. ഖാളിക്ക് ഈ അഭിപ്രായം ബോധ്യപ്പെട്ടു. അതുപ്രകാരം ഖാളിയുടെ കൂടെ ജനങ്ങളെല്ലാവരും ഇമാം ബുഖാരി(റ)യുടെ ഖബ്റിന്നരികിൽ ചെന്ന് മഹാനോട് ശിപാർശ തേടിക്കൊണ്ട് കരഞ്ഞു പ്രാർത്ഥിച്ചു. തുടർന്ന് ശക്തമായ മഴലഭിച്ചു.ഒരാഴ്ചക്കാലം ആളുകൾക്ക് പുറത്തിറങ്ങാൻ വയ്യാത്തത്ര ശക്തമായ പേമാരിയാണ് പെയ്തുതീർത്തത്.. ദഹബിയുടെ സിയറിഅഅ്ലാമിന്നുബലാഅ് 12/469, ഇമാം സുബ്കി(റ)യുടെ അത്വബഖാത്തുശ്ശാഫിഇയ്യ 2/234)

## 12. ഇമാം അബ്ദുൽ വലീദ് അൽബാജി(റ) ( വിയോഗം: 474)

ഹദീസിലും ഫിഖ്ഹിലും വ്യക്തിമുദ്ര പതിപ്പിച്ച മഹാവ്യക്തിത്വമാണ് ഇമാമവർകൾ. നബി(സ)യുടെ വഫാത്തിന് ശേഷം നബി (സ)യുടെ ഖബറിനരികിൽ എത്തി നബി(സ)യെ വിളിച്ചു ഇസ്തിഗാസ ചെയ്യുന്നതും ശഫാഅത്ത് തേടുന്നതുമായ സംഭവം ഇമാം ഉത്ബി(റ)യിൽ നിന്ന് തന്റെ 'സുനനുസ്സ്വാലിഹീൻ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചു അംഗീകരിക്കുന്നതു കാണാം.(തഫ്സീർ അൽ ജവാഹിറുൽ ഹിസാൻ 1/324)

## 13. ഇമാം അബൂനസ്വ്ർ ഇബ്നുസ്സ്വബ്ബാഗ്(റ) (വിയോഗം 477)

നിരവധി ഗ്രന്ഥങ്ങൾ രചിച്ച ഹാഫിള് ഇബ്നു സ്സ്വബാഗ്(റ) അക്കാലത്ത് ഇജ്തിഹാദിന്റെ യോഗ്യത പൂർത്തിയായിട്ടുണ്ടെന്നു വരെ സമകാലിക പണ്ഡിതർ വിധി എഴുതിയിട്ടുണ്ട്. തന്റെ ഗ്രന്ഥത്തിൽ ഏറ്റവും വിശ്രുതമായ 'അശ്ശാമിൽ' എന്ന ഗ്രന്ഥത്തിൽ നബി(സ)യെ വിളിച്ചു ഇസ്തിഗാസ ചെയ്യുന്ന സംഭവം ഖുർആൻ ഉദ്ധരിച്ചു സമർത്ഥിക്കുന്നത് കാണുക.

وقد ذكر جماعة منهم الشيخ أبو نصر ابن الصباغ فى كتابه الشامل الحكاية المشهورة عن العتبي قال: كنت جالس عند قبر النبى ﷺ فجاء أعرابي فقال : السلام عليك يا رسول الله سمعت الله يقول : (ولوأنهم اذ ظلموا انفسهم جاؤوك فاستغفروا لهم : الرسول لوجدوا الله توابا رحيما) وقد جئتك مستغفرا لذنبي مستشفعا بك إلى الله واستغفر ربى. ثم أنشأ يقول:

يا خير من دفنت بالقاع أعظمه     فطاب من طيبهن القاع والأكم

نفسى الفداء لقبر أنت ساكته     فيه العفاف وفيه الجود الكرم

فغلبتنى عينى فرأيت النبي ﷺ فى النوم فقال : يا عتبى الحق الأعرابى فبشره ثم انصرف الأعرابي أن الله قد عفرله (تفسير القرآن العظيم ١/ ٤٧١) لابن كثير

റസൂൽ(സ)യുടെ ഖബർ സിയാറത്ത് ചെയ്യുമ്പോൾ പറയേണ്ടതിൽ വച്ച് ഏറ്റവും ഉത്തമമായതാണ് ഇമാം മാവറദി(റ) ഉം ഖാളീ അബൂത്ത്വയ്യിബ്(റ)വും നമ്മുടെ മറ്റു പണ്ഡിതന്മാരെല്ലാം ഉത്ബി(റ)യിൽ നിന്ന് ഉദ്ധരിക്കുന്ന സംഭവം ഇത് പുണ്യകർമ്മമാണെന്ന് അവരെല്ലാവരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സംഭവം ഇങ്ങനെ: ഉത്ബി(റ) പറയുന്നു : 'ഞാൻ നബി(സ)യുടെ ഖബറിനരികിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ഗ്രാമീണനായ മനുഷ്യൻ വന്നു. എന്നിട്ടദ്ദേഹം പറഞ്ഞു. അസ്സലാമുഅലൈക യാ റസൂലല്ലാഹ് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. "അവർ സ്വശരീരങ്ങളോട് അക്രമം കാണിക്കുകയും അങ്ങിനെ അങ്ങയുടെ അടുക്കൽ വന്നിരിക്കുന്നത്. എന്റെ പാപങ്ങൾ പൊറുത്ത് കിട്ടാൻ വേണ്ടി അങ്ങയെ കൊണ്ട് എന്റെ റബ്ബിലേക്ക് ശുപാർശ തേടിക്കൊണ്ടാണ്. പിന്നെ അദ്ദേഹം ഇപ്രകാരം ആലപിച്ചു.

"ഈ പ്രദേശത്ത് മറവ് ചെയ്യപ്പെട്ടവരിൽ ഏറ്റവും ഉത്തമരായവരേ,

അങ്ങ് വിശ്രമിക്കുന്ന ഖബ്റിന് ഞാനെന്റെ ശരീരം സമർപ്പിക്കുന്നു. ആ ഖബ്റിലാണ് ധർമ്മവും മാന്യതയും ചാരിത്ര്യവുമുള്ളത്." പിന്നീടദ്ദേഹം തിരിഞ്ഞു പോയി. എനിക്കുറക്കം വന്നു. ഞാൻ നബി(സ)യെ സ്വപ്നത്തിൽ കണ്ടു. നബി(സ) എന്നോട് പറഞ്ഞു: ഉത്ബീ ആ ഗ്രാമീണന്റെയടുക്കൽ ചെന്നു അദ്ദേഹത്തിന് അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നുവെന്ന സന്തോഷ വാർത്ത അറിയിക്കുക.

ഉദ്ധരണം : (തഫ്സീറുൽ ഇബ്നുകസീർ 1/471)

## 14. അബൂശുജാഅ് ളഹീറുദ്ദീൻ (റ) (വിയോഗം: 488)

ശൈഖ് അബൂ ഇസ്ഹാഖശ്ശീറാസി(റ)യുൾപ്പെടെയുള്ള പണ്ഡിത മഹത്തുക്കളിൽ നിന്ന് ഹദീസുകൾ പഠിക്കുകയും ഒട്ടേറെ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്ത മഹാനാണ് അബൂശുജാഅ്(റ). അങ്ങേയറ്റത്തെ ധർമ്മിഷ്ഠനായ മഹാൻ തന്റെ സമ്പത്ത് മുഴുവനും അനാഥർക്കും അഗതികൾക്കും വിധവകൾക്കും ധർമം ചെയ്യാറുണ്ടായിരുന്നു. അന്നത്തെ ഭരണത്തിൽ മന്ത്രിയായിരുന്ന മഹാൻ തൽസ്ഥാനം രാജിവച്ചു മദീനയിൽ നബി(സ)യുടെ ചാരത്ത് കൂടുക എന്ന ലക്ഷ്യത്തോടെ ഹജ്ജിന് പുറപ്പെട്ടു. മദീനയിൽ വച്ചു രോഗിയായി. രോഗം മൂർഛിച്ചപ്പോൾ അദ്ദേഹം നബി(സ)യുടെ ഖബർ നിലകൊള്ളുന്ന ഹുജ്റ ശരീഫിൽ ചെന്ന് ഇപ്രകാരം പറഞ്ഞു.

.... ثم عزل الوزاره فسارالى الحج وجاور بالمدينة ثم مرض فلمّا تقل فى الأرض جاء الى الحجره النبوية فقال يا رسول الله قال الله تعالى (ولوأنهم اذظلموا انفسهم جاؤك فاستغفروا الله واستغفرلهم الرّسول لوجدوا الله توابا رحيما) وها أنا قد جئتك استغفرالله من ذنوبي وأرجو شفاعتك يوم القيامة ثم مات من يومه ذلك رحمه الله ودفن في البقيع (البداية والنهاية ١٢/١٨٥ للحافظ ابن كثير)

"ഓ, അല്ലാഹുവിന്റെ റസൂലേ, വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. "അവർ സ്വശരീരങ്ങളെ അക്രമിച്ചു അങ്ങയെ സമീപിക്കുകയും അല്ലാഹുവിനോടവർ പാപമോചനം തേടുകയും റസൂൽ (സ) അവർക്ക് വേണ്ടി പാപമോചനപ്രാർത്ഥന നിർവഹിക്കുകയും ചെയ്താൽ അവർ അല്ലാഹുവിനെ പശ്ചാതാപം സ്വീകരിക്കുന്നവരായും കരുണാമയനായും എത്തിക്കുന്നതാണ്." അതിനാൽ എന്റെ ദോശങ്ങളിൽ നിന്ന് അല്ലാഹുവിനോട് പൊറുക്കലിനെ തേടിക്കൊണ്ടും ഖിയാമത്ത് നാളിൽ അങ്ങയുടെ ശഫാഅത്ത് ആഗ്രഹിച്ചു കൊണ്ടും ഞാനിതാ അങ്ങയുടെ അരികിൽ വന്നിരിക്കുന്നു." അന്ന് തന്നെ അദ്ദേഹം മരണപ്പെടുകയും ബഖീഇൽ അദ്ദേഹത്തെ മറമാടുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന് കാരുണ്യം ചെയ്യട്ടെ. (അൽബിദായത്തു വന്നിഹായ. 12/185)

## 15. ഇമാം ഗസ്സാലി(റ) (വിയോഗം 505)

ഇസ്‌ലാമിക വിജ്ഞാനശാഖകളിലെല്ലാം തന്റെതായ വ്യക്തിമുദ്ര പതിച്ച് വിശ്വപ്രസിദ്ധനായ ഇമാം ഗസ്സാലി(റ) മുസ്‌ലിം ലോകത്തിന്റെ ശ്രദ്ധാബിന്ദുവാണ്. അഞ്ചാം നൂറ്റാണ്ടിലെ മുജദ്ദിദ് (പരിഷ്കർത്താവ്) എന്ന് മുസ്‌ലിം ലോകം വിശേഷിപ്പിച്ച ഇമാം ഗസ്സാലി(റ) ഇസ്തിഗാസയെ പ്രോത്സാഹിപ്പിക്കുന്നു; ചെയ്യാൻ നിർദേശിക്കുന്നു.

امّا التقرب لمشاهد الأنبياء والائمة عليهم الصلاه والسلام فإنّ المقصود منه الزيارة و الإستمداد من سؤال المغفرة وقضاء الحوائج من أرواح الأنبياء والأئمة عليهم الصلاة والسلام والعبارة عن هذا الإمداد الشفاعة وهذا يحصل من جهتين الأستمداد من هذا الجانب والإمداد من الجانب الآخر ولزيارة المشهد اثر عظيم في هذين الركنين أمّا الإستمداد فهو بانصراف همة صاحب الحاجة باستيلاء ذكر الشفيع والمزور على الخاطر حتى تصير كلية همته مستغرقة في ذلك. الخ (المضنون به على غير أهله -٣٥٦، من مجوعةرسائل الإمام الغزالي: ص ٣٥٧- ٣٥٦) و اسرار الحج للغزالي ١٤٢، الذهب الإبريز للغزالي/١٠٥-١٢٥ و احياء علوم‌الدين ٤٠٢/٤)

അമ്പിയാക്കൾ, ഇമാമുകൾ തുടങ്ങിയവരുടെ ജാറങ്ങളിലേക്ക് അടുക്കുന്നതിന്റെ ഉദ്ദേശ്യം സിയാറത്തു ചെയ്യലും അവരിൽനിന്ന് സഹായം ലഭിക്കുക, ആവശ്യങ്ങൾ നിറവേറുക, മഗ്ഫിറത്ത് തേടൽ, ശിപാർശ കിട്ടുക എന്നിവയൊക്കെയാണ്. പ്രവാചകന്മാരുടെയും പുണ്യാത്മാക്കളുടെയും അന്ത്യവിശ്രമസ്ഥാനം സന്ദർശിക്കുന്നതിന് വലിയ ഫലമുണ്ട്. ഇമാം ഗസ്സാലിയുടെ അൽ മള്നൂൻ (86), മജ്മൂഅത്തുറസാഇലിൽ ഗസാലി (356-357), അസ്റാറുൽ ഹജ്ജ് (142), അദ്ദഹബുൽ ഇബ്രീസ് (105-125).

മാത്രമല്ല നബി(സ) ഖബർ ശരീഫ് സിയാറത്ത് ചെയ്യുമ്പോൾ ഉരുവിടേണ്ട പ്രാർത്ഥനയിൽ നബി(സ്വ)യോട് ശഫാഅത്ത് തേടണമെന്ന് പഠിപ്പി

ക്കുന്നു. ഇക്കാര്യം വിശദമായി ഇമാം ഗസ്സാലി(റ) രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ ഇപ്രകാരം കാണാം

اللهمّ انّا سمعنا قولك وأطعنا أمرك وقصدنا نبيّك مستشفعين به اليك في ذنوبنا وما أثقل ظهورنا من أوزارنا تائبين من زللنا معترفين بخطايانا وتقصيرنا

(إحياء علوم الدّين ١/٢٣٥)

...ഞങ്ങൾ നബി(സ)യെ ഉദ്ദേശിച്ചുകൊണ്ടു ഞങ്ങളുടെ ദോശങ്ങൾ പൊറുക്കാനും മുതുകൊടിക്കുന്ന പാപങ്ങളിൽ നിന്ന് കരകയറാനുമായി നബി(സ)യോട് ശിപാർശ തേടിക്കൊണ്ടുമാണ് ഇവിടെ വന്നിട്ടുള്ളത്... എന്നു പറയൽ പുണ്യകർമമാണ്. (ഇഹ്യാഉലൂമുദ്ദീൻ 1/235)

# ആറാം നൂറ്റാണ്ട്

## 1. ഇമാം ഇബ്നു അഖീൽ അൽഹമ്പലി(റ) (വിയോഗം : 513)

എണ്ണൂറ് വാല്ല്യങ്ങളുള്ള വളരെ പ്രശസ്തമായ ഗ്രന്ഥമായ 'കിതാബുൽ ഫുനൂർ' രചിച്ച മഹാപണ്ഡിതനാണ് ഇമാം ഇബ്നു അഖീൽ(റ). ഇസ്ലാമിൽ ഇതുപോലൊരു ഗ്രന്ഥം രചിക്കപ്പെട്ടിട്ടില്ലെന്ന് ഹാഫിളുദ്ദഹബിയും ഇമാം ഇബ്നു ഖുദാമ(റ)യും രേഖപ്പെടുത്തിയത് കാണാം.

നബി(സ)യുടെ ഖബർശരീഫ് സിയാറത്ത് ചെയ്യുന്നവർ പറയേണ്ട വചനങ്ങൾ ഇമാം ഇബ്നു അഖീൽ (റ) ഇപ്രകാരം പഠിപ്പിക്കുന്നു.

اللهم انك قلت فى كتابك لنبيك ﷺ (ولو انهم اذ ظلموا انفسهم جاءوك فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما) واني قد اتيت النبي تائبا مستغفرا فأسئلك أن توجب لي المغفرة كما اوجبتها لمن اتاه في حياته، اللهم انى اتوجه اليك بنبيك ﷺ نبى الرحمة يا رسول الله اني اتوجه بك .... الىربى ليغفر لى ذنوبي اللهم انى اسئلك بحقه ان تغفر لى ذنوبى (كتاب التذكرة)

അല്ലാഹുവേ, കാരുണ്യത്തിന്റെ പ്രവാചകരായ മുഹമ്മദ് നബി(സ) മുഖേന ഞാനിതാ നിന്നിലേക്ക് മുന്നിടുന്നു. ഓ അല്ലാഹുവിന്റെ റസൂലേ... എന്റെ ദോഷം പൊറുത്തുകിട്ടാനായി ഞാനിതാ തങ്ങൾ മുഖേന എന്റെ റബ്ബിലേക്ക് മുന്നിടുന്നു.

അല്ലാഹുവേ... മുഹമ്മദ് നബി(സ)യുടെ ഹഖ് കൊണ്ട് എന്റെ ദോഷങ്ങൾ നീ പൊറുത്തു തരണേ...(കിതാബുത്തദ്കിറ:)

## 2. ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജീലാനി (റ) (വിയോഗം 561)

ഇസ്‌ലാമിക ആധ്യാത്മിക ശാസ്ത്രത്തിൽ ഔന്നത്യപദവി അലങ്കരിച്ച് ഖുത്തബുൽ അഖ്താബായി വിരാചിച്ച മുസ്‌ലിം ലോകത്തിന്റെ കണ്ണിലുണ്ണിയായ മഹാത്മാവാണ് ഗൗസുൽ അഅ്ളം ശൈഖ് ജീലാനി (റ). അവർ നടത്തുന്ന ഇസ്തിഗാസ കാണുക.

قال الشيخ عبد القادر الكيلانى : رأيت رسول اللهﷺ قبل الظهر فقال لي يا بني لم لا تتكلم؟ قالت: يا ابتاه أنا رجل أعجمى كيف أتكلم على فصحاء بغداد فقال: إفتح فاك ففتحته فتفل فيه سبعا وقال: تكلم على الناس وادع إلى سبيل ربك بالحكمة والموعظة الحسنة الخ (الحاوي للفتاوى للسيوطي ٢/٢٥٩)

ശൈഖ് ജീലാനി(റ) പറയുന്നു: 'ഒരു ദിവസം ഞാൻ ളുഹ്റിനു മുമ്പ് നബി(സ) യെ കണ്ടപ്പോൾ അവിടുന്ന് എന്നോട് ചോദിച്ചു: 'എന്റെ കുഞ്ഞിമോനേ നീ എന്താണ് ഒന്നും മിണ്ടാത്തത്?' ഞാൻ പറഞ്ഞു: ഉപ്പാ, ഞാൻ എങ്ങനെയാണ് ബഗ്ദാദിലെ സാഹിത്യകാരന്മാരോട് സംസാരിക്കുക, ഞാൻ അനറബിയല്ലേ? അപ്പോൾ തിരുനബി(സ്വ) പ്രതിവചിച്ചു: നീ വായ തുറക്കുക. നബി(സ) ഏഴ് തവണ എന്റെ വായിൽ ഉമിനീരാക്കിയ ശേഷം എന്നോട് പറഞ്ഞു. ഇനി ജനങ്ങളോട് തന്ത്രപരമായതും നല്ലതുമായ ഉപദേശങ്ങൾ പറഞ്ഞു കൊടുക്കുക.' (അൽഹാവീലിൽ ഫതാവാ 2/259) ഇവിടെ ശൈഖ് ജീലാനി തന്റെ പ്രശ്നങ്ങൾ തിരുനബി(സ)യോട് അവതരിപ്പിക്കുകയും തിരുനബി അതിനുള്ള പ്രതിവിധി നൽകുകയുമാണുണ്ടായത്.

മാത്രമല്ല നബി(സ)യുടെ ഖബർ ശരീഫിനരികിൽ സിയാറത്തിനെത്തിയാൽ അദബോടെ ഇപ്രകാരം തവസ്സുൽ ഇസ്തിഗാസ നടത്തണമെന്നു ശൈഖ് ജീലാനി(റ) പഠിപ്പിക്കുന്നു.

اللهم انى اتوجه اليك بنبيك عليه السلام نبي الرحمة يا رسول الله انى اتوجه بك الى ربي ليغفرلي ذنوبي اللهم انى أسألك بحقه أن تغفرلي وترحمنى اللهم اجعل محمدا أول الشافعين وأنجح السائلين واكرم الأولين والآخرين

(الغنية لطالبي طريق الحق ٣٦:الشيخ الجيلانى)

"..... അല്ലാഹുവേ... നിശ്ചയം ഞാനിതാ നിന്റെ കാരുണ്യത്തിന്റെ പ്രവാചകനായ നബി(സ) മുഖേന നിന്നിലേക്ക് മുന്നിടുന്നു. ഓ അല്ലാഹുവിന്റെ റസൂലേ... ഞാനിതാ തങ്ങളെ കൊണ്ട് എന്റെ ദോശം പൊറുത്തുകിട്ടാനായി അല്ലാഹുവിലേക്ക് മുന്നിടുന്നു. അല്ലാഹുവേ! നിശ്ചയം നബി(സ) യുടെ 'ഹഖ്' കൊണ്ടു ഞാനിതാ നിന്നോട് ചോദിക്കുന്നു. എനിക്കു നീ പാപമോചനവും കാരുണ്യവും നൽകണേ...

അല്ലാഹുവേ, മുഹമ്മദ് നബി(സ)യെ നീ ശുപാർശകരിൽ ആദ്യത്തവരും ചോദിക്കുന്നവരിൽ ഏറ്റവും വിജയിയും ആദ്യവസാനമുള്ള എല്ലാവ

രിൽ നിന്നും ഏറ്റവും ബഹുമാന്യനുമാക്കണേ..." (അൽഗുൻയത്ത്, ശൈഖ് ജീലാനി 1/36)

വഫാത്തായ നബി(സ)യെ വിളിച്ചു തേടാനും 'ഹഖ്' കൊണ്ട് തവസ്സുൽ നടത്താനും നിർദ്ദേശിക്കുകയാണ് ഗൗസുൽ അഅ്ളം ശൈഖ് ജീലാനി(റ). ഇവ ശിർക്കാണെന്ന് പച്ചയായി എഴുതിയ വഹാബികളുടെ ഭാഷയിൽ ശൈഖ് ജീലാനി (റ) ആരായിരിക്കും?

ഇപ്രകാരം എഴുതിപ്പഠിപ്പിക്കുന്ന ശൈഖ് ജീലാനി ഇസ്തിഗാസ ചെയ്യൽ ശിർക്കാണെന്ന വീക്ഷക്കാരനാണെന്ന വഹാബീ ജൽപനത്തെ മുസ്ലിംകൾ അവജ്ഞയോടെ തള്ളുമെന്നതിൽ സംശയമില്ല.

## 3. ശൈഖ് അഹ്മദുൽ കബീർ അർരിഫാഈ (റ) (വിയോഗം 578)

ഇസ്ലാമിക ആത്മീയതയിൽ ഉന്നത ശ്രേഷ്ഠനായി വിരാചിച്ച്, മുഖവുര ആവശ്യമില്ലാത്തവിധം വിശ്രുതനാണ് സുൽത്താനുൽ ഔലിയാ ശൈഖ് അഹ്മദുൽ കബീർ അരിഫാഈ(റ). മഹാന്മാരായ ഇത്തരം ഔലിയാക്കളായ മശാഇഖുമാർ നിരന്തരം നബി(സ)യുമായി ബന്ധപ്പെടുന്നവരും ഇസ്തിഗാസ നടത്തുന്നവരുമാണ്. ഒട്ടുവളരെ ഉദ്ധരണികൾ ഇത്തരം ഉന്നതരിൽ നിന്നുണ്ടായതു നിരവധി ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹാഫിള് സുയൂഥി (റ) ഉദ്ധരിക്കുന്നത് കാണുക.

وفي بعض المجاميع حج سيدي احمد الرفاعي فلماوقف تجاه الحجرة الشريفة انشد:

في حالة البعد روحي كنت أرسلها ❖ تقبل الأرض عني وهي نائبتي

وهذه نوبة الأشباح قد حضرت ❖ فامدديمينك كي تحظى بها شفتي

فخرجت اليد الشريفة من القبرالشريف فقبلها.(الحاوي للفتاوى للسيوطي (٢٦١/٢)

അഹ്മദുൽകബീർ അൽരിഫാഇ(റ) തിരുനബി(സ)യുടെ റൗളയിൽ ചെന്നിട്ട് പറഞ്ഞു : ഇതുവരെ ഞാൻ എന്റെ ആത്മാവിനെ അങ്ങയുടെ അരികിലേക്ക് പറഞ്ഞയക്കലായിരുന്നു പതിവ്. ഇപ്പോൾ ഇതാ ഞാൻ ശരീരവും ആത്മാവുമൊന്നിച്ച് വന്നിരിക്കുന്നു. ആ വിശുദ്ധ കരങ്ങളിൽ ഒന്ന് മുത്തം വയ്ക്കാൻ ആഗ്രഹമുണ്ട്; ആ സമയത്ത് മുത്ത്നബി(സ) തന്റെ കൈ അഹ്മദുൽ രിഫാഇ(റ)ക്ക് നീട്ടിക്കൊടുത്തു. അഹ്മദുൽരിഫാഇ(റ) ആ തിരുകൈയിൽ ചുംബനങ്ങളർപ്പിക്കുകയും ചെയ്തു. ഇമാം സുയൂത്വി(റ അൽഹാവിലിൽഫതാവാ (2/261)യിൽ ഈ സംഭവം വിശദീകരിക്കുന്നു.

ശൈഖ് രിഫാഇ പറയുന്നു:

اللهمّ إنّي أسألك وأتوجّه إليك بجاه نبيك محمد ﷺ وأسألك اللهم بأسائك الحسنى

الخ (البرهان المؤيد للإمام أحمد الكبير الرفاعي ص/١٣٣)

അല്ലാഹുവേ നിന്റെ പ്രവാചകനായ മുഹമ്മദ് നബി(സ)യുടെ മഹത്വം കൊണ്ട് ഞാൻ നിന്നോട് ചോദിക്കുന്നു. (അൽബുർഹാനുൽ മുഅയ്യദ് 133)

ശൈഖ് എഴുതുന്നത് കാണുക:

إنما الكرم الإلهي يشمل أرواح بعض أوليائه بل كلهم، فيصلح شأن من يتوسل بهم الى الله قال تعالى : (نحن أولياؤكم في الحياة الدنيا وفي الآخرة)

(رسالة الحكم الرفاعية: ص/١١)

നിശ്ചയം അല്ലാഹുവിന്റെ ഔദാര്യവും ആദരവുമൊക്കെ അവന്റെ മുഴുവൻ ഔലിയാക്കളുടെയും ആത്മാവുകളെ ഉൾക്കൊള്ളിക്കുന്നുണ്ട്. ആകയാൽ അവരെ ഇടയാളന്മാരാക്കി അല്ലാഹുവിലേക്ക് അടുക്കുന്നവർ മെച്ചപ്പെടും. കാരണം അല്ലാഹു മലക്കുകളെ കുറിച്ച് പഠിപ്പിക്കുന്നത്; "ഞങ്ങൾ ഭൗതികലോകത്തും പാരത്രികലോകത്തും നിങ്ങളുടെ സഹായികളാണ്" എന്നാണല്ലോ. ഇമാം രിഫാഇ(റ)യുടെ രിസാലത്തുൽ ഹികമുർരിഫാഇയ്യ (പേജ് 11)

## 4. ശൈഖ് അബൂമദ്യൻ അൽമഗ്‌രിബി(റ) (വിയോഗം: 594)

يا خير مبعوث وأكرم شافع ❖ كن منقذي من هول يوم مرجف

صلى عليك الله يا خير الورى ❖ ما لاح برق في السماء وما خفي

(شواهد الحق للنبهاني : ص/٣٨٢)

അയക്കപ്പെട്ട പ്രവാചകന്മാരിൽ അത്യുത്തമരും അത്യുദാരനായ ശിപാർശകനുമായ നബിയേ! ഭയാനകമായ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്ന അന്ത്യനാളിൽ എന്നെ അങ്ങ് രക്ഷിക്കേണമേ എന്ന് പറഞ്ഞ് പ്രാർത്ഥിക്കാറുണ്ട് ഈ മഹാത്മാവ്. യൂസുഫുന്നബ്ഹാനിയുടെ ശവാഹിദുൽഹഖിൽ. (പുറം: 382) ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

## 5. ഹാഫിള് ഇബ്നുൽജൗസി (വിയോഗം 597)

ഇസ്‌ലാമിക വൈജ്ഞാനിക ശാഖകളിൽ നൂറിലധികം ബൃഹദ്ഗ്രന്ഥങ്ങളെഴുതിയ മഹാവ്യക്തിത്വമാണ് ഹാഫിള് ജമാലുദ്ദീൻ അബുൽ ഫറജ് ഇബ്നുൽ ജൗസി(റ). തന്റെ വിവിധ ഗ്രന്ഥങ്ങളിൽ നിരവധി സ്ഥലങ്ങളിൽ തവസ്സുലും ഇസ്തിഗാസയും നടത്തുകയും അംഗീകരിക്കുകയും ചെയ്യുന്നു.

പ്രസിദ്ധ ഹദീസ് പണ്ഡിതനായ ഇമാം അവർകൾ നടത്തുന്ന ഇസ്തിഗാസ ഇങ്ങനെ:

يا رسول الله يا حبيب الله ❖ انت لى عون يوم ألقى الله

.................................❖.................................

يا درة الأنبيا يا روضة العلما ❖ يا ملجا الغربا يا سيد الرسل

كن لي شفيعا إذا جاء الحساب غدا ❖ من حر نار بها الأحجار تشتعل

(مولد العروس لابن الجوزي ٢٦-٣٧،وموجموعة مولدالنبوي٩٦- ١٠١)

ഓ പ്രവാചകരേ, അല്ലാഹുവിന്റെ ഇഷ്ടദാസരേ, അല്ലാഹുവിന്റെയടുക്കൽ എത്തുന്ന നാളിൽ അങ്ങാണ് എന്റെ സഹായി. പ്രവാചകന്മാരുടെ നേതാവേ, പണ്ഡിതന്മാരുടെ പൂന്തോപ്പേ... പാവങ്ങളുടെ അഭയകേന്ദ്രമേ, പ്രവാചകന്മാരുടെ നേതാവേ... കല്ലുകൾ പോലും ചൂടിന്റെ കാഠിന്യത്താൽ കത്തിജ്ജ്വലിക്കുന്ന അന്ത്യനാളിൽ അവിടുന്ന് എനിക്ക് ശിപാർശകനാവേണമേ. ഇബ്നുൽ ജൗസിയുടെ മൗലിദുൽ അറൂസ് 26-37

ഇതെ കിതാബിൽതന്നെ മുഴുവൻ പ്രവാചകന്മാരും നബി (സ)യെക്കൊണ്ട് സഹായതേട്ടം നടത്തിയിട്ടുണ്ടെന്ന് പദ്യ, ഗദ്യ സഹിതം ഇബ്നുൽ ജൗസി(റ) വിവരിക്കുന്നുണ്ട്. (പേജ് 16-33 )

ഇബ്നുൽ ജൗസി(റ) നടത്തുന്ന മറ്റൊരു ഇസ്തിഗാസ കാണുക:

صلى الإله على خير الأنام ومن ❖ نرجو النجاةبه فى موضع العطب

فهو الشفيع لمن يرجو شفاعته ❖ عند الحساب وعند اللهو والكرب

وهو الشفيع لمن يدين بدينه ❖ ولمن يلوذ بملة الإسلام

(بستان الواعظين لابن الجوزي : ٣٤٦-٣٤٧)

പ്രയാസങ്ങളുടെ നാളിൽ രക്ഷക്ക് ഹേതുവാകുന്ന സൃഷ്ടികളിൽ ഏറ്റവും ഉത്തമനായ പ്രവാചകരുടെ മേൽ അല്ലാഹുവിന്റെ കാരുണ്യമുണ്ടാവട്ടെ, എല്ലാ വിഷമസമയങ്ങളിലും അന്ത്യനാളിൽ ചോദ്യവേളയിലും അവിടുത്തെ ശിപാർശ ആഗ്രഹിക്കുന്നവർക്ക് ശഫാഅത്ത് ചെയ്യുന്നവരാണ്. ഇസ്ലാമിക പ്രസ്ഥാനത്തിൽ അഭയം പ്രാപിച്ചവർക്കും അവിടുന്നു ശിപാർശ ചെയ്യുന്നതാണ്. (ബുസ്താനുൽ വാഇളീൻ 346-347)

ഇതുപോലെ നബി(സ)യുടെ ഖബ്റ് സിയാറത്ത് ചെയ്യൽ പുണ്യകർമമാണെന്നും ആ സമയത്ത് നബി(സ)യോട് ശഫാഅത്ത് ചോദിക്കണമെന്നും .സൂറത്തുന്നിസാഇലെ 64-ാം സൂക്തം ഉദ്ധരിച്ചും ഉതുബിയുടെ സംഭവം റിപ്പോർട്ട് ചെയ്തുകൊണ്ടും ഹാഫിള് ഇബ്നുൽ ജൗസി അംഗീകരിച്ചു സമർത്ഥിക്കുന്നു. (മുസീറുൽ ഗറാമിസ്സാകിൻ 490-41-492), (അൽവഫാ ബി അഹ്വാലിൽ മുസ്ത്വഫ 2/208) 817-818)ലും ഇമാം ഇബ്നുൽ ജൗസി(റ) ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

### 6. ഇമാം റാസി(റ) (വിയോഗം: 606)

ലോകപ്രശസ്ത ഖുർആൻ പണ്ഡിതനാണ് ഇമാം ഫഖ്റുദ്ദീനി റാസി(റ). ആറാം നൂറ്റാണ്ടിലെ മതപരിഷ്കർത്താവെന്ന് വഹാബി നേതാവ് കെ.എം. മൗലവിതന്നെ അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. (ഖാദിയാനീ ഖണ്ഡനം പു: 14) ഇമാം റാസി(റ)യുടെ തവസ്സുൽ, ഇസ്തിഗാസ സംബന്ധമായ വീക്ഷണം കാണുക:

فقوله: أعوذ بكلمات الله التامات، استعاذة من الأرواح البشرية بالأرواح العالية المقدسة الطاهرة الطيبة فى دفع شرور الأرواح الخبيثة الظلمانية الكدرة فالمراد بكلمات الله التامات تلك الأرواح العالية الطاهرة اهـ (تفسير الكبير للرازي ١: ٧٩)

ബുഖാരിയിലെ ഹദീസിൽ നബി(സ്വ) താമ്മായ കലിമാത്തുകളോട് കാവൽ തേടി എന്ന ഹദീസിലുള്ള 'അൽ കലിമാത്തുല്ലാഹിത്താമ്മാത്ത്' എന്ന വചനം പരാമർശിച്ച് ഇമാം എഴുതി: അത് മഹാത്മാക്കളുടെ ആത്മാവുകളാണ്. മനുഷ്യാത്മാക്കൾ ചീത്താത്മാക്കളുടെ നാശങ്ങളെ പ്രതിരോധിക്കാനായി വിശുദ്ധരും ഉന്നതരുമായ പരിശുദ്ധാത്മാക്കളോട് നടത്തുന്ന കാവൽ തേട്ടമാണുദ്ധേശ്യം. (റാസി:1/67, 1/69)

പരിശുദ്ധാത്മാക്കളെന്നാൽ അത് മലക്കുകളും അമ്പിയാക്കളും ഉൾകൊള്ളുന്നവരാണെന്ന് ഇമാം റാസി(റ) തന്നെ രേഖപ്പെടുത്തിയിതുകാണുക.

.... أدعوكم سادسا الى تعظيم الأرواح الطاهرة المقدسة وهم الملائكة والأنبياء. والمدح والثناء كما يليق بصفاته واسمائه والتعظيم التام لأنبيائه وأوليائه (الرازي ٢٦/ ٢٠٦)

മാത്രമല്ല, സമ്പൂർണ ബഹുമാനം അല്ലാഹുവിന്റെ അമ്പിയാക്കൾക്കും ഔലിയാക്കൾക്കുമാകുന്നുവെന്നും ഇമാം റാസി രേഖപ്പെടുത്തിയിട്ടുണ്ട്. (തഫ്സീർ റാസി 26/206 നോക്കുക) റസൂലി(സ്വ)ന്റെ ശഫാഅത്തിനെ ആഗ്രഹിക്കൽ മുസ്‌ലികളുടെ സ്വഭാവമാണെന്ന് ഇമാം റാസി(റ) എഴുതുന്നു.

ورفعنا لك ذكرك ) .... بل العلماء والسلاطين يصلون إلى خدمتك ويسلمون من وراء الباب عليك ويمسحون وجوههم بتراب روضتك ويرجون شفاعتك فشرفك باق إلى يوم القيامة. (تفسير الرازي ٣٢/٦-٧)

ഖുർആനിലെ 'അങ്ങയുടെ പേരും പ്രശസ്തിയും നമ്മൾ ഉയർത്തിരിക്കുന്നു.' എന്ന സൂക്തം വിശദീകരിച്ചുകൊണ്ട് ഇമാം റാസി(റ) പറയുന്നു: പണ്ഡിതന്മാരും രാജാക്കന്മാരും നബി(സ)ക്ക് സേവനം ചെയ്യാനായി മദീനത്ത് എത്തുകയും അവിടുത്തെ വാതിൽക്കൽ വന്ന് സലാം പറയുകയും പുണ്യ റൗളയിൽ ചെന്ന് മണ്ണു വാരി അവർ അവരുടെ മുഖത്ത് പുരട്ടുകയും അവിടുത്തെ ശഫാഅത്ത് തേടുകയും ചെയ്യുന്നുണ്ട് നബിയേ, അതിനാൽ അങ്ങയുടെ സ്ഥാനം എന്നെന്നും നിലനിൽക്കുന്നതാണ്. (റാസി 32/6-7)

മാത്രമല്ല, സിയാറത്ത് ചെയ്യുമ്പോൾ ലഭ്യമാവുന്ന അഭൗതിക ഗുണങ്ങളെ കുറിച്ച് ഇമാം റാസി(റ) തന്നെ എഴുതുന്നത് കാണുക: "മഹാത്മാക്കളുടെ ഖബറിന്നരികിൽ സിയാറത്തിനെത്തുന്ന വ്യക്തി ഖബറിങ്കൽ അൽപ സമയം നിൽക്കണം. താൻ നിൽക്കുന്ന മണ്ണിൽ നിന്ന് അവന്റെ മനസ്സ് സ്വാധീനം നേടുകയും വേണം. ഈ മഹാത്മാവ് അന്ത്യ വിശ്രമം കൊള്ളുന്ന മണ്ണിലാണ് താൻ നിൽക്കുന്നതെന്ന വിചാരമുണ്ടാവുമ്പോൾ ആ ഖബറിലുള്ളവരും സിയാറത്തിനെത്തിയവരും തമ്മിൽ ആത്മീയമായി തന്നെ ബന്ധങ്ങളുണ്ടാവുന്നു. ഖബറടക്കപ്പെട്ട വ്യക്തിക്കുള്ള പൂർണ്ണത, ശക്തമായ സ്വാധീനം, പ്രഭ ഇവയിൽ നിന്ന് ജീവിച്ചിരിക്കുന്ന സന്ദർശകന്റെ ആത്മാവിലേക്ക് തിരിച്ചും ലഭിക്കുന്നതാണ്. അതു മുഖേന ഈ സന്ദർശകന് ഏറ്റവും വലിയ ഉപകാരവും ഔന്നിത്യവും കരസ്ഥമാക്കാൻ കാരണമാവുന്നതാണ്. സിയാറത്തിനെ അടിസ്ഥാനപരമായി ശരീഅത്തിൽ പുണ്യമാക്കാനുള്ള കാരണവും ഇതാണ്. (ഇമാം റാസിയുടെ അൽമത്വാലിബുൽ ആലിയ: 7/276, 277 പേജുകൾ കാണുക)

# ഏഴാം നൂറ്റാണ്ട്

## 1. ഇമാം മുവഫ്ഫഖുദ്ദീൻ ബിൻ ഉസ്മാൻ(റ) (വിയോഗം 615)

وفضائل السيدة نفيسة كثيرة ومناقبها أكثر من أن تحصر فالله تعالى ينفع ببركاتها في الدنيا والآخرة بجاه سيد المرسلين محمد ﷺ (مرشد الزوار الى قبور الأبرار المسمى الدر المنظم في زيارة الجبل المقطم: ١/١٨٦، للامام العارف موفق الدين بن عثمان

നഫീസത്ത് ബീവി(റ)യുടെ മദ്ഹുകൾ വിവരിച്ച ശേഷം അവരുടെ അനുഗ്രഹം കൊണ്ട് ഈ ലോകത്തും പരലോകത്തും ഉപകാരം ലഭിക്കാൻ വേണ്ടി നബി(സ)യുടെ മഹത്വം കൊണ്ട് സഹായം ചോദിക്കുന്നു. (അദ്ദുർറുൽമുനള്ളം ഫീ സിയാറത്തിൽ ജബലിൽ മുഖത്വം: 1/186)

വീണ്ടും അദ്ദേഹം എഴുതുന്നു:

كان من دعاء بعض السلف .... واقض حوائجنا في الدنيا والآخرة بمحمد وآله وصحبه أجمعين. (مرشد الزوار الى قبور الأبرار: ١/١٨٨، للامام العارف موفق الدين بن عثمان رحمه الله.

നഫീസത്ത് ബീവി(റ)യുടെ ഖബ്റ് സിയാറത്ത് ചെയ്യുന്ന സമയത്ത് ചില പൂർവിക മഹത്തുക്കൾ "ഞങ്ങളുടെ ഭൗതികവും പാരത്രികവുമായ ആവശ്യങ്ങളെ മുഹമ്മദ്നബി(സ)യെ കൊണ്ടും അവിടുത്തെ സഹചരെ കൊണ്ടും നീ വീട്ടിത്തരേണമേ" എന്ന് അല്ലാഹുവിനോട് ദുആ ചെയ്യാറുണ്ടായിരുന്നു. (അദ്ദുർറുൽ മുനള്ളം 1/188)

## 2. ഹാഫിള് അബൂത്വാഹിർ ഇസ്മാഈലുബ്നുൽ അന്മാത്വി(റ) (വിയോഗം: 619)

ജയിൽ മോചനത്തിനുവേണ്ടി നബി(സ)യോട് സഹായം ചോദിച്ചയാളാണ് ഹാഫിള് അൻമാത്വി. അക്കാരണത്താൽ ജയിലധികൃതർ ശൈഖവർകളെ ജയിൽ മോചിതനാക്കി. ഇമാം ഫാകിഹാനി അൽ ഫജ്റുൽമുനീറിൽ (286) ഇക്കാര്യം വിശദമായി പറയുന്നുണ്ട്.

## 3. ഇമാം ഇബ്നു ഖുദാമ : അൽ മഖ്ദസീ(റ) (വിയോഗം 620)

ഹമ്പലീ കർമ്മശാസ്ത്രത്തിൽ വിശ്രുതനാണ് ഇമാം ഇബ്നു ഖുദാമ(റ). നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മഹാൻ നബി(സ)യുടെ ഖബർ ശരീഫിനടുത്ത് ചെന്ന് റസൂലിനെ(റ) വിളിച്ചു സഹായം തേടുന്ന പദ്യങ്ങളും അതിനു തെളിവായി സൂറത്തുന്നിസാഇലെ അറുപത്തിനാലാം സൂക്തവും ഉദ്ധരിച്ചു അംഗീകരിക്കുന്നു. പുറമെ നബി(സ)യുടെ സമീപത്തെത്തിയാൽ ചൊല്ലേണ്ടുന്ന വചനങ്ങൾ ഇപ്രകാരം പഠിപ്പിക്കുന്നു.

اللهمّ إنك قلت وقولك الحق (ولوانهم إذظلموا انفسهم جاءوك فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما) وقد اتبتك مستغفرا من ذنوبي مستشفعا بك إلى ربّى فأسئلك يا رب أن توجب لى المغفرة كما أوجبتها لمن اتاه في حياته اللهم اجعله أول الشافعين وأنجع السائلين وأكرم الآخرين والأوّلين برحمتك يا أرحم الراحمين (المغنى ٣/٥٥٨) لابن قدامة المقدسى)

"അല്ലാഹുവേ, തെറ്റുചെയ്തവർ നബി(സ)യെ സമീപിച്ചു തിരുസാന്നിധ്യത്തിൽ വച്ചു പാപമോചനം തേടുകയും, നബി(സ) തങ്ങൾ അവർക്കുവേണ്ടി പാപമോചന പ്രാർത്ഥന നടത്തുകയും ചെയ്താൽ , അവർക്ക് നീ പൊറുത്തുകൊടുക്കുമെന്ന് നീ പറഞ്ഞിട്ടുള്ളതാണ്. നിന്റെ വാക്ക് സത്യമാണ്. അതിനാൽ നബിയേ ഞാനിതാ എന്റെ ദോഷത്തിൽ നിന്ന് മുക്തി തേടി തങ്ങളുടെ അരികിൽ എത്തിയിരിക്കുന്നു. എന്റെ റബ്ബിലേക്ക് തങ്ങൾ മുഖേന ശുപാർശ തേടി കൊണ്ടാണ് വന്നിട്ടുള്ളത്. അല്ലാഹുവേ, നബി(സ)യുടെ ജീവിതകാലത്ത് തിരുസന്നിധിയിൽ വന്നവർക്ക് നീ ദോഷം പൊറുത്തതു പോലെ എനിക്കും നീ പൊറുത്തു തരേണമേ....(അൽമുഗ്നീ 3/558, ഇബ്നുഖുദാമ: അൽ മഖ്ദസി(റ))

## 4. ഇമാം ബഹാഉദ്ദീൻ അൽ മഖ്ദസി(റ) (വിയോഗം 624)

നബി(സ) തങ്ങളുടെ ഖബർ സിയാറത്ത് ചെയ്യുമ്പോൾ പറയേണ്ടുന്ന വചനങ്ങൾ ഇമാം ഉത്ബി(റ)യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന സംഭവം രേഖപ്പെടുത്തി അംഗീകരിക്കുന്നു. പുറമെ അവിടെ പറയേണ്ടുന്ന വചനങ്ങൾ ഇമാം മഖ്ദസീ(റ) ഇപ്രകാരം പഠിപ്പിക്കുന്നു.

اللهم انك قلت وقولك الحق : (ولو انهم اذظلموا انفسهم جاءول فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما ) (النساء : ٦٤) وقد جئتك مستغفرا من ذنوبي مستشفعا بك إلى ربى فاسألك يا رب ان تغفر لي ذنوبى كما غفرت لمن اتاه في حياته (العده ٣١٢/١) لبهاءالدبن المقدسى)

"അല്ലാഹുവേ, നിന്റെ വചനങ്ങൾ സത്യമാണ്. നീ പറഞ്ഞതാണല്ലോ! തെറ്റുചെയ്തവർ നബി(സ)യുടെ സമീപത്ത് വന്നു അല്ലാഹുവിനോട് പാപ മോചനം തേടുകയും നബി(സ) അവർക്കു വേണ്ടി പാപമോചനത്തിന് പ്രാർത്ഥിക്കുകയും ചെയ്താൽ അല്ലാഹുവിനെ അവർ ദോഷം പൊറുത്തു കൊടുക്കുന്നവനായും കാരുണ്യം ചൊരിയുന്നവനായും എത്തിക്കുന്നതാണെന്ന്." അതിനാൽ എന്റെ ദോഷങ്ങളിൽ നിന്ന് മോചനം തേടി ഞാനിതാ അങ്ങയുടെ അരികിൽ വന്നിരിക്കുന്നു. അങ്ങയോട് ഞാൻ ശഫാഅത്ത് തേടിക്കൊണ്ടാണ് വന്നിട്ടുള്ളത്. അല്ലാഹുവേ ഈ നബി(സ)യുടെ ജീവിതകാലത്ത് വന്നവർക്ക് നീ ദോഷം പൊറുത്തു കൊടുത്തതുപോലെ എനിക്കും എന്റെ ദോഷം നീ പൊറുത്തു തരണമേ..." (അൽ ഉദ്ദ: ഫീ ശർഹിൽ ഉംദ 1/312)

## 5. ഇമാം മുഹ്‌യിദ്ദീൻ ഇബ്നുഅറബി(റ) (വിയോഗം 638)

അധ്യാത്മിക സരണിയിലെ ഉന്നതൻ. സൂഫിയാക്കൾ 'അശ്ശൈഖുൽ അക്ബർ' എന്ന് ബഹുമാനത്തോടെ പരിചയപ്പെടുത്തപ്പെടുന്നവർ, തസവ്വുഫിലും, തഫ്സീറിലും മറ്റു വിജ്ഞാന ശാഖകളിലും നാനൂറോളം ഗ്രന്ഥങ്ങളെഴുതിയ മഹാൻ.

. നബി(സ) മുഖേന ആലമുൽഅർവാഹ് (ആത്മാക്കളുടെ ലോകം) സഹായം തേടിയിട്ടുണ്ടെന്ന് പഠിപ്പിക്കുന്നു. (റസാഇലു ഇബ്നു അറബി 97)

وما أرسلناك الا رحمة للعالمين) رحمة الإيجاد، فبهذا المد الموجود فيه كان استمداد عالم الأرواح فظهر مقامه في عالم الأجسام آخرا ومقام آدم أولا (رسائل ابن عربي : ٩٧)

പ്രവാചാകന്മാരായ ഇബ്രാഹിം(അ), ഇസ്മാഈൽ(അ), ഇസ്ഹാഖ്(അ), മുഹമ്മദ്(സ്വ), ഫാത്വിമ (റ), ഹസൻ, ഹുസൈൻ(റ) എന്നിവരുടെ ഹഖ് കൊണ്ട് രോഗശമനത്തിനും, നാശങ്ങളിൽ നിന്നും രക്ഷ ലഭിക്കാനും തവസ്സുൽ ചെയ്യുന്നു. അക്കാര്യം പഠിപ്പിക്കുന്നു.

ختمت اللهم بحق ابراهيم واسماعيل واسحاق و محمد والحسن والحسين ﷺ أجمعين إلاّ شفيت صاحب هذه الأسماء وحاملها من كل داء وعصمته من شر كل شر يهجس في النفس وتجري به الرياح (رسائلابن عربي ٢٦٣)

دعوتك في فطيمة مستجيرا ❖ بفاطمة تقبل لي دعائي

ونحشرها واياها جميعا ❖ مع المختار في ظل اللواء (رسائل ابن عربي ٣٠٠)

## 6. ഇമാം ഹാഫിള് ഇബ്നുസ്സ്വലാഹ് (വിയോഗം 643)

ഹദീസ് വിജ്ഞാനീയങ്ങളിൽ ഉന്നതസ്ഥാനമലങ്കരിച്ച മഹദ് വ്യക്തിത്വമാണ് അബൂ അംറ് ഇബ്നുസ്സ്വലാഹ്(റ). നബി(സ)യുടെ ഖബർ ശരീഫിനടുത്ത് ചെന്ന് ഇസ്തിഗാസ ചെയ്യുന്നതിനെ അംഗീകരിച്ചു കൊണ്ട് മഹാൻ എഴുതുന്നു :

قال شيخنا ابو عمرو رحمه الله : ومن احسن ما يقول قول الأعرابي الذب حكاه جماعة من الأئمة مستحسنين له عن العتبي واسمه محمدبن عبيد الله قال كنت جالسا عند قبر النبي ﷺ فجاء أعرابي فقال: السّلام عليك يا رسول الله سمعت الله سبحانه يقول ولو أنهم اذ ظلموا انفسهم جاءوك فاستغفروا الله واستغفر لهم الرسول لوجدوا الله توّابا رحيما وقد جئتل مستغفرا من ذنبي مستشفعا بك الى ربي ثم أنشأ يقول:

يا خير من دفنت بالقاع اعظمه ❖ فطاب من طيبهن القاع والأكم

نفسى الفداء لقبر أنت ساكنه ❖ فيه العناف وفيه الجود والكرم

قال: وحملتنى عيناي فرأيت النبي ﷺ فى نوم فقال لى يا عُتبى الحق الأعرابي فبشره أن الله قد غفر ذنوبه (إتحاف الزائر ٥٤ لابن عساكر)

"അവിടെ വച്ചു അവൻ പറയേണ്ടുന്ന ഏറ്റവും നല്ല വചനം. ഇമാമുകളിൽ നിന്നുള്ള വലിയൊരു സംഘം മുഹമ്മദ്ബ്നു ഉബൈദില്ലാഹിൽ ഉത്ബി(റ)യിൽ നിന്ന് ഉദ്ധരിക്കുകയും അത് നല്ലതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള വചനമാണ്.

അദ്ദേഹം പറയുന്നു : "ഞാൻ നബി(സ)യുടെ ഖബറിനരികിലായിരിക്കവെ അവിടേക്ക് ഒരു ഗ്രാമീണൻ കടന്നു വന്ന് ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞതായി എനിക്ക് ലഭിച്ചിട്ടുണ്ട്. "അവർ സ്വശരീരങ്ങളോട് അക്രമം കാണിച്ച് അങ്ങയുടെ അടുക്കൽ വന്ന് അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും റസൂൽ(സ്വ) അവർക്കുവേണ്ടി പാപമോചന പ്രാർത്ഥന നടത്തുകയും ചെയ്താൽ അല്ലാഹുവിനെ കൂടുതൽ പശ്ചാതാപം സ്വീകരിക്കുന്നവനും വളരെയധികം കാരുണ്യം കാണിക്കുന്നവനുമായി അവർ എത്തിക്കും." അതിനാൽ ഞാനിതാ എന്റെ പാപത്തിൽ നിന്ന് മുക്തിതേടി കൊണ്ടും, എന്റെ നാഥനിലേക്ക് അങ്ങയുടെ ശുപാർശ തേടിക്കൊണ്ടുമാണ് അങ്ങയുടെ അരികിൽ വന്നിട്ടുള്ളത്. പിന്നീടദ്ദേഹം ഇപ്രകാരം പദ്യമാലപിച്ചു.

"ഈ പ്രദേശത്ത് മറവ് ചെയ്തവരിൽ ഏറ്റവും ഉത്തമരേ...

ആ ശരീരം കാരണം ഈ പ്രദേശം പവിത്രമായിരിക്കുന്നു. അങ്ങ് വിശ്രമിക്കുന്ന ഖബറിനു ഞാനെന്റെ ശരീരം സമർപ്പിക്കുന്നു. ആ ഖബറിലാണ് മാന്യതയും, ഔദാര്യവും ധർമ്മവും ചാരിത്രവുമുള്ളത്.

ഉത്ബി(റ) പറയുന്നു :

"ഞാനൽപം മയങ്ങി, അപ്പോൾ ഞാൻ റസൂലുല്ലാഹി(സ)യെ സ്വപ്നം കണ്ടു അവിടുന്ന് എന്നോട് പറഞ്ഞു:

ഉത്ബീ... നീ ആ ഗ്രാമീണന്റെയടുക്കൽ ചെന്ന് അദ്ദേഹത്തിന് അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നുവെന്ന് പറയുക.

ഉദ്ധരണം : (ഇത്ഹാഫുസ്സാഇർ പേ. 54 :ഹാഫിള് ഇബ്നു അസാകിർ(റ)

നാലാം നൂറ്റാണ്ടിൽ ജീവിച്ച അബൂസൈദിൽ മർവസി നബി(സ) യെക്കൊണ്ട് ഇസ്തിഗാസ നടത്തിയ സംഭവം ഉദ്ധരിക്കുന്നു. (ത്വബഖാത്തുശ്ശാഫിഇയ്യ:95/ ഇമാം ഇബ്നുസ്സ്വലാഹ് (റ)

അതുപോലെ നബി(സ)യെക്കൊണ്ടും തങ്ങളുടെ കുടുംബങ്ങളെക്കൊണ്ടും ഹാഫിള് ഇബ്നുസ്സലാഹ്(റ) ഇടതേട്ടം നടത്തുന്നു. (ത്വബഖാത്തുശ്ശാഫിഇയ്യഃ പേജ്:264)

## 7. അൽ ഹാഫിള് ളിയാഉദ്ദീൻ അൽമഖ്ദിസി(റ) (മരണം 643)

പണ്ഡിതലോകത്തെ വിശ്രുതവ്യക്തിത്വം, അഹ്‌ലുസ്സുന്നയുടെ കാവലാൾ, അക്കാലത്തെ ബിദഇകളുടെ കോടാലി. മഹാത്മാക്കളോടുള്ള ബന്ധവും അതിന്റെ ഗുണങ്ങളും അവരിൽ നിന്നു കിട്ടിയ സഹായങ്ങളും തന്റെ വിവിധ ഗ്രന്ഥങ്ങളിൽ യഥേഷ്ടം വിവരിച്ചിട്ടുണ്ട് ഈ വിശ്രുത ഹദീസ് പണ്ഡിതൻ. ഒരു സംഭവം കാണുക.

قال شيخ دمشقي ....... وكان لي صديق من ميا فارقين شاهد جاور بالمدينة سنين فسألني عن حالي فذكرتله القصة فقام معي إلى التربة وقال: السلام عليك يا رسول الله قد جئناك مظلومين فخذ بثارنا وتضرع كثيرا ورجعنا فلما جنّ علي الليل نمت فحين أصبحت صادفت العين أحسن مما كانت كأنّها لم يصبها ضرب قط

(النهي عن سبّ الأصحاب للحافظ الضياء المقدسي : ص/ ١٠٣)

ദിമശ്ഖിലെ ഒരു ശൈഖ് ഭക്ഷണ സാധനം വാങ്ങാൻ വേണ്ടി മദീനയിലെ ഒരു കടയിൽ ചെന്നതാണ്. അപ്പോൾ കടക്കാരൻ തന്റെ കൈയിലുള്ള സംഖ്യ വാങ്ങിവച്ച ശേഷം ഇദ്ദേഹത്തോട് അബൂബക്കർ (റ), ഉമർ (റ) എന്നിവരെ അസഭ്യം പറയാൻ ആവശ്യപ്പെട്ടു. ശൈഖ് അതിന്ന് വഴങ്ങാതിരുന്നപ്പോൾ കടക്കാരൻ അദ്ദേഹത്തിന്റെ മുഖത്ത് ആഞ്ഞടിച്ചു. കണ്ണിന് സാരമായ ക്ഷതം പറ്റി. വേദനയിൽ പുളഞ്ഞ ശൈഖ് കണ്ണുനീർ ഒലിപ്പിച്ചുകൊണ്ട് മദീനത്തെ പള്ളിയിൽ ചെന്നിരുന്നു. ആ സമയത്താണ് തന്റെ ഒരു പഴയ സുഹൃത്ത് അതുവഴി വരുന്നത്. അയാൾ ചോദിച്ചു: "നിങ്ങൾക്കെന്തു പറ്റി?" ശൈഖ് സുഹൃത്തിനോട് നടന്ന സംഭവം വിശദീകരിച്ചു. തുടർന്ന് രണ്ടാളും നബി(സ)തങ്ങളുടെ സന്നിധിയിൽ ചെന്ന് സലാം പറയുകയും 'മർദ്ദിതരായി ഞങ്ങളിതാ അങ്ങയുടെ അരികിൽ വന്നിരിക്കുന്നു. ഞങ്ങളുടെ ശത്രുവിനെ അങ്ങ് കൈകാര്യം ചെയ്യണമേ' എന്ന്

സഹായ തേട്ടം നടത്തുകയും ചെയ്തു. പിറ്റേന്ന് ഉറങ്ങിയെഴുന്നേറ്റപ്പോൾ ഒന്നും സംഭവിക്കാത്തവിധം അദ്ദേഹത്തിന്റെ കണ്ണുകൾ സുഖം പ്രാപിച്ചിരുന്നു. (ഹാഫിള് അൽ മഖ്ദസി(റ)യുടെ അന്നഹ്‌യു അൻ സബ്ബിൽ അസ്ഹാബ്: 103)

## 8. ഇബ്നുസ്സ്വബാഗുൽ ജുദാമി (റ) (വിയോഗം : 648)

لمن يشتكي المشتاق يا خير مرسل ❖ ومن ساحتي جدواك يلتمس الرفد

فكن لي شفيعا في ذنوبي إنها ❖ تعاظم حصرا أن يحيط بها العدّ

(ديوان ابن الصباغ الجدامي : ص/ ١٢٥-١٧٧) و(أزهارالرياض في أخبار عياض : ٢/ ٢٤٨-٢٤٩-٢٥٠، لشهاب الدين المقري)

ഓ പ്രവാചകരിൽ ഏറ്റവും ഉത്തമരായവരേ അങ്ങയെ പ്രിയം വെക്കുന്നവർ അങ്ങയിലേക്കല്ലാതെ മറ്റാരിലേക്കാണ് പരാതി ബോധിപ്പിക്കുക. അങ്ങയുടെ ഔദാര്യത്തിന്റെ തിരുമുറ്റത്ത് ദാഹം തേടപ്പെടുന്നുണ്ട്. എണ്ണിയാലൊടുങ്ങാത്ത പാപഭാരം ചുമന്നു നടക്കുന്ന എനിക്ക് അങ്ങ് ശഫാഅത്ത് ചെയ്യേണമേ, (ദീവാനുഇബ്നിസ്സ്വബ്ബാഗ് 125-177) ശിഹാബുൽ മുഖ്‌രിയുടെ (അസ്ഹാറുരിയാള് ഫിഅഖ്ബാരിഇയാള്: 2/248-249-250)

## 9. ഇമാം അലിയ്യുബ്നുഹിബതില്ലാഹിശ്ശാഫിഇയ്യ്(റ) (വിയോഗം 649)

اخبرنا ابوالحسن على بن هبة الشافعي - فقيه مصر ومفتيها .......... أنّ رجلا من أهل اليمن اودع أباه ثمانين دينارا وخرج الرجل يريد الجهاد. وقال له: إن احتجت إليها فأنفقها إلى أن آتي إن شاء الله. قال: وخرج الرجل وأصاب أهل الدينة سنة وجهد. قال: فأخرجها أبى فقسمها. قال : فلم يلبث الرجل أن قدم وطلب ماله، فقال له أبي : عد إلي غدا. قال: وبات في المسجد متلوذا بقبر رسول الله ﷺ مرة وبمنبره مرة حتى كاد يصبح، فإذا شخص في السواد يقول له : "دونكما يا محمد" فمد يده فاذاصرة فيها ثمانون دينارا. قال : وغدا عليه الرجل فدفعها إليه.

(مصباح الظلام : ص/٩٢) و فجرالمنير للفاكهاني : ص/٢٨٢)

ഈജിപ്തിലെ കർമശാസ്ത്ര പണ്ഡിതനും മുഫ്തിയുമായിരുന്ന അബുൽഹസൻ ഹിബതുല്ലാഹിശ്ശാഫിഇയ്യ്(റ) പറയുന്നു: യമൻ ദേശക്കാരനായ ഒരാൾ തന്റെ പിതാവിന്റെ കൈയിൽ എൺപത് ദിനാർ സൂക്ഷിപ്പു സ്വത്തായി കൊടുത്തു; എന്നിട്ട് പറഞ്ഞു: "നിങ്ങൾക്കാവശ്യമെങ്കിൽ ചെലവഴിച്ചോളൂ ഞാൻ തിരിച്ചുവരുന്ന സമയത്ത് എനിക്ക് തന്നാൽ മതി" എന്നിട്ടയാൾ യുദ്ധത്തിനു പുറപ്പെട്ടു. ക്ഷാമകാലം വന്നപ്പോൾ പിതാവത് ഉപയോഗിച്ചു. അയാൾ തിരിച്ചുവന്ന് ദീനാർ തിരികെ ചോദിച്ചപ്പോൾ കൊടു

ക്കാൻ ഒന്നും കൈയിൽ ബാക്കിയില്ലായിരുന്നു. കാര്യം ബോധ്യപ്പെടുത്തി നാളെ വരാൻ പറഞ്ഞു. അയാളെ തിരിച്ചയച്ചു. അന്ന് രാത്രി പിതാവ് എല്ലാം നബി(സ)യിലേക്ക് ഏൽപിച്ച് തിരുനബി (സ) യുടെ ഖബ്റിന്നു സമീപവും അവിടുത്തെ മിമ്പറിനു സമീപവുമായി സുബ്ഹിയാവുന്നതുവരെ സമയം ചെലവിട്ടു. തൽസമയം ആ ഇരുട്ടിൽ ഒരാൾ വന്നു പറഞ്ഞു. ഇതാ നിങ്ങളുടെ പ്രശ്നത്തിന്റെ പരിഹാരം പിടിച്ചോളൂ. കൈനീട്ടി വാങ്ങി നോക്കുമ്പോൾ അത് എൺപത് ദീനാറിന്റെ ഒരു പൊതിയായിരുന്നു. പിറ്റേ ദിവസം ആ കടക്കാരൻ വന്നപ്പോൾ പണം മടക്കിക്കൊടുത്തു. (മിസ്ബാഹുള്ളലാം 92, അൽഫജ്റുൽ മുനീർ 282)

## 10. ഇമാം യഹ്യ അസ്സ്വർസ്വരി(റ) (വിയോഗം 656)

يا رسول الإله كن لى مغيثا ❖ في أموري لعلّ قلبى يئوب

أنت سؤلي وبغيتي فاغثني ❖ ثار بيني وبين نفسى حروب

يا إلهي بالهاشمي أجرنى ❖ إنّني مذنب وكلّي ذنوب

(شواهد الحق : ٣٦٦)

فإنّني فى زمان أهله شيع ❖ وذالتقيَ به لو ضمّه نفق

فلا تذرني نهبا للخطوب به ❖ فإنّنى بك بعد الله أعتلق

(شواهد الحق : ٣٨٢)

അല്ലാഹുവിന്റെ പ്രവാചകരേ അങ്ങ് എന്റെ മുഴുവൻ കാര്യങ്ങളിലും സഹായിയാകേണമേ, എന്റെ അഭിലാഷവും ആഗ്രഹവും അവിടുന്നാണ്. എന്നെ അങ്ങ് സഹായിക്കേണമേ, എന്റെയും എന്റെ ശരീരത്തിന്റെയും ഇടയിൽ ശത്രുത മുളപൊട്ടിയിരിക്കുന്നു. അല്ലാഹുവേ ഞാൻ പാപിയാണ് എന്റെ മുഴുനും പാപമാണ്. തിരുനബി(സ്വ)യെക്കൊണ്ട് എന്നെ നീ കാക്കേണമേ. (ഇമാം യൂസുഫുന്നബ്ഹാനിയുടെ ശവാഹിദുൽഹഖ്: 366 -382) ഇമാം സ്വർസ്വരി (റ) ഇസ്തിഗാസ നടത്തിയ വ്യക്തിയാണെന്ന് പുത്തൻവാദികളുടെ നേതാവ് ഇബ്നുഅബ്ദുൽവഹാബ് (അൽ മസാഇൽ 110) പറയുന്നു.

## 11. ശൈഖ് അബുൽ ഹസനിശ്ശാദുലി(റ) (വിയോഗം : 656)

ഇസ്ലാമിലെ ആത്മീയ സരണിയിലെ അത്യുന്നതനാണ് ഇമാം ശാദുലി(റ). അവർ തവസ്സുലിനെ പ്രോത്സാഹിപ്പിക്കുന്നത് കാണുക.

كان الشيخ أبوالحسن الشاذلي يقول : إذا عرضت لكم الى الله حاجة فتوسّلوا إليه با لإمام أبي حامد الغزالي (تاييد الحقيقة العلية : ص/٤١، للسيوطي)

ആർക്കെങ്കിലും വല്ല ആവശ്യങ്ങളും വീടാനുണ്ടായാൽ ഇമാം ഗസ്സാലി(റ)യെ ഇടയാളനാക്കാൻ വേണ്ടിയാണ് മഹാനവർകളുടെ കല്പന. ഇമാം സുയൂഥി(റ) തഅ്‌യീദുൽ ഹഖീഖത്തിൽഅലിയ്യ (പുറം: 41)ൽ ഇക്കാര്യം വിശദീകരിക്കുന്നു.

## 12. ശൈഖ് അബൂബക്കർ റശീദുൽബഗ്ദാദി(റ) (വിയോഗം 661)

ചരിത്രത്തിൽ വിശ്രുതനായ പ്രവാചക പ്രേമിയാണ് ശൈഖവറുകൾ. ആശിഖുർറസൂൽ എന്ന അപര നാമത്തിൽ അറിയപ്പെടുന്ന റശീദുൽ ബഗ്ദാദി(റ) നിരവധി തവണ ഇസ്തിഗാസ ചെയ്ത വരികൾ കാണാം. ഏതാനും വരികൾ കാണുക.

أنا رجل أثقلت ظهري بزلتي ❖ ومن زلّ يأوي للشفيع ويلجأ

أغثنى أجرني ضاع عمري إلى متى ❖ بأثقال أوزاري أراني أرزأ

إذا لم يكن لي من جنابك شافع ❖ شقيت وما لي غير جاهك ملجأ

(قصيدة الوترية ص/ ٣) و (شفاء الفؤاد بزيارة خير العباد : ص/٢٠٥/ ٢٠٦)

و(التحفة الندية فى مدح خير البرية : ص/ ٥٩)

"ഞാൻ പാപഭാരം പേറി നടക്കുന്നവനാണ്. ശിപാർശകനായ തിരുനബി (സ) യിലേക്കാണ് പാപികൾ അഭയം പ്രാപിക്കുക. ഇത്രയും കാലം ആയുസ്സ് പാഴാക്കിയ എന്നെ അവിടുന്ന് സഹായിക്കേണമേ എന്റെ പാപഭാരം താങ്ങാൻ കഴിയുന്നതിലുമപ്പുറമാണ്. അങ്ങ് എനിക്ക് ശഫാഅത്ത് ചെയ്തില്ലെങ്കിൽ ഞാൻ പരാജയപ്പെടുന്നതാണ്. അങ്ങല്ലാതെ എനിക്ക് ഒരു അഭയ കേന്ദ്രവുമില്ല." (ഖസ്വീദത്തുൽ വിത്രിയ്യ ഇമാം റശീദ് അൽ ബഗ്ദാദി. പേജ് 3, ശിഫാഉൽ ഫുആദ് 205-206, അത്തുഹ്ഫതുന്നദിയ്യ ഫീ മദ്ഹി ഖൈരിൽ ബരിയ്യ 59)

## 13. ഇമാം ഖുർത്വുബി(റ) (വിയോഗം 671)

സൂറത്തുന്നിസാഇലെ 64-ാം സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് നബി(സ)യുടെ ഖബ്റിങ്ങൽ ചെന്ന് സഹായം തേടാൻ പഠിപ്പിക്കുന്നു. (തഫ്സീറുൽ ഖുർത്വുബി: 5/265-266)(സംഭവം നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്) മാത്രമല്ല തന്റെ വ്യത്യസ്ത ഗ്രന്ഥങ്ങളിൽ തവസ്സുലും ഇസ്തിഗാസയും ചെയ്യുന്നതും ചെയ്യാൻ പഠിപ്പിക്കുന്നതുമായ നിരവധി വരികൾ കാണാവുന്നതാണ്.

## 14. ഇമാം നവവി(റ) - വിയോഗം 676

പണ്ഡിത ലോകത്ത് എല്ലാവരാലും സുസമ്മതനാണ് ഇമാം അബൂസക്കറിയ്യ യഹ്‌യബ്നു ശറഫ് അന്നവവി(റ). നൂറുകണക്കിനു ഗ്രന്ഥങ്ങൾ രചിച്ചു മുസ്‌ലിം ലോകത്തു ഹിദായത്തിന്റെ വെളിച്ചം പകർന്നു കൊടുത്ത

മഹാൻ. 'രണ്ടാം ശാഫിഈ' എന്നറിയപ്പെടുന്ന ശാഫിഈ മദ്ഹബിലെ മുഹരിർ(എഡിറ്റർ). പിൽക്കാല പണ്ഡിതന്മാരുടെ അവസാനവാക്ക്, തികഞ്ഞ ഖുർആൻ ഹദീസ് പണ്ഡിതൻ. കർമ്മ ശാസ്ത്ര രംഗത്ത് അതുല്യൻ. തന്റെ വിവിധ ഗ്രന്ഥങ്ങളിൽ തവസ്സുൽ, ഇസ്തിഗാസയെ പ്രോത്സാഹിപ്പിക്കുകയും അവ പുണ്യമാണെന്ന് പഠിപ്പിച്ചു പ്രയോഗിക്കുകയും ചെയ്ത മഹാത്മാവാണ്. നബി(സ്വ)യുടെ ഖബർ ശരീഫ് സിയാറത്ത് ചെയ്യുമ്പോൾ പാലിക്കേണ്ട മര്യാദകൾ വിശദീകരിച്ചുകൊണ്ട് ഇമാമവർകൾ എഴുതുന്നു:

ثم يرجع الى موقفه الاول قبالة وجه رسول الله ﷺ ويتوسل به في حق نفسه ويستشفع به إلى ربه سبحانه و تعالى ومن أحسن ما يقول ما حكاه أصحابنا عن العتبي مستحسنين له الخ(الإيضاح للنووي ص/٢١٨) و (الأذكار : ص/ ٢١٧ وشرح المهذب ٢٠٢/٨)

നബി(സ)യുടെ സന്നിധിയിൽ ചെന്ന് അവിടുത്തെ മുഖഭാഗത്തേക്ക് തിരിഞ്ഞ് നിന്ന് നബി(സ)യെ തവസ്സുലാക്കി പ്രാർത്ഥിക്കണം. മാത്രമല്ല നബി(സ)യോട് ശിപാർശ തേടുകയും വേണം. ഇങ്ങനെ ചെയ്ത പ്രാർത്ഥനകളിൽ ഏറ്റവും നല്ലതെന്ന് പണ്ഡിതന്മാർ പഠിപ്പിച്ചത് ഉതുബി(റ)യിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവമാണ്. (അൽഈളാഹ് 218) (ശറഹുൽ മുഹദ്ദബ് 8/202, അൽ അദ്കാർ 184-249) അക്കാര്യം മുമ്പു വിശദീകരിച്ചിട്ടുണ്ട്.

ഇമാം നവവി(റ) തന്നെ പറയുന്ന ചില ഇസ്തിഗാസ കാണുക:

باب ما يقول اذا انفلتت دابته) روينا في كتاب ابن السني عن عبد الله بن مسعود رضي الله عنه عن رسول الله ﷺ قال: اذا انفلتت دابة أحدكم بأرض فلاة فليناد يا عباد الله احبسوا يا عباد الله احبسوا فان لله عزوجل في الأرض حاضرا سيحبسه قلت حكى لي بعض شيوخنا الكبار في العلم انه انفلتت له دابه أظنها بغلة، وكان يعرف هذا الحديث فقاله فحبسها الله عليهم في الحال وكنت أنا مرة مع جماعة فانفلتت منها بهيمة وعجزواعنها فقلته فوقفت فى الحال بغير سبب سوي هذا اكلام.

(الأذكار للنووي: ص ٢٣٦ وشرح المهذب ٢٨٤/٣)

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ)യിൽ നിന്ന് ഉദ്ധരിക്കുന്ന ഹദീസിൽ നബി(സ) പറയുന്നു: "വിജനമായ പ്രദേശത്തു വച്ചു നിങ്ങളിൽപെട്ട ഒരാളുടെ വാഹനം തിരിഞ്ഞോടി നഷ്ടപ്പെട്ടാൽ അവൻ ഇപ്രകാരം വിളിച്ചു പറയണം.

"അല്ലാഹുവിന്റെ അടിയാറുകളേ... നിങ്ങൾ എന്റെ വാഹനത്തെ പിടിച്ചുവെക്കുവീൻ, അല്ലാഹുവിന്റെ അടിമകളേ നിങ്ങൾ എന്റെ മൃഗത്തെ തടഞ്ഞുവെക്കുവീൻ, കാരണം ഭൂമിയിലുണ്ട് ചില അടിമകൾ അതിനെ അല്ലാ

ഹുവിന് അവർ തടഞ്ഞുവെക്കുന്നതാണ്. ഇമാം ഇബ്നുസ്സുന്നി(റ)യിൽ നിന്ന് ഈ ഹദീസ് ഉദ്ധരിച്ച ശേഷം ഇമാം നവവി(റ) എഴുതുന്നു. ഞാൻ പറയട്ടെ. എന്റെ ഉന്നതരായ ചില ശൈഖുമാർ എന്നോട് പറഞ്ഞ ഒരു സംഭവമുണ്ട്. അവരുടെ വാഹനമായ കോവർ കഴുത നഷ്ടപ്പെട്ടപ്പോൾ ഈ ഹദീസ് അറിയുന്ന ആ ശൈഖ് മേൽ വചനങ്ങൾ ഉരുവിട്ടു. തൽസമയം തന്നെ അല്ലാഹു അവർക്ക് വാഹനം തടഞ്ഞുവച്ചു കൊടുത്തു.

ഇതുപറഞ്ഞ ഇമാം നവവി(റ) തനിക്കുണ്ടായ ഒരനുഭവം കൂടി എഴുതുന്നു. ഞാൻ ഒരു സംഘത്തോടൊപ്പം ഒരിക്കൽ യാത്ര ചെയ്യുകയായിരുന്നു. സംഘത്തിലെ ഒരു വാഹനം തിരിഞ്ഞോടിപ്പോയി. ആർക്കും അതിനെ പിടിക്കാൻ കഴിഞ്ഞില്ല. അപ്പോൾ മേൽ പറഞ്ഞ സഹായ തേട്ടത്തിന്റെ വചനം ഉരുവിട്ടു. -അതായത് മഹാത്മാക്കളെ വിളിച്ചു ഇസ്തിഗാസ നടത്തി- ഉടൻ തന്നെ ആ വാഹനം നിൽക്കുകയുണ്ടായി. ഈ പറഞ്ഞ സാഹയതേട്ടത്തിന്റെ വാക്കല്ലാതെ മറ്റൊരു കാരണവും അവിടെ ഉണ്ടായിട്ടില്ല." ഇമാം നവവി(റ)യുടെ അൽഅദ്കാർ (235, 236)

ഈ സംഭവം ഇമാം നവവി(റ) രേഖപ്പെടുത്തുന്നത് "ഒരാളുടെ വാഹനം നഷ്ടപ്പെട്ടാൽ എന്തുചൊല്ലണമെന്ന് വിവരിക്കുന്ന അധ്യായം" എന്ന തലവാചകത്തിലാണ്. ഇപ്രകാരം സംഭവിച്ചവർക്കൊക്കെ ഈ വചനങ്ങൾ പറയാമെന്നാണല്ലോ ഇതിന്റെ സ്പഷ്ടമായ അർത്ഥം ഈ സംഭവം തന്റെ ശർഹുൽ മുഹദ്ദബ് 3/284ലും ഉദ്ധരിച്ചിട്ടുണ്ട്.

അതുപോലെ കാൽവേദനിച്ചപ്പോൾ സഹാബി പ്രമുഖനായ ഇബ്നു ഉമർ(റ) റസൂലുല്ലാഹി(സ)യെ വിളിച്ചു യാ മുഹമ്മദ്... എന്ന സഹായാർത്ഥന നടത്തിയ സംഭവം ഇമാം നവവി(റ) തന്റെ അൽഅദ്കാർ പേജ് 318ൽ ഉദ്ധരിക്കുന്നുണ്ട്. "ഒരാളുടെ കാല് കോച്ചി വലിഞ്ഞു വേദനിച്ചാൽ ഉരുവിടേണ്ടതെന്താണെന്ന് വിശദീകരിക്കുന്ന അധ്യായം." എന്ന തലക്കെട്ടു നൽകി കാല് വേദനിക്കുന്നവർക്ക് ഇതു ചൊല്ലാം എന്ന് സമർത്ഥിക്കുന്നു.

ഇപ്രകാരം ഇസ്തിഗാസയെ പ്രോത്സാഹിപ്പിച്ച പണ്ഡിതനാണ് ഇമാം നവവി(റ). തന്റെ പ്രസിദ്ധമായ ശറഹുൽ ബുഖാരി പണ്ഡിതർക്കും വിദ്യാർത്ഥികൾക്കും ഒരു മുതൽ കൂട്ടാണ്. സ്വഹീഹുൽ ബുഖാരിയുടെ ആധികാരിക വ്യാഖ്യാന ഗ്രന്ഥമാണത്. അതിന്റെ രചന തുടങ്ങുന്നത് തന്നെ മഹാൻ നബി(സ്വ)യോട് ശഫാഅത്ത് തേടിക്കൊണ്ടാണ്. അതിന്റെ ആമുഖത്തിൽ ഇമാം നവവി(റ) എഴുതുന്നത് ഇപ്രകാരം.

وهذا حين أشرع في شرح الكتاب مستعينا بالله تعالى متوكلا عليه مفوضا أمري إليه مستشفعا برسول الله ﷺ

ഇപ്പോൾ ഈ(ബുഖാരി)കിതാബിന് വ്യാഖ്യാനം തയ്യാറാക്കുവാൻ ഞാൻ ആരംഭിക്കുകയാണ്. അല്ലാഹുനോട് സഹായം തേടികൊണ്ടും അവന്റെ മേൽ ഭരമേൽപ്പിച്ചും അവനിലേക്ക് എന്റെ കാര്യങ്ങൽ അർപ്പിച്ചും നബി(സ്വ)യോട് ശഫാഅത്ത് തേടികൊണ്ടുമാണ് ഞാൻ തുടങ്ങുന്നത്....(ശർഹുൽ ബുഖാരി:16)

ഇമാം നവവി(റ)യുടെ മറ്റൊരു പ്രധാന ഗ്രന്ഥമാണ് 'ബുസ്താനുൽ ആരിഫീൻ' അതിന്റെ ആമുഖത്തിൽ ഇമാം നവവി(റ) എഴുതുന്നത് ഇപ്ര കാരമാണ്.

اللهم إني أسألك بكل وسيلة وأتشفع إليك بكل شفيع أن تنفعني وأحبابي والمسليمين أجمعين (بستان العارفين:٢١)

അല്ലാഹുവേ! നിന്നിലേക്കുള്ള എല്ലാ മധ്യവർത്തികളെയും മുൻനിറുത്തി നിന്നോട് ഞാൻ ചോദിക്കുന്നു. എല്ലാശുപാർശകരായ മഹത്തുക്കളെ കൊണ്ടും നിന്നിലേക്ക് ഞാൻ ശഫാഅത്ത് തേടുന്നു. ഈ ഗ്രന്ഥം എനിക്കും എന്റെ സ്നേഹിതർക്കും മുഴുവൻ മുസ്ലിംകൾക്കും നീ ഉപയോഗപ്പെടു ത്തണേ. (ബുസ്താനുൽ ആരിഫീൻ: 21)

## 15.ഇമാം അബൂഅബ്ദില്ലാഹിൽമറാകിശി(റ) (വിയോഗം: 683)

ഹദീസിലും ഫിഖ്ഹിലും തസ്വവ്വുഫിലും ഉന്നതസ്ഥാനം കരഗതമാ ക്കിയ ഇമാം മറാകിശി(റ) മാലികീ മദ്ഹബുകാരനും ആരാധനയിലും പ്രപ ഞ്ചത്യാഗത്തിലും അങ്ങേയറ്റം എത്തിയവരുമാണ്. നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവയിൽ തികച്ചും വ്യതിരിക്തമായ ഗ്രന്ഥമാണ് തന്റെ "മിസ്ബാഹുള്ളലാം ഫിൽ മുസ്തഗിസീന ബി ഖൈരിൽ അനാം" എന്ന കൃതി. നബി(സ)യുടെ ജീവിത കാലത്തും വഫാത്തിനു ശേഷവും നബി(സ)യോട് വിവിധ വിഷയങ്ങൾക്ക് വേണ്ടി ഇസ്തിഗാസ നടത്തിയ സംഭവ ങ്ങളാണ് ഇതിലെ പരാമർശം. 270 പേജുള്ള ഈ ഗ്രന്ഥം എല്ലാവരും വായി ക്കേണ്ടതാണ്. താൻ നബി(സ)യോട് ഇസ്തിഗാസ നടത്തിയപ്പോൾ ലഭിച്ച സഹായ വിവരണമാണ് ഇവിടെ അദ്ദേഹം കുറിക്കുന്നത്.

فعلمت أني تهت عن الطريق وزادني العطش الى أن أشرفت على الهلاك ويئست من الحياة.فقلت: يا محمد مستغيثا با لنبي ﷺ فسمعت قائلا يقول لي أرشد فنظرت فغذا شخص لم أثبت وجهه وعليه ثوب أبيض في سواد الليل فأخذ بيدي وزال عني ما كنت فيه من التعب والعطش فلم تزل يده في يدي إلى أن سمعت ضجة من صحب الدليل واذا الدليل ينادي الناس وقد أوقد لهم نارا يعتدون بها فراح عني وتركني

(مصباح الظلام : ص/ ١٧)

ഇമാം മറാകിശി(റ) പറയുന്നു. ഹിജ്റ 639ൽ ഞാൻ ഒരു സംഘത്തോ ടൊപ്പം ഹജ്ജിനു പോകവേ എനിക്ക് വഴി തെറ്റി. ദാഹിച്ചവനായി മരിച്ചേക്കു മെന്ന ഘട്ടത്തിൽ നബി(സ)യോട് സഹായം ചോദിച്ചുകൊണ്ട് ഞാൻ 'യാ മുഹമ്മദ്' (മുഹമ്മദ് നബിയേ എന്നെ സഹായിക്കണേ) എന്ന് വിളിച്ചു: ആ അർദ്ധരാത്രി സമയത്ത് വഴികാണിച്ചു തരാമെന്ന് പറഞ്ഞ് അപരിചിതനായ ഒരാൾ വന്ന് എന്റെ കൈ പിടിച്ചു. അതോടെ എന്റെ എല്ലാ പ്രയാസങ്ങളും നീങ്ങി' ദാഹം മാറുകയും ചെയ്തു. തുടർന്ന് എനിക്ക് ഒരു വഴികാട്ടിയെ

കിട്ടുന്നത് വരെ എന്റെ കൂടെ അദ്ദേഹം വന്നു. പിന്നീട് അപ്രത്യക്ഷനായി. എവിടെപ്പോയെന്ന് കണ്ടില്ല. (മിസ്ബാഹുള്ളലാം: 17)

## 16. ഇമാം അൽഖാളിൽ ബൈളാവി(റ) (വിയോഗം 685)

പണ്ഡിതലോകത്ത് ഏറെ വിശ്രുതനായ ഇമാം ബൈളാവി(റ). തന്റെ വിശ്രുതമായ തഫ്സീർ ബൈളാവി പഠിക്കാത്തവരോ പാരായണം ചെയ്യാത്തവരോ പിൽകാല പണ്ഡിതരിലില്ല. മഹാനവർകൾ ഇമാം ബൂസ്വീരിയുടെ ബുർദബൈത്ത് സപ്തവത്കരിച്ചുകൊണ്ട് നബി(സ)യോട് സഹായം ചോദിക്കുകയും എല്ലാം നബിക്ക് അർപിച്ചു കൊണ്ട് ദോശം പൊറുക്കാൻ നബി(സ)യോട് ശഫാഅത്ത് തേടുകയും ചെയ്യുന്നു. (അൽ കവാകിബുദ്ദുർരിയ്യ 61)

قال في تسبيعه لبردة الديح المباركة:

الله علاك يا من هو أجلّ نبي ❖ يا من يرجَى لما أرجوه من طلب

يازاكي الأصل والأوصاف يا عربي ❖ أنت الشفيع لذنبي يوم منقلبي

وأنت عوثي إذا ما ضقت في نسبي

(ولن يضيق رسول الله جاهك بي إذالكريم تحلّى باسم منتقم)

الله يذهب عن نفسى معرّتها ❖ ويصطفيها ويؤتيها مسرّتها

لعلّها أن ترى في الحشر قرّتها ❖ وأستغيث بما ينفي مضرتها

يا سيد الرسل آت النّفس نصرتها

(فإنّ من جودك الدنيا وضرّتها❖ ومن علومك علم اللوح والقلم

(اللكواكب في تخميس وتسبيع البردة البوصيرية : ص/٦١،

ഞാനാഗ്രഹിക്കുന്ന കാര്യങ്ങൾക്ക് ഏറെ പ്രതീക്ഷിക്കപ്പെടുന്നവരും പ്രവാചകന്മാരിൽ വെച്ച് മഹോന്നതനുമായ നബി(സ്വ)യേ! അല്ലാഹു അങ്ങയെ ഉന്നതിയിലേക്ക് ഉയർത്തട്ടെ, കുടുംബവും വിശേഷണങ്ങളും ഉത്തമമായ അറബി വംശജനായവരേ ഖിയാമത്ത് നാളിൽ എന്റെ ദോശങ്ങൾക്കു വേണ്ടി ശുപാർശ ചെയ്യുന്നത് അങ്ങാണ്. എനിക്ക് പ്രയാസമനുഭവിക്കുന്ന സന്ദർഭത്തിൽ അങ്ങാണ് എന്റെ സഹായം. എന്റെ പ്രയാസങ്ങളും വിഷമങ്ങളും നീങ്ങികിട്ടാൻ ഞാൻ അങ്ങയോട് സഹായം തേടുന്നു. പ്രവാചകരുടെ നേതാവായവരേ എന്റെ ശരീരത്തിന് സൗഖ്യവും സഹായവും നൽകണേ.....(അൽ കവാകിബുൽ ദുർറിയ്യഃ : 61)

നബി(സ്വ)യോട് സഹായം ചോദിക്കുന്നതും, ശഫാഅത്ത് തേടുന്നതും ശിർക്കാണന്ന് വിളിച്ചു കൂവുന്ന ബിദഇകൾ വിശ്രുത ഖുർആൻ വ്യാഖ്യാതാവ് ഇമാം ഖാളി ബൈളാവി(റ)യെ കുറിച്ച് എന്തുപറയും.?

## 17. ഹാഫിള് അബുൽ യമൻ ഇബ്നു അസാകിർ(റ) (വിയോഗം 686)

നിരവധി ഗ്രന്ഥങ്ങൾ മുസ്‌ലിം സമൂഹത്തിന് സമർപ്പിച്ച മഹാ പണ്ഡിതനാണ് ഇമാം ഹാഫിള് അബുൽ യമൻ അബ്ദുസ്സമദ് ബിൻ അബ്ദുൽ വഹ്ഹാബ് ബിൻ അസാകിർ(റ). വഫാത്തായ നബി(സ)യെ കൊണ്ട് തവസ്സുൽ ചെയ്യാനും ശഫാഅത്ത് തേടാനും ഈ സമുദായത്തെ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ثم يرجع الزائر الى موقفه الأول قبالة وجه رسول اللهﷺويتوسل به إلى الله سبحانه فيحوائجه وخويصة نفسه ويستشفع به اليه ويجدد لتوبة في حضرته الشريفة ويسأل الله سبحانه أن يجعلها توبة نصوحا ويكثر الا ستغفار ويديم التضرع إلى الله سبحانه وتعالى فيما هنالك ويسأله ما أهمه من أمور الدنيا ويكثر الاستشفاع به إلى الله سبحانه في مهماته وخواصه ولوالديه ولإخوانه وللمسلمين اجمعين

(إتحاف الزائر ٥٣) للحافظ ابن عساكر

(നബി(സ)ക്കും സിദ്ദീഖ് (റ)വിനും ഉമർ(റ)നും സലാം പറഞ്ഞ ശേഷം) സിയാറത്ത് ചെയ്യുന്നവൻ ആദ്യം നിന്ന സ്ഥലത്ത് വന്ന് നബി(സ)യുടെ മുഖത്തേക്ക് തിരിഞ്ഞു നിൽക്കണം. തന്റെ ആവശ്യങ്ങൾ പൂവണിയിക്കുന്നതിൽ നബി(സ)യെ കൊണ്ട് തവസ്സുൽ ചെയ്യണം. നബി(സ)യോട് അല്ലാഹുവിലേക്ക് ശഫാഅത്ത് തേടുകയും വേണം. നബി(സ)യുടെ തിരുസവിധനത്തിൽ വച്ചു അവന്റെ തൗബയെ പുതുക്കിയും തന്റെ തൗബ സ്വീകരിക്കപ്പെടുന്ന ആത്മാർത്ഥതയുള്ളതാവാൻ വേണ്ടി അല്ലാഹുവിനോട് തേടണം. അല്ലാഹുവിലേക്ക് താഴ്മയേയും പാപമോചന പ്രാർത്ഥനയേയും വർദ്ധിപ്പിക്കണം. മതഭൗതിക കാര്യങ്ങളിൽ പ്രധാനപ്പെട്ടതൊക്കെ അല്ലാഹുവിനോട് ചോദിക്കുകയും വേണം. തന്റെയും തന്റെ മാതാപിതാക്കൾ, പ്രത്യേകക്കാർ, സഹോദരങ്ങൾ, മറ്റു മുസ്‌ലിംകൾ എല്ലാവരുടെയും മുഖ്യ വിഷയങ്ങളിൽ നബി(സ)യോട് ശഫാഅത്ത് തേടലിനെ വർദ്ധിപ്പിക്കണം. (ഇത്ഹാഫുസ്സാഇർ 53/ ഇബ്നു അസാകിർ(റ)

കൂടാതെ നബി(സ)യോട് ശിപാർശ ചോദിക്കുന്നുമുണ്ട്.

فاشفعوا لي قد تشفعت بكم ❖ لوصال واتصال دائمين

يا سيدي إن كان منك زيارة ❖ فاجعل مزارك بالأصائل والبكر

(التحفة اللطيفة للامام لسخاوي ٢/١٧٧، ١٧٨)

നബിയേ... ഞാൻ തങ്ങളെയാണ് ശിപാർശകനാക്കുന്നത്. തങ്ങൾ എനിക്ക് ശഫാഅത്ത് ചെയ്യണേ... തുടങ്ങിയ വചനങ്ങളുൾപ്പെട്ട ഇസ്തിഗാസ നടത്തുന്നത്. ഇമാം സഖാവി തന്റെ അത്തുഹ്ഫത്തുല്ലത്വീഫ (2/177-178)യിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 18. ഹാഫിള് ഖുത്ബുദ്ദീനിൽ ഖസ്ത്വല്ലാനി(റ) (വിയോഗം 686)

ومنه نستمد حسن التوفيق للتحقيق فيما تأتيه من وظائف العادات والعبادات بمحمد ﷺ وآله (مراصد الصلوة في مقاصد الصلوة ٢٧٨ للحافظ قطب الدين القسطلانى.

ആരാധനകൾക്കും മറ്റും സൗഭാഗ്യം ലഭിക്കാൻ വേണ്ടി നബി(സ)യെ കൊണ്ട് സഹായം തേടുന്നു. (മറാസിദുസ്സ്വലാത്ത് 27)

## 19. ഇമാം മുഹിബ്ബുദ്ദീൻ അത്ത്വബ്രി (റ) (വിയോഗം 695)

നിരവധി ഗ്രന്ഥങ്ങൾ സമൂഹത്തിനു സമർപ്പിച്ച വിശ്രുത പണ്ഡിതൻ ഇമാം മുഹിബ്ബുദ്ദീൻ(റ) നബി(സ)യെ വിളിച്ചു ഇസ്തിഗാസ ചെയ്യേണ്ടുന്ന രൂപവും പദങ്ങളും പഠിപ്പിക്കുന്നു.

يا رسول الله نحن وفدك وزوارك وقصادك وأضيافك قطعنا إليك الفيافي والحرار وخضنا المهامة والقفار.... وأنت خير مخلوق وفدت إليه الرجال وصرفت نحوه الآمال وشدت إليه الرحال وقد ندبتنا إلى إكرام الضيف وحرضتنا على قري الوافد وأنت اولى بذلك منا فقد وصفك الله بالخلق العظيم وسماك بالرؤوف الرحيم فاجعل قرانا منك الشفاعة إلى ربنا وربك أن يحييحنا ويميتنا على ملتك وأن يحشرنا يوم القيامة في زمرتك ويوردنا حوضك ويسقينا بكأسك غير خزايا ولا نادمين ولامبدلين ولا مغيرين وأن يصلح أحوالنا الباطنة والظاهرة وأن يبلغنا آمالنا فى الدنيا والآخرة ياخير الرسل ويا خاتم االنبيين ويا سيد الاولين والاخرين.

قال الله تعالى فيما أنزل عليك : (ولوأنهم إذظلموا أنفسهم جاءوك فاستغفروا الله واستغفر لهم الرسول لوجدوا الله توابا رحيما) وها نحن جئناك ظالمين لأنفسنا معترفين بإساءتنا مستغفرين لسيئاتنا قد أثقلت الخطايا كواهلنا وقصمت الأوزار ظواهرنا فاستغفرلنا إلى ربنا واستقل لنا من ذنبنا وان لم نكن اهلا لذلك فأنت أهل للصفح الجميل والعفو عن المسيء المعترف فافعل بنا ما يليق بكرمك وارحم مسيرنا إليك فقد طرحنا أنفسنا عليك.

يا رسول الله ليس منا منقلب منك ولا ذهاب عن بابك ولا أحد يستشفع به غيرك لأنك نبينا وأكرم الخلق على الله أرسلك رحمة للعالمين وبعثك منقذا للمذنبين

(التشويق الى البيت العتيق : ٢٣٤ لمحب الدين الطبرى

'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ അങ്ങയെ ഉദ്ദേശിച്ചുവന്നവരാണ്, ഞങ്ങൾ തങ്ങളുടെ സംഘമാണ്. ഞങ്ങൾ തങ്ങളുടെ സന്ദർശകരാണ്.

ഞങ്ങൾ തങ്ങളുടെ വിരുന്നുകാരാണ്. ദീർഘ വഴിദൂരം താണ്ടി പ്രയാസങ്ങൾ സഹിച്ചു എത്തിയിട്ടുള്ളവരാണ്. ..... തങ്ങൾ സൃഷ്ടികളിൽ അത്യുത്തമരാണല്ലോ! എല്ലാ ആളുകളും എത്തുന്ന, മുഴുവൻ ആഗ്രഹങ്ങളും പൂവണിയുന്ന കേന്ദ്രമാണ് അവിടുന്ന്. അതിഥികൾക്ക് മാന്യമായ ബഹുമാനം നൽകണമെന്ന് അങ്ങു പഠിപ്പിച്ചതാണ്, അതിനാൽ വിരുന്നുകാരായ ഞങ്ങൾക്ക് തങ്ങളിൽ നിന്നുള്ള സൽക്കാരം ഞങ്ങളുടെ ഇരുലോക നന്മക്കും വിജയത്തിനും പാരത്രിക ജീവിതത്തിലെ എല്ലാവിധ ഉയർച്ചയും ലഭ്യമാവാനുള്ള ശിപാർശയാക്കണേ...

ഓ റസൂലേ... ഞങ്ങൾക്ക് തങ്ങളെയും വിട്ട് പോവാൻ മറ്റൊരു കേന്ദ്രമോ മറ്റൊരു കവാടമോ ഇല്ല, തങ്ങളല്ലാതെ മറ്റൊരു ശിപാർശകനില്ല. കാരണം അങ്ങ് അല്ലാഹുവിനരികിൽ സൃഷ്ടികളിൽ വച്ചു അത്യുത്തമനാണല്ലോ! ഈ ലോകത്തിൽ തന്നെ കാരുണ്യമായിട്ടാണ് അല്ലാഹു അങ്ങയെ നിയോഗിച്ചിട്ടുള്ളത്. അങ്ങ് ഞങ്ങളെ തള്ളിയാൽ ഞങ്ങൾക്ക് അതിലും വലിയ പരാജയമില്ല. പാപികളും ദുർബലന്മാരുമായ ഞങ്ങളുടെ മേൽ അങ്ങ് കോപിക്കരുതേ.... അങ്ങയെ കുറിച്ചുള്ള ഞങ്ങളുടെ ഭാവനയെ നിരാശപ്പെടുത്തരുതേ നബിയേ...

എന്നു തുടങ്ങി ദീർഘമായ ഇസ്തിഗാസ വചനങ്ങൾ പറയണമെന്ന് തന്റെ 'അത്തശ്‌വീഖ് ഇലൽ ബൈത്തിൽ അത്തീഖ് (പേ. 234, 235)ൽ കാണാവുന്നതാണ്.

മാത്രമല്ല നബി(സ)യെ വിളിച്ചു സഹായാർത്ഥന നടത്തുന്ന നിരവധി വരികൾ വിവിധ പേജുകളിൽ കാണാം. ചിലത് കാണുക

فيا خير مطلوب وأشرف مقصد ❖ وأبرك من آوى الركاب خباؤه

أغثني واشفع لي يا خير شافع ❖ له الحوض يوم المرتجى ولواؤه

ألست بنا أولى ؟ ولم لا وهل لنا ❖ سواك إذاما الخطب أعضل داؤه

ألست امام المرسلين وخير من ❖ سما وعلا قدرا وعز اعتزاؤه

ألست غياثا للأنام وهاديا ❖ أعاد إلى دار السلام دعاؤه

(التشويق الى البيت العتيق : ٢٤٠) لمحب الدين الطبرى

ആഗ്രഹിക്കപ്പെടുന്നവരിൽ ഉത്തമരായ നബിയേ... അഭയം നൽകപ്പെടുന്ന ദിവസത്തിൽ ഹൗളും ലിവാഉം നൽകപ്പെട്ട ഉത്തമ ശിപാർശകരായ നബിയേ, എനിക്ക് ശഫാഅത്ത് നൽകുകയും എന്നെ സഹായിക്കുകയും ചെയ്യണേ. പ്രയാസപൂർണമാകുന്ന സന്ദർഭത്തിൽ തങ്ങൾ ഞങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നവരാണല്ലോ! ലോകത്തുള്ള ഉത്തമന്മാരുടെയും മുർസലുകളുടെയും നേതാവായ തങ്ങൾ മനുഷ്യർക്കു മുഴുവനും സഹായമല്ലയോ! (അത്തശ്‌വീഖ് ഇലൽ ബൈത്തിൽ അത്തീഖ് പേ. 240/ ഇമാം മുഹിബ്ബുത്ത്വബ്‌രീ (റ).

## 20. ഇമാം ബൂസ്വീരി(റ) (വിയോഗം 696)

'മാദിഹുർറസൂൽ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഇശ്ഖിന്റെ പാരമ്യതയിലെത്തി നിരവധി പ്രവാചകപ്രേമ കാവ്യങ്ങൾ രചിച്ച മഹാനാണ് ഇമാം ബൂസ്വൂരി. തന്റെ കവിതകളിൽ ഏറെ വിശ്രുതമാണ് പ്രസിദ്ധമായ ബുർദഃ. മുസ്ലിം ലോകത്തിന്റെ മുഴുവൻ സ്വീകാര്യതയും നേടിയ ബുർദക്ക് നൂറിലധികം പണ്ഡിതന്മാർ വ്യാഖ്യാനങ്ങളും ടിപ്പണിയും തഖ്മീസും തസ്ബീഉം ചെയ്തിട്ടുണ്ട്. പണ്ഡിതലോകത്തിന്റെ മുക്തകണ്ഠം പ്രശംസക്ക് പാത്രീഭവിച്ച ബുർദയിലൂടെ നബി(സ)യോട് ഇസ്തിഗാസ ചെയ്യുകയാണ് ഇമാം ബൂസ്വീരി(റ).

يا أكرم الخلق ما لي من ألوذبه ❖ سواك عند حلول الحادث العمم

ولن يضيك رسول الله جاهك بي ❖ إذالكريم تحلي باسم منتقم

(العمدة فى شرح البردةلابن حجرا الهيتمي ٢٢٨-٦٥٩)

സൃഷ്ടി ജാലങ്ങളിൽ വച്ച് അത്യുദാരനായവരേ! വ്യാപക വിഷമ ദിനം - ഖിയാമത്ത് നാൾ- സംജാതമാവുമ്പോൾ അഭയം തേടാൻ എനിക്ക് അങ്ങല്ലാതെ മറ്റാരുമില്ല, അല്ലാഹുവിന്റെ ദൂതരേ; കരുണാവാരിധിയായ അല്ലാഹു ശിക്ഷിക്കാനൊരുങ്ങുന്ന സമയം ഖിയാമത്ത് നാൾ അങ്ങയുടെ ഉന്നത സ്ഥാനം (ശഫാഅത്ത്) എന്നെക്കൂടി ഉൾകൊള്ളാൻ പ്രയാസമുള്ളതാവില്ലല്ലോ." (ഖസീദത്തുൽ ബുർദഃ മഅ ശറഫിൽബുർദ 228-659)

## 21. തഖ്യുദ്ദീൻ ഇബ്നു ദഖീഖിൽ ഈദ്(റ) (വിയോഗം 702)

ഏഴാം നൂറ്റാണ്ടിലെ 'മുജദ്ദിദ്' എന്ന സ്ഥാനം അലങ്കരിച്ച മഹാത്മാവാണ് ഇമാം ഇബ്നു ദഖീഖിൽ ഇദ്(റ). സൂക്ഷ്മതകൊണ്ടും പാണ്ഡിത്യം കൊണ്ടും ഏറെ വിശ്രുതനായ ഇമാമവർകൾ തന്റെ ഇഹപര വിഷയങ്ങളിൽ നബി(സ)യോട് ആവലാതി പറയുന്നു (ശവാഹിദുൽ ഹഖ് 370)

يارسول المليك دعوة من زا ❖ د به شوقه وصحّ وداده

لك أشكو حالا من الدّين والدنـ ❖ يا شديد غلوّه واقتضاه

هو همّتني السرور وغمّ ❖ كدّر العيش عكسه واطّراده

وعليك السلام من ذي اشتياق ❖ انت في الحشر كنزه وعتاده

(شواهد الحق : ص/ ٣٧٠)

# എട്ടാം നൂറ്റാണ്ട്

## 1. ഇമാം അബൂ അബ്ദില്ലാഹിൽ അൻദുലൂസി അൽഗുർനാത്വി (റ) (വിയോഗം 715)

നബി(സ)യെ കൊണ്ടും ഹംസ(റ) വിനെ കൊണ്ടും സഹായം തേടുന്നു. (അത്തുഹ്ഫത്തുല്ലത്വീഫ:2/548)

أيا سيد الشهداء بعد محمد ❖ ورضيع ذي المجد المرفع أحمد

.................

جرمي عظيم يا عفو وانني ❖ بحمد أرجو التمسح فيه

فبه توسل آدم فى ذنبه ❖ وقد إهتدى من يقتد بأبيه

(التحفة اللطيفة للسخاوي : ٥٤٨/٢)

എന്റെ പാപങ്ങൾ ഗൗരവമുള്ളതാണ്. മാപ്പ് ചെയ്യുന്ന നാഥാ, മുഹമ്മദ്(സ്വ)യെ കൊണ്ട് അവ എനിക്ക് മാപ്പ് ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആ നബി(സ്വ)യെ കൊണ്ടാണ് ആദം(അ) തവസ്സുൽ ചെയ്തത്. ഈ പിതാവിനോട് പിൻപറ്റി നബി(സ്വ)യെ തവസ്സുൽ ചെയ്താൽ നിശ്ചയം അവൻ സൻമാർഗ്ഗിയാവുന്നതാണ്.

## 2. ഹാഫിള് ഖാളിൽ ഖുളാത്ത് കമാലുദ്ദീനി സ്സംലകാനി(റ) (വിയോഗം:727)

ياسيدي يارسول الله يا أملي ❖ يا من ألوذ به إن زلت القدم

يا عدتي في معادي عند معذرتي ❖ يامن به في صروف الدهر أعتصم

يا كل ذخري ومأمولي و معتمدي ❖ ويا رجائي وقصدي إن عرى ألم

أشكو إليك ذنوبا أنت تعلمها ❖ إن لم تكن مدركي حفت بي النقم

فأنت خير معاذ يستعاذ به ❖ عن الشدائد منجاة و معتصم

صلى عليك إله الخلق ما سجعت ❖ ورق وما هطلت من سحبها ديم

(عجالة الراكب في ذكر أشرف المناقب: ٥٤)للزملكاني

"ഓ എന്റെ നേതാവായ പ്രവാചകരേ, എന്റെ കാൽ വഴുതുന്ന സമയത്ത് എനിക്കഭയകേന്ദ്രമായ നബിയേ..... അവിടുത്തോട് എന്റെ പാപഭാരത്തെ കുറിച്ച് ഞാൻ ആവലാതിപ്പെടുന്നു. അവിടുന്ന് എന്നെ സഹായിച്ചില്ലെങ്കിൽ ഞാൻ വലിയ നാശത്തിലാകും. വിഷമങ്ങൾ നേരിടുമ്പോൾ അങ്ങ് മാത്രമാണ് ഏറ്റവും ഗുണമേറിയ അഭയകേന്ദ്രം" എന്ന ഇസ്തിഗാസ നടത്തുന്നു. (ഉജാലത്തുർറാകിബ് ഫീദിക്രി അശ്റഫിൽമനാഖിബ്:53-54)

മാത്രമല്ല ഇബ്നുതൈമിയ്യയെ ഖണ്ഡിച്ചുകൊണ്ട് 'അദുർറത്തുൽമുളീഅ' എന്ന കൃതി രചിക്കുകയും ഇബ്നുതൈമിയ്യക്കും ഇസ്തിഗാസ വിരോധികൾക്കുമെതിരിൽ നബി(സ)യോട് സഹായാർഥന നടത്തുകയും ചെയ്യുന്നു. ഇക്കാര്യം അല്ലാമ യൂസുഫുന്നബ്ഹാനി(റ) അൽ ജവാഹിറുൽ ബിഹാർ 4/152ൽ ഇപ്രകാരം എഴുതുന്നത് കാണാം.

وذكر له في كشف الظنون كتاب الدرة المضية في الرد على ابن تيمية وقد ناظره في مسائله التي شذ بها عن المذاهب الأربعة ومن أشنعها مسألة منعه شد الرحال إلى قبور الأنبياء والصالحين ولا سيما سيد المرسلين والإستغاثة به ﷺ وبهم الى رب العالمين ولم اطلع على كتاب الدرة البهية وله قصيدة بليغة في مدح النبيﷺ تعرض فيها للرد على هذه الفرقة المفتونة فرق ابن تيمية بقوله:

يا صاحب الجاه عند الله خالقه ❖ ما جاهك إلا كل أفاك

أنت الوجيه على رغم العدا أبدا ❖ أنت الشفيع لفتاك ونساك

يا فرقة الزيغ لا لقيت صالحة ❖ ولا شفى الله يوما قلب مرضاك

ولا حظيت بجاه المصطفى أبدا ❖ ومن أعالك في الدنيا ووالاك

(جواهرا البحار ليوسف النبهاني ١٥٢/٤)

### 3. ഇമാം ഉമർ ബിൻ മുഹമ്മദിർറാസി(റ) (മരണം 728)

يقول عمر الرازي :

يا خير من وطئ السماء بنعله ❖ وقد اجتباه لدينه مختاره

إني اتيتك هاربا من ذلتي ❖ فاشفع لحبك قد علت اوزاره

(مسامرة الندمان ومؤانسة الإخوان ص/١٦٣، لعمر الرازي)

ആകാശത്തിന്റെ ഉച്ചിയിൽ കാലെടുത്തു വച്ചവരിൽ ഏറ്റവും അത്യു ത്തമ പ്രവാചകരേ! അങ്ങയെ അല്ലാഹു അവന്റെ ദീനിന്റെ കാവലാളായി തിരഞ്ഞെടുത്തിരിക്കുന്നു. നിശ്ചയം പാപ നിന്ദ്യതയിൽ നിന്ന് ഞാൻ അങ്ങയുടെ അരികിലേക്കിതാ ഓടി വന്നിരിക്കുന്നു. പാപങ്ങൾ എനിക്ക് മീതെയായിരുന്നു. അങ്ങയെ അതിരറ്റ് സ്നേഹിക്കുന്ന എനിക്ക് അവിടുന്ന് ശഫാഅത്ത് ചെയ്യേണമേ (മുസാമറത്തുന്നദ്മാൻ 163)

## 4. ഇമാം താജുദ്ദീനിൽ ഫാകിഹാനി(റ) (വിയോഗം:734)

إعلم أنّ أول من إستغاث بنبينا محمد ﷺ أبونا أدم عليه سلام. وذكر شيخ الإسلام والمسلمين ابوعبد الله محمد الشهير بابن النعمان في كتاب (مصباح الظلام) الخ

(الفجر المنير للفاكهاني : ٢٦٤، إلى ٢٩٨)

'നിശ്ചയം ആദ്യമായി നമ്മുടെ നബി മുഹമ്മദ് നബി(സ)യെ കൊണ്ട് ഇസ്തിഗാസ നടത്തിയത് ആദ്യപിതാവ് ആദം നബി(അ) ആണ്. ഇക്കാര്യം ശൈഖുൽ ഇസ്‌ലാം ഇബ്നുന്നുഅ്മാൻ (റ) തന്റെ 'മിസ്ബാഹുള്ളലാമി'ൽ വ്യക്തമാക്കിയിട്ടുണ്ടെന്ന് വിശദീകരിച്ച ശേഷം ഫാകിഹാനി(റ) ശേഷം 35 ലധികം പേജുകളിൽ ഇസ്തിഗാസ നടത്തിയവരുടെ ചരിത്രം പറയുകയും ഇസ്തിഗാസ നടത്തുകയും ചെയ്യുന്നു. (അൽ ഫജ്റുൽ മുനീർ:263-298)

## 5. ഇമാം ഇബ്നുൽഹാജ്(റ) (വിയോഗം: 737)

ثم يتوسل إلى الله تعالى بهم في قضاء مأربه ومغفرة ذنوبه، ويستغيث بهم ويطلب حوائجه منهم، ويجزم بالإجابة ببركتهم ..... فمن توسل به أواستغاث به أوطلب حوائجه منه فلا يرد ولا يخيب لما شهدت به المعاينة والآثار

(المدخل لابن الحاج : ٢٥٢/١)

ശേഷം നബി (സ) തങ്ങളെ കൊണ്ടും മറ്റും മഹാത്മാക്കളെകൊണ്ടും ആവശ്യങ്ങൾ വീടാൻ വേണ്ടിയും പാപങ്ങൾ പൊറുക്കപ്പെടാൻ വേണ്ടിയും ഇടതേട്ടം നടത്തുകയും അവരോട് ഇസ്തിഗാസ ചെയ്യുകയും അവരിൽ നിന്ന് തന്റെ ആവശ്യങ്ങൾ തേടുകയും അവരുടെ ബറകത്ത് കാരണം ഉത്തരം ലഭിക്കുമെന്ന് ഉറപ്പിക്കുകയും വേണം. അങ്ങിനെ ആരെങ്കിലും ഇസ്തിഗാസ നടത്തുകയും ഇടതേട്ടം നടത്തുകയും ചെയ്താൽ അവർക്ക് ഉത്തരം ലഭിക്കാതിരിക്കുകയില്ല. ഇതിന് നിരവധി രേഖകൾ സ്ഥിരപ്പെട്ടിട്ടു ണ്ട്. (അൽമദ്ഖൽ:1/258: ഹാഫിള് ഇബ്നുൽ ഹാജ്)

## 6. അബുൽ ഖാസിം മുഹമ്മദ് ജുസയ്യുൽ കൽബി(റ) (വിയോഗം 741)

ينبغي لمن حج أن يقصد المدينة فيدخل مسجد النبي ﷺ فيصلي فيه ويسلم على النبي ﷺ وعلى ضجيعيه أبي بكر وعمر رضي الله عنهما ويتشفع به إلى الله ويصلي بين القبر والمنبرالخ( القوانين الفقهية لأبي القاسم محمد جزي الكلبي : ١٠٧)

ഹജ്ജിനു ശേഷം മദീന ലക്ഷ്യവച്ച് യാത്രതിരിക്കുകയും അങ്ങനെ മസ്ജിദുന്നബവിയിൽ നിസ്കരിക്കുകയും ശേഷം നബി(സ)ക്കും അബൂബക്കർ(റ)വിനും ഉമർ(റ)വിനും സലാം പറയുകയും നബി(സ)യോട് അല്ലാഹുവിലേക്ക് ശഫാഅത്ത് തേടുകയും ഖബ്റിന്റെയും മിമ്പറിന്റെയും ഇടയിൽവച്ച് നിസ്കരിക്കുകയും വേണം. (അൽഖവാനീനുൽ ഫിഖ്ഹിയ്യ 107)

## 7. ഇബ്നു തൈമിയ്യയുടെ ശിഷ്യൻ ഹാഫിളുദ്ദഹബി (വിയോഗം 748)

وروى عن ابي بكر بن ابى علي قال كان ابن المقرئ يقول كنت انا والطبراني وأبوالشيخ بالمدينه فضاق بنا الوقت فواصلنا ذلك اليوم فلما كان وقت العشاء حضرت القبر وقلت يا رسول الله الجوع فقال لي الطبراني اجلس فإما أن يكون الرزق أو الموت فقمت أنا وأبوالشيخ فحضر الباب علوي ففتحنا له فاذا معه غلامان بقفتين فيهما شيئ كثير وقال شكوتموني إلى النبي ﷺ رأيته في النوم فأمرني بحمل شيئ اليكم

(سيرأعلام النبلاء للذهبي : ١٦/٤٠٠-٤٠١)

ഇമാം ഇബ്നുൽ മുഖ്രിയും ഇമാം ത്വബ്റാനിയും മറ്റും നബി(സ)യുടെ ഖബ്റിങ്ങൽ ചെന്ന് ഭക്ഷണം ലഭിക്കാൻ വേണ്ടി സഹായം ചോദിച്ച സംഭവം ഹാഫിള് ദഹബി റിപ്പോർട്ട് ചെയ്ത് അംഗീകരിക്കുന്നു. (സിയറു അഅ്ലാമിന്നുബലാഅ്: 16/400)

ഹാഫിള് ദഹബി എഴുതുന്നു :

قلت : ورأيت له منامات حسنة حدث بها من رأوها. وكانو يستسقون عند قبره رحمه الله تعالى ورضي عنه (جزء فيه ترجمة البخاري: ص/ ٥٩، للحافظ الذهبي)

ഇമാം ബുഖാരി(റ)യുടെ ഖബ്റിന്നടുത്ത് ചെന്ന് മഴ ലഭിക്കാൻ വേണ്ടി സഹായാഭ്യർഥന നടത്താറുണ്ടെന്നും ഹാഫിള് ദഹബി പഠിപ്പിക്കുന്നു. (ജുസ്ഉൻ ഫീഹി തർജമത്തുൽബുഖാരി:59)

كان غزو إرمينية فقيل سلمان بن ربيعة ببلنجر وكان بطلا شجاعا فقيل:إن الترك يستسقون بقبره وقد جعلوه في تابوت (دول لإسلام للحافظ الذهبي:١/٢٠)

ഹിജ്റ മുപ്പതാം വർഷം അർമീനീയ യുദ്ധം നടക്കുകയും അതിൽ സൽമാനുബ്നു റബീഅ കൊല്ലപ്പെടുകയും ചെയ്തു. അദ്ദേഹം വലിയ ധീരനായിരുന്നു. തുർക്കിയിലെ ജനങ്ങൾ അദ്ദേഹത്തിന്റെ ഖബ്റിങ്ങൽ

ചെന്ന് മഴയെ തേടാറുണ്ടായിരുന്നു എന്ന് പറയപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ ഖബർ അവർ പെട്ടിയിലാക്കുകയും ചെയ്തിട്ടുണ്ട്. ഹാഫിളുദ്ദഹബിയുടെ ദുവലുൽ ഇസ്‌ലാം: (1/20)

ومنها (اي من آداب الدعاء) أن يسأل الله بأسمائه وصفاته ويتوسل إليه بأنبيائه والصالحين: قال تعالى : (ولله الأسماء الحسنى فادعوه بها) (الأعراف)

وعن أنس رضي الله عنه أن عمر بن الخطاب رضي الله عنه كان إذا قحطوا استسقى بالعباس بن عبد المطلب فقال: اللهم نا كنّا نتوسّل إليك بنبيّنا ﷺ فتسقينا وانا نتوسل إليك بعم نبيّنا فاسقنا قال فيسقون.

......وعن عمربن الخطاب رضي الله عنه قال: قال رسول الله ﷺ : (لما اقترف آدم الخطيئة قال: يا ربّ أسألك بحق محمد لما غفرت لي ........ الخ , رواه الحاكم وقال: صحيح الإسناد (مختصر سلاح المؤمن للحافظ الذهبي : ص/ ٧٢-٧٣-٧٤)

അമ്പിയാക്കളെക്കൊണ്ടും മഹാത്മാക്കളെക്കൊണ്ടും ഇടതേട്ടം നടത്താൻ പ്രാർഥനയുടെ മര്യാദകളിൽ പെട്ടതാണെന്ന് പഠിപ്പിക്കുകയും ഉമർ(റ), അബ്ബാസ്(റ)വിനെ ഇടയാളനാക്കി മഴ തേടിയ സംഭവവും, ആദംനബി(അ)യെ കൊണ്ട് തവസ്സുൽ ചെയ്ത ഹദീസും ഉദ്ധരിച്ച് പ്രാമാണികതവരുത്തുകയും ചെയ്യുന്നു. (മുഖ്തസ്വറുസ്സിലാഹുൽ മുഅ്മിൻ 58 /72-73) മറ്റൊന്നു കൂടി കാണുക.

احمد بن سالم ابو العباس المقدسي المرداوي الزاهد... توفي في المحرم وقبره بزرع يُتبرّكُ به، عندهم من أخذته حمى فأخذ من ترابه وعلقه عليه عوفي بإذن الله. وكان من العاملين لله عز وجل-وهو والد شيخنا محمد، وشيخنا

(تاريخ الإسلام للذهبي : ٤٧/١٨)

എന്റെ ഉസ്താദിന്റെ ശൈഖും എന്റെ ശൈഖുമായ അഹ്മദുബ്നു സാലിം അബുൽ അബ്ബാസ് അൽമർദാവി അൽമഖ്ദിസി(റ)യുടെ ഖബ്റ് കൊണ്ട് ബറക്കത്തെടുക്കപ്പെടാറുണ്ട്. അവരെ മറവു ചെയ്യപ്പെട്ട നാട്ടിലെ ചിലർക്ക് പനി പിടിപെട്ടപ്പോൾ എന്റെ ഉസ്താദിന്റെ ഖബ്റിന്നടുത്ത് നിന്ന് മണ്ണെടുത്ത് പനിയുള്ളവന്റെ ശരീരത്തിൽ കെട്ടിയപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് അസുഖം മാറുകയും ചെയ്തു. എന്റെ ഉസ്താദ് അല്ലാഹുവിനെ വഴിപ്പെട്ട് ജീവിച്ച വ്യക്തിയായിരുന്നു. ഹാഫിളുദ്ദഹബിയുടെ താരീഖുൽ ഇസ്‌ലാം (18/47)

### 8. ഇബ്നുതൈമിയ്യയുടെ മറ്റൊരു ശിഷ്യൻ ഇബ്നുഫള്ലുല്ലാഹിൽ ഉമരി (വിയോഗം 749)

قال أحمد بن يحيى الجلاء: دخلت المدينة وبي فاقة، فتقدمت إلى القبر وقلت: ضيفك

يا رسول الله، ثمّ غفوت فرأيت النبي ﷺ وقد أعطاني رغيفا فأكلت نصفه وانتبهت وبيدي النصف(مسالك الأبصارلابن فضل الله العمري : ٨/١١٨-٣٤٧)

ശൈഖ് അഹ്മദുബ്നു യഹ്യൽജല്ലാഅ്(റ) പറയുന്നു: ഞാൻ ഭക്ഷണമൊന്നും ലഭിക്കാതെ വളരെ വിഷമിച്ചവനായി മദീനയിൽ ചെന്ന് നബി(സ)യുടെ ഖബ്റിന്നടുത്ത് ചെന്ന് പറഞ്ഞു 'യാ റസൂലല്ലാഹ് ഞാൻ അങ്ങയുടെ അതിഥിയായി ഇതാ വന്നിരിക്കുന്നു,' അങ്ങനെ ഞാൻ അൽപം ഉറങ്ങി. അപ്പോൾ നബി(സ)യെ കാണുകയും നബി(സ) എനിക്ക് ഒരു റൊട്ടി തരികയും ഞാനതിന്റെ പകുതി ഭക്ഷിക്കുകയും ചെയ്തു. ഉണർന്ന് നോക്കുമ്പോൾ ബാക്കിഭാഗം എന്റെ കൈയിൽ ശേഷിപ്പുണ്ടായിരുന്നു. (മസാലിക്കുൽ അബ്സ്വാർ: 8/118-347) പേജുകളിൽ ഇസ്തിഗാസ നടത്തിയ പണ്ഡിതരെ പരിചയപ്പെടുത്തി അംഗീകരിക്കുന്നു.

ലോകത്ത് ആദ്യമായി ഇസ്തിഗാസ പാടില്ലെന്ന് വാദിച്ച ഇബ്നുതൈമിയ്യ തന്നെ നബി(സ)യുടെ ഖബ്റിന്നടുത്ത് ചെന്ന് സഹായം ചോദിച്ച സംഭവങ്ങൾ തന്റെ (ഇഖ്തിളാഉസ്സ്വിറാത്വിൽ മുസ്തഖീം: 373-374)ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

وكذلك ايضا ما يروى ''أنّ رجلا جاء إلى قبرالنبي ﷺ فشكا إليه الجدب عام الرمادة. فرآه وهو يأمره :أن يأتي عمر، فيأمره أن يخرج فيستسقى بالناس'' فإنّ هذا ليس من هذا الباب ومثل هذا يقع كثيرا لمن هو دون النبي ﷺ، وأعرف من هذه الوقائع كثيرا. كذلك سؤال بعضهم للنبي ﷺ أولغيره من أمته حاجته فتقضي له. فإنّ هذا قد وقع كثيرا (إقتضاء الصراط المستقيم لابن تيمية: ص/٣٧٣-٣٧٤)

ഉമർ(റ)വിന്റെ കാലത്ത് വെള്ളക്ഷാമം നേരിട്ട സമയത്ത് ഒരാൾ നബി(സ)യുടെ ഖബ്റിന്നടുത്ത് വന്ന് നബിയോട് ആവലാതി പറയുകയും നബി(സ)യെ സ്വപ്നത്തിൽ കാണുകയും ചെയ്തു. ഉമർ(റ)വിന്റെ അടുത്തു ചെന്ന് കാര്യങ്ങൾ പറയാനും ജനങ്ങളുമായി മഴതേടാനും നബി(സ) കൽപിക്കുകയുണ്ടായി. അതൊന്നും ഞാൻ ചർച്ച ചെയ്യുന്ന വിഷയത്തിൽ പെട്ടതല്ല. അതുപോലുള്ള സംഭവങ്ങൾ നബി(സ) അല്ലാത്ത മറ്റു മഹാന്മാർക്കും ഉണ്ടാകാവുന്നതും എനിക്കു തന്നെ അങ്ങനെയുള്ള ധാരാളം അറിയുന്നതുമാണ്. അതുപോലെ ചിലയാളുകൾ നബി(സ)യോടോ മറ്റോ ആവശ്യങ്ങൾ ചോദിക്കുന്നതും അവർക്ക് ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതുമായ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. (ഇഖ്തിളാഉസ്സ്വിറാത്തിൽമുസ്തഖീം:373-374)

## 9. ഇമാം തഖിയ്യുദ്ദീനിസ്സുബ്കി(റ) (വിയോഗം 756)

അഹ്ലുസ്സുന്നഃയുടെ നേതാവും ബിദഇകൾക്കെതിരെയുള്ള പടവാളുമാണ് ഇമാം തഖിയ്യുദ്ദീനുസ്സുബ്കി(റ). ഇജ്തിഹാദുനുള്ള യോഗ്യത കൈവ

രിച്ചിട്ടുണ്ടെന്ന് ഇമാമവർകളെക്കുറിച്ച് പിൽക്കാല പണ്ഡിതർ പറഞ്ഞിട്ടുണ്ട്. ഇമാം സുബ്കി(റ) ഇസ്തിഗാസ നിഷേധികൾക്കെതിരെ തൂലിക ചലിപ്പിച്ച പണ്ഡിതനാണ്. തന്റെ വരികൾ കാണുക:

إعلم : انه يجوز ويحسن التوسل والاستغاثة والتشفع بالنبي ﷺ إلى ربه سبحانه وتعالى. وجواز ذالك وحسنه من الأمور المعلومة لكلّ ذي دين، المعروفة من فعل الأنبياء والمرسلين، وسير السلف الصالحين، والعلماء والعوام من المسلمين. ولم ينكر أحد ذلك من أهل الأديان ولا سمع به في زمن من الأزمان حتى جاء ابن تيمية، فتكلم في ذلك بكلام يلبس فيه على الضعفاء الأغمار، وابتدع ما لم يسبق إليه في سائر الاعصار.

(شفاء السقام في زيارة خيرالأنام : ص/ ٢٩٣)

നിശ്ചയം നബി(സ)യെക്കൊണ്ട് തവസ്സുലും ഇസ്തിഗാസയും ശിപാർശ തേടലും അനുവദനീയവും സൽകർമവുമാണ്. അത് മതമുള്ള എല്ലാവർക്കും അറിയുന്ന സത്യമാണ്. അമ്പിയാക്കളുടെയും മുർസലുകളുടെയും പൂർവ്വസൂരികളുടെയും പണ്ഡിതന്മാരുടെയും സ്വാലിഹുകളുടെയും ചരിത്രങ്ങളിൽനിന്ന് അറിയപ്പെട്ടതുമാണ്. ഇബ്നുതൈമിയ്യ രംഗപ്രവേശം ചെയ്യുന്നത് വരെ ഒരു വ്യക്തിപോലും ഇതിനെതിരിൽ ഒന്നും സംസാരിച്ചിട്ടില്ല. അദ്ദേഹം രംഗത്തുവന്ന് മൂഢൻമാരായ ദുർബലന്മാർക്ക് ആശയക്കുഴപ്പമുണ്ടാക്കുന്ന ചില വർത്തമാനങ്ങൾ പറയുകയും യുഗാന്തരങ്ങളിൽ ആരും പറയാത്ത വാദം ഉന്നയിക്കുകയും ചെയ്തു. (ശിഫാഉസ്സഖാം 293)

ഇസ്തിഗാസ അനുവദിനീയമാണെന്നും പുണ്യ കർമമാണെന്നും പ്രമാണബദ്ധമായി തെളിയിക്കുന്നതോടൊപ്പം നബി(സ്വ)യോട് ഇസ്തിഗാസ പാടില്ലെന്ന് പറഞ്ഞ ഇബ്നു തൈമിയ്യക്കും അനുയായികൾക്കും ചങ്കടപ്പിക്കുന്ന മറുപടിയായാണ് തന്റെ 'ശിഫാഉസ്സഖാം' എന്ന ഗ്രന്ഥത്തിൽ മഹാൻ കോർത്തിണക്കിയിട്ടുള്ളത്.

## 10. അശ്ശൈഖ് മുഹമ്മദ് വഫാ അശ്ശാദുലി അൽമിസ്വ്രി(റ) (വിയോഗം:760)

إليك رسول الله أقبلت تائبا ❖ بجاهك أرجو أنّ توبي يقبل
أتى لك ياذا الطول عبد مقصّر ❖ عساك على تقصيره تتطوّل
حبيبي شفيعي أنت لله شافعي ❖بمقدارك السامي له أتوسل
عليك صلاة الله منه تواصلت ❖ صلاة إتصال عنك لا تتنصّل

(شواهد الحق للنبهاني ص/٣٨٧)

'നബിയേ അങ്ങയുടെ സ്ഥാനം കൊണ്ട് എന്റെ പാപങ്ങളെ അല്ലാഹു പൊറുത്ത് തരാൻ ഞാൻ ആശിക്കുന്നു. അവിടുത്തെ ഉന്നതമായ പദവി കൊണ്ട് അങ്ങ് എനിക്ക് അല്ലാഹുവിന്റെയടുക്കൽ ശിപാർശകനാവണമേ' എന്ന് തുടങ്ങി സഹായാർഥന നടത്തുന്നു. (ശവാഹിദുൽ ഹഖ്:387)

## 11. ഇമാം അബ്ദുല്ലാഹിബ്നുഹിശാം(റ) (വിയോഗം:761)

وقد تطفلت بشرحها على كرم الممدوح فيها ﷺ، وبه أستشفع إلى ربي أن يصلح قلبى
ويغفر ذنبي وينجح قصدي ويوفر من إحسانه جدي، وأن يغفر
زلتي ويصلح لي في ذريتي، وأن يفعل ذلك بي وبأحبابي وبجميع أهلي بمنه وكرمه
(شرح قصيدة بانت سعاد : ص/ ٢٠٩)

നബി (സ) പ്രകീർത്തനകാവ്യമായ 'ബനാത്ത്സുആദി'ന് ഞാൻ വ്യാഖ്യാനമെഴുതുന്നു. ആ നബി(സ)യെ കൊണ്ട് എന്റെ പാപങ്ങളും കുടുംബത്തിന്റെ പാപങ്ങളും പൊറുത്ത് കിട്ടാൻ വേണ്ടിയും എന്റെ ഉദ്ദേശ്യം വിജയിക്കാൻ വേണ്ടിയും എന്നിൽ നിന്നും എന്റെ സ്നേഹിതന്മാരിൽ നിന്നും സന്താന പരമ്പരകളിൽ നിന്നും തെറ്റുകൾ സംഭവിക്കാതിരിക്കാൻ വേണ്ടിയും മറ്റും ഞാൻ നബി(സ)യോട് ശിപാർശ തേടുകയും ചെയ്യുന്നു. (ശറഹു ബാനത്ത് സുആദ്:209)ൈ

## 12. ഖാളി ഇസ്സുദ്ദീൻ ഇബ്നു ജമാഅഃ(റ) (വിയോഗം:767)

കർമ ശാസ്ത്രത്തിൽ ഏറെ വിശ്രുതനായ പ്രാമാണിക പണ്ഡിതനാണ് ഖാലി ഇസ്സുദ്ദീൻ ഇബ്നു ജമാഅഃ (റ). നബി (സ)യോട് ഇസ്തിഗാസയും തവസ്സുലും പാടില്ലെന്നു പറഞ്ഞ ഇബ്നുതീമിയ്യയെ അദ്ദേഹം രൂക്ഷമായി വിമർശിക്കുന്നത് കാണാം. (തുഹ്ഫ, ശറഹുൽ ഈളാഹ്, അൽ ഫതാവൽ ഹദീസിയ്യ എന്നിവ നോക്കുക). ഇമാമവർകൾ തവസ്സുലും ഇസ്തിഗാസയും ചെയ്യണമെന്ന് പഠിപ്പിക്കുന്നത് കാണുക.

ثم يأتي القبر الشريف المقدس .... اللهم إنك قلت و قولك الحق: (ولو أنهم إذظلمو
أنفسهم الخ) اللهم إنا قد سمعنا قولك وأطعنا أمرك وقصدنا نبيك هذا مستغيثين به
إليك من ذنوبنا اللهم فتب علينا وأسعدنا بزيارته وأدخلنا في زمرته (مناسك ابن
جماعة على المذاهب الأربعة ص/١٠٥) وهو مختصر منسكه الكبير هداية السالك إلى
معرفة المذاهب الأربعة في المناسك''

നബി(സ)യുടെ ഖബ്റുശ്ശരീഫിൽ ചെന്ന് 'അല്ലാഹുവേ നിന്റെ ആജ്ഞയനുസരിച്ച് ഞങ്ങൾ വന്നിരിക്കുന്നു. നിന്റെ പ്രവാചകനെ ഉദ്ദേശിച്ചു കൊണ്ടും ആ പ്രവാചകനെ കൊണ്ട് നിന്നിലേക്ക് സഹായതേട്ടം നടത്തുന്നവരുമായി ഇതാ ഞങ്ങൾ വന്നിരിക്കുന്നു. അല്ലാഹുവേ ഞങ്ങളുടെ തൗബയെ നീ സ്വീകരിക്കേണമേ. നിന്റെ ഹബീബിനെ സിയാറത്ത് ചെയ്തതു കാരണം ഞങ്ങളെ നീ വിജയികളിൽ ഉൾപ്പെടുത്തേണമേ. ആ മുത്ത് നബിയുടെ അനുയായികളിൽ ഞങ്ങളെ നീ പ്രവേശിക്കേണമേ.' (മനാസിക്കു ഇബ്നുജമാഅ:105)

## 13. ഇമാം അബ്ദുല്ലാഹിബ്നു അസ്അദുൽ യാഫിഇയ്യ്(റ) (വിയോഗം:768)

يقول ابو عبد الله القرشي ... فسافرت الي الشام فلما وصلت إلى قريب ضريح الخليل عليه السلام تلقانى الخليل فقلت: يا رسول الله اجعل ضيافتي عندك الدعاء لأهل مصر فدعا لهم ففرج الله عنهم، قال اليافعي وقوله: تلقانى الخليل قول حق لا ينكره إلا جاهل بمعرفة ما يرد عليهم من الأحوال التي يشاهدون فيها ملكوت السماء ولأرض الخ ( الحاوي للفتاوى للسيوطي ٢/٢٥٩)

അബൂ അബ്ദുല്ലാഹിൽഖുറശി(റ) പറയുന്നു: ഞാൻ ശാമിലേക്ക് യാത്ര പോയി. അങ്ങനെ ഇബ്രാഹീം നബി(അ)ന്റെ ഖബ്റിന്നടുത്തെത്തിയപ്പോൾ ഞാൻ ഇബ്രാഹീം നബി(അ)നെ കണ്ടുമുട്ടി. അപ്പോൾ ഞാൻ പറഞ്ഞു. യാ റസൂലല്ലാഹ് അവിടുത്തെയടുക്കൽ എനിക്കുള്ള സൽക്കാരം മിസ്വ്റിന്റെ മക്കൾക്കു വേണ്ടിയുള്ള പ്രാർഥനയാവട്ടെ. അങ്ങനെ ഇബ്രാഹീം നബി(അ) ദുആ ചെയ്തു. മിസ്വ്റിന്റെ മക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. ഇമാം യാഫിഈ(റ), ഇബ്രാഹീം (അ) നബിയെ കണ്ടുമുട്ടിയെന്ന് പറഞ്ഞത് സത്യമാണ്. അമ്പിയാക്കൾക്ക് അല്ലാഹു നൽകുന്ന പ്രത്യേകതകളെ കുറിച്ചും ആകാശ ഭൂമികളിലെ അത്ഭുതങ്ങളിൽ നിന്ന് നേരിട്ട് കാണാൻ കഴിയുന്ന അവസ്ഥകളെക്കുറിച്ചും ഒന്നുമറിയാത്ത വിവരദോഷികളല്ലാതെ അതിനെ വിമർശിക്കുകയില്ല എന്നു പറഞ്ഞ് അബൂ അബ്ദില്ലാഹിൽ ഖുറശി നടത്തിയ ഇസ്തിഗാസയെ അംഗീകരിക്കുന്നു. (അൽഹാവീ ലിൽ ഫതാവാ :2/259)

فيا خير ممدوح أثب شرّ مادح ❖ عطا مانح منه الجزاء جزيل
أنلني منائي منك مِنّ بنظره ❖ إلى يُمنٍ وجه للأنام وسيل
وكن شافعي فاليافعي ملزم لكم ❖ نزيل حماكم للكرام دخيل
(الارشاد والتطريز : ص/ ٢٢٦، لليافعي)

നബി(സ)യെ വിളിച്ചുകൊണ്ട് സഹായതേട്ടം നടത്തുന്നത് ഇമാം യാഫിഈ(റ)വിന്റെ (അൽ ഇർശാദുവത്തത്വ്രീസ്:226)ലും കാണാവുന്നതാണ്.

അതുപോലെ ഇബ്നുതഗ്രിബർദിയുടെ (അന്നുജുമുസ്സാഹിറ:11/93)യിലും യാഫിഈ(റ) ഇസ്തിഗാസ ചെയ്ത സംഭവം വിവരിക്കുന്നുണ്ട്.

## 14. ഇമാം ഇബ്നുനുബാതതൽമിസ്വ്രി(റ) (വിയോഗം:768)

എല്ലാ വെള്ളിയാഴ്ചകളിലും നമ്മുടെ മിമ്പറുകളിൽ നിന്ന് ഖത്തീബുമാർ ഇബ്നു നുബാതൽ മിസ്വ്രി(റ)യുടെ ഖുത്തുബഃ ഓതാറുണ്ടല്ലോ! മഹാൻ ഇസ്തിഗാസ ചെയ്യുന്നത് കാണുക.

إليك رسول الله مدت مطالبي ❖ على أنها أضحت على الفور تقصر

خلقت شفيعا للأنام مشفعا ❖ فرجواك في الدارين أجدى وأجدر

(ديوان ابن نباتة المصري : ص/١٨٣) و(فنّ المدح النبوي في العصر المملوكي :ص/١٦٣)

ഓ നബിയേ എന്റെ എല്ലാ ആവശ്യങ്ങളും അവിടുത്തേക്ക് നീട്ടുന്നു. അവിടുന്ന് മനുഷ്യകുലത്തിന് ശിപാർശകനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇരുലോകത്തും അങ്ങയുടെ സഹായമാണ് കൊതിക്കപ്പെടാൻ അർഹമായത്. (ദീവാനുഇബ്നുനുബാത്ത:183) (ഫന്നുൽ മദ്ഹിന്നബവി ഫിൽ അസ്വ്‌രിൽ മംലൂക്കിയ്യ്:163)

## 15. ഇബ്നു തൈമിയ്യയുടെ ശിഷ്യൻ 'ഹാഫിള് ഇബ്നുകസീർ' (വിയോഗം: 774)

(ولو انّهم إذظلمو أنفسهم جاءوك)الآية... يرشد تعالى العصاة والمذنبين إذا وقع منهم الخطأ والعصيان أن يأتوا إلى الرسول ﷺ فيستغفروا الله عنده، ويسألوه أن يستغفر لهم، فإنّهم إذافعلوا ذلك تاب الله عليهم ورحمهم وغفر لهم، ولهذا قال:(لوجدوا الله توابا رحيما). وقد ذكر جماعة منهم أبونصربن الصباغ في كتابه (الشامل) الحكاية المشهورة عن العتبي، قال: كنت جالسا عند قبرالنبي ﷺ فجاء أعرابي فقال: السلام عليك يا رسول الله، سمعت الله يقول: (ولو أنّهم إذظلموا أنفسهم الخ) وقد جئتك مستغفرا لذنبي مستشفعا بك إلى ربي ثم أنشأ يقول :

يا خير من دفنت بالقاع أعظمه ❖ فطاب من طيبهنّ القاع والأكم

نفسي الفداء لقبر أنت ساكنه ❖ فيه العفاف وفيه الجود والكرم

ثم انصرف الأعرابى فغلبتنى عيني فرأيت النبيّ ﷺ في النوم فقال: يا عتبى ألحق الأعرابي فغلبتنى أنّ الله غفر له. ( تفسير القرأن العظيم لابنْ كثير ١/ ٦٤٠)

പാപങ്ങളും പിഴവുകളും സംഭവിച്ചാൽ നബി(സ)യുടെ അരികിൽ ചെന്ന് അല്ലാഹുവിനോട് പാപമോചനത്തെ തേടുകയും നബി(സ)യോട് തനിക്ക് വേണ്ടി പൊറുക്കലിലെ തേടാൻ ആവശ്യപ്പെടുകയും ചെയ്യണമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നതെന്ന് വിശദീകരിച്ച ശേഷം 'ഈ പറഞ്ഞത് നബി(സ)യുടെ വഫാത്തിനു ശേഷവും ബാധകമാണെന്നും അങ്ങിനെ ചെയ്യണ'മെന്നും പഠിപ്പിക്കാൻ വേണ്ടി ഹാഫിള് ഇബ്നുകസീർ, ഉതുബി(റ)വിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന നബി(സ)യുടെ ഖബ്റിന്നടുത്ത് വന്ന് സഹായ തേട്ടം നടത്തിയ സംഭവം ചേർക്കുകയും ചെയ്യുന്നു. (തഫ്സീർ ഇബ്നുകസീർ:1/640)

ഉമർ(റ)വിന്റെ ഭരണകാലത്ത് മഴ ലഭിക്കാൻ വേണ്ടി നബി(സ)യുടെ ഖബറിങ്ങൽ ചെന്ന് മഴ തേടിയ ചരിത്രം സ്വഹീഹായ പരമ്പരയിലൂടെ

ഇബ്നുകസീർ അൽബിദായത്തു വന്നിഹായ ( 7/93) റിപ്പോർട്ട് ചെയ്തത് സ്വഹാബിയായ ബിലാലുബ്നുൽ ഹാരിസ്(റ)വിനെ കുറിച്ച് പറഞ്ഞ സ്ഥലത്ത് മുമ്പ് വിശദീകരിച്ചിട്ടുണ്ട്.

അതുപോലെ യമാമ യുദ്ധത്തിൽ സ്വഹാബാക്കൾ 'യാ മുഹമ്മദാഹ്' എന്ന് വിളിച്ച് സഹായം തേടലായിരുന്നു അവരുടെ അടയാളം എന്ന് ഇബ്നുകസീർ തന്നെ അൽ ബിദായത്തു വന്നിഹായ(6/272)യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തന്റെ മുസ്നദുൽഫാറൂഖി(1/331)ലും പഠിപ്പിക്കുന്നു.

## 16. ഇമാം അബൂമുഹമ്മദ് അബ്ദില്ലാഹിൽബക്'രി അൽഖുർതുബി അൽമർജാനി(റ) (വിയോഗം: 781)

حكى مكي السمرقندي وغيرهما أنّ آدم عليه السلام قال: (اللهم بحق محمد اغفرلي خطيئتي)......... عن أمامة بن سهل بن حيف أنّ رجلا كان يختلف إلى عثمان رضي الله في حاجة له فكان عثمان لا يلتفت إليه ولا ينظر في حاجته فلقي عثمان بن حنيف وشكى ذلك عليه فقال له عثمان بن حنيف إيت الميضأة فتوضأ ثم إيت المسجد فصل ركعتين ثم قل: اللهمّ إنّى أسألك وأتوجّه إليك بنبيك نبيّ الرحمة يا محمّد إني أتوجّه بك إلي ربي فتقضي حاجتي ........... ...........الخ ( بهجة النفوس والاسرار في تاريخ دار الهجرة المختار : ص/٤٤٩ الى ٤٥٥، للإمام ابي عبد اللهالقرطبي المرجاني)

നബി(സ)യെ ഇടയാളനാക്കി ആദം നബി സഹായതേട്ടം നടത്തിയ ഹദീസും അതുപോലെ കണ്ണിനു കാഴ്ചയില്ലാത്ത വ്യക്തി ഉസ്മാൻ(റ)വിന്റെ അടുത്ത് വന്നപ്പോൾ പഠിപ്പിച്ചുകൊടുത്ത സഹായതേട്ടവും മറ്റു നിരവധി മഹാന്മാർ ഇസ്തിഗാസ നടത്തിയ ചരിത്രങ്ങളും വിശദീകരിച്ച് പഠിപ്പിക്കുന്നു.

(ബഹ്ജത്തുന്നുഫൂസി വൽഅസ്റാർ ഫീതാരീഖി ദാരിൽഹിജ്റത്തിൽ മുഖ്താർ:449-455)

## 17. ഇമാം അബ്ദുൽ റഹീം അൽബുറഈ അൽയമാനി(റ) (മരണം:803)

يا خير مبعوث لأكرم أمّة ❖ انت المؤمّل عند كل ملمّة

فاعطف على عبد الرحيم برحمة ❖ فغمام فضلك فيضه متسجّم

بحياته صلوا عليه وسلموا

أنظر : المولد البرعي (المولد النبوي الشريف: ص/٣٣)

ഏറ്റവും ഉത്തമരായ സമുദായത്തിനു വേണ്ടി അയക്കപ്പെട്ട പ്രവാചകരേ! അവിടുന്നാണ് എല്ലാ പ്രയാസങ്ങളുടെ സമയത്തും അഭയ കേന്ദ്രമായിട്ടു

ള്ളത്. അങ്ങയുടെ അനുഗ്രഹം കൊണ്ട് ഈ അബ്ദുൽ റഹീമിന് അവിടുന്ന് ഗുണം ചെയ്യേണമേ. (മൗലിദുൽബുറഈ:133)

يا سيدي إني رجوتك ناصرا ❖ من جور دهر خائن متقلب

......................................

وأجزيها عبد الرحيم كرامة ❖ الدارين إذ هي خير نظم معرب

واشفع له ولن يليه وقم بهم ❖ في كل حال يا شفيع المذنب

(ديوان البرعي : ص/٦٥)

എന്റെ നേതാവായ നബിയേ! മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന ഭൗതിക ജീവിതത്തിലെ പ്രയാസങ്ങളിൽ നിന്ന് രക്ഷ ലഭിക്കാൻ അവിടുത്തെ സഹായം ഞാൻ ആശിക്കുന്നു. ഞാൻ ഈ ആലപിക്കുന്ന അങ്ങയുടെ മദ്ഹ് കാരണം ഈ അബ്ദുൽ റഹീമിന് ഇരുലോകത്തും മാന്യതയും ബഹുമാനവും നൽകേണമേ. എല്ലാ സമയത്തും ഈ അബ്ദുൽ റഹീമിനും ബന്ധപ്പെട്ട എല്ലാവർക്കും അവിടുന്ന് ശഫാഅത്ത് ചെയ്യേണമേ. ദോഷികൾക്ക് ശഫാഅത്ത് ചെയ്യുന്നവരേ (ദീവാനുൽ ബുറഈ:65)

واعطف عليّ وخذ يا سيدي بيدي ❖ إذا دهتني الملمات المهمات

صلى عليك إلهي يا محمد ما ❖ لا حت لنورك من بدر علامات

(شواهد الحق للنبهاني : ٣٦٦)

എന്റെ നേതാവേ അങ്ങ് എന്റെ മേൽ ഉദാരത കാണിക്കുകയും എനിക്ക് വിഷമങ്ങൾ നേരിടുന്ന സമയത്ത് എന്റെ കൈ പിടിക്കുകയും ചെയ്യേണമേ. (ശവാഹിദുൽ ഹഖ്:366)

## 18. ഇമാം അഹ്മദ്ബ്നു ഇസ്മാഈലുൽ അബ്ശീത്വി അശ്ശാഫിഈ(റ) (വിയോഗം:803)

മഹാൻ പറയുന്നു:

فلما رجعت فيها من الحج وكانت والدتي معي قلّ المصروف بعد ما كنت مكفي المؤنة

قبل، فزرت واستمدت من النبيّ ﷺ (التحفة اللطيفة للسخاوي : ١٠١/١)

എന്റെ മാതാവിനോടൊന്നിച്ച് ഞാൻ ഹജ്ജ് കഴിഞ്ഞ് തിരിച്ച് പോരാൻ ഉദ്ദേശിച്ചു. ഞങ്ങളുടെ കയ്യിലുള്ള പണം തികയാതെ വന്നപ്പോൾ ഞാൻ നബി(സ)യെ സന്ദർശിച്ച് സഹായമാവശ്യപ്പെട്ടു. (അത്തുഹ്ഫത്തുല്ലത്വീഫ :1/101 വായിക്കുക.)

# ഒമ്പതാം നൂറ്റാണ്ട്

## 1. അൽ ഇമാം അബ്ദുൽ കരീം അൽജീലി(റ) (വിയോഗം:805)

يبغون أحمد عند غايات المنى ❖ وبه يحوزون المسرة والفنا

متوسلين به يرجون الغنى ❖ لله در قلوبهم لهم الهنا

(جواهر البحار ليوسف النبهاني : ١٢٤/٤)

വിശ്വാസികളുടെ സ്വഭാവം ഇമാം ജീലി(റ) രേഖപ്പെടുത്തുന്നു. അവരുടെ മുഴുവൻ ആഗ്രഹങ്ങളുടെയും സന്തോഷങ്ങളുടെയും സമയങ്ങളിൽ അവർ മഹാനായ നബി(സ)യെ തേടുകയും അവിടുത്തെ മഹത്വം കൊണ്ട് ഇടതേട്ടം നടത്തി ഐശ്വര്യം ആഗ്രഹിക്കുകയും ചെയ്യുന്നു. (ജവാഹിറുൽ ബിഹാർ:4/241)

അദ്ദേഹം ഉപദേശിക്കുന്നതിങ്ങനെ;

بأحمد تنجو من بلاء بجاهه ❖ فلا تخش بالمختار هول المصائب

(جواهر البحار للنبهاني ٢٧٨/٤)

അഹ്മദ് നബി(സ)യെ കൊണ്ട് എല്ലാ വിഷമങ്ങളിൽ നിന്നും രക്ഷ ലഭിക്കുന്നതാണ്. ഭയപ്പെടേണ്ടതില്ല. ഏറ്റവും മഹാനായ നബി(സ)യെ കൊണ്ട് എല്ലാ പ്രതിസന്ധികളും നീങ്ങിപ്പോകുന്നതാണ്. (ജവാഹിറുൽ ബിഹാർ:4/278)

## 2. അല്ലാമാ അബ്ദുർറഹ്മാനുബ്നു ഖൽദൂൻ(റ) (വിയോഗം: 806)

വിശ്വപ്രസിദ്ധ ചരിത്ര ഗ്രന്ഥമായ മുഖദ്ദിമയുടെ കർത്താവ് കൂടിയാണ് ഇബ്നു ഖൽദൂൻ (റ). അദ്ദേഹം നബി (സ)യോട് ഇസ്തിഗാസ നടത്തുന്നത് കാണുക.

يا سيد الرسل الكرام ضراعة     تقضي مني نفسي وتذهب حوبي

........................................................................................

هب لي شفاعتك التي أرجو بها     صفحا جميلا عن قبيح ذنوبي

പ്രവാചകരിൽ നേതാവായ തിരുനബിയേ......... അങ്ങയുടെ ശിപാർശ കൊണ്ട് എന്റെ പാപങ്ങൾ ഇല്ലാതെയാവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുന്ന് എനിക്ക് ശിപാർശ ചെയ്യണമേ (ശവാഹിദുൽ ഹഖ്: 362)

## 3. ശൈഖ് മുഹമ്മദ്ബ്നു അഹ്മദ് അൽഖലീബി(റ) (വിയോഗം 809)

പ്രവാചക ശ്രേഷ്ടരായ മുഹമ്മദ് നബി(സ്വ)യെ സിയാറത്ത് ചെയ്യാനായി മദീനയിലെത്തി തിരു ഖബറിനഭിമുഖമായി നിന്ന് ചൊല്ലുന്നു.

يا خيرة الله من كل الأنام ومن ❖ له على الرسل والأملاك مقدار

روحي الفداء لأرض قد ثويت بها ❖ بطيب مثواك طاب الكون والدار

إنى ظلوم لنفسى في اتباع هوى ❖ وقد تعاظمني ذنب وأوزار

أنشدها تجاه النبيّ صلى الله عليه و سلم بالحجرة الشريفة

(الضوء اللامع للسخاوي : ٣٣٠/٦)

മലക്കുകളേക്കാളും ലോകത്തുള്ള മുഴുവൻ ജനങ്ങളേക്കാളും ശ്രേഷ്ഠരായ പ്രവാചകരേ അവിടുന്ന് അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്തിന് എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഞാൻ എന്റെ ശരീരത്തെ പാപഭാരങ്ങളെക്കൊണ്ട് അക്രമിച്ചിരിക്കുന്നു. ആകയാൽ എന്റെ പാപം പൊറുത്ത് കിട്ടാൻ അവിടുന്ന് എന്നെ സഹായിക്കേണമേ. (അള്ളൗ ഉല്ലാമിഅ്:6/330 -ഇമാം സഖാവി)

## 4. ശൈഖ് മുഹമ്മദ്ബ്നു യൂനുസൽ ജമാലിൽ മക്കി(റ) (വിയോഗം:809)

أسئلك بمحمد ﷺ واسمه أن تكفيني كل ظالم بظلمه (الضوء اللامع : ١٢٤/٧)

മുഴുവൻ അക്രമികളുടെ ശല്ല്യത്തെ തൊട്ടും നബി(സ)യെ കൊണ്ട് തവസ്സുലാക്കി അല്ലാഹുവിനോട് സഹായം ചോദിക്കുന്നു. (അള്ളൗഉല്ലാമിഅ്: 7/124)

شواهد الحق: ٣٦٢

### 5. ഇമാം മുഹ്‌യിദ്ദീൻ അൽ ഫൈറൂസാബാദി (റ) വിയോഗം (വിയോഗം: 817)

നബി(സ) യെ വിളിച്ചുകൊണ്ട് എല്ലാ ആവശ്യങ്ങളും ചോദിക്കുന്നു. (അൽ മജ്മൂഅത്തുന്നബ്ഹാനിയ്യ: 106)

يا أيها السيد المرجو نائله ما لي سواك وما في ذاك تمهيل

أنت الغياث وأنت الزخر يا أملي والغوث والغوث والآمال والسول

المجموعة النبهانية:٣-١٠٦

### 6. ഇമാം അഹ്മദ്ബ്നു അലി അൽഖലഖ്ശന്ദി അശ്ശാഫിഈ(റ) (വിയോഗം821)

يا خير من دفنت بالقاع أعظمه ❖ أنت المراد وأنت القصد والسول

قصدت جاهك لا أرجو سواه ولي ❖ في باب عزك ترديد وتطفيل

وليس لي عمل أرجو النّجاة به ❖ والعفو عند رسول الله مأمول

ولن يضيق رسول الله جاهك بي ❖ فإنّه لجميع الخلق مبذول

(أروع ما قيل في مديح الرسول : ص/ ٦١)

ഖാഅ് എന്ന പ്രദേശത്ത് അന്ത്യവിശ്രമം കൊള്ളുന്നവരിൽ അത്യുത്തമരായവരേ, അങ്ങയാണ് എന്റെ മനസ്സിലുള്ളത്. അങ്ങാണ് എന്റെ ഉദ്ദേശ്യം. അവിടുത്തെ മഹത്വത്തെ ഞാൻ ആഗ്രഹിക്കുകയും വാതിൽക്കൽ ഞാൻ വരികയും ചെയ്യുന്നു. അങ്ങയുടെ സഹായമല്ലാതെ എന്റെ രക്ഷക്ക് വേറെ ഒരു കർമ്മവും എന്റെ പക്കലില്ല. അവിടുത്തെ മഹത്വം മുഴുവൻ സൃഷ്ടികൾക്കും വിശാലമാണല്ലോ, തുടങ്ങി നബി (സ) തങ്ങളോട് ആവലാതിപ്പെടുന്നു. (അർവഉ മാഖീല ഫീമദിഹിർറസൂൽ:61)

### 7. ഇമാം മുഹമ്മദ്ബ്നു ഇസ്ഹാഖൽ ഖവാറസ്മി(റ) (വിയോഗം:824)

(ولو انّهم إذظلموا أنفسهم جاءوك) وقد جئناك يا حبيب الله ظالمين لأنفسنا مستغفرين لذنوبنا معترفين بإساءتنا فاستغفرلنا إلى ربّنا واستقل لنا من ذنوبنا وإن لم نكن لذلك أهلا فأنت أهل الصفح الجميل والعفو عن المسيئ المعترف فافعل بنا ما يليق بكرمك فقد طرحنا أنفسنا عليك يا رسول الله ليس لنا منقلب عنك ولا ذهاب عن بابك ولا أحد نستشفع به غيرك لانك نبيّنا أرسلك الله رحمة للعالمين وبعثك منقذا للمذنبين فلا تخيب ظنّنا فيك ولا تخلف أملنا منك صلى عليك ورضي الله عنه أهل بيتك واصحابك وأزواجك وأتباعك اجمعين.

(إثارة الترغيب والتشويق إلى تاريخ المساجد الثلاثة

والبيت العتيق للإمام محمد الخوارزمي ص/٣٤٥-٣٤٦)

യാ ഹബീബല്ലാഹ് ഞങ്ങൾ അങ്ങയുടെ സവിധത്തിൽ സ്വശരീരങ്ങളെ അക്രമിച്ചവരായും ചെയ്ത പാപങ്ങളെ സമ്മതിക്കുന്നവരായും ഇതാ വന്നിരിക്കുന്നു. ഞങ്ങളുടെ പാപമോചനത്തിനു വേണ്ടി അങ്ങ് അല്ലാഹുവിനോട് ചോദിക്കേണമേ. ഞങ്ങൾ ചോദിക്കാൻ അർഹരല്ലെന്നറിയാം. എന്നാൽ അവിടുത്തെ സ്ഥാനം വളരെ മഹത്തരമാണല്ലോ. ഈ കുറ്റം സമ്മതിക്കുന്ന പാപിക്ക് പൊറുത്ത് കിട്ടാൻ വേണ്ടി അവിടുത്തെ ഔദാര്യം കൊണ്ട് പ്രാർഥിക്കേണമേ. നിശ്ചയം അങ്ങ് പാപികളെ രക്ഷിക്കുന്നവരായും ലോകാനുഗ്രഹിയായും അയക്കപ്പെട്ട പ്രവാചകനാണ്. ഞങ്ങളുടെ ആവശ്യത്തെ അവിടുന്ന് നിരാകരിക്കരുതേ. ഞങ്ങളുടെ ആഗ്രഹത്തെ അങ്ങ് പിന്തിക്കരുതേ.' (ഇസാറതുത്തർഹീബി വത്തശ്വീഖി ഇലാ താരീഖിൽ മസാജിദിസ്സലാസത്തി വൽബൈത്തിൽ അതീഖ്: 345-346)

## 8. ഇമാം തഖ്യുദ്ദീനിൽ ഹിസ്വ്നി അദ്ദിമശ്ഖി(റ) (വിയോഗം: 829)

ومن أنكر التوسل به والتشفع به بعد موته وإنّ حرمته زالت بموته فقد أعلم الناس

ونادى على نفسه أنّه أسوأ حالا من اليهود الخ

(دفع شبه من شبّه وتمرّد :ص/ ١٠٩، للحصني)

നബി(സ)യെ കൊണ്ടുള്ള തവസ്സുലിനെയും ശഫാഅത്ത് തേട്ടത്തെയും ആരെങ്കിലും നിഷേധിക്കുകയും നബി(സ്വ)യുടെ മഹത്വം മരണത്തോടെ നീങ്ങിപ്പോയിട്ടുണ്ടെന്ന് വിചാരിക്കുകയും ചെയ്താൽ അവൻ യഹൂദികളേക്കാൾ നീചനും നികൃഷ്ടനുമാണെന്ന് വിളിച്ചു പറയുകയും ജനങ്ങളെ അറിയിക്കുകയും മാണവൻ ചെയ്യുന്നത്. (ദഫ്ഉശുബഹി മൻ ശബ്ബഹ വ തമർറദ :പേജ്/109)

## 9. ഇമാം അഹ്മദ്ബ്നു സഊദ് അൽജരീരി (വിയോഗം 849)

അദ്ദേഹം ചൊല്ലിയ വരികൾ കാണുക:

يا سيدي يا رسول الله يا سندي ❖ يا عمدتي يا رجائي منتهى أملي

أنت الوجيه الذي ترجى شفاعته ❖ كن لي شفيعا غدا يا خاتم الرسل

(التحفة اللطيفة للسخاوي : ١٠٨/١)

എന്റെ നേതാവും ആശയും ആവേശവും ആഗ്രഹവും എല്ലാമെല്ലാമായ നബിയേ അങ്ങയുടെ ശിപാർശയെ ഞാൻ ആഗ്രഹിക്കുന്നു. അന്ത്യപ്രവാചകരേ അങ്ങ് എന്റെ ശിപാർശകനാവേണമേ. (അത്തുഹ്ഫത്തുല്ലത്വീഫ:1/108)

## 10. ഹാഫിള് ഇബ്നുഹജർ അൽ അസ്ഖലാനി(റ) (വിയോഗം:852)

ഹദീസ് പണ്ഡിതരിൽ വെള്ളിനക്ഷത്രമാണ് ഹാഫിള് ഇബ്നു ഹജർ അസ്ഖലാനി(റ). കേരളത്തിലെ ബിദഇകൾ പോലും സ്വീകരിക്കുന്ന പണ്ഡിതനാണ്. സ്വഹീഹുൽ ബുഖാരിയുടെ വിശ്രുത വ്യാഖ്യാന ഗ്രന്ഥമായ നിരവധി വാല്യങ്ങളുള്ള ഫത്ഹുൽബാരി ഉൾപ്പടെ ഒട്ടനവധി ഗ്രന്ഥങ്ങൾ രചിച്ച മഹാനായ ഇമാം അസ്ഖലാനി(റ) തന്റെ സ്വന്തം ഗ്രന്ഥമായ 'ദീവാനി'ൽ നിരവധി ഇസ്തിഗാസ നടത്തുന്നത് കാണാം. ഏതാനും വരികൾ കാണുക.

فاشفع لمادحك الذي بك يتقي ❖ أهوال يوم الدين والتعذيب

........................ ... ....................

يا سيدي برسول الله قد شرفت ❖ قصائدي بمديح فيك قد رصفا

بباب جودك عبد مذنب كلف ❖ يا احسن الناس وجها مشرقا وقفا

بكم توسل يرجو العفو من ذلل ❖ من جوفه جفنه الهامي لقد ذرفا

(ديوان ابن حجر العسقلاني : ٩٧)

അസ്ഖലാനി (റ) നബി(സ)യെ വിളിച്ചുകൊണ്ട് എല്ലാം സമർപ്പിക്കുന്നു. 'അവിടുത്തെ സന്നിധിയിൽ ഈ പാപിയായ അടിമ ഇതാ വന്നിരിക്കുന്നു' തങ്ങളെ കൊണ്ട് തവസ്സുൽ ചെയ്യുന്നതിനാൽ പാപങ്ങളിൽ നിന്ന് മുക്തമാവലിനെ ഞാൻ ആഗ്രഹിക്കുന്നു. (ദീവാൻ ഇബ്നി ഹജർ പേ.97) മാത്രമല്ല നബി(സ)യെ വിളിച്ചു നേരിട്ട് പരലോക മോക്ഷം തേടുന്നത് കാണുക :

يا سيد الرسل الذي فاق الورى ❖ بأسا سما كل الوجود وجودا

هذه ضراعة مذنب متمسك ❖ بولا ئكم من يوم كان وليدا

يرجو بك المحيا السعيد وبعثه ❖ بعد الممات الى النعيم شهيدا

(ديوان الحافظ : ١٠٤)

മുർസലുകളുടെ നേതാവും എല്ലാ സൃഷ്ടികളേക്കാളും ഉന്നതനുമായ നബിയേ, അങ്ങയുടെ പാശത്തെ മുറുകെ പിടിക്കുന്ന പാപങ്ങൾ ചെയ്തവന്റെ വിനീതമായ അപേക്ഷയാണിത്. തങ്ങൾ മുഖേന ഞാൻ ആഗ്രഹിക്കുന്നത് മരണത്തിനു ശേഷം ഉന്നതവിജയവും സ്വർഗത്തിലേക്ക് എന്നെ നിയോഗിച്ചയക്കലുമാണ്. (ദീവാനുൽ ഹാഫിള് പേ. 104)

ഹാഫിള് അസ്ഖലാനി(റ) മഹ്ശറയിലെ ഭയാനകതകളിൽ നിന്നുള്ള മോചനവും ദോഷങ്ങളിൽ നിന്നു മുക്തിയും സ്വർഗവും നബി(സ)യോട് തേടുന്നതു കാണുക :

نبي الله يا خير البرايا ❖ بجاهك أتقى فصل القضاء

وارجو يا كريم العفو مما ❖ جنته يداي يا رب الحباء

..........................................................

فقل يا أحمدابن عليّ اذهب ❖ الى دار النعيم بلا شقاء

(ديوان الحافظ : ١١٥)

സൃഷ്ടികളിൽ അത്യുത്തമരായ പ്രവാചകരേ, തങ്ങളുടെ മഹത്വം കൊണ്ട് ഖിയാമത്ത് നാളിലെ പ്രയാസങ്ങളെ ഞാൻ കാക്കുന്നു. ഔദാര്യ ത്തിന്റെ ഉടമയായ നബിയേ, ഞാൻ ചെയ്തു പോയ തെറ്റുകളിൽ നിന്നുള്ള മുക്തി ഞാനാഗ്രഹിക്കുന്നു. തങ്ങളെന്നോട് ഓ അഹ്മദ്ബ്നു അലീ, പരാ ജയമില്ലാതെ നീ സ്വർഗത്തിലേക്ക് പോകൂ എന്ന് പറയണേ നബിയേ... എന്നു പറഞ്ഞുകൊണ്ട് നബി(സ)യോട് ഇസ്തിഗാസ നടത്തുകയും ചെയ്യു ന്നു. തന്റെ (ദീവാനുഇബ്നുഹജർ 115)

മാത്രമല്ല നബി(സ)യുടെ ജാഹ്കൊണ്ട് തവസ്സുൽ ചെയ്യുന്നു.

اللهم صل على سيدنا محمد وسلم، ونجنا بجاهه من طغيان الطاعون وسلم

(بذل الماعون في فضل الطاعون : ص/ ٣٧١)

... ونتشفع إليك بأكرم الشفعاء لديك محمد نبيّ الرحمة، أن تكشف عنّا هذه الغمّة وأن تجيرنا من الوبال والتنكيل، وأن تعصمنا فأنت حسبنا ونعم الوكيل

(بذل الماعون في فضل الطاعون :ص/٣٧٩، للحافظ العسقلاني)

നബി(സ)യുടെ മേൽ അല്ലാഹുവിന്റെ സ്വലാത്തുണ്ടാവട്ടെ. അല്ലാ ഹുവെ നബി(സ)യുടെ മഹത്വം കൊണ്ട് പ്ലാഗിന്റെ പൈശാചിക പ്രയാസ ങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ.

അല്ലാഹുവേ ശിപാർശകരിൽ വെച്ച് ഏറ്റവും മഹാനായ നബി( സ)യെ ഞങ്ങൾ ശിപാർശകനാക്കുന്നു. ഞങ്ങളുടെ എല്ലാ പ്രയാസങ്ങളും നീ ദൂരീകരിച്ചു തരേണമേ. ഞങ്ങളെ നീ കാക്കേണമേ. (ബദ്ലുൽമാഊൻ ഫീ ഫള്ലിത്ത്വാഊൻ:371-379)

നബി(സ)യെ കൊണ്ട് ഇസ്തിഗാസ പാടില്ലെന്ന് പറഞ്ഞ കാരണത്താൽ ഇബ്നു തൈമിയ്യ മതവിരോധിയാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടു ണ്ടെന്നും ഇബ്നു ഹജരിൽ അസ്ഖലാനി(റ) പറയുന്നു. (അദ്ദുറ-റുൽകാ മിന:1/155)

ومنهم من ينتسبه إلى الزندقة لقوله أنّه ﷺ لا يستغاث به (الدرر الكامنة في أعيان المائة الثامنة : ١٥٥/١ للعسقلاني)

## 11. അല്ലാമാ അഹ്മദുൽ അബ്ശയ്ഹി(റ) (വിയോഗം: 852)

لما حججت وزرته ﷺ تطفلت على جنابه المعظم وامتدحته بأبياته مطولة وأنشدتها بين يديه بالحجرة الشريفة تجاه الصندوق الشريف وأنا مكشوف الرأس وأبكي

من جملتها.

يا سيد السادات جئتك قاصدا ❁ أرجو رضاك وأحتمي بحماك

والله يا خير الخلائق إنّ لي ❁ قلبا مشوقا لا يروم سواكا

يا أكرم الثقلين يا كنز الورى ❁ جد لي بجودك وارضني برضاكا

أنا طامع في الجود منك ولم يكن❁ لابن الخطيب من الأنام سواكا

(المستطرف : ص/٢٨٩، للأبشهي) (التحفة الندية في مدح خيرالبرية ص/٣٢-٣٣-٣٤)

അദ്ദേഹം പറയുന്നു: ഞാൻ ഹജ്ജിന് പോയ സമയത്ത് നബി(സ)യുടെ ഖബ്റുശ്ശരീഫിൽ ചെന്നു കൊണ്ട് ആലപിച്ചു. 'ഓ നേതാക്കളുടെ നേതാവായ പ്രവാചകരേ, അങ്ങയുടെ പൊരുത്തവും കാവലും ആഗ്രഹിച്ചു കൊണ്ടും ഉദ്ദേശിച്ചുകൊണ്ടും അങ്ങയുടെ സവിധത്തിൽ ഞാനിതാ വന്നിരിക്കുന്നു. അല്ലാഹുവിനെ തന്നെ സത്യം. ഓ സൃഷ്ടികളിൽ വെച്ച് ഏറ്റവും ഉന്നതരായ നബിയേ വേറെ ഒരാളോടുമില്ലാത്ത പ്രേമമുടയ മനസ്സാണ് എനിക്കുള്ളത്. ഓ മനുഷ്യ ജിന്നു വർഗത്തിൽ വെച്ച് ഏറ്റവും ഉന്നതനായ നബിയേ' അവിടുത്തെ ഔദാര്യവും പൊരുത്തവും ഈ സാധുവിന് കനിഞ്ഞേകണേ. അങ്ങയുടെ പക്കൽനിന്നുള്ള ഔദാര്യത്തിൽ ഞാൻ കൊതിച്ചിരിക്കുകയാണ്. അങ്ങയല്ലാതെ മറ്റാരും എനിക്ക് സഹായിയായി ഇല്ല നബിയേ. (അൽ മുസ്തത്വ്റഫ്:2/289) (അത്തുഹ്ഫത്തുന്നദിയ്യ: 32-33-34). ഇതേ ആശയമുള്ള വരികൾ അബൂഹനീഫ(റ) ചൊല്ലിയത് നേരത്തെ ഉദ്ധരിച്ചിട്ടുണ്ട്.ഇമാം അബൂഹനീഫ(റ) വരികൾ കടമെടുത്ത് തന്റെ പേർ ചേർത്തി പറയുന്നതിൽ പന്തികേടൊന്നുമില്ല. കവിതകൾ പരിശോധിച്ചാൽ ഇവ ബോധ്യമാകും.

## 12. ഇമാം മുഹമ്മദിബ്നു മുഹമ്മദുൽ അൻദുലൂസി അൽമാലികി (റ)(വിയോഗം: 853)

فنسأل ربي في وفاتي مؤمناً ❁ بجاه رسول الله خير البرية

(الضوء اللامع للسخاوي : ٢٠٤/٩)

അല്ലാഹുവേ സൃഷ്ടികളിൽ അത്യുത്തമരായ റസൂലുല്ലാഹി(സ)യുടെ മഹത്വം കൊണ്ട് സത്യവിശ്വാസിയായി എന്നെ മരിപ്പിക്കേണമേ. (അള്ളൗഉല്ലാമിഅ്:9/204)

## 13. ഇമാം ഇബ്നുളിയാഇൽമക്കി(റ) (വിയോഗം 854)

ونحن وفدك يا رسول الله وأضيافك، جئنا إلى جنابك الكريم من بلاد شاسعة وأماكن بعيدة، نقصد بذلك قضاء حقك علينا، والنظر إلى مآثرك، والتيمن بزيارتك والتبرك

بالسلام عليك والإستشفاع بك إلى ربنا عزوجل، فإنّ خطايانا قد قصمت ظهورنا وأوزارنا قد أثقلت كواهلنا وأنت الشافع المشفع وقد قال الله تعالى : (ولوأنهم إذظلموا أنفسهم جاءوك) الآية : وقد جئناك يا رسول الله ظالمين لأنفسنا مستغفرين لذنوبنا فاشفع لنا إلى ربنا واسأله أن يميتنا على سنتك ويحشرنا في زمرتك ويسقينا بكأسك غيرخزايا ولا ندامى ويرزقنا مرافقتك في الفردوس الأعلى مع الذين أنعم الله عليهم من النبيين والصدقين والشهداء والصالحين وحسن أولئك رفيقا يارسول الله الشفاعة الشفاعة الخ

(تاريخ مكة المشرفة والمسجد الحرام والمدينة الشريفةوالقبر الشريف للإمام ابوالبقاء ابن الضياء المكي : ص ٣٤٤)

ഇബ്നുളിയാഅ്(റ) നടത്തുന്ന വിശാലമായ ഇസ്തിഗാസ ഇങ്ങനെ സംഗ്രഹിക്കാം: 'നബിയേ ഞങ്ങൾ അങ്ങയുടെ ആളുകളും അതിഥികളുമാണ്. വിദൂരസ്ഥലങ്ങളിൽനിന്ന് അങ്ങയുടെ സവിധത്തിലേക്കിതാ ഞങ്ങൾ വന്നിരിക്കുന്നു. ഞങ്ങൾക്ക് അവിടുത്തോടുള്ള കടമകൾ നിർവ്വഹിക്കാൻ വേണ്ടിയും നേരിൽ സലാം ചൊല്ലി അനുഗൃഹീതരാവാൻ വേണ്ടിയും അങ്ങയെക്കൊണ്ട് ഞങ്ങളുടെ നാഥനിലേക്ക് ശിപാർശ തേടിക്കൊണ്ടുമാണ് ഇവിടെ വന്നിട്ടുള്ളത്. ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് താങ്ങാൻ കഴിയാത്ത അത്രയും ഭാരമേറിയിരിക്കുന്നു. അങ്ങ് ശിപാർശകനും ശിപാർശ സ്വീകരിക്കപ്പെടുന്നവരുമാണ്. നിശ്ചയം അല്ലാഹു പറയുന്നു. 'അവർ അവരുടെ സ്വശരീരങ്ങളെ പാപങ്ങൾ കൊണ്ട് അക്രമിക്കുകയും അങ്ങിനെ അവർ അങ്ങയെ സമീപിക്കുകയും അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും അങ്ങ് അവർക്ക് വേണ്ടി പാപമോചനത്തെ ചോദിക്കുകയും ചെയ്താൽ തീർച്ചയായും അധികമായി പാപം പൊറുത്ത് കൊടുക്കുന്നവനായി അല്ലാഹുവിനെ അവർ എത്തിക്കുന്നതാണ്'. പ്രവാചകരേ ഞങ്ങളിതാ സ്വന്തത്തെ അക്രമിച്ചവരായ നിലക്ക് അങ്ങയുടെ സമീപത്ത് വന്നിരിക്കുന്നു. ഞങ്ങളുടെ റബ്ബിന്റെയടുക്കൽ അങ്ങ് ഞങ്ങൾക്ക് ശഫാഅത്ത് ചെയ്യേണമേ. ഞങ്ങളെ അങ്ങയുടെ തിരുസുന്നത്തിനനുസരിച്ച് ജീവിച്ചു മരിപ്പിക്കാൻ വേണ്ടി അങ്ങ് അല്ലാഹുവിനോട് ചോദിക്കേണമേ. അവിടുത്തോട് കൂടെ നാളെ സ്വർഗത്തിൽ ഒരുമിച്ച് കൂട്ടാനും അങ്ങയുടെ ഹൗളുൽ കൗസർ കുടിക്കാനും അങ്ങയോടും മറ്റു അമ്പിയാക്കളോടും സ്വിദ്ദീഖുകളോടും ശുഹദാക്കൾ സ്വാലിഹുകളോടുമൊന്നിച്ച് സ്വർഗത്തിൽ ഒരുമിച്ചു കൂട്ടാനുള്ള അവകാശം അങ്ങ് ഞങ്ങൾക്ക് വാങ്ങിത്തരേണമേ. (താരിഖുമക്കത്തിൽമുശർറഫ:344)

## 14. ഇമാം മുഹമ്മദ്ബ്നു ഉമർ അബുൽബറകാത്ത്(റ) (വിയോഗം: 855)

ومن نظمه:

يا سيدي يا رسول الله خذ بيدي ❖ وانظر بفضلك في أمري وفي أملي

(الضوء اللامع للسخاوي : ٢٦٧/٨)

ഓ എന്റെ നേതാവേ, അല്ലാഹുവിന്റെ റസൂലെ! എന്റെ കൈ അങ്ങ് പിടിക്കേണമേ. അങ്ങയുടെ ഔദാര്യം കൊണ്ട് എന്റെ പ്രശ്നങ്ങളിലേക്കും വേദനകളിലേക്കും അങ്ങ് ശ്രദ്ധിക്കേണമേ. (അള്ളൗഉല്ലാമിഅ്:8/267)

## 15. ശംസുദ്ദീൻ മുഹമ്മദ്ബ്നു ഹസൻ അന്നുവാജി(റ) (വിയോഗം: 859)

يارسول الإله إنّي ضعيف ❖ فاشفني أنت مقصد للشفاء

يا رسول الإله إن لم تغثني ❖ فإلى من ترى يكون التجائي

أنت ذخري وعدتي وملاذي ❖ وغياثي وعمدتي ورجائي

(شواهد الحق ليوسف النبهاني : ص/ ٣٥٢)

ഓ അല്ലാഹുവിന്റെ റസൂലേ! ഞാൻ ബലഹീനനാണ്. അങ്ങ് എനിക്ക് ശമനം നൽകേണമേ. എന്റെ ശിഫയുടെ ലക്ഷ്യം അങ്ങാണ്. ഓ റസൂലേ! അങ്ങ് എന്നെ സഹായിച്ചില്ലെങ്കിൽ ഞാൻ ആരിലേക്കാണ് അഭയം തേടുക?. അവിടുന്ന് എന്റെ അഭയകേന്ദ്രവും സഹായിയും ആഗ്രഹവും പിടിക്കയറും പ്രതീക്ഷയും എല്ലാമെല്ലാമാണ്. (അല്ലാമാ യൂസുഫുന്നബ്ഹാനിയുടെ ശവാഹിദുൽഹഖ്:352)

ഇദ്ദേഹത്തിന്റെ തന്നെ അൽമത്വാലിഉശ്ശംസിയ്യ ഫിൽമദാഇഹിന്നബവിയ്യ: (പുറം: 88)യും കാണുക.

## 16. ഇമാം അബുൽബഖാഅ് അള്ളിയാഅ് (റ)(വിയോഗം:861)

يا حجرة المختار خير الورى ❖ محمد الهادي سواء السبيل

لعل قبل الموت اني ارى ❖ ضريحه السامي وأشفي الغليل

(الضوء اللامع : ١١٤/٩)

നബി(സ)യെ വിളിച്ചുകൊണ്ട് തന്റെ രോഗങ്ങളുടെ ശിഫക്ക് വേണ്ടി സഹായം ചോദിക്കുന്നു. (അള്ളൗഉല്ലാമിഅ്:9/114)

## 17. ഇമാം മുഹമ്മദിബ്നു മുഹമ്മദിൽ മദനി അൽമാലികി (റ)(മരണം:885)

بجاه النبي المصطفى أتوسل ❖ الى الله فيما أبتغي وأؤمل

وأقصد باب الهاشمي محمد ❖ وفي كل حجاتي عليه أعول

(الضوء اللامع: ٩/١١٥)

നബി(സ)യുടെ മഹത്വം (ജാഹ്) കൊണ്ട് തവസ്സുലാക്കുകയും അവിടുത്തെ ബഹുമാനം കാരണം അല്ലാഹു എല്ലാ ആഗ്രഹങ്ങളും വീട്ടിത്തരാൻ കൊതിക്കുകയും ചെയ്യുന്നു. എല്ലാ ആവശ്യങ്ങൾക്കും നബി(സ)യുടെ മേൽ സഹായം പ്രതീക്ഷിക്കുകയാണു ഞാൻ.

## 18. ഇമാം അഹ്മദുബ്നി മുഹമ്മദിബ്നിഅലി(റ) ഇബ്നിൽ ഹാഇം (വിയോഗം:887)

يا سيدا قد رقى السبع الطباق إلى ❖ أن جاوز الرسل والأملاك والحجبا

أرجو شفاعتك العظمى إذا زفرت ❖ لظى وصالت على أصحابها عضبا

يا رب صل على الهادى وعترته ❖ وصبح الأتقياء السادة النجبا

(اروع ما قيل مديح الرسول : ص/ ٦٥-٦٦)

ഏഴാകാശവും അതിനപ്പുറവും കടന്ന് പ്രവാചകന്മാരെയും മലക്കുകളെയും വിട്ടുകടന്ന നേതാവായ നബിയേ നാളെ മഹ്ശറയിൽ ശഫാഅത്ത് ഞാൻ കൊതിക്കുന്നു. അല്ലാഹുവേ മഹാനായ നബി(സ)ക്കും കുടുംബത്തിനും സ്വഹാബത്തിനും നീ ഗുണം ചൊരിയേണമേ. (അർവഉ മാഖീല ഫീമദ്ഹിർറസൂൽ:65-66)

## 19. മുഹമ്മദ്ബ്നു ഖാസിമിർറസ്സ്വാഅ്(റ) (വിയോഗം : 894)

പ്രസിദ്ധമായ, ഉതുബി(റ)യിൽ ഉദ്ധരിക്കപ്പെടുന്ന ഇസ്തിഗാസയുടെ ചരിത്രം രേഖപ്പെടുത്തുകയും താൻ തന്നെ നബി(സ)യോട് ശഫാഅത്ത് തേടുകയും പാപവുമായി ബന്ധപ്പെടുന്നവർ നബി(സ)യുടെ വാതിലിന്നടുത്ത് ചെന്ന് ശഫാഅത്ത് ചോദിക്കൽ നിർബന്ധമാണെന്നും പഠിപ്പിക്കുന്നു. (തദ്കിറത്തുൽ മുഹിബ്ബീൻ:97-166)

فيجب على من كان مثلي ملوّثا بذنوبه غافلا عن ربّه أن يبادر بتوبته ويقف في ليله بباب سيده وأن يتوسّل له بنبيّه ويرسل دمعه على خدّه لعلّ دمعه يشفع فيه عند ربه ....يا رحمة الله! ليس للعبد الضعيف إلاّ التوسل بجنابك ويا منّة الله علينا ليس للعبد المذنب إلاّ الوقوف ببابك ويا أكرم الخلق على الله!ليس لنا بمن نلوذ ولا بمن نستشفع إلاّ بك.

يا بهجة الدين والدنيا ونورهما ❖ وخيرمدخر يوما لمدّخر

اشفع لعبد شجي القلب معترف ❖ بما جناه من الآثام النكر

(تذكرة المحبين في أسماء سيدالمرسلين لمحمدبن قاسم الرصاع : ص/٩٧- ١٦٦ -٨١٨)

എന്നെപ്പോലെ റബ്ബിൽ നിന്നകന്ന് ദോഷത്തിൽ പുരണ്ടവർ അല്ലാഹുവിലേക്ക് തൗബകൊണ്ട് ഉള്ളരണം. നബി(സ)യുടെ കവാടത്തിൽ ചെന്ന് നബി(സ)യെ കൊണ്ട് തവസ്സുൽ ചെയ്തു കണ്ണീരൊഴുക്കിയാൽ റബ്ബിന്റെ അരികിൽ നബി(സ) ശഫാഅത്തു ചെയ്യും. ഓ അല്ലാഹുവിന്റെ റഹ്മത്തായവരേ, ദുർബലനായ ഈ അടിമക്ക് തങ്ങളുടെ പാശം കൊണ്ട് തവസ്സുൽ ചെയ്യുകയല്ലാതെ മറ്റുമാർഗമില്ല. അല്ലാഹു ഞങ്ങൾക്ക് ചെയ്തു തന്ന ഗുണമായവരേ... ദോഷം ചെയ്ത ഈ അടിമക്ക് അങ്ങയുടെ കവാടത്തിൽ നിലക്കലെല്ലാതെ മറ്റു മാർഗമില്ല... സൃഷ്ടികളിൽ അത്യുത്തമരെ, ഞങ്ങൾക്കു അഭയകേന്ദ്രമായും ഞങ്ങൾക്ക് ശഫാഅത്ത് തേടാനും അങ്ങല്ലാതെ മറ്റാരുമില്ല...(തദ്കിറത്തുൽ മുഹിബ്ബീൻ 97/166).

## 20. ശൈഖ് അബ്ദുൽ റഹ്മാനിസ്സ്വഫൂറി (റ) (വിയോഗം:894)

يا سيد الرسل يا كنز العفاة ويا ❖ ذخر العصاة غدا يا علي الهمم

كن منقذي ومغيثى أنت معتمدي ❖ وغير بابك للحاجات لم يرم

(نزهة المجالس ومنتخب النفائس للصفوري: ٢/١١٨-٩٧

എല്ലാം നബി(സ)യിലേക്കർപ്പിച്ചു. നബിയെ വിളിച്ചുകൊണ്ട് 'എന്റെ സഹായിയും അഭയകേന്ദ്രവും അവിടുന്നാണെന്നും അങ്ങയുടേതല്ലാത്ത വാതിൽക്കൽ എനിക്ക് സഹായം ചോദിച്ച് പോകാനില്ലെന്നും' പറഞ്ഞ് സഹായം ചോദിക്കുന്നു. (നുസ്ഹത്തുൽമജാലിസ്:2/118-97)

## 21. ശൈഖ് ഇബ്രാഹീമുബ്നു മുഹമ്മദ് അൽഖജ്നദി (റ)(വിയോഗം:897)

لما بلغه ما وقع من الحريق بالمسجد النبوي:

قلت : بمصر جاءنا خبر ❖ قد جرى بطيبة أمر مهول

خافت النار إلها فانتحت ❖ تتشفع لائذة بالرسول

(التحفة اللطيفة للسخاوي : ٨٣/١)

മസ്ജിദുന്നബവിയിൽ തീപിടുത്തം സംഭവിച്ചപ്പോൾ ഈജിപ്തിൽ വച്ച് നബി(സ)യെക്കൊണ്ട് സഹായം തേടുന്നു. ഇമാം സഖാവി(റ)യുടെ അത്തുഹ്ഫത്തുലത്വീഫ (1/83) കാണുക.

## 22. ഇമാം ശംസുദ്ദീൻ അസ്സഖാവി(റ) (വിയോഗം:902)

ഉതുബി(റ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന നബി(സ) മുഖേന ശഫാഅത്ത് തേടിയ സംഭവം അംഗീകരിച്ച് ഉദ്ധരിക്കുന്നു. (അൽ ഖൗലുൽ ബദീഅ്:157) മാത്രമല്ല, മഹാൻ എഴുതുന്നു:

(وابتغوا اليه الوسيلة ) ومن هذا القول التوسل على الله تعالى بنبيه ﷺ
(القول البديع للسخاوي : ص/ ١٨٣)

ഖുർആനിലെ 'അല്ലാഹുവിലേക്ക് നിങ്ങൾ വസീലയെ തേടണം' എന്ന സൂക്തം വിശദീകരിച്ചുകൊണ്ട് ഇമാം സഖാവി(റ) പറയുന്നു. നബി(സ)യെ കൊണ്ട് ഇടതേട്ടം നടത്തൽ ഖുർആൻ പറഞ്ഞ വസീലയിൽ പെട്ടതാണ്. (അൽ ഖൗലുൽ ബദീഅ് :183). മറ്റൊരു സ്ഥലത്ത് എഴുതുന്നു.

ومن تشفع بجاهه ﷺ وتوسل بالصلاة عليه بلغ مراده وأنجح قصده الخ

(القول البديع : ص/٢٢٩)

ആരെങ്കിലും നബി(സ)യുടെ ജാഹ് കൊണ്ട് തവസ്സുലാക്കുന്നുവെങ്കിൽ അവന്റെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കപ്പെടുന്നതും വളരെയധികം വിജയം കൈവരിക്കുന്നതുമാണ്. (അൽ ഖൗലുൽ ബദീഅ്:229)

ഇങ്ങനെ തന്റെ 'അള്ളൗഉല്ലാമിഅ്' എന്ന ഗ്രന്ഥത്തിൽ നിരവധി സ്ഥലങ്ങളിൽ ഇസ്തിഗാസ നടത്തുകയും നടത്തിയ വ്യക്തിത്വങ്ങളെ ആദരവോടെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

## 23. ശൈഖ് സർദാഹ്ബുനു മുഖ്ബിൽ അൽഹസനി(റ)

أنه أقام مدة أعمى بعد أن فقئت عيناه وسالتا و ورم دماغه ونتن ثم توجه إلى المدينة فوقف عند القبر النبوي وشكا ما به وبات فرأى النبي ﷺ فمسح بيده الشريفة على عينيه فأصبح عيناه احسن ما كانت(الضوء اللامع للسخاوي : ٣/٢٤٥)

സർദാഹ്(റ)ന്റെ കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടുകയും രണ്ട് കണ്ണും ചൂഴ്ന്നെടുക്കപ്പെടുകയും തലച്ചോർ വ്യണമായി ദുർഗന്ധം വരികയും ചെയ്ത സമയത്ത് മദീനയിൽ നബി(സ)യുടെ ഖബ്റുശ്ശരീഫിൽ ചെന്ന് ആവലാതി പറഞ്ഞു. അന്ന് രാത്രി അവിടെ താമസിച്ചു. നബി(സ)യെ സ്വപ്നത്തിൽ ദർശിക്കുകയും അവിടുന്ന് പരിശുദ്ധമായ കൈ കൊണ്ട് അദ്ദേഹത്തിന്റെ കണ്ണിൽ തടവുകയും ചെയ്തു. അതുകാരണമായി അസുഖം ഉണ്ടാവുന്നതിനു മുമ്പ് ഉണ്ടായിരുന്ന കണ്ണിനേക്കാൾ ശക്തിയുള്ള കണ്ണുമായാണ് നേരം പുലർന്നത്. (അള്ളൗഉല്ലാമിഅ്:3/245)

# പത്താം നൂറ്റാണ്ട്

## 1. ഖാളി അബ്ദുല്ലാഹിബ്നു അബ്ദുസ്സലാം അന്നാശിരി(റ) (വിയോഗം:906)

'ഇസ്തിഗാസ'യെ പ്രാമാണികമായി വിശകലനം ചെയ്ത പണ്ഡിതനാണിദ്ദേഹം. അദ്ദേഹം എഴുതുന്നു:

**و ينبغي ألاّ يمنع الشخص من الإستغاثة ما يعلمه من ذنوبه وخطاياه فإنّ من شميمته الكرم لا يخصّ به المطيع بل يعم به والعاصي**

**( موجب دار سلام للناشري : ص/٣٢٨)**

**وكذلك يجوز التوسل بسائر الصالحين وهذا شيئ لا ينكره مسلم بل ولا كلّ متدين بملة من الملل. ......**

തന്റെ ദോശങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും ഇസ്തിഗാസ നടത്തുന്നതിനെ ആരും തടയാൻ പാടില്ല. കാരണം നബി(സ്വ)യുടെ പ്രകൃതം ഔദാര്യം ചെയ്യലാണ്. അത് അല്ലാഹുവിന് വഴിപ്പെടുന്നവനും വഴിപ്പെടാത്തവനും ഇസ്തിഗാസ നടത്തുക വഴി ലഭ്യമാവുന്നതാണ്. ഇമാം നാശിരി(റ)യുടെമൂജിബുദാരിസ്സലാം:328 എന്ന ഗ്രന്ഥം കാണുക.

മറ്റൊരു പരാമർശം ശ്രദ്ധിക്കുക.

**والإستغاثة : طلب الغوث من غيره والمستغيث يطلب من المستغاث به أن يحصل له**

الغوث من غيره و إن كان أعلى منه، فالتوسل والتشفع والتوجه والإستغاثة بالنبيﷺ وبسائرالأنبياء والصالحين ليس لها معنىً في قلوب المسلمين غير ذلك ولا يقصد بها أحد منهم سواه. فمن لم يشرح صدره لذلك فليبك على نفسه، نسال الله تعالى العافية.(موجب دارالسلام : ص/ ٣٣٨)للناشري

സജ്ജനങ്ങളെക്കൊണ്ട് ഇടതേട്ടം നടത്തുകയെന്നത് അനുവദനീയവും ഇസ്‌ലാമിനെക്കുറിച്ച് അറിയുന്ന ഒരു മുസ്‌ലിമും വിമർശിക്കാത്തതുമായ ഒരു കർമ്മമാണ്.

ഇസ്തിഗാസ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ചോദിക്കുന്നയാൾ ചോദിക്കപ്പെടുന്ന മഹാന്മാരിൽ നിന്ന് സഹായം ലഭിക്കുന്നതിനു വേണ്ടി തേടലാണ്. അപ്പോൾ നബി(സ)യെ കൊണ്ടും മറ്റു സ്വാലിഹുകളെ കൊണ്ടും 'തവസ്സുൽ' 'തശഫ്ഫുഅ്' 'തവജ്ജുഹ്' 'ഇസ്തിഗാസ' എന്നൊക്കെയുള്ളതിന് സഹായതേട്ടം എന്ന അർഥം തന്നെയാണുള്ളത്. ഒരു മുസ്‌ലിമിനും ഈ ഉദ്ദേശ്യമല്ലാതെയില്ല. ഈ ഇസ്തിഗാസയെ അംഗീകരിക്കാൻ കഴിയാത്തവർ സ്വശരീരത്തിന്റെ നാശത്തിന്റെ പേരിൽ കരഞ്ഞു കൊള്ളട്ടെ. (മുജീബുദാരിസ്സലാം:338)

മാത്രമല്ല ഇസ്തിഗാസ നടത്തിയതും ഉത്തരം ലഭിച്ചതുമായ നിരവധി സംഭവങ്ങൾ ഹദീസുകളുടെ പിൻബലത്തോടെ ഇബ്നു അബ്ദുസ്സലാമുന്നാശിരി തന്റെ മൂജിബുദാരിസ്സലാം: പുറം 325- 338ൽ വിശദീകരിച്ചതായി കാണാം.

## 2. ഇമാം ഹാഫിള് ജലാലുദ്ധീൻ അസ്സുയൂത്വീ(റ) (വിയോഗം:911)

പത്താം നൂറ്റാണ്ടിലെ മുജദ്ദിദെന്ന് കെ എം മൗലവി പരിചയപ്പെടുത്തിയ ഇമാം സുയൂഥി(റ) അറുനൂറോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മഹാനാണ്. ഇസ്തിഗാസയെ ഉറപ്പിക്കാൻ ഗ്രന്ഥ രചന നടത്തിയ മഹാനാണ്. ഏതാനും വരികൾ കാണുക.

عن ابن النعمان قال: سمعت يوسف بن على الزناني يحكي عن امرأة هاشمية كانت مجاورة بالمدينة وكان بعض الخدام يؤذيها قالت : فاستغثت بالنبي ﷺ فسمعت قائلا من الروضة يقول أمالك في أسوة؟ فاصبري كما صبرت - أو نحو هذا - قالت فزال عنّي ما كنت فيه ومات الخدام الثلاثة الذين كانوا يؤذونني

(الحاوي للفتاوى للسيوطي :٢/٢٦١)

ഇബ്നുന്നുഅ്മാൻ(റ)വിൽ നിന്ന് യൂസുഫുബ്നു അലി അസ്സിനാനി (റ) ഉദ്ധരിക്കുന്നു. മദീനത്ത് താമസിച്ചിരുന്ന ഹാശിമീ കുടുംബത്തിൽപെട്ട ഒരു സ്ത്രീ പറയുന്നു. എന്റെ ചില സേവകർ എന്നെ ബുദ്ധിമുട്ടിച്ചു. ഞാൻ നബി(സ)യോട് ഇസ്തിഗാസ ചെയ്തു. അപ്പോൾ തിരുനബിയുടെ റൗള

യിൽ നിന്ന് ഒരശരീരി ഞാൻ കേട്ടു. നിനക്ക് എന്നിൽ മാതൃകയില്ലേ? ഞാൻ ക്ഷമിച്ചതുപോലെ നീയും ക്ഷമ കൈകൊള്ളുക. അവർ തുടരുന്നു. ആ സമയത്ത് എനിക്കവരിൽ നിന്നുണ്ടാവുന്ന വിഷമങ്ങൾ നീങ്ങുകയും മൂന്ന് വേലക്കാരും മരണപ്പെടുകയും ചെയ്തു. (അൽഹാവീ ലിൽ ഫതാവാ:2/261)

ഉദ്ദേശ്യ സാഫല്യത്തിന് തവസ്സുലും ഇസ്തിഗാസയും ഉൾപ്പെട്ട പ്രാർത്ഥന ചൊല്ലാൻ ഇമാം സുയൂഥി (റ) പഠിപ്പിക്കുന്നത് കാണുക.

يا ربّ بالقرآن العظيم وما فيه من أسمائك العظيمة وبحمد ﷺ نبيك نبى الرحمة

يا محمد توسلت بك إلى ربك ثم تطلب حاجتك يستجاب لك إن شاء الله

(الرحمة في الطبّ والحكمة للسيوطى :ص/٢٦٥-٢٢٣-٢٣٠)

അല്ലാഹുവേ നിന്റെ മഹത്തായ നാമങ്ങൾ ഉൾക്കൊള്ളുന്ന പരിശുദ്ധ ഖുർആൻ കൊണ്ടും നിന്റെ പ്രവാചകനായ കാരുണ്യവാനായ മുഹമ്മദ് നബിയെക്കൊണ്ടും ഞാൻ ചോദിക്കുന്നു. ഓ മുഹമ്മദ് നബിയേ അങ്ങെയെക്കൊണ്ട് നാഥനിലേക്ക് ഞാൻ തവസ്സുലാക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ആവശ്യങ്ങൾ ചോദിച്ചാൽ എളുപ്പത്തിൽ ഉത്തരം ലഭിക്കുന്നതാണ്. (അർറഹ്മത്തു ഫിത്വിബ്ബി വൽഹിക്മ:265-223-230)

മറ്റൊരു സംഭവം കാണുക.

وأخبرنى الشيخ عبد القادر الشاذلي : أنّه رأى بخط الشيخ جلال الدين ورقة كتبها لبعض أصحابه حين سأله أن يقضي له حاجة عند السلطان الغوري يا أخي إني أرى النبيّ ﷺ يقظة وأخاف أن اجالس السلطان الغوري فيحتجب عنى عقوبة لي ولكن أسأل لك النبيّ ﷺ الخ (الطبقات الصغري للشعراني: ص/ ٢٦)

ഇമാം സുയൂത്വി(റ)യുടെ ശിഷ്യൻ ഇമാം ശഅ്റാനി(റ) പറയുന്നു. ശൈഖ് അബ്ദുൽ ഖാദിറുശ്ശാദുലി(റ) എന്നോട് പറഞ്ഞു. ഇമാം തന്നോട് അക്രമിയായ രാജാവിന്റെയടുക്കൽ നിന്നും ഒരു ആവശ്യം നേടിയെടുക്കാൻ സഹായം ചോദിച്ചവർക്ക് സുയൂത്വി(റ)യുടെ കയ്യക്ഷരത്തിൽ എഴുതിയ ഒരു എഴുത്ത് അദ്ദേഹം കണ്ടു. അതിൽ പറയുന്നു; എന്റെ സഹോദരാ ഞാൻ ഉണർച്ചയിൽതന്നെ മഹാനായ നബി(സ)യെ കാണുന്നുണ്ട്. നിങ്ങളെ സഹായിക്കാനായി ഞാൻ അക്രമിയായ രാജാവിന്റെ അടുത്ത് ഇരിക്കുമ്പോൾ എന്നിൽ നിന്ന് നബി(സ) മറഞ്ഞ് പോകുകയും അത് എനിക്ക് ഒരു ശിക്ഷയായി ഭവിക്കുമെന്ന് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. എങ്കിലും ഞാൻ നിങ്ങൾക്കുവേണ്ടി നബി(സ)യോട് സഹായം ചോദിച്ചു വാങ്ങിത്തരാം.' എന്ന് ഇമാം സുയൂത്വി(റ) എഴുതിയതായി തന്റെ ശിഷ്യൻ ഇമാം ശഅ്റാനി(റ) തന്റെ ത്വബഖാത്തുസ്സുഗ്റാ(പേ.26)ൽ വിവരിക്കുന്നു.

ഹാഫിള് സുയൂഥി(റ) ഇസ്തിഗാസ നടത്തുകയും നടത്തിയത് റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തത് യഥേഷ്ടമുണ്ട്. മരണപ്പെട്ടവർക്ക് സഹായി

ക്കാൻ കഴിയുമെന്ന് പ്രമാണങ്ങൾ നിരത്തി സമർത്ഥിക്കുന്ന കൃതികൾ യഥേഷ്ടം ഇമാം സുയൂഥി (റ) രചിച്ചിട്ടുണ്ട്.

ومات أبى أيوب الأنصاري بالقسطنطينية وقبره هناك يستقى به الروم إذا قحطوا

(درالسحابة فيمن دخل مصر من الصحابة للحافظ السيوطي : ص/١١٥)

റോമക്കാർ മഴയില്ലാത്ത സമയത്ത് അബൂഅയ്യൂബുൽ അൻസ്വാരി(റ) യുടെ ഖബ്റിന്നടുത്ത് ചെന്ന് മഴ തേടാറുണ്ടായിരുന്നു. (ദുർറുസ്സഹാബ ഫീമൻ ദഖല മിസ്വ്റ മിനസ്സ്വഹാബ 115)

ഇമാം ശാഫിഈ(റ), ശൈഖ് ജീലാനി(റ) തുടങ്ങിയവർ നിർവഹിച്ച ഇസ്തിഗാസ ഇമാം സുയൂഥി(റ) എടുത്തു ചേർത്തത് മുമ്പുദ്ധരിച്ചത് ഓർക്കുക:

## 3. ഹാഫിള് സയ്യിദുസ്സുംഹൂദി(റ) (വിയോഗം 911)

قال السمهودي بعده .... وأيضا فسيأتي أن المجيئ المذكور في قوله تعالى (ولوأنهم إذظلموا أنفسهم جاؤوك) الآية. حاصل بالمجيئ إلى قبره الشريف وكذا زيارته ﷺ . وسؤال الشفاعة منه والتوسل به إلى الله تعالى والمجاورة عنده من أفضل القربات.

(وفاء الوفا بأخباردار المصطفى: ٤/١١-٥٢)

ഹാഫിളുസ്സുംഹൂദി(റ) പറയുന്നു: 'അവർ അവരുടെ ശരീരങ്ങളെ അക്രമിക്കുകയും തങ്ങളുടെ അരികിൽ അവർ വരികയും ചെയ്താൽ...' എന്ന് ഖുർആനിൽ പറഞ്ഞത് നബി(സ)യുടെ ഖബ്റുശ്ശരീഫിന്റെയടുക്കൽ വരുന്നത് കൊണ്ടും കരസ്ഥമാകുന്നതാണ്. നബി(സ)യെ സന്ദർശിക്കലും അവിടുത്തോട് ശഫാഅത്ത് തേടലും തവസ്സുലാക്കലും മറ്റും വളരെ ശ്രേഷ്ഠതയുള്ള ആരാധനകളിൽ പെട്ടതാണ്.

(വഫാഉൽവഫാ 4/1373) മാത്രമല്ല ഇസ്തിഗാസയെ സുംഹൂദി (റ) പ്രാമാണികമായി സ്ഥാപിക്കുന്നത് കാണുക.

الفصل الثاني في توسل الزائر به ﷺ إلى ربه تعالى واستقباله في سلامه ودعائه وآداب الزيارة والمجاورة. التوسل والتشفع به ﷺ وبجاهه وبركته من سنن المرسلين وسير السلف الصالحين. وصحح الحاكم حديث لما اقترف آدم الخطيئة قال يا رب أسألك بحق محمد ﷺ لما غفرت لي الخ ( جواهر البحار للنبهاني : ٤١/٤)

ഇമാം ഹാഫിളുസ്സുംഹൂദി(റ) 'ഖുലാസത്തുൽ വഫയിൽ പറയുന്നു. നബി(സ)യെക്കൊണ്ട് തവസ്സുൽ ചെയ്യലും ശഫാഅത്ത് തേടലും ഹഖ്കൊണ്ടും ജാഹ്കൊണ്ടും സഹായം ചോദിക്കലും പ്രവാചകന്മാരുടെയും സലഫുസ്സ്വാലിഹുകളായ മഹത്തുക്കളുടെയും ചര്യകളിൽ പെട്ടതാണ്. മഹാനായ ആദംനബി(അ) നബി(സ)യുടെ ഹഖ്കൊണ്ട് ഇടതേട്ടം നടത്തിയ സംഭവം ഇമാം ഹാകിം സ്വഹീഹായ പരമ്പരയിലൂടെ റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. വഫാഉൽവഫാ ബി അഖ്ബാരി ദാരിൽ മുസ്തഫാ (4/1374). ഹാഫിള് സുയൂഥി(റ)

## 4. ഇമാം ഖസ്ത്വല്ലാനി(റ) (വിയോഗം 923)

സ്വഹീഹുൽ ബുഖാരിക്ക് വിശ്രുതമായ വ്യാഖ്യാനം ഇർശാദുസ്സാരി എന്ന ബൃഹദ് ഗ്രന്ഥമെഴുതിയ പ്രമുഖ ഹദീസ് പണ്ഡിതനാണ് ഇമാം ഖസ്ത്വല്ലാനി (റ) മഹാൻ പറയുന്നത് കാണുക:

ثم إن كل من الإستغاثة والتوسل والتشفع والتوجه بالنبي ﷺ كما ذكره في تحقيق النصرة ومصباح الظلام واقع فى كل حال قبل خلقه وبعد خلقه في مدة حياته في الدنيا وبعد موته في مدة البرزخ وبعدالبعث في عرصات القيامة ....

(المواهب اللدنية : ٣/ ٦٠٥)

നിശ്ചയം നബി(സ)യെ കൊണ്ട് തവസ്സുലും ഇസ്തിഗാസയും ശിപാർശ തേടലും "മിസ്ബാഹുള്ളലാമിലും തഹ്ഖീഖുന്നുസ്റത്തിലും പറഞ്ഞത് പോലെ തന്നെ നബി(സ)യെ സൃഷ്ടിക്കുന്നതിനു മുമ്പും ശേഷവും ജീവിതകാലത്തും നബി(സ)യുടെ വഫാത്തിന്ന് ശേഷവും ബർസഖീ ജീവിതത്തിലും അന്ത്യനാളിലും എല്ലാം സംഭവിക്കുന്നതാണ്. (അൽമവാഹിബുല്ലദുന്നിയ്യ 3/605)

ഇമാം ഖസ്തല്ലാനി(റ) തന്നെ പറയട്ടെ :

ووقع لي ايضا.... بعد رجوعي من الزيارة الشريفة لقصد مصر أن صرعت خادمتنا غزال الحبشية واستمر بها أيام فاستشفعت به ﷺ في ذلك فأتاني آت في منامى ومعه الجنى الصارع لها فقال: لقد أرسله لك النبي ﷺ فعاتبته وحلفته أن لا يعود إليها ثم استيقظت وليس بها قلبة كأنما نشطت من عقال ولا زالت في عافية من ذلك حتى فارقتها بمكة(المواهب اللدنية: ٦٠٦/٣)

അദ്ദേഹം പറയുന്നു: നബി(സ)യെ സിയാറത്ത് ചെയ്ത ശേഷം മിസ്റ് ലക്ഷ്യം വച്ച് മടങ്ങുന്ന സമയത്ത് എനിക്കു സേവനം ചെയ്യുന്ന സ്ത്രീക്ക് ബോധക്ഷയം ഉണ്ടാവുകയും കുറെ ദിവസം അതേനില തുടരുകയും ചെയ്തു. അപ്പോൾ ഞാൻ നബി(സ)യോട് ശിപാർശ തേടി. പിന്നീട് ഞാൻ ഉറങ്ങിയപ്പോൾ ഒരാൾ വന്നു. കൂടെ സ്ത്രീയെ ബാധിച്ച പിശാചുമുണ്ട്. വന്നയാൾ പറഞ്ഞു: എന്നെ റസൂലുല്ലാഹി (സ്വ) തങ്ങൾ അയച്ചതാണ്. അപ്പോൾ ഞാൻ ആ ജിന്നിനെ ആക്ഷേപിക്കുകയും ഇനി ഇവളുടെ ശരീരത്തിലേക്ക് മടങ്ങിവരില്ലെന്ന് സത്യം ചെയ്യിക്കുകയും ചെയ്തു. ശേഷം ഞാൻ ഉണർന്നുനോക്കുമ്പോൾ എന്റെ ഖാദിമത്തിന് ഒരു അസുഖവുമില്ല. എല്ലാം ശരിയായിരിക്കുന്നു. അതേനില വിട്ടുപിരിയുന്നതു വരെ നിലനിന്നു. (അൽമവാഹിബുല്ലദുന്നിയ്യ 3/606)

## 5. ശൈഖുൽ ഇസ്‌ലാം സകരിയ്യൽ അൻസ്വാരി(റ) (വിയോഗം 926)

പിൽക്കാല പണ്ഡിതരുടെ മുഖ്യ ഗുരുവാണ് ശൈഖുൽ ഇസ്‌ലാം സകരിയ്യൽ അൻസ്വാരി(റ). റസൂൽ(സ്വ)നെ സിയാറത്തിനെത്തിയാൽ സ്വീകരിക്കേണ്ട മര്യാദകൾ വിശദീകരിച്ചു ഇപ്രകാരം എഴുതുന്നു:

وأقله السلام عليك يا رسول اللهﷺ ثم يتأخر صوب يمينه قدر ذراع فيسلم على أبي بكر ثم يتأخر قدر ذراع فيسلم على عمر رضي الله عنهما ثم يرجع إلى موقفه الأول قبالة وجه النبي ﷺ ويتوسل به في حق نفسه ويستشفع به إلى ربه ثم يستقبل القبلة ويدعو بما شاء لنفسه وللمسلمين (فتح الوهاب بشرح منهج الطلاب : ١/٢٥٧)

നബി(സ)യുടെ ഖബ്റിന്നടുത്ത് ചെന്ന് സലാം പറയുകയും ശേഷം അൽപം മാറിനിന്ന് അബൂബക്കർ(റ), ഉമർ(റ)യുടെ മേലിലും സലാം പറഞ്ഞ് ആദ്യം നിന്ന സ്ഥലത്തേക്ക് തന്നെ വന്ന് നബി(സ)യിലേക്ക് മുഖം തിരിച്ച് നബി(സ)യെ തവസ്സുലാക്കുകയും അവിടത്തോട് ശഫാഅത്ത് തേടുകയും ചെയ്യണം. ശേഷം ഖിബ്‌ലക്ക് തിരിഞ്ഞ് പ്രാർഥിക്കുക. (ഫത്ഹുൽവഹാബ് 1/257)

## 6. ഇമാം അലി അശ്ശൈഖ് അലവാൻ (വിയോഗം 936)

يا سيد الخلق كن لي شفيعا• لمسرف مجرم أتاك

(نسمات الأسحار فى مناقب وكرامات الأولياء الأخيار: ٢٢٤، للشيخ علوان)

സൃഷ്ടികളിലഖിലത്തിനും നേതാവായ അവിടുത്തെ അരികിൽ വന്ന പാപിയും അതിക്രമം ചെയ്തവനുമായ എനിക്ക് അവിടുന്ന് ശിപാർശ ചെയ്യേണമേ എന്ന് നബി(സ)യോട് സഹായമാവശ്യപ്പെടുന്നു. (നസമാത്തുൽ അസ്ഹാർ ഫീ മനാഖിബി വകറാമത്തിൽ ഔലിയാഇൽ അഖ്‌യാർ: 224)

## 7. ഇമാം ഇബ്നുഹജർ അൽ ഹൈത്തമി(റ) (വിയോഗം 974)

ശാഫിഈ മദ്ഹബിലെ പ്രാമാണിക പണ്ഡിതരിൽ പ്രമുഖനായ ഇമാം ഇബ്നുഹജർ(റ) നിരവധി ആധികാരിക ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മഹാൻ പറയുന്നു

وأنه ﷺ يتوسل به في كل خير قبل بروزه لهذاالعام وبعده في حياته وبعد وفاته وكذا فى عرصات القيمة فيشفع الى ربه وهذامما قام الإجماع عليه وتواترت به الأخبار (الجوهر المنظم ١٧٨)

നബി(സ)യുടെ ജനനത്തിനു മുമ്പും ജീവിതകാലത്തും വഫാത്തിനു ശേഷവും ഖിയാമത്ത് നാളിലും നബി(സ) മുഖേന തവസ്സുൽ ചെയ്യുന്നത്

അനുവദനീയമാണ്. അക്കാരണത്തിനാൽ നബി(സ) തന്റെ റബ്ബിലേക്ക് ശഫാഅത്ത് ചെയ്യുന്നതാണ്. ഇക്കാര്യം ലോക മുസ്ലിംകളുടെ ഇജ്മാഅ് കൊണ്ട് സ്ഥിരപ്പെട്ടതാണ്. ഹദീസുകൾ അനിഷേധ്യമാംവിധം വന്നിട്ടുള്ള താണ്.(അൽജൗഹറുൽ മുനള്ളം : പേജ് 178)

മാത്രമല്ല. നബി(സ)യുടെ ഖബറിങ്കൽ ചെന്ന് സിയാറത്തും തവസ്സുലും ഇസ്തിഗാസയും നടത്താൻ പാടില്ലെന്നു പറഞ്ഞ ഇബ്നുതൈമിയ്യയെ പ്രമാ ണങ്ങളുദ്ധരിച്ചുകൊണ്ട് ഇമാം ഇബ്നുഹജർ(റ) ഖണ്ഡിക്കുന്നു. തന്റെ ശർഹുൽ ഈളാഹ് 489 നോക്കുക. ഇതിനായി ഇമാമവർകൾ ഒരുഗ്രന്ഥം തന്നെ എഴുതിയിട്ടുണ്ട്. അതാണ് 'അൽജൗഹറുൽ മുനള്ളം ഫീ സിയാ റത്തി ഖബറിന്നബിയ്യിൽ മുകർറം' എന്ന ഗ്രന്ഥം. ഇസ്തിഗാസയുടെ തവ സ്സുലിന്റെയും ഹദീസുകൾ സ്ഥിരീകരിച്ചു വിഷയം സമർത്ഥിക്കുകയാണ് മഹാനവർകൾ.

روى الطبراني بسند جيد أنه ﷺ ذكر فى دعائه بحق نبيك والأنبياء الذين من قبلي.

ولا فرق بين ذكر التوسل والإستغاثة والتشفع والتوجه بهﷺ أوبغيره من الأنبياء وكذا

الأولياء (شرح الإيضاح: ص/ ٢١٨-٢١٩ والجوهر المنظم: ص/١٧٥)

നബി(സ) ദുആ ചെയ്യുന്ന സമയത്ത് നിന്റെ പ്രവാചകന്റെ ഹഖ്കൊ ണ്ടും മുമ്പ് കഴിഞ്ഞുപോയ പ്രവാചകരുടെ ഹഖ്കൊണ്ടും ഞാൻ ചോദി ക്കുന്നു എന്ന് പ്രാർഥിച്ചതായി ഇമാം ത്വബ്റാനി(റ) സ്വീകാര്യയോഗ്യമായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നബി(സ)യെക്കൊണ്ടും മറ്റും ഇസ്തിഗാസ ,തവസ്സുൽ, തവജ്ജുഹ് (മു ന്നിടുന്നു) എന്നൊക്കെ പറയുന്നതു ഒരേ അർഥത്തിൽ തന്നെയാണ്. അവ തമ്മിൽ വ്യത്യാസമില്ല. (ശറഹുൽ ഈളാഹ് 218-219, അൽജൗഹറുൽ മുനള്ളം 175)

ഇമാം തന്റെ 'ശറഹുൽ ഹംസിയ്യ'യിൽ എഴുതുന്നു:

وبحب النبي فابغ رضا الله ❖ ففى حبه الرضا والحباء

أي العطاء منه تعالى لجميع الخيرات الدنيوية والأخروية كالتوفيق للأعمال الصالحة والفوز بالمقامات العلية فكن على رجاء من ذلك إذا طلبته بمحبته ﷺ فإنها نعم الوسيلة(فاتبعونى يحببكم الله) ثم عاد إلى الضراعة وإظهار المسكنة والضعف وإبداء التحسر والتحزن والإستغاثة بمن لا يخيب المستغيثين به فقال مؤملا أنه ببركة توسله به يتخلص من فرطات ذنوبه

يا نبي الهدى استغاثة ملهو ❖ ف أضرتْ بحاله الحوباء

استغاثة) أي استغيث بك استغاثة أي أناديك نداء (ملهوف) أي مضطر

(المنح المكية في شرح الهمزية لابن حجر الهيتمي: ٣/١٤١٦-١٤١٧)

നബി(സ)യോടുള്ള സ്നേഹം കാരണം അല്ലാഹുവിന്റെ പൊരുത്തം ആഗ്രഹിക്കുകയും ആ സ്നേഹം കാരണം നബി(സ)യുടെ ഔദാര്യം പ്രതീക്ഷിക്കുകയും ചെയ്യുന്ന ഇമാം ബൂസ്വീരി(റ) നബിതങ്ങളെ വിളിച്ചു കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്നവന്റെ സഹായതേട്ടം നബി(സ)യോട് നടത്തുകയും ചെയ്യുന്നു. ഇമാം ബൂസ്വീരി(റ)യുടെ ഈ വരികൾ പ്രമാണങ്ങളുടെ അകമ്പടിയോടെ അംഗീഗരിച്ച ഇമാം ഇബ്നുഹജർ(റ) തന്റെ ഹംസിയ്യയുടെ വ്യാഖ്യാനത്തിൽ വിശദീകരിക്കുന്നു. (അൽമിനഹുൽ മക്കിയ്യ 3/14160-1417)

## 8. ഇമാം അബ്ദുൽ വഹാബിശ്ശഅ്റാനി(റ) (വിയോഗം 974)

അധ്യാത്മിക രംഗത്ത് വിശ്രുതനായ ഇമാം ശഅ്റാനി(റ) ഇസ്‌ലാമിക വിജ്ഞാനകലകളിലെല്ലാം ഗ്രന്ഥരചന നടത്തിയ മഹാനാണ്. ഇസ്തഗാസയെ കുറിച്ച് പറയുന്നത് കാണുക.

الخامس : ان يرى استمداده من شيخه هو استمداده حقيقة من رسول اللهﷺ لانه واسطة بينه وبينه (الأنوارالقدسية للشعراني : ص/٣٦)

ഒരാൾ തന്റെ ശൈഖിനോട് സഹായം ചോദിക്കുന്നത് യഥാർഥത്തിൽ നബി(സ)യോടുള്ള സഹായാർഥനയാണ്. കാരണം നബി(സ) ശൈഖിന്റെയും മുരീദിന്റെയും ഇടയിലുള്ള മധ്യവർത്തിയാണ്. (അൽ അൻവാറുൽഖുദ്സിയ്യ 36)

തന്റെ ഗുരു ഇമാം സുയൂഥി(റ) നബി(സ)യോട് ഞാൻ സഹായം ചോദിച്ച് വാങ്ങിത്തരാം എന്ന് പറഞ്ഞ സംഭവമുൾപ്പടെ നിരവധി ഇസ്തിഗാസകൾ തന്റെ ഗ്രന്ഥങ്ങളിൽ കാണാം (ത്വബഖാതുസ്സുഗ്റാ 26)

## 9. അസ്സയ്യിദ് മുഹമ്മദുൽബക്‌രി അൽകബീർ(റ) (വിയോഗം 994)

بك انتصرت فانصرني ❖ فمن تنصره لا يغلب

بك استشفعت فاشفع لي ❖ فمن ذنبي لك المهرب

(شواهد الحق ليوسف النبهاني : ص/٣٦٣)

നബി(സ്വ)യേ അങ്ങയെക്കൊണ്ട് ഞാൻ സഹായം തേടുന്നു. എന്നെ സഹായിക്കണേ. അങ്ങ് സഹായിക്കുന്നവൻ പരാജയപ്പെടുകയില്ല. അങ്ങയെക്കൊണ്ട് ഞാൻ ശിപാർശ തേടുന്നു. അങ്ങ് എനിക്ക് ശഫാഅത്ത് ചെയ്യേണമേ (ശവാഹിദുൽ ഹഖ് 363)

## 10. ഇമാം മുഹമ്മദുർറംലി(റ) (വിയോഗം 1004)

ഇസ്‌ലാമിക കർമ്മ ശാസ്ത്രത്തിൽ പിൽകാല പണ്ഡിതന്മാരിലെ കുലപതിയാണ് ഇമാം റംലി(റ). നിരവധി ആധികാരിക ഗ്രന്ഥങ്ങൾ രചിച്ച ഇമാം

റംലി(റ) ഇസ്തിഗാസയെ കുറിച്ചുള്ള ചോദ്യത്തിനു നൽകിയ മറിപടി കാണുക.

(سئل) عما يقع من العامة من قولهم عند الشدائديا شيخ فلان يا رسول الله ونحو ذلك من الإستغاثة بالأنبياء والمرسلين والأولياء والعلماء والصالحين فهل ذلك جائز؟ أم لا؟وهل للرسل والأنبياء والأولياء والصالحين والمشايخ إغاثة بعد موتهم ؟ وماذا يرجح ذلك؟

(فأجاب) بأنّ الإستغاثة بالأنبياء والمرسلين والأولياء والصالحين جائزة. وللرسل والأولياء والصالحين والأنبياء إغاثة بعد موتهم لأنّ معجزة الأنبياء وكرامات الأولياء لا تنقطع بموتهم الخ(فتاوى الرملي هامش فتاوى الكبري: ٣٨٢/٣)

ഇമാം റംലി(റ) നോട് ചോദിക്കപ്പെട്ടു. പൊതു ജനങ്ങൾ എന്തെങ്കിലും പ്രയാസം വരുന്ന സമയത്ത് യാ റസൂല്ലലാ, യാ ശൈഖ് (മുഹ്യിദ്ദീൻ) എന്നൊക്കെ അമ്പിയാക്കളോടും ഔലിയാക്കളോടും സജ്ജനങ്ങളോടും സഹായതേട്ടം നടത്തുന്നത് കേൾക്കുന്നു. ഇത് അനുവദനീയമാണോ? അമ്പിയാക്കൾക്കും ഔലിയാക്കൾക്കും അവരുടെ മരണശേഷം സഹായിക്കാൻ കഴിയുമോ?

അപ്പോൾ ഇമാം റംലി നൽകുയ വിശദമായ മറുപടിയിൽ ഇപ്രകാരം കാണാം : നിശ്ചയം അമ്പിയാക്കൾ, ഔലിയാക്കൾ, സ്വാലിഹുകൾ എന്നിവരോട് ഇസ്തിഗാസ നടത്തൽ അനുവദനീയമാണ്. അമ്പിയാക്കൾക്കും ഔലിയാക്കൾക്കും അവരുടെ മരണശേഷം സഹായിക്കാൻ കഴിയും. കാരണം അമ്പിയാക്കളുടെ മുഅ്ജിസത്തും ഔലിയാക്കളുടെ കറാമത്തും അവരുടെ മരണത്തോടെ മുറിഞ്ഞുപോകുന്നില്ല.....

# പതിനൊന്നാം നൂറ്റാണ്ട്

## 1. ഇമാം മുല്ലാ അലിയ്യുൽഖാരി(റ) (വിയോഗം 1015)

തവസ്സുലും ഇസ്തിഗാസയും ചെയ്യണമെന്ന് പഠിപ്പിക്കുകയും തന്റെ വിവിധ ഗ്രന്ഥങ്ങളിൽ ഇപ്രകാരം ചെയ്തതായി രേഖപ്പെടുത്തുകയും ചെയ്ത മഹാനാണ് മുല്ലാ അലിയ്യുൽഖാരി (റ). ഒന്ന് മാത്രം കാണുക.

روينا في كتاب ابن السنى عن انهيثم بن حنش قال: كنا عند عبد الله بن عمر رضي الله عنهما فخدرت رجله، فقال له رجل: أذكر أحبَّ النّاس إليك، فقال: يا محمد ﷺ، فكأنما نشط من عقال.وكأنّه رضي الله عنه قصد به إظهار المحبة في ضمن الإستغاثة

(فانتشرت) أي رجله في الفور (شرح الشفا لملا علي القاري : ٥٥٨/٣)

അബ്ദുല്ലാഹിബ്നു ഉമർ(റ)വിന്റെ കാലിനു വേദനയുണ്ടായപ്പോൾ 'യാ മുഹമ്മദ്' എന്ന് വിളിച്ചത് സഹായതേട്ട(ഇസ്തിഗ്സ)യിലൂടെ സ്നേഹം പ്രകടിപ്പിക്കുക എന്ന നിലക്ക് തന്നെയാണെന്ന് മുല്ലാ അലിയ്യുൽഖാരി(റ) രേഖപ്പെടുത്തുന്നു. (ശറഹുശ്ശിഫാ 3/558)

## 2. ഇമാം അബ്ദുൽ റഊഫുൽ മുനാവി(റ) (വിയോഗം 1031)

يا عياثي من عداتي ❖ يا ملاذي في حياتي

يا أنيسي في مماتي ❖ راع حالي بالجمال

يا محمد يا حبيبي * يا محمد كن طبيبي

وأجرني من لهيب * ان أوزاري ثقال

(مولد المناوي : ص/١٣٢) من مجموعةالمولد النبوي

എന്റെ ജീവിതത്തിലെ അഭയകേന്ദ്രവും ശത്രുക്കളിൽ നിന്ന് എന്റെ സഹായിയും എന്റെ മരണശേഷം എനിക്കുള്ള ശാന്തിയുമായ നബിയേ എന്റെ കാര്യങ്ങൾ അവിടുന്ന് ഭംഗിയായി നിയന്ത്രിക്കേണമേ, ഓ മുഹമ്മദ് നബിയേ, ഓ ഹബീബേ അവിടുന്ന് എന്റെ രോഗങ്ങൾ ചികിത്സിക്കണമേ, എന്റെ പാപങ്ങൾ കൂമ്പാരമായിരിക്കുന്നു. അവിടുന്ന് ഭയാനകമായ നരകത്തിൽ നിന്ന് എന്നെ രക്ഷിക്കേണമേ. (മൗലിദുൽ മുനാവി 132)

عبد ضعيف يرتجي منك النجا * من هول يوم فيه يشتد الظما

فهو المناوي الذليل المذنب * يبغي رضاك ومن به يتقرب

أنا ابن محمد أدعى المناوي * أنا من صالح الأعمال خالي

أنا العبد الذليل وأنت جاه * أنا في العالمين سواك مالى

أنا يامصطفى كثرت ذنوبي * وأرجو العفو من مولى الموالي

فكن لي شافعا يا مصطفانا * وعونا في المهمات الثقال

فمن لي أرتجيه لكشف ضري * وغوثي في الشدائد والنوال

(مولد المناوي : ص/ ١٥٣-١٥٧)

ദാഹിച്ചു വലഞ്ഞു അവശനാകുന്ന നാളിൽ ഈ പാപിയായ അടിമ അങ്ങയിൽനിന്ന് രക്ഷ ആഗ്രഹിക്കുന്നു നബിയേ, ഈ സാധുവായ മുനാവി അങ്ങയുടെ പൊരുത്തം കൊതിക്കുകയും അങ്ങയോടടുക്കുകയും ചെയ്യുന്നു. എനിക്ക് സൽകർമങ്ങളൊന്നുമില്ല നബിയേ, ഞാൻ പാപം അധികരിച്ചയാളാണ്, അല്ലാഹു എന്റെ പാപം പൊറുത്ത് തരാൻ ഞാൻ കൊതിക്കുന്നു. അങ്ങ് എനിക്ക് ശിപാർശകനും എന്റെ വിഷമങ്ങളിൽ സഹായിയുമാവേണമേ. പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ എന്നെ സഹായിക്കാൻ അങ്ങല്ലാതെ ആരുമില്ല നബിയേ, (മൗലിദുൽ മുനാവി 153-157)

### 3. ഇമാം ശിഹാബുദ്ദീൻ അഹ്മദുൽമുഖ്രി (റ) (വിയോഗം 1041)

فهو الوسيلة والملاذ إذا عرا * خطب وأضحى الكرب أمرا مذهلا

فلكم أغاث من استغاث بجاهه * وأناله أقصى المرام مسهلا

يا خير خلق الله دعوة حائر * لم يتخذ إلا جنابك موئلا

صلى عليك الله يا نورالهدى * والآل والصحب الكرام ومن تلا

(أزهار الرياض في أخبار عياض : ٣/٢٦٨ - ٢٦٩) للإمام شهاب الدين المقري

മഹാനായ നബി(സ) ഏത് പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും അഭയകേന്ദ്രമാകുന്നു. അവിടുത്തെ ജാഹ്കൊണ്ട് സഹായം ചോദിച്ച എത്ര എത്ര ആളുകൾക്കാണ് അവിടുന്ന് സഹായം നൽകിയിട്ടുള്ളത്. അവിടുത്തോട് സഹായം ചോദിച്ചാൽ ഏത് വലിയ പ്രശ്നവും എളുപ്പത്തിൽ തീരുമാനമാവുന്നതാണ്. സൃഷ്ടികളിൽ വെച്ച് ഏറ്റവും മഹാനായ തിരുനബിയേ, ഈ വിഷമിക്കുന്ന എന്റെ വിളി അവിടുന്ന് കേട്ടാലും. അവിടുത്തെ സവിധത്തിലേക്കല്ലാതെ എനിക്ക് വരാനില്ല. (അസ്ഹാറുർ രിയാളി ഫീ അഖ്ബാരി ഇയാള് 3/268-269)

അതേ ഗ്രന്ഥത്തിൽ തന്നെ (1/317-318) പേജുകളിലും മറ്റുപല മറ്റു നിരവധി സ്ഥലങ്ങളിലും ഇസ്തിഗാസ ചെയ്ത മഹത്തുക്കളെ ഇമാം മുഖ്രി(റ) പരിചയപ്പെടുത്തുന്നുണ്ട്.

## 4. ശൈഖ് ഇബ്റാഹീമുല്ലഖ്ഖാനി(റ) (വിയോഗം 1041)

يا أكرم الخلق قد ضاقت بي السبل ❖ ودقّ عظمي وغابت عنّي الحيل

ولم أجد من عزيز أستجير به ❖ سوى رحيم به تستشفع الرسل

..................................

محمد بن عبد الله ملجؤنا ❖ يوم التنادي إذاما عمّنا الوهل

.........................

اغث أغث سيّد الكونين قد نزلت ❖ بنا الرزايا وغاب الخلّ والأخل

(شواهد الحق ليوسف النبهاني : ص/٣٩٠)

സൃഷ്ടികളിൽ അത്യുന്നതരായ നബിയേ, എന്റെ എല്ലാ തന്ത്രങ്ങളും എല്ലാ വഴികളും ഇടുങ്ങിയിരിക്കുന്നു. നബിയേ അങ്ങല്ലാതെ എനിക്കഭയം തേടാനും ശിപാർശ ചോദിക്കാനുമില്ല. പ്രതിസന്ധിയുടെ നാളിൽ അഭയം കണ്ടെത്താൻ അങ്ങയുടെ തിരുസവിധം മാത്രമാണുള്ളത്. ഓ ലോകത്തിന്റെ നേതാവായ നബിയേ, എല്ലാ കൂട്ടുകാരും കുടുംബങ്ങളും വിട്ടൊഴിഞ്ഞ് പോകുന്ന നാളിൽ എന്നെ അവിടുന്ന് സഹായിക്കേണമേ, എനിക്കവിടുന്ന് സഹായിയാവേണമേ. തുടങ്ങി നബി(സ)തങ്ങളെ വിളിച്ച് സഹായാർഥന ചെയ്യുന്നു. ഇമാം നബ്ഹാനിയുടെ ശവാഹിദുൽ ഹഖ് (പുറം: 390) കാണുക.

## 5. ഇമാം മുഹമ്മദ് ശൗബരി (വിയോഗം 1069)

فتوى الشوبري رحمه الله : هل كرامات الأولياء ثابتة بعد موتهم؟ وهل تصرفهم منقطع بالموت أم لا؟ وهل يجوز تقبيل توابيت الأولياء وأعتابهم أم لا؟

فأجاب ملخصه: كرامات الأولياء ثابتة وتصرفهم لا ينقطع با لموت ويجوز التوسل بهم إلى الله تعالى. والإستغاثة بالأنبياء والمرسلين والعلماء الصالحين بعد موتهم، لأنّ معجزة الأنبياء وكرامات الأولياء لا تنقطع بموتهم، الخ

(جمع الأسرار للنابلسي : ص/ ٩٦)

ഇമാം ശൗബരി(റ)യുടെ ഫത്‌വ: ഔലിയാക്കൾക്ക് കറാമത്ത് മരണ ശേഷവും ഉണ്ടാകുമോ? അവരുടെ ക്രിയവിക്രയങ്ങൾ മരണത്തോടെ നില ക്കുമോ?

ഉത്തരം: ഔലിയാക്കളുടെ കറാമത്തുകൾ മുറിഞ്ഞുപോവാതെ അവരുടെ മരണശേഷവും നിലനിൽക്കുന്നതാണ്. അവരെക്കൊണ്ട് അല്ലാഹുവിലേക്ക് ഇടതേട്ടം നടത്തലും അമ്പിയാക്കളോടും മുർസലുകളോടും ഔലിയാക്കളോടും സ്വാലിഹുകളോടും അവരുടെ മരണശേഷം സഹായം ചോദിക്കലും അനുവദനീയമാണ്, അമ്പിയാക്കളുടെ മുഅ്ജിസത്തും ഔലിയാക്കളുടെ കറാമത്തും അവരുടെ മരണം കൊണ്ട് മുറിഞ്ഞുപോവുകയില്ല. (ജംഉൽ അസ്റാർ 96/ അന്നാബിൽസി (റ).

# പന്ത്രണ്ടാം നൂറ്റാണ്ട്

## 1. അബ്ദുൽഗനിയ്യുന്നാബൽസി(റ) (വിയോഗം 1143)

وأما التوسل بالأنبياء والأولياء فجائز. إذ لا يُشَكّ في مسلم أنه يعتقد في سيدي أحمد أوغيره من الأولياء أنّ له إيجاد شيئ من قضاء مصلحة أوغيرها إلاّ بإرادة الله وقدرته الخ (جمع الأسرار ص/٩٥)

അമ്പിയാക്കളെക്കൊണ്ടും ഔലിയാക്കളെക്കൊണ്ടും ഇടതേട്ടം നടത്തൽ അനുവദനീയമാണ്. കാരണം സയ്യിദ് അഹ്മദ് രിഫാഈ(റ)യോ മറ്റു ഔലിയാക്കളോ അവർക്ക് അല്ലാഹു നൽകുന്ന കഴിവുകൊണ്ടല്ലാതെ സ്വയമായി വല്ലതും ഉണ്ടാക്കാൻ കഴിയുമെന്ന് ഒരു മുസ്‌ലിം വിശ്വസിക്കുമെന്ന് സംശയിക്കുകപോലും സാധ്യമല്ല (ജംഉൽ അസ്റാർ 95)

وسئل العلامة الشهاب الرملي رحمه الله عما يقع من العامة من قولهم عند الشدائد: يا شيخ فلان ونحو ذلك، فأجاب بأن الإستغاثة بالأنبياء والمرسلين عليهم السلام والأولياء والعلماء والصالحين جائزة. يقول مصنف هذه الرسالة يشير إليه قوله تعالى بطريق الأمر : (ياأيها الذين آمنوا اتقوا الله وابتغوا إليه الوسيلة) قال الشيخ الرملي : وللرسل والأنبياء والأولياء إغاثة بعد موتهم الخ (جمع الأسرار ٩٢-٩٣)

'യാ ശൈഖ് മുഹ്‌യുദ്ദീൻ' പോലെയുള്ള വാക്കുകൾ പറഞ്ഞു പ്രതിസന്ധിഘട്ടത്തിൽ സഹായം തേടുന്നതിന്റെ വിധിയെന്താണെന്ന് ചോദിക്കപ്പെ

ട്ടപ്പോൾ ഇമാം റംലി(റ) കൊടുത്ത ഉത്തരം 'അനുവദനീയമാണ്' എന്നാണ്. ഞാൻ (ഇമാം നാബൽസി) പറയുന്നു. 'ഓ, സത്യവിശ്വാസികളേ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുകയും അവനിലേക്ക് മധ്യവർത്തികളെ തേടുകയും ചെയ്യുക' എന്ന ഖുർആൻ സൂക്തം ഇതിലേക്ക് സൂചന നൽകുന്നുണ്ട്. ഇമാം റംലി (റ) പറഞ്ഞു: അമ്പിയാക്കൾക്കും മുർസലുകൾക്കും ഔലിയാക്കൾക്കും മരണശേഷവും സഹായിക്കാൻ കഴിയും. (ജംഉൽ അസ്റാർ 92-93)

يا أشرف الرسل ضاقت فارسل الفرجا ❖ فانني لك قد أضمرت ألف رجا

...................

وأنت ملجؤنا في كل حادثة ❖ من يلتجي لك يا سر الوجود نجا

فكن لعبد الغنى عونا وكن سندا ❖ وانه فى حمي الإسلام قد ولجا

الخ (شواهد الحق للنبهاني : ص/ ٣٦٨)

ഓ മുർസലുകളിൽ വിശിഷ്ടരായ നബിയേ, എന്റെ എല്ലാ വഴികളും ഞെരുങ്ങിയിരിക്കുന്നു. അവിടുന്ന് വിശാലത നൽകേണമേ എന്റെ മനസ്സിൽ ആയിരം ആഗ്രഹങ്ങൾ ഞാൻ മറച്ചുവച്ചിട്ടുണ്ട് നബിയേ, ഞങ്ങളുടെ മുഴുവൻ പ്രയാസങ്ങളിലും അഭയം അങ്ങ് മാത്രമാണ്. അതുകൊണ്ട് ഈ അബ്ദുൽഗനിയ്യിന്ന് അവിടുന്ന് സഹായിയും സംരക്ഷകനുമാവേണമേ, നാളെ മഹ്ശറിൽ എനിക്ക് അവിടുന്ന് ശഫാഅത്ത് കൊണ്ട് കനിയേണമേ. എന്നിങ്ങനെയുള്ള സഹായതേട്ടം നടത്തുന്നു. (ശവാഹിദുൽ ഹഖ് 368, 355)

## 2. ശൈഖ് ഇസ്മാഈൽ അൽഹിഖി(റ) വിയോഗം 1137)

മഹാത്മാക്കളോട് ഇസ്തിഗാസയും തവസ്സുലും ചെയ്യുന്നത് പുണ്യകർമ്മമാണെന്ന് വ്യക്തമായി പഠിപ്പിച്ച വിശ്രുതപണ്ഡിതനാണ് ഇമാം ഇസ്മാഈലുൽ ഹിഖി. അദ്ദേഹത്തിന്റെ ഖുർആൻ തഫ്സീറായ റൂഹുൽ ബയാനിൽ പല സ്ഥലങ്ങളിലും ഇതു കാണാവുന്നതാണ്. ബിദഇകൾ ദുർവ്യാഖ്യാനിക്കാറുള്ള സൂറത്തുൽ അഅ്റാഫിലെ 194-ാം വചനം വിശദീകരിച്ചുകൊണ്ട് മഹാൻ എഴുതുന്നു :

وهذا بخلاف التوجه الى روحانية الأنبياء والأولياء وان كانوا مخلوقين فان الاستمداد منهم والتوسل بهم والإنتساب اليهم من حيث انهم مظاهر الحقّ ومجالى أنواره ومرائى كمالاته وشفعائه في الأمور الظاهرة والباطنة له غايات جليلة وليس ذلك بشرك أصلا بل هو عين التوحيد ومطالعة الأنوارمن مطالعها ومكاشفة الأسرار من مصاحفها اهـ(تفسير روح البيان ٢٩٦/٣)

ഈ ആയത്തിലെ പരാമർശം അമ്പിയാക്കളുടെയും ഔലിയാക്കളുടെയും

ആത്മാവുകളിലേക്ക് തിരിയുന്നത് ഉൾപ്പെടുന്നില്ല. അവർ സൃഷ്ടികളാണെങ്കിലും ശരി. അവർ അല്ലാഹുവിന്റെ ശിപാർശക്കാരനാണെന്ന് നിലക്കും അവന്റെ പ്രഭവ കേന്ദ്രങ്ങളെന്ന നിലക്കും ഭൗതികവും ആത്മീയവുമായ കാര്യങ്ങളിൽ അവരോട് സഹായം ചോദിക്കലും തവസ്സുൽ ചെയ്യലും ബന്ധം സ്ഥാപിക്കലുമൊക്കെ വലിയ നേട്ടമുള്ള കാര്യങ്ങളാണ്. അതൊരിക്കലും ശിർക്കല്ല. പ്രത്യുത, തൗഹീദിന്റെ സത്തയാവുന്നു....(തഫ്സീറുൽ റൂഹുൽ ബയാൻ 3/296)

## 3. അല്ലാമാ സുർഖാനി(റ) (വിയോഗം 1122)

നബി(സ്വ)യോട് ഇസ്തിഗാസയും, തവസ്സുലും അനുവദനീയമാണന്നും പൂർവ്വീകർ മാത്രകകാണിച്ചതാണെന്നും തന്റെ ശറഹുസ്സുർഖാനി അലൽമവാഹിബിൽ പലയിടങ്ങളിലായി വിശദീകരിച്ചിട്ടുണ്ട്.

## 4. ശൈഖ് മുഹമ്മദ് അൽമശ്ഹദി (വിയോഗം 1125)

നബി(സ)യുടെ ഖബ്റിങ്ങൽ ചെന്ന് ശഫാഅത്ത് ചോദിക്കണമെന്ന് കൽപിക്കുന്നു (തഫ്സീറു കൻസി ദ്ദഖാഇഖ്: 2/511-512)

## 5. ഇമാം അബ്ദുല്ലാഹിബ്നുൽ ഹദ്ദാദ്(റ) 1132

സ്വൂഫി പ്രമുഖൻ അബ്ദുല്ലാഹിൽ ഹദ്ദാദ്(റ)വിന്റെ വാക്കുകൾ:

ألا يا رسول الله إنّا قرابة ❖ وذرّية جئناك للشوق والحب

وقفنا على أعتاب فضلك سيّدي ❖ لتقبيل ترب حبّذا لك من ترب

وقمنا تجاه الوجه وجه مبارك ❖ علينا به نسقى الغمام لدى الجدب

أتيناك زوارًا نروم شفاعة ❖ إلى الله في محو الإساءة والذنب

(الدرالمنظوم لذوي العقول والفهوم لعبدالله الحداد : ص/ ٢١٧-٢٢١)

و(شفاء الفؤاد بزيارة خيرالعباد: ص/ ٢٠٨-٢٢٠ الى ٢٢٣)

ഞങ്ങൾ അങ്ങയുടെ സന്താനങ്ങളിൽ പെട്ടവരാണ്. അങ്ങയെ സ്നേഹിച്ചുകൊണ്ട് ഞങ്ങളിതാ വന്നിരിക്കുന്നു. അങ്ങ് അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്തുള്ള മണ്ണ് ചുംബിക്കാൻ വേണ്ടി അങ്ങയുടെ വാതിൽക്കലിൽ ഞങ്ങൾ വന്ന് നിൽക്കുന്നു. വെള്ളമില്ലാത്ത സമയത്ത് അങ്ങയുടെ പൂമുഖം കാരണം മഴ ലഭിച്ചിരുന്നു. ആ വിശുദ്ധവദനത്തിനു മുമ്പിൽ ഞങ്ങൾ വന്നു നിൽക്കുന്നു. ഞങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെടാൻ വേണ്ടി, ശഫാഅത്ത് ഉദ്ദേശിച്ചുകൊണ്ട് ഞങ്ങളിതാ സമീപിച്ചിരിക്കുന്നു.എന്നു തുടങ്ങി തന്റെ ആവലാതികളെല്ലാം എണ്ണിപ്പറയുകയാണ് ശൈഖ് ഹദ്ദാദ്(റ) (അദ്ദുർറുൽമൻളൂം 217-221, ശിഫാഉൽ ഫുആദ് 208, 220 മുതൽ 223)

## 6. ഇമാം ശബ്റാവി അശ്ശാഫിഇയ്യ് (വിയോഗം 1172)

ان رجلا يقال له شمس الدين القعويني كان ساكنا بالقرب من المشهد وكان معلم الكسوة الشريفة حصل له ضرب في عينيه فكف بصره وكان كل يوم إذا صلى الصبح في مشهد الإمام الحسين عليه السلام يقف على باب الضريح الشريف ويقول : يا سيدي انا جارك قد كف بصري وأطلب من الله بواسطتك أن يرد علي ولو عينا واحدة، فبينما هو نائم ذات ليلة إذ رأى جماعة أتوا إلى المشهد الشريف فسأل عنهم، فقيل له :هذا النبي ﷺ والصحابة معه جاءوا لزيارة الحسين رضي الله عنه فدخل معهم ثم قال ما كان يقوله في اليقظة، فالتفت الحسين إلى جده ﷺ وذكرله ذلك على سبيل الشفاعة عنده في الرجل، فقال النبي ﷺ: يا علي كحله فقال: سمعا وطاعة وأبرز من يده مكحلة ومرودا وقال له : تقدم حتى أكحلك فتقدم فلوث المرود ووضعه في عينه اليمنى فأحس بحرقان عظيم، فصرخ صرخة عظيمة فاستيقظ منها وهو يجد حرارة الكحل في عينه ففتحت عينه اليمنى فصار ينظربها إلى أن مات.

(الإتحاف بحب الأشراف للشبراوي : ٧٥-١١٠) و(الغدير : ١٨٧/٥)

ഇമാം ശബ്റാവി പറയുന്നു: ശംസുദ്ദീൻ എന്ന് പേരുള്ള ഒരാൾ തന്റെ കണ്ണിനു കാഴ്ച നഷ്ടപ്പെട്ടപ്പോൾ മഹാനായ ഹുസൈൻ(റ)വിന്റെ ഖബ്റിന്നടുത്ത് ചെന്ന് 'എന്റെ നേതാവേ ഞാൻ കണ്ണ് നഷ്ടപ്പെട്ട് അങ്ങയുടെ ചാരത്തു വന്നിരിക്കുന്നു. അങ്ങയുടെ സഹായം കൊണ്ട് അല്ലാഹു എന്റെ കാഴ്ച തിരിച്ചുതരാൻ ഞാൻ തേടുന്നു' എന്ന് പറഞ്ഞ് ഉറങ്ങി. നബി(സ)യും സ്വഹാബത്തും അവിടെ എത്തി അവരോടൊന്നിച്ച് ഇദ്ദേഹവും ഹുസൈൻ(റ)വിനെ സിയാറത്ത് ചെയ്യുന്നത് ഇദ്ദേഹം സ്വപ്നം കണ്ടു. അപ്പോഴും ഉണർച്ചയിൽ അപേക്ഷിച്ച അതേ സഹായതേട്ടം അദ്ദേഹം നിർവഹിച്ചു. അപ്പോൾ ഹുസൈൻ(റ) നബി(സ)യോട് ഇദ്ദേഹത്തിനു വേണ്ടി ശിപാർശ ചെയ്തു. നബി തങ്ങൾ അലി(റ)വിനോട് പറഞ്ഞു: 'അലീ, ആ കണ്ണിനു കാഴ്ചയില്ലാത്തയാൾക്ക് നിങ്ങൾ സുറുമ ഇട്ടുകൊടുക്കുക.' ഉടനെ അലി(റ) സുറുമ ഇട്ട സമയത്ത് ഇദ്ദേഹത്തിന്റെ കണ്ണിനു എരിച്ചിൽ അനുഭവപ്പെടുകയും ഉച്ചത്തിൽ ശബ്ദിക്കുകയും ചെയ്തു. അതോടെ ശംസുദ്ദീൻ ഉറക്കത്തിൽനിന്ന് ഉണർന്നു. കണ്ണിനു സുറുമയുടെ എരിവ് അയാൾക്ക് അനുഭവപ്പെട്ടു. ഇതോടെ വലതുകണ്ണിനു കാഴ്ച തിരികെ ലഭിക്കുകയും മരണം വരെ കാഴ്ച നിലനിൽക്കുകയും ചെയ്തു. (അൽ ഇത്ഹാഫ് ബിഹുബ്ബിൽ അശ്റാഫ്: 75-10, അൽ ഗദീർ 5/187)

# പതിമൂന്നാം നൂറ്റാണ്ട്

## 1. അല്ലാമാ ത്വയ്യിബുബ്നു അബ്ദിൽ മജീദ്ബ്നി കൈറാൻ (റ)(വിയോഗം 1227)

ആദം നബി(അ) നബി(സ)യെക്കൊണ്ട് ശഫാഅത്ത് തേടിയ ഹദീസ് ഉദ്ധരിച്ച് അംഗീകരിക്കുന്നു. (ശറഹുസ്സ്വലാത്തിൽ മശീശിയ്യ 58)

## 2. അല്ലാമാ അഹ്മദുസ്സ്വാവി(റ) (വിയോഗം 1241)

ثم يأتي قبالة القبر الشريف ويقول: السلام عليك يا رسول الله السلام عليك يا سيدي يا حبيب الله الخ ثم يتوسل به في جميع مطلوباته ثم ينتقل قبالة أبي بكر ويقول: السلام عليك يا خليفة رسول الله الخ ثم يتوسل به إلى رسول الله ثم ينتقل قبالة عمر ويقول السلام يا صاحب رسول الله الخ ثم يتوسل به إلى رسول الله ثم يخرج إلىالبقيع فيسلم على أهله هكذا ويتوسل بهم إلى رسول الله فلتحفظ تلك الآداب (الشرح الصغير على أقرب المسالك: ٧٢/٢) لأحمد الصاوي

നബി(സ)യുടെ ഖബ്റുശ്ശരീഫിൽ ചെന്ന് 'അസ്സലാമു അലൈക്ക യാ സയ്യിദീ യാ റസൂലല്ലാ, അസ്സലാമു അലൈക്ക യാ സയ്യിദീ യാ ഹബീബല്ലാ' എന്ന് സലാം പറഞ്ഞ ശേഷം തന്റെ മുഴുവൻ ആവശ്യങ്ങളും ലഭ്യമാവാൻ വേണ്ടി നബി(സ)യെ ഇടയാളനാക്കി ചോദിക്കണം. ശേഷം അബൂ

ബക്കർ(റ)വിന്റെ അടുത്ത് ചെന്ന് സലാം പറഞ്ഞ ശേഷം സിദ്ദീഖ്(റ)നെക്കൊണ്ട് നബി(സ)യിലേക്ക് ഇടതേട്ടം നടത്തണം. അതു കഴിഞ്ഞ് ഉമർ(റ)നെയും അതുപോലും പരിഗണിക്കണം. ഈ മര്യാദകളെ നീ പാലിച്ചുകൊള്ളുക. (അശ്ശറഹുസ്സ്വഗീർ:2/72)

## 3. മുഹമ്മദ് അലി അശ്ശൗകാനി (വിയോഗം 1255)

ബിദ്അത്തുകാരുടെ ഇഷ്ടപണ്ഡിതൻ ശൗകാനിയുടെ ചില പരാമർശങ്ങൾ ശ്രദ്ധിക്കാം:

(ولو أنهم إذظلموا أنفسهم جاءوك) متوسلين إليك منتصلين عن جناياتهم ومخالفاتهم فاستغفروا الله لذنوبهم وتضرعوا اليك حتى كنت شفيعا لهم

( فتح القدير للشوكاني : ٦١٠/١-٦١١)

പരിശുദ്ധ ഖുർആനിലെ 'അവർ അവരുടെ ശരീരങ്ങളെ അക്രമിക്കുകയും തങ്ങളുടെ അരികിൽ വരികയും ചെയ്താൽ...' എന്നുള്ള സൂക്തം വിശദീകരിച്ചുകൊണ്ട് ശൗക്കാനി പറയുന്നു: ശിപാർശ തേടുന്നവരായും അവരുടെ പാപങ്ങളിൽ നിന്ന് ഒഴിവായവരായും അല്ലാഹുവിനോട് പൊറുക്കലിനെ ചോദിക്കുന്നവരായും തങ്ങൾക്ക് താഴ്മ ചെയ്യുന്നവരായും വരികയും അങ്ങനെ അങ്ങ് അവർക്ക് ശിപാർശകനാവുകയും ചെയ്താൽ നിശ്ചയം അല്ലാഹു അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുന്നതാണ്. (ഫത്ഹുൽഖദീർ 1/610-611)

ശൗക്കാനുയുടെ മറ്റൊരു ഉദ്ധരണി കാണുക.

....فإذا أصاب أحدكم شيئ بأرض فلاة فلينادي: أعينوني يا عباد الله. قال في مجمع الزوائد رجاله ثقات.

وفي الحديث دليل على جواز الاستعانة بمن لا يراهم الإنسان من عباد الله من الملائكة وصالحي الجن الخ (تحفة الذاكرين للشوكاني ص/٢٠٢)

നിങ്ങളിൽ ആർക്കെങ്കിലും വിജനമായ സ്ഥലത്തുവച്ച് വല്ലതും സംഭവിച്ചാൽ 'അല്ലാഹുവിന്റെ അടിമകളേ' എന്നെ സഹായിക്കുവീൻ എന്നു വിളിച്ചു പറയണം. ഈ ഹദീസ് സ്വീകാര്യയോഗ്യമായ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ടതാണെന്ന് മജ്മഉസ്സവാഇദിൽ ഹാഫിള് അൽ ഹൈസമി(റ) പറഞ്ഞിട്ടുണ്ട്. ശൗകാനി തന്നെ വിശദീകരിക്കുന്നു:

ഈ ഹദീസിൽ, മനുഷ്യനു കാണാൻ കഴിയാത്ത മലക്കുകൾ സ്വാലിഹുകളായ ജിന്നുകൾ പോലെയുള്ളവയോട് സഹായം ചോദിക്കൽ അനുവദനീയമാണെന്നതിന് രേഖയുണ്ട്. (തുഹ്ഫത്തുദ്ദാകിരീൻ 202)

ثم يدعو: اللهم انى أسألك وأتوجه إليك بنبيك محمد نبي الرحمة يا محمد إني أتوجه بك إلى ربي في حاجتي هذه لتقضى لي اللهم فشفعه في . والحديث صحيح الخ

وفي الحديث دليل على جواز التوسل برسول الله إلى الله عزّ وجل مع اعتقاد أنّ الفاعل هو الله سبحانه وتعالى وأنه المعطي المانع ماشاء كان وما لم يشأ لم يكن.

(تحفة الذاكرين للشوكانى :ص/١٨٠)

ആർക്കെങ്കിലും വല്ല ആവശ്യങ്ങളും നേടാനുണ്ടെങ്കിൽ വുളു ചെയ്ത് രണ്ട് റക്അത്ത് നിസ്കരിച്ച ശേഷം പ്രാർഥിക്കണം. 'അല്ലാഹുവേ, റഹ്മത്തിന്റെ പ്രവാചകനായ മുഹമ്മദ്നബിയെക്കൊണ്ട് ഞാനിതാ നിന്നിലേക്ക് മുന്നിടുകയും നിന്നോട് ചോദിക്കുകയും ചെയ്യുന്നു. ഓ മുഹമ്മദ് നബിയേ അങ്ങയെ ഇടയാളനാക്കി എന്റെ ആവശ്യനിർവഹണത്തിന് അല്ലാഹുവിലേക്ക് ഞാൻ മുന്നിടുന്നു. അല്ലാഹുവേ മുഹമ്മദ് നബി(സ്വ)യുടെ ശിപാർശ നീ സ്വീകരിക്കേണമേ' ഇത് സ്വഹീഹായ ഹദീസാണ്. ശേഷം ശൗക്കാനി പറയുന്നു: 'എല്ലാം കൊടുക്കുന്നവനും തടയുന്നവനും അല്ലാഹുവാണെന്ന വിശ്വാസത്തോടെ അല്ലാഹുവിലേക്ക് നബി(സ)യെ ഇടയാളനാക്കുന്നത് അനുവദനീയമാണെന്നതിന് ഈ ഹദീസിൽ തെളിവുണ്ട്.' (തുഹ്ഫത്തുദ്ദാകിരീൻ 180) തവസ്സുൽ ഇസ്തിഗാസ എന്നിവക്ക് ഒരേ താൽപര്യമാണെന്നാണ് ശൗക്കാനി ഇവിടെ പഠിപ്പിക്കുന്നത്. കാരണം യഥാർഥത്തിൽ നൽകുന്നവനും തടയുന്നവനും അല്ലാഹുവാണെന്ന വിശ്വാസത്തോടെ നബിയോട് ചോദിക്കാം എന്നാണല്ലോ അദ്ദേഹം നമുക്ക് നൽകുന്ന വിശദീകരണം.

## 3. അല്ലാമാ ഇബ്റാഹീമുൽ ബാജൂരി(റ) (വിയോഗം 1277)

والله أسأل وبنبيه أتوسل أن يجعل هذه الكتابة خالصة لوجهه الكريم.

(شرح جوهرة التوحيد : ص/ ٢١٧)

ഞാനീ രചിക്കുന്ന ഗ്രന്ഥം അല്ലാഹുവിന്റെ മാർഗത്തിലായിത്തീരാൻ വേണ്ടി ഞാൻ അല്ലാഹുവിനോട് യാചിക്കുകയും നബി(സ)യെ ഇടയാളനാക്കുകയും ചെയ്യുന്നു. (ഹാശിയതുൽ ബാജൂരി 217)

## 4. അല്ലാമാ അബ്ദുൽഹമീദിശ്ശർവാനി(റ) (വിയോഗം 1292)

ثم أتى القبر الشريف فقال السلام عليك يا رسول الله السلام عليك يا أبا بكر السلام عليك يا أبتاه ثم يرجع إلى موقفه الأول قبالة وجهه صلى الله عليه وسلم ويتوسل به في حق نفسه ويستشفع به إلى ربه ثم يستقبل ويدعو لنفسه ولمن شاء من المسلمين

(حاشية الشروانى : ١٤٥/٤)

നബി(സ)യുടെ ഖബ്റ് സന്ദർശിക്കുന്ന സമയത്ത് നബി(സ)യെ വിളിച്ചുകൊണ്ട് ശഫാഅത്ത് ചോദിക്കണമെന്നും ശഫാഅത്ത് തേടണമെന്നും പഠിപ്പിക്കുന്നു. (ഹാശിയതുശ്ശർവാനി: 4/145)

## 5. അശ്ശൈഖ് ഹുസൈൻ അദ്ദുജാനി (1274)

يا أكرم الخلق يا من جود راحته ❖ عمّ الأنام فما سيحون والنيل

عطفا رسول الرضا للعبد مكرمة ❖ وامنن بقرب فماللعبد تمهيل

ما ثمّ للعبد ملجأ غير سيده ❖ وما له في سوى علياك تأميل

أنت العياذ الملاذ المستجار به ❖ فليس إلا إليك الأمر موكول

(شواهد الحق : ٣٨٤)

ഓ സൃഷ്ടികളിൽ വച്ച് ഏറ്റവും മഹത്വമുള്ള നബിയേ, അവിടുത്തെ ഔദാര്യത്തെ ഞാൻ ആശിക്കുന്നു. അങ്ങയുടെ ഔദാര്യം ലോകത്തുള്ള മുഴുവൻ ജനതക്കും വിശാലമായിരിക്കുന്നു. ഈ സാധുവിന് അവിടുന്ന് കൃപ ചെയ്ത് അനുഗ്രഹിക്കേണമേ. അവിടുത്തോടടുക്കലല്ലാത്ത ഒരു സമ്പാദ്യവും എനിക്കില്ല. അങ്ങല്ലാതെ എനിക്ക് ഒരു അഭയകേന്ദ്രവുമില്ല. അവിടുന്നാണ് എന്റെ കാവൽ. അവിടുത്തേക്കാണ് എന്റെ അഭയതേട്ടം. അങ്ങയിലേക്കല്ലാതെ എനിക്ക് കാര്യങ്ങൾ ഏൽപിക്കാനില്ല. (ശവാഹിദുൽ ഹഖ്: 384)

## 6. അൽ അമീർ അബ്ദുൽഖാദിർ അൽജസാഇരി അൽഹസനി(റ) (വിയോഗം 1300)

يا سيدي يا رسول الله يا سندي ❖ ويا رجائي ويا حصني ويا مددي

لا علم عندي أرجيه ولا عملي ❖ أمام نجوى من هذي ومن رشد

أبغي رضاك ولا شيئ أقدمه ❖سوى افتقاري وذلي واصفرار يدي

(زيارة المصطفى صلى الله عليه وسلم : ص / ٧٤، للفاضل عاطف المليجي)

ഓ എന്റെ നേതാവേ, ഓ അല്ലാഹുവിന്റെ പ്രവാചകരേ, എന്റെ ആഗ്രഹമേ, എന്റെ കാവലായവരേ, എന്റെ സഹായമേ, അങ്ങയുടെ പൊരുത്തം ഞാൻ തേടുന്നു... എന്ന് തുടങ്ങി നബി(സ)യോട് സഹായം ചോദിക്കുന്നു. ആതിഫ് അൽ മലീജിയുടെ 'സിയാറത്തുൽ മുസ്ത്വഫാ(സ) (പുറം: 74)

# പതിനാലാം നൂറ്റാണ്ട്

## 1. അല്ലാമാ ഹസൻ അൽ അദവി (വിയോഗം 1303)

وأعلم أنه ينبغي كثرة الزيارة لهذا المشهد العظيم متوسلا به الى الله ويطلب من هذا الامام ما كان يطلب منه في حياته فإنه باب تفريج الكروب فبزيارته يزول عن الخطب الخطوب ويصل الى الله بأنواره والتوسل به كل قلب محجوب

(مشارق الأنوار للعدوي : ١٩٧/١) و (الغدير : ١٩١/٥)

മഹാനായ ഹുസൈൻ(റ)വിന്റെ ജാറം കൂടുതലായി സന്ദർശിക്കുകയും അദ്ദേഹത്തെക്കൊണ്ട് അല്ലാഹുവിലേക്ക് തവസ്സുലാക്കുകയും ജീവിതകാലത്ത് മഹാനവർകളോട് ചോദിച്ചിരുന്നതുപോലെ ആവശ്യങ്ങൾ ചോദിക്കുകയും ചെയ്യണം. കാരണം അത് വിഷമങ്ങൾ അകറ്റാനുള്ള വാതിലുകളാണ്. മഹാനവർകളെ സിയാറത്ത് ചെയ്താൽ എല്ലാ പ്രശ്നങ്ങളും പരിഹൃതമാവുകയും അവരെ തവസ്സുലാക്കുന്നതു വഴിയും അവരുടെ പ്രകാശം കൊണ്ടും എല്ലാ ഹൃദയങ്ങൾക്കും ഉണർവ്വും ശാന്തിയും കൈവരിക്കാൻ സാധിക്കുകയും ചെയ്യും. (മശാരിഖുൽ അൻവാർ:1/197, അൽഗദീർ 5/191)

## 2. ശൈഖ് അഹ്മദ് സൈനീ ദഹ്‌ലാൻ (റ)(വിയോഗം: 1304)

ഹറമൈനിലെ മുഫ്തിയായ ഇമാം അഹ്മദ് സൈനി ദഹ്‌ലാൻ (റ) ഇസ്തിഗാസ വിരോധികൾക്ക് വായടപ്പൻ മറുപടി നൽകിയ മഹാനാണ്.

ഇസ്തിഗാസയെ എതിർത്ത ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ വിഷലിപ്ത ആശയങ്ങളെ ഖണ്ഡിച്ചുകൊണ്ടു നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദുററുസ്സനിയ്യ; ഫുതൂഹാത്തുൽ ഇസ്ലാമിയ്യ; ഫിത്നത്തുൽ വഹ്ഹാബിയ്യ; ഖുലാസ്വത്തുൽ കലാം .... എന്നിവ അവയിൽ ചിലതാണ്.

## 3. അല്ലാമ അബ്ദുൽ ഹയ്യില്ലഖ്നവി(റ)(വിയോഗം 1304)

وكثيرا ما يختلج في قلبي أشرح كتابا في الحديث واكشف اسراره بالكشف الحثيث باعثا لرضا نبينا شفيع المذنبين ورضاه رضا رب العالمين عسى الله أن يجعلني ببركته من الصالحين (التعليق المجد على الموطأ : ٥٩/١)

നബി(സ)യുടെ ശിപാർശയും പൊരുത്തവും തേടികൊണ്ടും അതിന്റെ ബർകത്ത് കൊണ്ട് എന്നെ സജ്ജനങ്ങളിൽ ഉൾപ്പെടുത്തട്ടെ. എന്നാഗ്രഹിച്ചുകൊണ്ടുമാണ് ഞാൻ ഏറെകാലമായി കൊതിച്ച ഹദീസ് വ്യാഖ്യാന ഗ്രന്ഥം രചിക്കാൻ മുതിരുന്നത്. (അത്തഅ്ലീഖുൽ മുമജ്ജദ് അലൽമുവത്വഇ മുഹമ്മദ്: 1/59)

## 4. അസ്സയ്യിദ് ഇസ്മാഈലുബ്നു മഹ്ദിയ്യിബ്നി ഹുമൈദിൽ ഗുർമാനി അൽഹസനി(റ)(വിയോഗം 1304)

നബി(സ)യുടെ ഖബ്റ് സന്ദർശിക്കാൻ പോകണമെന്നും അവിടെ ചെന്നും അല്ലാതെയും നബി(സ)യോട് സഹായം ചോദിക്കണമെന്നും പഠിപ്പിക്കുന്നു.(നഫസുർറഹ്മാൻ 177)

ഇക്കാര്യം സ്ഥാപിക്കാനായി എഴുതിയ കൃതികളിൽപെട്ട ഒന്നാണ് നഫസുർറഹ്മാൻ എന്ന ഈ ഗ്രന്ഥം.

## 5. ഇമാം യൂസുഫുന്നബ്ഹാനി (റ)(വിയോഗം 1350)

അല്ലാമാ യൂസുഫുന്നബ്ഹാനി(റ) ഇസ്തിഗാസയെ എതിർത്തവർക്ക് ചങ്കടപ്പൻ മറുപടി നൽകി ഗ്രന്ഥരചന നടത്തിയ മഹാനാണ്. തന്റെ എല്ലാ ഗ്രന്ഥങ്ങളിലും നബി(സ)യോടുള്ള തവസ്സുലും ഇസ്തിഗാസയും നിറഞ്ഞു നിൽക്കുന്നത് കാണാം. ഉദാഹരണം :(ശവാഹിദുൽ ഹഖ് 229-406)

## 6. ശൈഖ് അബ്ദുർറഹീമുൽ ജുർജാനി(റ)

ഇമാം ജസൂലിയുടെ ഇസ്തിഗാസ നടത്തിയ പദ്യങ്ങൾ വിപുലീകരിച്ച് പാടുന്നു (കശ്ഫുൽഹിജാബിവർറാൻ 94)

### 7. ശൈഖ് മുഹമ്മദ് ബിൻ യൂസുഫ് അൽകാഫി(റ) (വിയോഗം 1380)

وذكر الشيخ الامام ابو عبد الله بن النعمان في كتابه سفينة النجاة ما نصه تحقق ذوو

البصائر والإعتبار أنّ زيارة قبور الصالحين والتشفع بهم معمول به عند علمائنا المحققين من أئمة الدين.اه

(كتاب الحصن والجنّة على عقيدة أهل السنّة: ص/ ١٢٧-١٢٨)

ശൈഖ് അബൂ അബ്ദില്ലാഹിന്നുഅമാൻ തന്റെ 'സ്വഫീനത്തുന്നജാത്ത്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു: സജ്ജനങ്ങളുടെ ഖബ്റ് സിയാറത്ത് ചെയ്യലും അവരെക്കൊണ്ട് ശിപാർശ തേടലും അകക്കാഴ്ചയുള്ളവരും അതിനിപുണരുമായ ഇസ്ലാമിലെ പണ്ഡിതന്മാർ വ്യക്തമായി പറയുകയും സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. (കിതാബുൽ ഹിസ്വനി വൽജന്ന അലാ അഖീദതി അഹ്ലിസ്സുന്ന 126-127)

## സമാപ്തം

തിരുനബി (സ) യുടെ കാലം മുതൽ 14 നൂറ്റാണ്ടായി ലോകത്ത് ജീവിച്ച വലിയ മനുഷ്യരുടെ ജീവിതത്തിൽ തവസ്സുലും ഇസ്തിഗാസയും ഉണ്ടായിരുന്നു എന്ന ചോദ്യത്തിന് ഉത്തരമാണീ പുസ്തകം. ചരിത്രവും പ്രമാണങ്ങളും ആ സത്യം നമ്മോട് പറഞ്ഞു. 'സലഫുകളുടെ മൻഹജും' എന്താണെന്ന് വ്യക്തമായി; ഇനിയൊരു ചോദ്യത്തിന് പ്രസക്തിയില്ലാത്ത വിധം. എന്നാൽ എട്ടാം നൂറ്റാണ്ടിൽ ഒരു എതിർശബ്ദമുണ്ടായി; ഇബ്നുതീമിയ്യ.

അക്കാലത്ത് തന്നെ അതിന് മറുകുറിയുമുണ്ടായി. ഇമാം തഖിയുദ്ദീനു സുബ്കി (റ) യുടെ തൂലികയിലൂടെ. 'ശിഫാഉസ്സഖാം' എന്ന ബൃഹദ്കൃതി ജന്മമെടുക്കുന്നത് അങ്ങനെയാണ്. എട്ടാം നൂറ്റാണ്ടിന് മുമ്പ് ഇസ്തിഗാസക്കെതിരെ എതിർശബ്ദമുണ്ടായിട്ടുണ്ടോ എന്ന് സുബ്കി (റ)യുടെ ചോദ്യത്തിന് ഇന്നോളം ഉത്തരം എത്തിയിട്ടില്ല. അതാണ് മുസ്ലിം ഉത്പതിഷ്ണുക്കളുടെ ദുരന്തവും കാലക്കേടും.

എട്ടാം നൂറ്റാണ്ടിന് മുമ്പ് ചരിത്രത്തിൽ പരാമർശിച്ച പണ്ഡിതന്മാരോടുള്ള പരിഷ്കരണ വാദികളുടെ സമീപനവും അറുത്തുമുറിച്ച് ഇതുവരെ അവർ പറഞ്ഞിട്ടില്ല. ഖുർആനും ഹദീസും ഇസ്ലാമിക ചരിത്രവും പിൽക്കാലത്തിന് കൈമാറിയ എട്ടു നൂറ്റാണ്ടുകളുടെ ആധ്യാത്മിക പ്രകാശഗോപുരങ്ങളെ ഇളക്കി മാറ്റാൻ പരിഷ്കരണവാദത്തിനാവില്ല. ആവരുത്. അതിനെതിരെയുള്ള ജാഗ്രതയാവട്ടെ ഈ പുസ്തകം.